ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

## പുത്തൂർ ഗ്രാമപഞ്ചായത്ത്

# ഗ്രാമവികസനരേഖ

85-6

# "ഒമ്പതാം പദ്ധതി ജനകീയ പദ്ധതി"

# പുത്തൂർ ഗ്രാമപഞ്ചായത്ത്

# സമഗ്ര വികസനരേഖ



" എന്റെ സ്വപ്നത്തിലുള്ള സ്വരാജ് ദരിദ്രന്റെ സ്വരാജാണ്. ഒരു ധനവാനു ലഭിക്കുന്ന എല്ലാ ജീവിതസൗകര്യങ്ങളും ദരിദ്രനായ നിങ്ങൾക്കും ലഭിക്കണം. ആ സൗകര്യങ്ങൾ നിങ്ങൾക്ക് കിട്ടാത്തിടത്തോളം കാലം സ്വരാജ് പൂർണ്ണ സ്വരാജ് ആവുകയില്ല"

മഹാത്മാഗാന്ധി

# ഈ വികസന രേഖയെക്കുറിച്ച് . . . .

പാലാഴി മഥനം നടത്തി അമൃത് നേടിയെടുത്ത പുരാണകഥ നമുക്കേവർക്കും സുപരിചിതമാണ്. കഴിഞ്ഞ മൂന്നുമാസക്കാലമായി നമ്മുടെ ഗ്രാമ മനസ്സിലും ദേവാസുരഭാവങ്ങളുടെ ഒരു 'പാലാഴി മഥനം' നടക്കുകയാണ്. ഇതൊരു തുടർ പ്രവർത്തനമാണ് ഗ്രാമത്തിന്റെ സമഗ്ര വികസനമെന്ന അമൃതേത്ത് സാധ്യമാകുന്ന വരേയ്ക്ക്.

പതിനാല് ഗ്രാമ സഭകളിൽ നടന്ന സജ്ജീവമായ ചർച്ചകളിൽ നിന്ന് ഉരുത്തിരിഞ്ഞു വന്ന നാട്ടിന്റെ പ്രശ്നങ്ങളുടേയും അവയ്ക്കുള്ള പരിഹാര നിർദ്ദേശങ്ങളുടേയും ക്രോഡീകൃത രൂപമാണ് ഈ വികസന റിപ്പോർട്ട്. ഈ ഗ്രാമത്തിന്റെ തനത് ഭാഷാപ്രയോഗങ്ങളും ശൈലിയുമെല്ലാം റിപ്പോർട്ടിൽ പ്രകടമാണ്. എഡിറ്റിങ് എന്ന സാഹിതീകൃത്രിമം നടത്തിയിട്ടില്ല എന്നർത്ഥം.

ഗ്രാമപഞ്ചായത്തിന്റെ മുഴുവൻ പ്രശ്നങ്ങളേയും വിലയിരുത്തിയെന്നോ, നിർദ്ദേശിക്കപ്പെട്ട കാര്യങ്ങളെല്ലാം കുറ്റമറ്റതാണെന്നോ പറയുന്നില്ല. ' മഥന'ത്തിന്റെ പ്രാരംഭത്തിൽ പല പാഴ്വസ്തുക്കളും പൊന്തിവരുക സ്വാഭാവികമാണ്. ക്ഷമയോടും ആത്മവിശ്വാസത്തോടും കൂടിയ പ്രവർത്തനം തുടർന്നാൽ മാത്രമേ നമുക്ക് ലക്ഷ്യത്തിൽ എത്താൻ സാധിക്കുകയുള്ളൂ.

വികസന സെമിനാറിൽ പ്രതിനിധി ആയിരിക്കുന്ന ഓരോരുത്തർക്കും ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനം സാധ്യമാകുന്നതിന് വിലയേറിയ പല നിർദ്ദേശങ്ങളും സമർപ്പിക്കാനാകും. പുത്തൂർ പഞ്ചായത്തിലെ നാല്പതിനായിരത്തിലധികം വരുന്ന നിവാസികളുടെ സമ്പൂർണ്ണ ക്ഷേമം ലക്ഷ്യമാക്കിക്കൊണ്ടുള്ള വികസന പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഈ വികസനരേഖ ഒരു നിമിത്തമാകട്ടെ.



എം. പീതാംബരൻ മാസ്റ്റർ
കൺവീനർ
പഞ്ചായത്ത് ആസൂത്രണ സമിതി.

# തൃശൂർ ജില്ല



# ഗ്രാമപഞ്ചായത്ത് ഭരണസമിതി



ജോണിചിറയത്ത്
പ്രസിഡണ്ട്



കെ. നന്ദൻ
വൈസ് പ്രസിഡണ്ട്



ടി. കെ. ശ്രീനിവാസൻ
സ്റ്റാൻഡിങ്ങ് കമ്മിറ്റി
ചെയർമാൻ



ടി. പി. വാസു
മെമ്പർ



വി. വി. മുരളീധരൻ
മെമ്പർ



ലതാവിശ്വംഭരൻ
മെമ്പർ



വി. ഡി. സുരേഷ്
മെമ്പർ



മോളി മാത്യു
മെമ്പർ



പി. പി. ജോർജ്ജ്
മെമ്പർ



മിനിമോൾ
മെമ്പർ



വി. ആർ. രമേഷ്
മെമ്പർ



കെ. ആർ ഉണ്ണി
മെമ്പർ



കെ. ഭാർഗ്ഗവി
മെമ്പർ



ബേബി ഡേവീസ്
മെമ്പർ



സി. ജെ. വർഗ്ഗീസ്
ഗ്രാമപഞ്ചായത്ത്
സെക്രട്ടറി

# മുൻ പ്രസിഡണ്ടുമാർ



വായ്ക്കാട്ടിൽ രാമൻ
രാമൻ (1923)



വായ്ക്കാട്ടിൽ രാമൻ
കൃഷ്ണൻ (1924)



കെ. ശങ്കരൻകുട്ടിവാര്യർ
(1938)



ഡോ: എൻ. കൃഷ്ണവാര്യർ
(1939)



ഇ. ശങ്കരൻകുട്ടിവാര്യർ
(1948)



ടി. ആർ. കൃഷ്ണൻ
മാസ്റ്റർ (1956 - 1961)



ശ്രീ. കേശവൻ നമ്പ്യാർ
(1963 - 1979)



വി. വി. മുരളീധരൻ
(1979 –1986)
(1987 - 1989)



എം. ശങ്കരൻകുട്ടി
(1989 - 1994)



നിലവിലുള്ള ഭരണ സമിതിയിൽ
അംഗമായിരിക്കേ അന്തരിച്ച
സുലോചന തമ്പി



വി. ശ്രീകുമാർ
(ജോയിന്റ് കൺവീനർ)



പി. ജി. ഷാജി
(ജോയിന്റ് കൺവീനർ)



പഞ്ചായത്ത് സ്റ്റാഫ്

## പുത്തൂർ പഞ്ചായത്ത് - പുഴയും തോടുകളും




1. മണലിപുഴ
2. കൈനൂർച്ചിറ
3. പൊന്നൂക്കര തോട്
4. പുത്തൂർ കായൽ
5. പുത്തൂർ - പീച്ചി കനാൽ
6. പുത്തൻകാട് ചിറ
7. പീച്ചി - മെയിൻ കനാൽ
8. ചുള്ളിക്കാവ് തോട്
9. ഇളംതുരുത്തി തോട്
10. പടവരാട് തോട്

# പുത്തൂർ പഞ്ചായത്ത് - റോഡുകൾ

1. പുത്തൂർ
2. ചെറുകുന്ന്
3. വെട്ടുകാട്
4. ഏഴാംകല്ല്
5. പുത്തൻകാട്
6. ചെമ്പംകണ്ടം
7. മാന്ദാമംഗലം
8. ചെന്നായ്പ്പാറ
9. മരോട്ടിച്ചാൽ
10. പൊന്നൂക്കര
11. മരത്താക്കര
12. ഇളംതുരുത്തി
13. മുരിക്കംപാറ
14. കൈനൂർ



# പുത്തൂർ പഞ്ചായത്ത് - വാർഡുകൾ

1. പുത്തൂർ
2. പൊന്നൂക്കര വെസ്റ്റ്
3. പൊന്നൂക്കര ഈസ്റ്റ്
4. ചെറുകുന്ന്
5. വെട്ടുകാട്
6. മരോട്ടിച്ചാൽ
7. മാന്ദാമംഗലം ഈസ്റ്റ്
8. മാന്ദാമംഗലം വെസ്റ്റ്
9. കൈനൂർ ഈസ്റ്റ്
10. കൈനൂർ വെസ്റ്റ്
11. ഇളംതിരുത്തി
12. മരത്താക്കര നോർത്ത്
13. മരത്താക്കര സെന്റർ
14. മരത്താക്കര സൗത്ത്



# പുത്തൂർ പഞ്ചായത്ത് - ഭൂപ്രകൃതി



# ആമുഖം

രണ്ടു് ശതാബ്ദക്കാലത്തെ വൈദേശിക ഭരണത്തിൽ നിന്ന് ഭാരതം സ്വതന്ത്രയായിട്ട് അൻപത് വർഷം തികയുകയാണ്. ജനാധിപത്യഭരണ സംവിധാനം, ശാസ്ത്ര - സാങ്കേതിക രംഗം, ചേരിചേരാപ്രസ്ഥാനം, എന്നീ മേഖലകളിൽ സ്വന്തമായ സ്ഥാനവും ബഹുമാന്യതയും കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. അതേ സമയം, ദാരിദ്ര്യം, നിരക്ഷരത, പകർച്ചവ്യാധികൾ എന്നിവ നിർമ്മാർജ്ജനം ചെയ്ത് സ്ഥായിയായ സമ്പദ്‌വർദ്ധനവും നീതിപൂർവ്വമായ വിതരണവും സാദ്ധ്യമാക്കുന്നതിൽ ഇനിയും ബഹുദൂരം മുന്നേറേണ്ടിയിരിക്കുന്നു.

വികസന രംഗത്ത് അനവധി പരീക്ഷണങ്ങൾ നടത്തുകയും മാതൃകാപരമായ പല സംഭാവനകൾ നൽകുകയും ചെയ്തിട്ടുള്ള സംസ്ഥാനമാണ് നമ്മുടേത്. "കേരള മോഡൽ വികസനം" എന്നത് വളരെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. പൊതുജനാരോഗ്യം, പൊതുവിദ്യാഭ്യാസം എന്നീ രംഗങ്ങളിൽ കേരളത്തിന് ശ്രദ്ധേയമായ നേട്ടമുണ്ടാക്കാനായിട്ടുണ്ട്. ഇത് നാണയത്തിന്റെ ഒരു വശം മാത്രമാണ്. മറുപുറം പരിശോധനക്ക് വിധേയമാക്കുമ്പോൾ രൂക്ഷമായ മൂന്ന് പ്രശ്നങ്ങൾ കണ്ടെത്താനാകും.

കാർഷികോല്പാദനത്തിന്റെ കുറവ്, വ്യവസായ മേഖലയിലെ മുരടിപ്പ്, ഗുണനിലവാരത്തകർച്ച സംഭവിച്ചു കൊണ്ടിരിക്കുന്ന സേവന മേഖല എന്നവയാണീ പ്രശ്നങ്ങൾ.

നമ്മുടെ പഞ്ചായത്ത് അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്നതും ഈ പ്രശ്നങ്ങൾ തന്നെയാണ്. വിസ്തൃതി കുറഞ്ഞു വരുന്ന നെൽപാടങ്ങൾ, നിലവിലുള്ള ലുള്ള ഓട്, പാക്കിംഗ് കെയ്സ്, വ്യവസായ രംഗത്തെ പ്രതിസന്ധി, മനുഷ്യവിഭവത്തെ ഫലപ്രദമായി വിനിയോഗിച്ചുകൊണ്ടുള്ള ചെറുകിട, കുടിൽ വ്യവസാങ്ങളുടെ അഭാവം; പ്രതീക്ഷയ്ക്കൊത്ത് ഉയരാത്ത വിദ്യാഭ്യാസ, ആരോഗ്യ മേഖലകൾ എന്നിവ ഇതിന്റെ ലക്ഷണങ്ങളാണ്. ഫലപ്രദമായ സാമൂഹ്യ ഇടപെടലുകൾകൊണ്ടു മാത്രമേ ഈ പ്രശ്നങ്ങൾ പരിഹരിക്കാനാകു. ഇത്തരുണത്തിൽ ഒമ്പതാം പദ്ധതി ജനകീയമാക്കാനുള്ള തീരുമാനം തികച്ചും സ്വാഗതാർഹമാണ്.

അധികാരവും സമ്പത്തും പരിപൂർണ്ണമായും വികേന്ദ്രീകരിച്ചുകൊണ്ടു മാത്രമേ പഞ്ചായത്ത്‌രാജ് സംവിധാനം യാഥാർത്ഥ്യമാക്കാനാകുകയുള്ളു എന്നതാണ് മഹാത്മാഗാന്ധിയുടെ സുവ്യക്തമായ അഭിപ്രായം. ഇത് ഗ്രാമസ്വരാജിലേക്കുള്ള പ്രധാന കവാടമത്രേ. ഈ ഒരു പശ്ചാത്തലത്തിൽ വിലയിരുത്തുമ്പോൾ, പദ്ധതി യടങ്കലിന്റെ നാല്പത്തിയഞ്ചു ശതമാനത്തോളം ത്രിതല പഞ്ചായത്തുകൾക്ക് ലഭ്യമാക്കും എന്ന സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപനവും ജനകീയ ആസൂത്രണ പ്രസ്ഥാനവും പ്രത്യാശക്ക് ഇട നൽകുന്നുണ്ട്. കക്ഷി രാഷ്ട്രീയത്തിന്റെ അതിപ്രസരം ഇല്ലാതെ, ഗ്രാമത്തിന്റെ ആവശ്യങ്ങൾക്ക് മുൻഗണനാക്രമം ഏർപ്പെടുത്തി വികസന പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടത്താൻ സാധിച്ചാൽ നമ്മുടെ സംസ്ഥാനം ലോകത്തിനു തന്നെ മാതൃകയാകും.

# 1. പഞ്ചായത്ത്തല പ്രവർത്തനങ്ങൾ

ജനകീയ ആസൂത്രണത്തിനായുള്ള ജില്ലാതല റിസോഴ്സ് പേഴ്സൺ ക്യാമ്പിൽ നമ്മുടെ പഞ്ചായത്തിൽ നിന്ന് മെമ്പർമാരടക്കം ഇരുപത്തിനാല് പേർ പങ്കെടുത്തു. പഞ്ചായത്തു മെമ്പർമാരേയും റിസോഴ്സ് പേഴ്സണിന്റെയും സംയുക്ത യോഗം ചേർന്ന് പഞ്ചായത്ത് ആസൂത്രണ സമിതി കൺവീനറായി ശ്രീ. എം. പീതാംബരൻ മാസ്റ്ററെ തെരഞ്ഞെടുത്തു് സെപ്റ്റംബർ പതിനൊന്നാം തിയതി പഞ്ചായത്ത് കല്ല്യാണ മണ്ഡപത്തിൽ പഞ്ചായത്ത്തല പരിശീലനം നടന്നു. സാമൂഹ്യ രാഷ്ട്രീയ പ്രവർത്തകർ, ഉദ്യോഗസ്ഥന്മാർ, സന്നദ്ധ സംഘടനാ പ്രവർത്തകർ എന്നിവരടക്കം 216 പേർ ക്യാമ്പിൽ പങ്കെടുത്തു.

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം. എം. അവറാച്ചൻ, നടത്തറ ഗ്രാമപഞ്ചായത്ത് അംഗം ജോസ് തോമസ്, കെ. സി. പരമേശ്വരൻ മാസ്റ്റർ, എം. പിതാംബരൻ മാസ്റ്റർ എന്നിവർ ക്ലാസ്സെടുത്തു. 1996 സെപ്റ്റംബർ 21 മുതൽ ഗ്രാമസഭാ യോഗങ്ങൾ ചേരാൻ തീരുമാനിച്ചു.

ഗ്രാമസഭാ സംഘാടനത്തിന്റെ ഭാഗമായി വാർഡുതോറും സ്ക്വാഡ് യോഗങ്ങൾ, ഗ്രൂപ്പ് ലീഡർമാരുടെ ചർച്ചകൾ, വിളംബര ജാഥകൾ, വികസന ജ്യോതി തെളിയിക്കൽ എന്നീ പ്രവർത്തനങ്ങൾ നടന്നു. ഓരോ ഗ്രാമസഭകളും ഒന്നിനൊന്ന് മെച്ചപ്പെടുത്താൻ ആരോഗ്യകരമായ മത്സരം തന്നെ വാർഡുമെമ്പർമാരുടെയും ഗ്രൂപ്പ് ലീഡർമാരുടെയും ഭാഗത്ത് നിന്നുണ്ടായി എന്നത് സ്തുത്യർഹമാണ്. തങ്ങളുടെ പ്രദേശത്തിന്റെ വികസന കാര്യങ്ങളെ കുറിച്ച് ചർച്ചചെയ്യാനും നിർദ്ദേശങ്ങൾ സമർപ്പിക്കാനും ഗ്രാമസഭാ അംഗങ്ങൾ കാണിച്ച താല്പര്യം വിവരണാതീതമാണ്.

നാടിന്റെ വികസന പ്രക്രിയയിൽ പങ്കാളികളാകുന്നതിന് പ്രായമോ, വിദ്യാഭ്യാസമോ, സമയമോ അവർക്ക് പ്രശ്നമായിരുന്നില്ല. 14 ഗ്രാമസഭകളിലുമായി 3602 പേർ പങ്കെടുത്തു. മൊത്തം വോട്ടർമാരുടെ 11.5% ആണ് ഇത്.

ശ്രീ. സി. എൻ. ജയദേവൻ എം. എൽ. എ., ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരായ ശ്രീ. ഐ. കെ. സുബ്രമണ്യൻ മാസ്റ്റർ, ശ്രീമതി. കുമാരി സുഭാഷ് ചന്ദ്ര ബോസ്, പ്രൊ. കെ. കെ. ഭാസ്കരൻ, ഹരിയാന സംസ്ഥാന റിസോഴ്സ് ,സെന്റർ ഡയറക്ടർ ശ്രീമതി. അമിത, ശ്രീ. ടി. ശിവരാമൻ മാസ്റ്റർ, ശ്രീ. കെ. എം. ശിവദാസൻ എന്നിവർ വിവിധ ഗ്രാമസഭകൾ ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോണി ചിറയത്ത്, വൈ. പ്രസിഡന്റ് നന്ദൻ കുന്നത്ത് പുത്തൂർ സഹകരണ ബാങ്ക് പ്രസിഡന്റ് വി. വി. മുരളീധരൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ വി. ഡി. സുരേഷ് എന്നിവർ അദ്ധ്യക്ഷത വഹിച്ചു.

കേരളത്തിലെ ജനകീയ ആസൂത്രണ പ്രവർത്തനങ്ങളെ കുറിച്ച്, പഠിക്കാനായി ഹരിയാനയിൽ നിന്നെത്തിയ ഒരു സംഘം പുത്തൂർ പഞ്ചായത്തിലെ വിവിധ ഗ്രാമസഭകളിൽ നിരീക്ഷകരായി. തികച്ചും ഉത്തേജനകരവും അനുകരണീയവുമാണ് ഈ പ്രവർത്തനങ്ങൾ എന്ന് അവർ അറിയിച്ചു.

വാർഡുകളിൽ നിന്നുള്ള വികസന നിർദ്ദേശങ്ങൾ അടങ്ങുന്ന ഗ്രാമസഭാ റിപ്പോർട്ടുകളെ ക്രോഡീകരിച്ച് പഞ്ചായത്ത് വികസന രേഖയുണ്ടാക്കലായിരുന്നു അടുത്ത ഘട്ടം. മണ്ണുത്തി വെറ്ററിനറി കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് രണ്ടാം ഘട്ട ജില്ലാതല പരിശീലനം ഒക്ടോബർ 25,26,27 തിയതികളിൽ നടന്നു.

നമ്മുടെ പഞ്ചായത്തിൽ നിന്ന് 21 പേർ പങ്കെടുത്തു. പഞ്ചായത്തംഗങ്ങൾ ജില്ലാ റിസോഴ്സ് പേഴ്സൺസ് എന്നിവരുടെ സംയുക്ത യോഗം 26ന് ചേർന്നു ആസൂത്രണ സമിതിയുടെ ജോയിന്റ് കൺവീനർമാരായി പി. ജി. ഷാജി, വി. ശ്രീകുമാർ എന്നിവരെ തെരഞ്ഞെടുത്തു.

പഞ്ചായത്ത് വികസന റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവർത്തനങ്ങളിൽ മെമ്പർമാർക്ക് പുറമേ എം. അരവിന്ദാക്ഷൻ, ഗിരിഷ് കെ. വാര്യർ, രാധാകൃഷ്ണൻ. വി, ഒ. യു. ഏല്യാസ്, പി. പി. യാക്കോബ്, കെ. ആർ. ശ്രീധരൻ, ടി. ആർ. പ്രഭാകരൻ, കെ. ജി. സുജാത, മേരിജോസ്, സി. കെ. തിലകൻ, പോളി. സി. ഏ, ഡോ. കെ. അയ്യപ്പൻ, ഇ. സി. ശാന്ത, വി. പ്രസന്ന, കെ. വി. സിദ്ധാർത്ഥൻ, ടി. കെ. വിജയൻ, എൻ. എൻ. അനിൽകുമാർ, പി. ഡി. പ്രകാശ്, ഇ. കുഞ്ഞുണ്ണി മേനോൻ, കെ. വി. സജ്ജു, പി. എഫ്. ജോസ്, പി. കെ. കണിമംഗലം, രവി കാട്ടുങ്ങൽ, കെ. ആർ. സുമ ഹർഷൻ, പി. ജി. ഷാജി, വി. ശ്രീകുമാർ, കെ. ജെ. പ്രസന്ന കുമാർ, ചന്ദ്രൻ തെങ്ങുമ്പുള്ളി, എം. ഡി. കുട്ടൻ, കെ.എൻ.സോമസുന്ദരൻ, ഡോ. പുഷ്പ എന്നിവർ പെങ്കെടുത്തു.

## 2. പൊതുവിവരങ്ങൾ - പുത്തൂർ ഗ്രാമപഞ്ചായത്ത്

| | |
|---|---|
| ഉൾപ്പെടുന്ന വില്ലേജുകൾ | മരത്താക്കര, കൈനൂർ, പുത്തൂർ, മാന്ദാമംഗലം |
| താലൂക്ക് | തൃശൂർ |
| ബ്ലോക്ക് | ഒല്ലൂക്കര |
| അസംബ്ലിമണ്ഡലം | ഒല്ലൂർ |
| വിസ്തീർണ്ണം | 39.056 ച. കി. മീ. |
| വാർഡുകളുടെ എണ്ണം | 14 |
| അതിരുകൾ | |
| വടക്ക് പഞ്ചായത്തുകൾ | നടത്തറ, പാണഞ്ചേരി, |
| കിഴക്ക് ഫോറസ്റ്റ്. | പാണഞ്ചേരി പഞ്ചായത്ത്, റിസർവ് |
| പടിഞ്ഞാറ് | ഒല്ലൂർ പഞ്ചായത്ത്, നടത്തറ പഞ്ചായത്ത്. |
| തെക്ക് | നെന്മണിക്കര, തൃക്കൂർ പഞ്ചായത്തുകൾ. |
| ജനസംഖ്യ | 39632 (1991 സെൻസസ്) |
| കുടുംബങ്ങൾ | 7828 |
| പഞ്ചായത്ത് പ്രസിഡന്റ് | ജോണി ചിറയത്ത് |
| വൈസ് പ്രസിഡന്റ് | കെ. നന്ദൻ. |
| തെരുവ് വിളക്കുകൾ | 1037 |
| ടാർറോഡ് | 28. 790 കി. മീ. |
| മെറ്റൽ റോഡ് | 5.800 കി. മീ. |
| സ്കൂളുകൾ | 8 |
| വൻകിട വ്യവസായം | 32 |
| പൊതുകിണർ | 28 |
| പൊതു ടാപ്പുകൾ | 226 |
| ചിറകൾ | 18 |

3. # ഇന്നലെകളിലേക്ക് ഒരെത്തിനോട്ടം

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ തന്നെ പുത്തൂർ പഞ്ചായത്ത് നിലവിൽ വന്നിട്ടുണ്ടെന്നാണ് ചില രേഖകളിൽ കാണുന്നത്. പുത്തൂർ, മാന്ദാമംഗലം, കൈനൂർ, നടത്തറ, കൊഴുക്കുള്ളി, വില്ലേജുകൾ ചേർന്നതായിരുന്നു പുത്തൂർ പഞ്ചായത്ത്.

വായ്ക്കാട്ടിൽ രാമൻ രാമൻ, വായ്ക്കാട്ടിൽ രാമൻ കൃഷ്ണൻ, കെ. ശങ്കരൻകുട്ടി വാര്യർ, ഡോ. എൻ കൃഷ്ണവാര്യർ, ഇ. ശങ്കരൻകുട്ടി വാര്യർ എന്നിവർ ആദ്യകാലങ്ങളിൽ പഞ്ചായത്ത് പ്രസിഡന്റുമാരായിട്ടുണ്ട്. ബാലറ്റടിസ്ഥാനത്തിലുള്ള തെരഞ്ഞെടുപ്പ് ആദ്യമായി നടന്നത് 1953ൽ ആണ്. മൂർക്കനിക്കരയിലുള്ള ടി. ആർ. കൃഷ്ണൻ മാസ്റ്ററാണ് തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിയുടെ പ്രസിഡന്റായത്.1962ൽ നടത്തറ, കൊഴുക്കുള്ളി വില്ലേജുകൾ ചേർന്ന് നടത്തറ പഞ്ചായത്ത് രൂപീകൃതമാകുകയും, അതുവരെ ഒല്ലൂർ പഞ്ചായത്തിന്റെ ഭാഗമായിരുന്ന മരത്താക്കര വില്ലേജ് പുത്തൂർ പഞ്ചായത്തിൽ ഉൾപ്പെടുകയും ചെയ്തു. 1963ൽ നടന്ന തെരഞ്ഞെടുപ്പിനു ശേഷം ശ്രീ. കേശവൻ നമ്പ്യാർ പ്രസിഡന്റാകുകയും 16 വർഷ ത്തിനു ശേഷം 1979ൽ നടന്ന തെരഞ്ഞെ ടുപ്പിൽ ശ്രീ. വി. വി. മുരളീധരൻ പ്രസിഡന്റാകുകയും ചെയ്തു. 1987ൽ നടന്ന തെരഞ്ഞെടുപ്പിനു ശേഷം ശ്രീ. വി. വി. മുരളീധരൻ രണ്ടര വർഷക്കാലം പ്രസിഡന്റായിരുന്നു. തുടർന്ന് ശ്രീ. എം. ശങ്കരൻകുട്ടി 1994 വരെ പ്രസിഡന്റായിരുന്നു. 1962-63, 1984-87, 1994-95 കാലത്ത് സ്പെഷൽ ഓഫീസർമാരാണ് ഭരണം നടത്തിയിരുന്നത്.

ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിലുണ്ടായ പഞ്ചായത്ത് രാജ് നിയമ പ്രകാരം 1995 ഒക്ടോബറിൽ നിലവിൽ വന്ന ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ പ്രസിഡന്റായി ശ്രീ. ജോണി ചിറയത്ത് തെരഞ്ഞെടുക്കപ്പെട്ടു. കെ. നന്ദൻ വൈസ് പ്രസിഡന്റായും, പ്രഥമ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനായി വി. ഡി. സുരേഷും തെരഞ്ഞെടുക്കപ്പെട്ടു. ടി. പി. വാസു, വി. വി. മുരളീധരൻ, സുലോചന തമ്പി, മോളി മാത്യു ആനനിലയിൽ, ടി. കെ. ശ്രീനിവാസൻ, പി. പി. ജോർജ്ജ്, മിനിമോൾ, വി. ആർ. രമേഷ്, കെ. ആർ. ഉണ്ണി, കെ. ഭാർഗ്ഗവി, ബേബി ഡേവിഡ് എന്നിവരായിരുന്നു മറ്റു മെമ്പർമാർ. മൂന്നാം വാർഡ് മെമ്പറായ സുലോചന തമ്പിയുടെ നിര്യാണത്തെ തുടർന്ന് നടന്ന ഉപതെരഞ്ഞെടുപ്പിൽ ലതാ വിശ്വംഭരൻ തെരഞ്ഞെടുക്കപ്പെട്ടു.

## ചരിത്ര പാശ്ചാത്തലം

ഈ നൂറ്റാണ്ടിന്റെ ആരംഭ ദശയിൽ ഇന്നത്തെ പുത്തൂർ പഞ്ചായത്തിന്റെ കിഴക്കൻ മേഖല ഏറെക്കുറെ വിജനമായിരുന്നു എന്നു തന്നെ പറയാം. ഭൂരിഭാഗവും വനപ്രദേശങ്ങളും ഏതാനും കൃഷിയിടങ്ങളും മാത്രമാണവിടെ ഉണ്ടായിരുന്നത്. സാമൂഹ്യ-രാഷ്ട്രീയ മേഖലയിൽ ജനങ്ങളുടെ കൂട്ടായ പ്രവർത്തനങ്ങൾ നടന്നിരുന്നത് പുത്തൂർ, പൊന്നൂക്കര, മുളയം മേഖലകളിലാണ്.

ഗാന്ധിജിയുടെ നേതൃത്വത്തിൽ ദേശീയ പ്രസ്ഥാനത്തിന്റെ ഗതിവേഗം പരമകാഷ്ഠയിലെത്തിയ 1940 കളിൽ അതിന്റെ പ്രതിഫലനങ്ങൾ നമ്മുടെ പഞ്ചായത്തിലുമുണ്ടായി. തിരുകൊച്ചി മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഇ. ഇക്കണ്ട വാര്യർ, മുൻ എം. എൽ. എ. മാരായ ടി. പി. സീതാരാമൻ, പി. ആർ. കൃഷ്ണൻ മാസ്റ്റർ എന്നിവരുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങളാണ് പുത്തൂർ പഞ്ചായ

ത്തിനെ സജീവമാക്കിത്തീർത്തത്. പ്രജാമണ്ഡലമായിരുന്നു പ്രവർത്തന വേദി. പഴമക്കാർ ഇന്നും സമ്മിശ്ര വികാരത്തോടെ ഓർക്കുന്ന ദിനമാണ് 1116 എടവം 13. അന്നാണ് ശക്തമായ കൊടുംകാറ്റും പേമാരിയും ഉണ്ടായത്. പറഞ്ഞാലൊടുങ്ങാത്ത നാശനഷ്ടങ്ങളുണ്ടായി. ഇനിയെന്തു ചെയ്യേണ്ടു എന്ന് ചിന്തിച്ച് കൊച്ചി രാജ്യം തരിച്ച് നില്ക്കുമ്പോൾ, ആശ്വാസ വാക്കുകളും പ്രവർത്തനങ്ങളുമായി കടന്നു വന്നത് പ്രജാമണ്ഡലമായിരുന്നു. നടത്തറ ഗ്രാമോദ്ധാരണം കേന്ദ്രമാക്കിയാണ് ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തിയത്. ഗ്രാമോദ്ധാരണ പ്രസിഡന്റ് പി. ആർ. കൃഷ്ണൻ മാസ്റ്റർ, സെക്രട്ടറി പി. രാമൻ മേനോൻ, കെ.എൽ. ദേവസ്സി മാസ്റ്റർ, കെ. ടി. ജോൺ, കെ. ഒ. റപ്പായി, സി. മാധവൻ എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

"പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക" എന്ന മന്ത്രവുമായി ക്വിറ്റ് ഇന്ത്യ പ്രക്ഷോഭണത്തിന്റെ ജ്വാലകൾ ഭാരതമാകെ പടരുന്ന കാലത്താണ് പുത്തൂരിലെ കൊങ്ങംപാറ മൈതാനിയിൽ ബ്രിട്ടന്റെ യുദ്ധ സന്നാഹങ്ങൾക്കെതിരെ (രണ്ടാം ലോക മഹായുദ്ധം നടക്കുന്ന കാലം) പ്രസംഗിച്ചതിന് ഡോ. കെ. ആർ. കുമാരനെ വിയ്യൂർ ജയിലിലടച്ചത്.

1944ൽ നമ്മുടെ പഞ്ചായത്തിലടക്കം പലയിടത്തും വസൂരി പടർന്നു പിടിച്ചപ്പോൾ വീട്ടുകാർ പോലും ഭയം കൊണ്ട് ഉപേക്ഷിച്ച രോഗികൾക്ക് ആശ്വാസമായെത്തിയത് ഡോ. കെ. ആർ. കുമാരൻ, കെ. ശൂലപാണി എന്നിവരുടെ നേതൃത്വത്തിലുള്ള പ്രാദേശിക പ്രവർത്തകരായിരുന്നു. ഇത്തരം സാമൂഹ്യ സേവന പ്രവർത്തനങ്ങളിൽ നിന്നുള്ള ആത്മവിശ്വാസമാണ് പ്രജാമണ്ഡലത്തിന്റെ തൃശൂർ താലൂക്ക് സമ്മേളനം 1946ൽ പുത്തൂരിൽ വെച്ച് നടത്താൻ നേതാക്കളെ പ്രേരിപ്പിച്ചത്. പുത്തൂർ പുഴയുടെ പടിഞ്ഞാറേ ഭാഗത്തുള്ള വിശാലമായ പല്ലൂപാടത്താണ് സമ്മേളന വേദിയൊരുക്കിയത്. നാട്ടുകാരുടെ അകമഴിഞ്ഞ സഹകരണം കൊണ്ട് മൂന്ന് ദിവസം നീണ്ടുനിന്ന ഈ സമ്മേളനത്തിന് തികച്ചും ഒരു ഉത്സവചായ കൈ വന്നിരുന്നതായി പഴയതലമുറക്കാർ ഇന്നും സ്മരിക്കുന്നു. അന്നത്തെ സംയുക്ത മദിരാശി മുഖ്യമന്ത്രി ആന്ധ്ര കേസരി ടി. പ്രകാശമാണ് സമ്മേളനം ഉദ്ഘാടനം ചെയ്തത്. കെ. ബാലകൃഷ്ണ മാരാർ, വി. ആർ. കൃഷ്ണനെഴുത്തച്ഛൻ, എം. കെ. മേനോൻ, കെ. കരുണാകരൻ, കെ. പി. മാധവൻ നായർ, ടി. ഏ. ബാലൻ, ഐ. എം. വേലായുധൻ മാസ്റ്റർ, ഏ. മാധവൻ മാസ്റ്റർ, കെ. ശങ്കരൻകുട്ടി വാര്യർ, കെ. രാമൻ നായർ, വി. ആർ. മാധവൻ, പൊറ്റേക്കാട് ശങ്കരൻകുട്ടി, ശങ്കുണ്ണി, കൊച്ചുണ്ണി, കാക്കനാട്ട് കുമാരൻ, കള്ളാടത്തിൽ കണ്ടുരുകുട്ടി, കടമ്പമറ്റത്തിൽ അഗസ്തി, തുപ്പിനിങ്ങാടൻ രാവുണ്ണി, അവണൂർ രാമദാസ്, കോഴിപ്രദാമോദരൻ മേനോൻ, കരിപറമ്പിൽ രാമകൃഷ്ണൻ, ചിറയത്ത് കോനിക്കര കൊച്ചൗസേഫ്, തെക്കേത്തറ ശങ്കരൻ, ചോറോട്ടിൽ കൊച്ചക്കൻ, വേലായുധൻ എന്നിവരാണ് നേതൃത്വം നൽകിയിരുന്നത്. ഉച്ചഭാഷിണി യന്ത്രം വാഹനത്തിൽ ഘടിപ്പിച്ച് ശബ്ദം ഉണ്ടാക്കി മുന്നോട്ട് പോകാൻ കഴിയുമോ എന്ന് ഒരു പരീഷണം നടത്തി നോക്കിയത് ഈ അവസരത്തിലായിരുന്നു. കൊങ്ങംപാറയിൽ നിന്ന് കൊച്ചിയിലേക്ക് നടത്തിയ പട്ടിണി മാർച്ചും ഇക്കാലത്തെ പ്രധാന സംഭവമായിരുന്നു.

പുത്തൂർ പഞ്ചായത്ത് ഉൾപ്പെടുന്ന ഒല്ലൂർ നിയോജക മണ്ഡലത്തിൽ നിന്നാണ് 1948ൽ കൊച്ചി രാജ്യ നിയമസഭയിലേക്ക് ശ്രീ. ഇക്കണ്ട വാര്യർ തെരഞ്ഞെടുക്കപ്പെട്ടത്. കൃഷിഭൂമിയിൽ കുടിയാൻ മാർക്ക് സംരക്ഷണം, മര്യാദപാട്ട സമ്പ്രദായം, ചെറുകിട-ഖാദി വ്യവസായ യൂണിറ്റുകളുടെ പ്രോത്സാഹനം എന്നിങ്ങനെ അദ്ദേഹം നേതൃത്വം നൽകിയ പല പ്രവർത്തനങ്ങളും ഈ പ്രദേശത്തിന് വളരെ ഗുണം ചെയ്തു. പറമ്പത്ത്

പാടത്ത് നടന്ന സർവോദയ ക്യാമ്പിൽ യശ:ശരീരനായ പ്രൊ. എം. പി. മന്മഥൻ അടക്കം നിരവധി സർവോദയ നേതാക്കൾ പങ്കെടുക്കുകയുണ്ടായി.

വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയുടെ നേതൃത്വത്തിലുള്ള സാമൂഹ്യ-സാംസ്ക്കാരിക പ്രവർത്തനങ്ങൾ പഞ്ചായത്തിൽ തുടർന്നുകൊണ്ടേയിരുന്നു എന്ന് പരിശോധിച്ചാൽ മനസ്സിലാകും. ഇത്തരം സംഘടിത പ്രവർത്തനത്തിന്റെ ഫലമായാണ് പുത്തൂർ ഗ്രാമീണ വായനശാല രൂപം കൊണ്ടത്. കൊച്ചി രാജ്യത്തെ വായനശാലകളിൽ ശ്രദ്ധേയമായ ഒന്നായിരുന്നു അത്. പിൽകാലത്ത് കമ്മ്യൂണിസ്റ്റ്-സോഷ്യലിസ്റ്റ് വിഭാഗങ്ങളുടെ പ്രാദേശിക നേതാക്കൻമാരായി മാറിയ പലർക്കും ആദ്യകാല പ്രവർത്തനങ്ങൾക്ക് ആവേശം പകർന്നിരുന്നത് ഈ വായനശാലയോടനുബന്ധിച്ച് നടത്തിയ കലാസാഹിത്യ പ്രവർത്തനങ്ങളായിരുന്നു. ഇവരിൽ ഒരാളായ ശ്രീ. എം. എ. കാർത്തികേയൻ, തുടർച്ചയായി ഏറ്റവും കൂടുതൽ കാലം പഞ്ചായത്ത് അംഗമായിരുന്ന വ്യക്തിയാണ്. അദ്ദേഹം ജില്ലാ കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനുമായിരുന്നു. ഇപ്പോഴത്തെ പഞ്ചായത്താഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്തായിരുന്നു വായനശാല. പിന്നീട് ഗ്രാമീണ വായനശാല പഞ്ചായത്തിനെ ഏൽപ്പിക്കുകയാണുണ്ടായത്.

1989-90 കാലത്ത് കേരളത്തിൽ നടന്ന സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിലും നമ്മുടെ പഞ്ചായത്ത് വളരെ മുൻപന്തിയിലെത്തി. 188 സാക്ഷരതാ കേന്ദ്രങ്ങളിലായി 214 ഇൻസ്ട്രക്റ്റർമാർ നമ്മുടെ പഞ്ചായത്തിൽ നിരക്ഷരത നിർമ്മാർജ്ജന യജ്ഞത്തിൽ പങ്കാളികളായി. പഞ്ചായത്തിലെ കലാകാരന്മാർ ഒത്ത് ചേർന്ന് രൂപം കൊടുത്ത സാക്ഷരതാ കലാഗ്രൂപ്പ് ജില്ലയിലെ വിവിധ വേദികളിൽ പ്രശംസ പിടിച്ചു പറ്റി. ഇതിൽ നിന്ന് ഉണ്ടായ പ്രോത്സാഹനമാണ് ഒരു പഞ്ചായത്ത് കലാകേന്ദ്രം സ്ഥാപിക്കാൻ ഭരണസമിതിയെ പ്രേരിപ്പിച്ചത്. അന്നത്തെ പ്രസിഡന്റായിരുന്ന ശ്രീ. എം. ശങ്കരൻകുട്ടിയുടെ പ്രത്യേകമായ ശ്രദ്ധകൂടി ഉണ്ടായപ്പോൾ നിരവധി വാദ്യോപകരണങ്ങൾ വാങ്ങാനും നല്ല നിലവാരമുള്ള ഒരു അമേച്വർ നാടക സംഘത്തിന് ജന്മം നൽകാനും കലാകേന്ദ്രത്തിന് സാധിച്ചു. കേരളത്തിൽ ആദ്യമായാണ് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഇത്തരം ഒരു കലാകേന്ദ്രം പ്രവർത്തിക്കുന്നത്. പതിനൊന്നിന പരിപാടിയിൽ നിർമ്മിച്ച പഞ്ചായത്ത് സാംസ്കാരിക നിലയമാണ് കലാകേന്ദ്രത്തിന്റെ ആസ്ഥാനം. സാംസ്കാരിക പ്രവർത്തനങ്ങൾക്ക് സഹായകമായ വിധം ഇരുന്നൂറ് പേർക്ക് ഒരുമിച്ച് ഇരിക്കാനും കലാപരിപാടികൾ അവതരിപ്പിക്കാനും സഹായമാകുന്ന ഒരു ഹാൾ (കല്ല്യാണ മണ്ഡപം) പുത്തൂർ കുരിശുമൂലയിൽ സ്ഥാപിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ ഔപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ പ്രാരംഭഘട്ടം ആശാൻ കളരികളായിരുന്നു. പിന്നീട് പുത്തൂർ പള്ളിക്ക് സമീപമായി മണലെഴുത്തും, നെയ്ത്തും പഠിപ്പിക്കുന്നതിനുള്ള സ്ഥാപനം 1916ൽ സ്ഥാപിച്ചു. അവണൂർ ശങ്കരൻ നായർ സൗജന്യമായി നൽകിയ മൂന്നര ഏക്കർ സ്ഥലത്ത് ഇതിനായി കെട്ടിടം നിർമ്മിച്ചു. 1958ൽ യു. പി. സ്കൂളായി ഉയർത്തി. കേരള മുഖ്യമന്ത്രി പട്ടംതാണുപിള്ളയാണ് 1962ൽ ഹൈസ്കൂളിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. 1989ൽ വൊക്കേഷണൽ ഹയർ സെക്കന്ററിയായി ഉയർത്തി ഓഡിറ്റിംഗ് ആന്റ് എക്കൗണ്ടിംഗ്, സെക്രട്ടേറിയൽ പ്രാക്റ്റീസ് എന്നീ കോഴ്സുകളാണ് ഇപ്പോൾ ഇവിടെ നടക്കുന്നത്. പൊന്നേത്ത് നാരായണ മേനോൻ, ഇ. കൃഷ്ണ വാര്യർ, വി. രമണി എന്നിവർ ഓരോ ഘട്ടത്തിലും ആദ്യത്തെ പ്രധാന അദ്ധ്യാപകരായിരുന്നു. ഹരിജനോദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായാണ് മതിക്കുന്ന് ജൂനിയർ ബെയ്സിൽ സ്കൂൾ ആരംഭിച്ചത്. ഭൂദാന പ്രസ്ഥാനത്തിൽ നിന്ന് ആവേശം ഉൾക്കൊണ്ട് പുളിക്ക

ത്താറ ഗോവിന്ദൻ സംഭാവനയായി നൽകിയ സ്ഥലത്താണ് ഇപ്പോൾ ഈ സ്കൂൾ നിലകൊള്ളുന്നത്. മരോട്ടിച്ചാലിൽ ശ്രീ. മുക്കാപ്പുഴ കിട്ടുണ്ണി നായരുടെ വീട്ടിൽ ആരംഭിച്ച ആശാൻ കളരിയാണ് പിന്നീട് മച്ചിങ്ങൽ ബാലൻ മാസ്റ്റർ, വി. ശങ്കുണ്ണി മാസ്റ്റർ എന്നിവരുടെ നേതൃത്വത്തിലുള്ള പ്രവർത്തനഫലമായി യു. പി. സ്കൂളായത്. എം. എൽ. സി. യായിരുന്ന ചിറയത്ത് കോനിക്കര ജോസഫ് ആണ് മരത്താക്കര യു. പി. സ്കൂൾ സ്ഥാപിച്ചത്. 8 വിദ്യാലയങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്

## 4. ഭൂ പ്രകൃതി - ജനപ്രകൃതി

മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെയാണ് കേരളത്തിന്റെ ഭൂ പ്രകൃതി. ഈ പ്രത്യേകതകൾ ഏറെ ക്കുറെയെല്ലാം നമ്മുടെ പഞ്ചായത്തിലും കാണാം. പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശം പശ്ചിമഘട്ട നിരകളോട് ബന്ധ പ്പെട്ട് കിടക്കുന്ന വലിയ പർവ്വതങ്ങളും കുന്നുകളുമാണ്. കറുത്ത വളക്കൂറുള്ള വനമണ്ണ് ഇവിടങ്ങളിൽ കാണുന്നു. കൃഷിരീതിയിലുള്ള അശാസ്ത്രീയത, മണ്ണൊലിപ്പ് എന്നീ കാരണങ്ങളാൽ വളരെ ഫലഭൂയിഷ്ഠമായ വനമണ്ണിന്റെ അളവ് കുറഞ്ഞു വരികയാണ്. റബർ, വാഴ, പച്ചക്കറികൾ, മലഞ്ചര ക്കുകൾ എന്നിവയാണ് ഇവിടെ വ്യാപകമായി കൃഷി ചെയ്തു വരുന്നത്. വെട്ടുകാട്, പുത്തൻകാട്, ചെറുകുന്ന്, പടിഞ്ഞാറെ പൊന്നൂക്കര എന്നിങ്ങനെ പീഠപ്രദേശങ്ങളിലും താഴ്വരകളിലും മഞ്ഞകലർന്ന തവിട്ടുനിറമുള്ള മണൽ മണ്ണ് കാണപ്പെടുന്നു. പറമ്പുകളിൽ കേരളത്തിൽ പൊതുവെ കാണപ്പെടുന്ന ചരൽമണ്ണ് പൊന്നൂക്കര മെയ്മ്പുള്ളി പാടത്ത് വെള്ള കലർന്ന തവിട്ടുനിറമുള്ള മണൽ മണ്ണ് കാണുന്നു. ഈ പ്രദേശ ങ്ങളിൽ തെങ്ങ്, വാഴ, നെല്ല്, കവുങ്ങ് ഔഷധ സസ്യങ്ങൾ എന്നിവ കൃഷി ചെ യ്തു വരുന്നു. പടിഞ്ഞാറു ഭാഗത്ത് പുത്തൂർ പുഴയുടെ തീരപ്രദേശങ്ങൾ ഏറെക്കുറെ സമതല പ്രദേശങ്ങളാണ്. നെല്ല്, പച്ച ക്കറി, തെങ്ങ് എന്നിവയാണ് പ്രധാന കൃഷി.

## 5. ഭൂപരിഷ്ക്കരണം

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും ഏതാനും ജന്മിമാരുടേതായിരുന്നു. ഇടക്കുന്നി വാരിയം, ചാഴൂർ കോവിലകം, ഗ്രാങ്ങാട് മന, പാലിയം ദേവസ്വം, കുമര പുരം സ്വരൂപം, ലൂർദ്ദ് പള്ളി എന്നിവ രായിരുന്നു "പ്രധാന ജന്മികൾ". ഇവരുടെ പാട്ടകുടിയാന്മാരും കീഴ്കുടിയാന്മാരു മായിരുന്നു കൃഷി ഭൂമി ഉപയോഗി ച്ചിരുന്നത്. ഇക്കണ്ട വാര്യർ മുഖ്യമന്ത്രി യായിരുന്നപ്പോൾ തുടക്കം കുറിച്ചതും 1957, 1964, 70 എന്നീ വർഷങ്ങളിലെ നിയമ ഭേദഗതികളിലൂടെ നടപ്പിൽ വന്നതുമായ കാർഷിക പരിഷ്ക്കാരത്തിന്റെ ഫലമായി ജന്മിമാർക്കോ, മദ്ധ്യവർത്തികൾക്കോ പാട്ടമളക്കലും കാഴ്ചദ്രവ്യം വെക്കലു മൊക്കെ ഇല്ലാതായി. നിശ്ചിത സംഖ്യ ഒരുമിച്ചോ, ഗഡുക്കളായോ അടച്ചാൽ കുടിയാന്മാർക്കെല്ലാം ഭൂമി സ്വന്ത മാക്കാനായി, കുടികിടപ്പുകാർക്കും ഭൂമി സ്വന്തമായി ലഭ്യമായി. പാട്ടപ്പറകളും, പൊതിക്കാളകളും, കാഴ്ചക്കുലകളും വഴിമാറി പുതിയൊരു കാർഷിക - സാമൂഹ്യ അന്തരീക്ഷത്തിന് നാന്ദി കുറിച്ചു.

# കാലാവസ്ഥ-പാരിസ്ഥിതിക അവലോകനം

തെക്കു പടിഞ്ഞാറൻ മൺസൂൺ മൂലം ജൂൺ മുതൽ സെപ്റ്റംബർ വരേയും (കാലവർഷം) വടക്കു കിഴക്കൻ മൺസൂൺ മൂലം ഒക്ടോബർ മുതൽ ഡിസംബർ വരേയും (തുലാവർഷം) ആണ് പ്രധാനമായും മഴ ലഭിക്കുന്നത്. വൃശ്ചിക കാറ്റും തുടർന്നുള്ള രണ്ടു മാസത്തെ മഞ്ഞും അസഹ്യമായ ചൂടിൽ നിന്ന് രക്ഷിക്കുന്നു. ഫെബ്രുവരി മുതൽ

മെയ് വരെയാണ് ഏറ്റവും കൂടുതൽ വരൾച്ച അനുഭവപ്പെടുന്നത്.

പഞ്ചായത്തിന്റെ വിസ്തൃതമായോരു ഭാഗം വനപ്രദേശമായിരുന്നു. നാല്പതുകളിലുണ്ടായ രൂക്ഷമായ ഭക്ഷ്യക്ഷാമം വനപ്രദേശം വെട്ടിതെളിയിച്ച് കൃഷിയിറക്കാൻ പ്രേരണയായി. വ്യക്തികളും സംഘങ്ങളും ചേർന്ന് ഈ പ്രവർത്തിയിൽ മുഴുകി. നാല്പതുകളുടെ അവസാനമായപ്പോഴേക്കും തിരുവിതാംകൂർ ഭാഗത്തുനിന്ന് ധാരാളം പേർ ഇവിടെ എത്തി ഈ പ്രവർത്തനത്തിൽ വ്യാപൃതരായി. ഇതോടെ പഞ്ചായത്തിന്റെ കിഴക്കൻ മേഖല ജനനിബിഡവും സജീവവുമാകാൻ തുടങ്ങി. ഇപ്പോഴും പട്ടയം ലഭിക്കാത്തവരാണ് അധികം പേരും. അതുകൊണ്ടു തന്നെ മണ്ണൊലിപ്പു തടയുന്നതിനും ശാസ്ത്രീയവും സ്ഥായിയുമായ കൃഷിരീതികൾ അവലംബിക്കുന്നതിനും വളരെ പ്രശ്നങ്ങൾ നിലനിൽക്കുന്നു.

പുത്തൻകാട്, ചെമ്പംകണ്ടം ഭാഗത്തെ കുന്നിൻ പ്രദേശത്ത് സർക്കാർ ആവിഷ്ക്കരിച്ച യൂക്കാലി പ്ലാന്റേഷൻ പഞ്ചായത്തിന്റെ പരിസ്ഥിതിയെ ഗുരുതരമായി ബാധിച്ചിരിക്കയാണ്. ഇവിടെ ഉണ്ടായിരുന്ന നിരവധി ഉറവകളും നീർച്ചാലുകളും അപ്രത്യക്ഷമായി. കുടിവെള്ളത്തിനും കൃഷിക്കും ഈ നീർച്ചാലുകൾ വളരെ അനുഗ്രഹ മായിരുന്നു. ഓട്, ഇഷ്ടിക വ്യവസായങ്ങൾക്കായി വയലുകളിൽ നിന്ന് കളിമണ്ണെടുക്കുന്നതുമൂലം വലിയൊരളവ് നെൽപ്പാടങ്ങളും കൃഷിയോഗ്യമല്ലാതായി. ഈ വ്യവസായങ്ങളെ നിലനിർത്തുകയും നമ്മുടെ പ്രധാന ആഹാരമായ നെല്ല് ഉല്പാദിപ്പിക്കാനുള്ള സാദ്ധ്യതകൾ നിലനിർത്തുകയും ചെയ്യുക എന്ന ഇരട്ട ദൗത്യം എങ്ങിനെ നിറവേറ്റും എന്നതിന് കൂട്ടായ വിചിന്തനം ആവശ്യമാണ്. കരിങ്കൽ ക്വാറികൾ, മടകൾ, വൻതോതിൽ പറമ്പ്മണ്ണ് എടുത്ത് കൊണ്ട് പോകലും പരിസ്ഥിതി പ്രശ്നത്തിന് കാരണമാകുന്നു.

## 6.മനുഷ്യ വിഭവവും - വികസനവും

മനുഷ്യ വിഭവത്തെ ഫലപ്രദമായി വിനിയോഗിക്കാനും അതിനുവേണ്ടി മറ്റു മേഖലകളെ സുസജ്ജമാക്കാനും സാധിക്കുമ്പോഴാണ് സ്ഥായിയായ വികസനം സാദ്ധ്യമാകുക. ഈ പ്രക്രിയയുടെ അഭാവമാണ് നമ്മുടെ സംസ്ഥാനത്തെ ഇത്തരമൊരു വികസന പ്രതിസന്ധിയിലേക്ക് നയിച്ചത്. ഇഷ്ടിക- കളിമൺ- കരിങ്കൽ-കെട്ടിട നിർമ്മാണ- കാർഷിക മേഖലയിലാണ് പഞ്ചായത്തിലെ ഭൂരിഭാഗം പേരും തൊഴിലെ ടുക്കുന്നത്. ഇപ്പോഴത്തെ പ്രവണത തുടർന്നാൽ ഈ മേഖലയിലെ തൊഴിൽ സാദ്ധ്യത വളരെക്കാലത്തേക്കുണ്ടാകില്ല. ഗൾഫ് പണത്തിന്റെ വരവ് കുറയുന്നതോടെ പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാകും. പുതിയൊരു തൊഴിൽ-വികസന നയം അനിവാര്യമാകുന്നത് ഈ സാഹചര്യത്തിലാണ്.

ഗ്രൂപ്പ് ഫാമിങ്ങിലൂടെ സജീവമാകുന്ന കാർഷിക മേഖല; നൂതന തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന മൃഗ പരിപാലന മേഖല; കൂടുതൽ ആളുകൾക്ക് തൊഴിൽ ലഭിക്കുന്നതും സഹകരണാടിസ്ഥാനത്തിലുള്ള തൊഴിൽ രംഗം; ചൂഷണ വിമുക്തമായ മാർക്കറ്റ് സംവിധാനം, മണലിപ്പുഴയേയും, പീച്ചി റിസർവോയറിനേയും പരമാവധി വിനിയോഗിച്ചു കൊണ്ടുള്ള ജലസേചന-ജലവിതരണ സംവിധാനം; ഫലപ്രദമായ സ്കൂൾ കോംപ്ലക്സ് പ്രവർത്തനം, വികസന-ക്ഷേമ തൊഴിൽ പദ്ധതികളെക്കുറിച്ചുള്ള വിജ്ഞാന കേന്ദ്രങ്ങളായി മാറുന്ന ഗ്രന്ഥശാലകൾ; കലാ-സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക്പുതിയ ദിശാഗതി നൽകുന്ന പഞ്ചായത്ത് കലാ കേന്ദ്രം; പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ വിനിയോഗം; പഞ്ചായത്ത് ഭരണ സമിതി, വാർഡ് വികസന സമിതി, പ്രവർത്തന സമിതികൾ, കർമ്മസേന എന്നിവയുടെ കൂട്ടായ പ്രവർത്തനം എന്നിവയെല്ലാമായിരിക്കണം പുതിയൊരു വികസന സംസ്ക്കാരത്തിന് ആധാരമാകേണ്ടത്.

# സാമൂഹ്യക്ഷേമം

## എ. നിലവിലുള്ള അവസ്ഥ

മലയോര പ്രദേശങ്ങളുൾപ്പെട്ടതും, ചെറുകിട കൃഷിക്കാർക്കും, തൊഴിലാളികൾക്കും മുൻതൂക്കമുള്ളതുമായ പുത്തൂർ പഞ്ചായത്തിൽ സാമൂഹ്യ സുരക്ഷിതത്വ, സാമൂഹ്യക്ഷേമ പരിപാടികൾ മുഖേന യുള്ള സഹായങ്ങൾ വേണ്ടത്ര ലഭിക്കുന്നില്ല. പഞ്ചായത്തിൽ തന്നെ ജനസംഖ്യയുടെ ആധിക്യവും, വികസന പ്രവർത്തനങ്ങൾക്ക് ധനലഭ്യതക്കുറവും മൂലം അത്യാവശ്യ സേവന പദ്ധതികൾ പോലും യഥാസമയം ചെയ്യാൻ കഴിയുന്നില്ല. ഇക്കാരണത്താൽ പല മേഖലകളിലും പ്രശ്നങ്ങൾ കൂടുതൽ വഷളാകുകയും, നിയന്ത്രണാധീതമായി പ്രശ്നങ്ങൾ രൂക്ഷമാകുകയും ചെയ്യുന്നു.

കാർഷിക മേഖലയിൽ പല വിധത്തിലും വികസന പ്രവർത്തനങ്ങൾ ആവശ്യമുള്ളത്ര ചെയ്യാൻ കഴിയുന്നില്ല. മൃഗ പരിപാലനത്തിന് സാദ്ധ്യതയുണ്ടെങ്കിലും ആസൂത്രിത പദ്ധതികളുടെ അഭാവവും, വായ്പാ ലഭ്യതക്കുറവും സാദ്ധ്യതകളെ ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. ജല സ്രോതസ്സുകളെ വേണ്ട വിധം ഉപയോഗപ്പെടുത്താത്തതിനാൽ ജലസേചനത്തിനും, കുടിവെള്ളത്തിനും ക്ഷാമമുണ്ട്. മലയോരങ്ങളിലേക്ക് ആവശ്യം വേണ്ട ഗതാഗത യോഗ്യമായ റോഡുകളോ, ബസ് സർവീസുകളോ ഇല്ല. കറന്റ് കിട്ടാത്ത അവസ്ഥയും നിലവിലുണ്ട്. സ്കൂൾ വിദ്യാഭ്യാസത്തിന് 5 കിലോമീറ്ററിലധികം ദൂരം നടന്നു പോകേണ്ട സ്ഥിതി ലോവർ പ്രൈമറി തലത്തിലുണ്ട്. വനമേഖലയിലെ കുടിയേറ്റ കർഷകരിൽ അർഹതയുള്ള വർക്ക് പട്ടയം കിട്ടിയിട്ടില്ല അതിനാൽ വീട്, കിണർ, കാർഷിക ആവശ്യങ്ങൾ എന്നിവയക്ക് വായ്പാ ലഭ്യതയില്ല. ഹരിജന, ഗിരിജനങ്ങൾ അധിവസിക്കുന്ന 8 ഹരിജൻ കോളനികളും, 4 ഗിരിജൻ സെറ്റിൽമെന്റുകളും ഉണ്ടെങ്കിലും ഇവിടെ ത്തന്നെ പ്രാഥമിക ആവശ്യങ്ങൾ കൂടി ഇതുവരെ പരിഹരിക്കപ്പെട്ടിട്ടില്ല.

ഗിരിജൻ കോളനികളിൽ ചില വികസന പ്രവർത്തനങ്ങൾക്ക് നടപടിക്ക് ശ്രമിച്ചു വരുന്നുണ്ട്. ഒരു (എച്ച്. ഡി. പി.) കോളനിയായി പൊന്നൂക്കര മതിക്കുന്ന് ഹരിജൻ കോളനി ദത്തെടുത്തിട്ടുണ്ട്. ക്രൈസ്തവ സേവന പദ്ധതികളുടെ ഭാഗമായി വെട്ടുകാട് ആശാരികാടിൽ ജയിൽ ശിക്ഷ കഴിഞ്ഞു വരുന്നവരുടെ പുനരധി വാസത്തിന് സ്നേഹാശ്രമവും, കൊളാംകുണ്ടിൽ ഭിക്ഷക്കാരെ പുനരധിവസിപ്പിക്കുന്ന ദിവ്യഹൃദയാശ്രമവും നിലവിലുണ്ട്. പടവരാട് ഐശ്വര്യ ഗ്രാമത്തിലും, പൊന്നൂക്കര പള്ളിയിലും, വെട്ടുകാട് ആശാദീപം കേന്ദ്രത്തിലും, ഭരത പള്ളിയിലും, മരത്താക്കര, പുത്തൂർ പള്ളികളിലൂടെയും കമ്മ്യൂണിറ്റി പോളിടെക്നിക് പദ്ധതിയിൽ പുത്തൂർ സംസ്കാര വിദ്യാഭ്യാസ ഗവേഷണ പരിശീലന കേന്ദ്രത്തിലും മറ്റു ചില കൂട്ടായ്മ പ്രസ്ഥാനങ്ങളിലൂടെയും ചെറിയ തോതിൽ സ്ത്രീകൾക്ക് മുൻഗണന നൽകി തൊഴിൽ പരിശീലനവും, തൊഴിൽ യൂണിറ്റുകളും നടന്നു വരുന്നുണ്ട്. നേഴ്സറി സ്കൂൾ, മഹിളാ സംഘടനകൾ എന്നിവയും ഇതേവിധം പ്രവർത്തിച്ചു വരുന്നുണ്ട്. മതവിഭാഗങ്ങളിൽ ക്രിസ്ത്യാനികൾ പള്ളികളും, ദേവാലയങ്ങളും കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു. ഹിന്ദുക്കൾക്കിടയിൽ ഓരോ ജാതിക്കാർക്കും പ്രാപിക്കാവുന്ന ക്ഷേത്രങ്ങളും, അമ്പലങ്ങളും, കൊട്ടിലുകളും നിലനിർത്തി ആദ്ധ്യാത്മിക രംഗങ്ങളിലെ അനുഷ്ഠാനങ്ങൾ നടത്തി പോരു

ന്നുണ്ട്. മുസ്ലീമുകൾ വളരെ കുറവാണ്. അവർക്ക് പഞ്ചായത്തിൽ പ്രത്യേക ആരാധനാകേന്ദ്രങ്ങളില്ല. ബ്ലോക്കിൽ നിന്നും പ്രയുക്ത പോഷകാഹാര പരിപാടിയിൽ സേവനം ലഭിക്കുന്ന ഏതാനും കേന്ദ്രങ്ങളും, പൊന്നൂക്കരയിൽ ഐ. സി. ഡി. എസ്. ന്റെ ഡേ കെയർ സെന്ററും 10 നേഴ്സറികൾ പലയിടത്തുമായി നിലവിലുണ്ട്. നല്ല രീതിയിൽ പ്രവർത്തിക്കുന്ന 6 വായനശാലകളും, 4 റേഡിയോ സ്ഥാപിച്ച ക്ലബ്ബുകളും, 5 ടി. വി. സ്ഥാപിച്ച സേവന കേന്ദ്രങ്ങളുമുണ്ട്. പൊതു കളിസ്ഥലങ്ങൾ അപൂർവ്വമാണ്. തൊഴിൽ പരിശീലന സെന്ററുകൾ നാമമാത്രമാണ്. വികസന കാര്യങ്ങളിലും, ആനുകൂല്യങ്ങൾ നിലവിലുള്ളവ ലഭ്യമാക്കേണ്ട കാര്യങ്ങളും അവബോധം ഉണ്ടാവേണ്ട സേവന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സന്നദ്ധ സംഘടനകളും, മഹിളാസംഘടനകളും, അസോസിയേഷനുകളും, ക്ലബ്ബുകളും കലാ കായിക, ആരോഗ്യ കുടുംബക്ഷേമ രംഗങ്ങളിലെ സംഘടനാ പ്രവർത്തനങ്ങളും വേണ്ടത്ര നിലവിലില്ല. പ്രശ്നങ്ങളുടെ ആധിക്യവും, മദ്യപാനം, അശ്ലീല പ്രവർത്തനങ്ങളും, അക്രമവാസന, ശീട്ടുകളി, അധാർമ്മിക ചിന്ത, എന്നിവയും, സ്ത്രീ പീഠനം, സ്ത്രീധന സമ്പ്രദായം, വ്യാജവാറ്റും, അംഗികൃതമല്ലാത്ത മദ്യ വില്പനയും മൂലം പല വിധത്തിലും വഴക്കു വാക്കേറ്റത്തർക്കങ്ങളും, അടിപിടികളും ഇടയ്ക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്നു. ബ്ലൂഫിലിമുകൾ സിനിമാ തിയ്യറ്ററുകളിലും അശ്ലീലങ്ങളടങ്ങിയ വീഡിയോ കാസറ്റ് പ്രദർശനങ്ങളും, പോസ്റ്ററുകൾക്കും എതിരെ കർശനമായ നടപടികൾ ഉണ്ടാകുന്നില്ല. കഞ്ചാവ് ഉപയോഗിക്കുന്നവരെയും, അക്രമ പ്രവർത്തനങ്ങളിലും, മോഷണത്തിലും ഏർപ്പെടുന്നവരെയും തടയണം. നാടൻ ബോംബുകൾ കൊണ്ടും, മറ്റും ആക്രമണങ്ങൾ നടത്തുന്നവരെയും, നായാട്ടു നടത്തുന്നവരെയും നിയന്ത്രിക്കണം. അനധികൃത മരം വെട്ട്, തടി മോഷണം, പൊതുസ്ഥലം കൈയ്യേറൽ പൊതുമുതൽ നശിപ്പിക്കൽ പ്രവണതകൾ തടയണം. വിദ്യാസമ്പന്നരെ ഉപയോഗപ്പെടുത്തി ട്യൂഷൻ സൗകര്യങ്ങൾ വിപുലീകരിക്കണം. ജനങ്ങൾക്ക് മൊത്തമായി ഇൻഷ്വുറൻസ് പദ്ധതി നടപ്പാക്കണം. ദേശീയ സമ്പാദ്യ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കണം.

## ബി. ഇല്ലായ്മകളും പോരായ്മകളും വാർഡ് തലത്തിൽ

1. വിവിധ പെൻഷൻ പദ്ധതികൾ നിലവിലുള്ളതിൽ ആനുകൂല്യം കിട്ടാൻ അർഹതയുള്ളവർ ധാരാളം ഉണ്ടായിട്ടും അവയെക്കുറിച്ചുള്ള അറിവില്ലായ്മ കൊണ്ടും, സഹായിക്കാനും, അപേക്ഷകൾ കൊടുക്കാനും, അന്വേഷിക്കാനും സംവിധാനമില്ലാത്തതിനാൽ പദ്ധതികളുടെ ഗുണം ഭൂരിഭാഗം പേർക്കും കിട്ടുന്നില്ല.

2. പെൻഷൻ പദ്ധതികളിലേയും, ക്ഷേമനിധി പദ്ധതികളിലേയും, ചികിത്സാനുകൂല്യം കിട്ടിക്കൊണ്ടിരിക്കുന്നവർക്ക്, യഥാസമയം ലഭ്യമാക്കേണ്ടതാണ്.

3. സ്ത്രീകൾക്കു് കിട്ടാവുന്ന ക്ഷേമപദ്ധതികൾ നാമമാത്രമായേ കിട്ടുന്നുള്ളു.

4. വൃദ്ധമന്ദിരം പഞ്ചായത്തിലില്ല.

5. അഗതി മന്ദിരം പഞ്ചായത്തിലില്ല.

6. പൊതുശ്മശാനം ഒരെണ്ണം മാത്രമെ പഞ്ചായത്തിലുള്ളു.

7. പഞ്ചായത്തിൽ പൊതു കളിസ്ഥലങ്ങളില്ല.

8. കൈവശ ഭൂമിക്കു് പട്ടയം കിട്ടിയിട്ടില്ലാത്തതിനാൽ പല ആവശ്യങ്ങൾക്കും അംഗീകാരം കിട്ടാതെ പോകുന്നു.

9. റേഷൻ വിതരണ സമ്പ്രദായത്തിൽ പല പോരായ്മകളും ഉണ്ട്. ഇത് സിവിൽ സപ്ലൈ വകുപ്പ് ഉദ്യോഗസ്ഥർ നിയന്ത്രിക്കണം.

10. ഉപഭോക്തൃസമിതികൾ നിലവിലില്ല. സൗജന്യ നിയമോപദേശം ലഭിക്കാൻ സാധ്യതയുണ്ടാക്കണം.

11. വിധവകളുടെ പെൺമക്കൾക്ക് വിവാഹത്തിനു നൽകിവരുന്ന ധനസഹായം വർദ്ധിപ്പിക്കണം.

12. മിശ്ര വിവാഹം നടത്തിയവർക്ക് ആനുകൂല്യങ്ങൾ കിട്ടുന്നില്ല.

13. ഐ.സി.ഡി.എസ്. പദ്ധതിയുടെ കീഴിൽ അംഗൻവാടികൾ നടപ്പിലാക്കണം.

14. ഡി. ഡബ്ല്യു. സി. ആർ. എ. യൂണിറ്റുകൾ രൂപീകരിച്ചു് വാർഡുകൾ തോറും സ്ത്രീകൾക്കു് തൊഴിൽ ലഭ്യമാക്കണം.

15. പഞ്ചായത്തിലെ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ കംഫർട്ട് സ്റ്റേഷനുകൾ നിർമ്മിക്കണം.

16. പൊതു കുളങ്ങൾ ആവശ്യമുള്ളിടത്ത് പുതുതായി നിർമ്മിക്കണം.

17. പ്രധാനപ്പെട്ട കേന്ദ്രങ്ങളിലും, സേവനം തീരെ ലഭ്യമല്ലാത്തിടത്തുമായി ഏതാനും മാവേലി സ്റ്റോർ ലഭിക്കേണ്ടതുണ്ട്.

18. ഐ. ആർ. ഡി. പി. സർവ്വേ സമഗ്രമായി നടത്തി അർഹതയുള്ളവരുടെ രജിസ്റ്റർ പഞ്ചായത്തിൽ വയ്ക്കണം.

19. മാന്ദാമംഗലത്ത് അനുവദിച്ചിട്ടുള്ള ടെലിഫോൺ എക്സ്ചേഞ്ച് 500 കണക്ഷൻ കപ്പാസിറ്റിയുള്ള മെഷിനറിയുൾപ്പെട്ടതാകണം.

20. പഞ്ചായത്തിന്റെയും മറ്റു സ്ഥാപനങ്ങളുടേതുമായ പൊതു സ്ഥലങ്ങൾ കയ്യേറിയവരെ ഒഴിപ്പിക്കണം.

21. പ്രധാന റോഡുകളിലും കവലകളിലും തെരുവു വിളക്കുകൾ സ്ഥാപിക്കണം. പ്രധാന്യമനുസരിച്ച് ട്യൂബ് ലൈറ്റുമിടണം.

22. സ്നേഹാശ്രമത്തിലും, ദിവ്യഹൃദയാശ്രമത്തിലും പഞ്ചായത്ത് പ്രാതിനിധ്യം ഭരണനിർവ്വഹണ സമിതികളിൽ ഉണ്ടാകണം.

23. ചെറുകിട പരമ്പരാഗത കൈത്തൊഴിലുകളെയും, കുടിൽ വ്യവസായങ്ങളെയും നിലനിർത്തി പരിരക്ഷിക്കണം.

24. ഓടകളും, കാനകളും വൃത്തിയാക്കി ശുചിത്വ ആരോഗ്യപരിപാലനപ്രവർത്തനം നടത്തുകയും, കൊതുകു നിവാരണ പ്രവർത്തനം നടത്തുകയും വേണം.

25. പാടങ്ങൾ നികത്തി വീടു വയ്ക്കുന്നത് നിയമം മൂലം തടയണം. പാടങ്ങൾ കുഴിച്ച് മണ്ണെടുക്കുന്നതും, ഇഷ്ടിക നിർമ്മിച്ചു കുഴിയാക്കുന്നതും നിയമം മൂലം തടയണം.

26. പണം വച്ചുള്ള ശീട്ടുകളി തടയണം.

27. ബ്ലൂഫിലിം തിയ്യറ്ററുകളിൽ പ്രദർശിപ്പിക്കുന്നതും, ടി.വി.യിൽ ഇത്തരം കാസറ്റിട്ടു കാണുന്നതും തടയണം. ശിക്ഷിക്കണം.

28. വാടകവീടുകളിൽ താമസിക്കുന്നവരെയും സ്വന്തമായി വീടോ ഭൂമിയോ ഇല്ലാത്തവരെയും പുനരധിവസിപ്പിക്കാൻ ലക്ഷം വീടു പദ്ധതിയുൾപ്പടെ സാധ്യത കണ്ടെത്തണം.

29. അശ്ലീല പോസ്റ്ററുകൾ നീക്കം ചെയ്യണം. അവ പതിക്കുന്നവരെ ശിക്ഷിക്കണം.

30. ലൈസൻസില്ലാതെ നടന്നുവരുന്ന വ്യാജ കള്ളുഷാപ്പുകളും, വില്പന കേന്ദ്രങ്ങളും അടച്ചു പൂട്ടണം. ചാരായ നിരോധനം തുടരണം.

31. സ്വയം തൊഴിൽ പദ്ധതി നേടിയെടുക്കുന്നതിനും, അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നനും, അവരെ ഗൈഡ് ചെയ്യാൻ സംവിധാനം ഉണ്ടാകണം.

32. വികലാംഗരെ അവർക്കു ചെയ്യാൻ കഴിയുന്ന തൊഴിൽ പദ്ധതികളിൽ ഉൾക്കൊള്ളിക്കണം. ടെലിഫോൺ ബൂത്തുകൾ, മിൽക്ക് ബാറുകൾ, ഫോട്ടോകോപ്പിയിംഗ് യൂണിറ്റുകൾ തുടങ്ങിയവ നടത്തുവാൻ അനുവദിക്കണം.

33. മാറാരോഗം പിടിപ്പെട്ടവർക്കു് സ്ഥിരമായി പെൻഷൻ അനുവദിക്കണം. അവർക്കു ചികിത്സാസഹായം നൽകണം. വെള്ളപ്പാണ്ടു്, കുഷ്ഠം, മന്തു് രോഗമുള്ളവരെ കണ്ടെത്തണം.

34. പെൻഷൻ ആനുകൂല്യങ്ങൾക്കും, ക്ഷേമനിധികളുടെ സഹായം കിട്ടാനും അർഹരായവരെ കണ്ടെത്തി, അത്തരക്കാരുടടെ രജിസ്റ്റർ സൂക്ഷിച്ച് അതിൽ നിന്നും മുൻഗണനാ പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് പരിഗണന ലഭിക്കേണ്ടതാണ്.

35. സോഷ്യൽ ഇൻഷുറൻസ് പദ്ധതിയിൻ കീഴിൽ പഞ്ചായത്തിലെ എല്ലാവർക്കും, ഇൻഷുറൻസ് സംരക്ഷണവും, കഴിയുമെങ്കിൽ ചികിത്സാസഹായവും ലഭ്യമാക്കേണ്ടതാണ്.

36. ഗ്രാമീണ സ്ത്രീകളുടെ ബുദ്ധിമുട്ടും, ക്ലേശങ്ങളും ഒഴിവാക്കുവാൻ അവരെ അവരുടെ പ്രശ്നങ്ങളിൽ അവബോധം നൽകിയും, സാങ്കേതികവിദ്യകൾ മനസ്സിലാക്കിക്കൊടുത്തും സഹായിക്കണം (ഉദാ:ബയോഗ്യാസ് പദ്ധതി, പുകയില്ലാത്ത അടുപ്പ്,പ്രഷർകുക്കർ,തുടങ്ങിയവ)

37. സ്വാഭാവിക മരണത്തിനും, അപകട മരണത്തിനും ലഭിക്കുന്ന സാമ്പത്തിക സഹായം, സ്ത്രീകൾക്ക് പ്രസവാനുകൂല്യ സഹായം നൽകൽ, എന്നിവ വേഗത്തിൽ ലഭ്യമാക്കണം.

38. 65 വയസ്സു കഴിഞ്ഞുള്ളവർക്ക്, പെൻഷൻ പദ്ധതിയിൽ അപേക്ഷ നൽകിയവർക്ക് ഒരു വർഷം കഴിഞ്ഞിട്ടും യാതൊരു നടപടിയും ഉണ്ടായിട്ടില്ല.

39. ഹരിജൻ/ഗിരിജൻ വിഭാഗങ്ങളെയും, മലയോര കർഷകരെയും, തൊഴിലാളികളെയും, നിർദ്ധനരെയും, പരിരക്ഷിക്കുന്നതിന് വിവിധ സർക്കാർ സ്ഥാപനങ്ങളുടെ പദ്ധതികളായി വ്യവസായ/കൈതൊഴിൽ, യൂണിറ്റുകൾ അനുയോജ്യമായ ഏരിയകളിൽ നിലവിൽ വരണം.

40. തിരക്കുള്ള പൊതുസെന്ററുകളിൽ റോഡരുകിൽ അനാവശ്യ വാഹന പാർക്കിംഗ് ഒഴിവാക്കണം.

## സി. പരിഹാര നടപടി നിർദ്ദേശങ്ങൾ

1. സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾക്ക് പഞ്ചായത്തിൽ ഒരു കോർ ഗ്രൂപ്പ് രൂപീകരിക്കണം. ഇതിലൂടെ ജനങ്ങൾക്ക് വിവിധ പദ്ധതികളിലൂടെ ലഭിക്കാനിടയുള്ള ആനുകൂല്യങ്ങൾ യഥാസമയം പറഞ്ഞു കൊടുക്കുകയും, അപേക്ഷകൾ തയ്യാറാക്കി നൽകുവാനും, ഫോളോ അപ്പ് ചെയ്യുവാനും സ്ഥിരം സംവിധാനമായി നിലകൊള്ളണം.

2. പഞ്ചായത്തിലെ വിവിധ സന്നദ്ധ സംഘടനകളുടെ ഒരു സംഘടിത സംവിധാനം നിലവിൽ വരണം. സർക്കാർ ഇതര വികസന ഫണ്ടുകൾ, ഉപയോഗപ്പെടുത്തി വിവിധ ജനവിഭാഗങ്ങൾക്കു് ഗുണകരമായ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പലാക്കുക.

3. എല്ലാ ഗ്രാമങ്ങളിലും, വാർഡിൽ തന്നെ ഒന്നിലധികം മഹിളാ സംഘങ്ങൾ രൂപീകരിക്കണം. ഇവയുടെ നേതൃത്വത്തിൽ ഐ. സി. ഡി. എസ്. പദ്ധതിയിലെ അംഗൻ വാടികൾ, പ്രയുക്ത പോഷകാഹാര വിതരണ പരിപാടികൾ ആരോഗ്യ ക്ഷേമ പ്രവർത്തനങ്ങൾ, ഡി. ഡബ്ല്യൂ. സി. ആർ. എ. തൊഴിൽ യൂണിറ്റുകൾ, വനിതാ വികസന കോർപ്പറേഷന്റെയും, ഖാദി ബോർഡ്, കപ്പാർട്ട് തുടങ്ങി സാദ്ധ്യമായ എല്ലാ തരത്തിലുള്ള ക്ഷേമ പ്രവർത്തനവും ഏറ്റെടുത്ത് നടപ്പിലാക്കുക.

4. പഞ്ചായത്തിൽ ഉചിതമായ സ്ഥലമെടുത്ത് വൃദ്ധ മന്ദിരം നിർമ്മിച്ച് പ്രയാസങ്ങൾ അനുഭവിക്കുന്ന വയോവൃദ്ധരെ അധിവസിപ്പിക്കണം.സർക്കാർ പദ്ധതികളുടെ സഹായം കിട്ടാത്ത പക്ഷം സെൽഫ് റണ്ണിംഗ് ആയെങ്കിലും നടത്തണം.

5. ഹരിജൻ/ഗിരിജൻ സെറ്റിൽമെന്റ് കോളനികളിലെ പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കപ്പെടുന്ന പദ്ധതികൾക്ക് മുൻഗണന നൽകി നടപ്പാക്കണം. കൂടാതെ വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കാൻ ഇടയുള്ള തൊഴിൽ പരിശീലനപദ്ധതികൾ നടപ്പിലാക്കണം.

6. അംഗൻവാടികൾ എല്ലാ വാർഡിലും വേണം.

7. നിലവിലുള്ള വായനശാലകൾക്ക് ടി. വി. സെറ്റ് ലഭ്യമാക്കണം. ആവശ്യമുള്ളയിടങ്ങളിൽ പുതിയ വായനശാല അനുവദിക്കാൻ നടപടിയുണ്ടാക്കണം. കലാസാംസ്കാരിക കായിക രംഗങ്ങളിൽ പ്രോത്സാഹനം ലഭിക്കുമാറ് ക്ലബ്ബുകളും, സംവിധാനങ്ങളും ഉണ്ടാകണം.

8. പൊതു കളിസ്ഥലങ്ങളും, പൊതു കുളങ്ങളും എല്ലാ വാർഡിലും ഉണ്ടാക്കാൻ ശ്രമിക്കണം.

9. ചില സ്ഥലങ്ങളിൽ റേഷൻകടകൾ അനുവദിക്കണം. പൊന്നൂക്കര പടിഞ്ഞാട്ടുമുറി, വെള്ളക്കാരിത്തടം, ചെന്നായ്പ്പാറ, മരത്താക്കര, പാറമേൽ എന്നിവിടങ്ങളിലും.

10. പുത്തൂരിൽ ഒരു പോലീസ് സ്റ്റേഷൻ ഉണ്ടാകണം. സമീപ പഞ്ചായത്തുകളിൽ ഏതാനും വില്ലേജുകൾ കൂടി ഉൾപ്പെടുത്തി പ്രവർത്തന പരിധിയാക്കി സ്റ്റേഷൻ നിവിൽ വരുന്നതിന് വേണ്ട നടപടി കൈക്കൊള്ളണം.

11. ടൂറിസ വികസന പദ്ധതികളായി മൃഗശാല (സി. ആർ. സി)യും, മരോട്ടിച്ചാലിലെ ഓലക്കയം, എലഞ്ഞിപ്പാറ വെള്ളച്ചാട്ടങ്ങളും, പുത്തൂരിൽ ടൂറിസ കൺസോർഷ്യങ്ങളും വികസിപ്പിച്ച് ഇന്റേണൽ ടൂറിസ പദ്ധതികൾ നടപ്പിലാക്കണം. ഇതിന് പ്രയോജനകരമായ ഗതാഗത മാർഗ്ഗങ്ങളും തുറന്ന് കിട്ടാൻ നടപടി എടുക്കണം. (ഉദാ: പീച്ചി ചിമ്മിണി റോഡ്)

12. പഞ്ചായത്തിലെ എല്ലാ ജനങ്ങളെയും ഇൻഷൂറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുക.

13. ഹരിജനങ്ങൾക്കും ഗിരിജന ദുർബല വിഭാഗങ്ങൾക്കും കാർഷിക ഉപകരണങ്ങൾ, കറവുമാടുകൾ തുടങ്ങിയവ നൽകുക. ഇവ സൗജന്യമായി മുഴുവൻ ദുർബല വിഭാഗങ്ങൾക്കും ലഭിക്കാൻ അവസരം ഉണ്ടാകണം.

14. പൊന്നൂക്കരയിൽ കാർഷിക സേവന കേന്ദ്രം പുനർ പ്രവർത്തന സജ്ജമാക്കുക, ടി. വി. പ്രവർത്തിപ്പിക്കുക, കാണാതായ ട്രാക്ടർ കണ്ടെടുക്കുക.

15. അവശ വിഭാഗങ്ങൾക്ക് മരണച്ചടങ്ങിൽ ശവദാഹത്തിനും ധനസഹായം ലഭ്യമാക്കുക, ചെറിയ പ്ലോട്ടുകളിൽ ശവം കുഴിച്ചിട്ട് മറവ് ചെയ്യുന്നത്

പലവിധ പരിസ്ഥിതി പ്രശ്നങ്ങളും ഉളവാക്കുമെന്നതിനാൽ അത് നിരുത്സാഹപ്പെടുത്തുക.

16. കൈവശ ഭൂമിക്ക് പട്ടയം കിട്ടാൻ നടപടി എടുക്കണം.

17. പഞ്ചായത്തിലെ പ്രധാന സെന്ററുകളിൽ മാവേലി സ്റ്റോർ അനുവദിപ്പിക്കുക.

18. പടവരാടും, ചെമ്പംകണ്ടത്തിലും പോസ്റ്റോഫീസ് അനുവദിക്കണം.

19. അപേക്ഷ നൽകിയവർക്കെല്ലാം ടെലിഫോൺ ലഭ്യമാക്കണം.

20. മാന്ദാമംഗലം സെന്ററിലുള്ള ഇറിഗേഷൻ സ്ഥലം ഒരു കളിസ്ഥലമാക്കി ഉപയോഗപ്പെടുത്തുക.

21. പ്രധാന സെന്ററുകളിൽ പൊതു കക്കൂസ്, മൂത്രപ്പുര നിർമ്മിക്കണം.

22. മാന്ദാമംഗലത്തെ ഹെൽത്ത് സെന്ററിന്റെ ഇടിഞ്ഞുവീണ മതിൽ കെട്ടി സംരക്ഷിക്കണം.

23. പൊന്നൂക്കരയിൽ ഖാദി പരിശീലന കേന്ദ്രം പ്രവർത്തനക്ഷമമാക്കുക.

## ഐ.ആർ.ഡി.പി സർവ്വേ പ്രകാരം ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ വിവരം

**1996**

| | | |
|---|---|---|
| സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | : | 4496 |
| ഇതിൽ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ | : | 732 |
| നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | : | 269 |
| ഇതിൽ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ | : | 143 |

## ട്രൈസം - തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| പരിശീലനം - വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം |
|---|---|---|
| സ്റ്റെബിലൈസർ നിർമ്മാണം | 2 | 2 |
| ബുക്ക് ബയന്റിംഗ് | 12 | 11 |
| ബാഗ് നിർമ്മാണം | 2 | |
| കുട നിർമ്മാണം | 10 | |

# വിദ്യാഭ്യാസം

മനുഷ്യനിലുള്ള പൂർണ്ണതയുടെ ആവിഷ്കാരമാണ് വിദ്യാഭ്യാസം. വിദ്യാലയാന്തരീക്ഷവും, അദ്ധ്യാപകരും, ജീവിതാനുഭവങ്ങളുമെല്ലാം ഈ മഹത്തായ ആവിഷ്കാരത്തെ അനായാസമാക്കുന്നതിനുള്ള ഉപാധികളാണ്. ഇവയുടെ മേന്മകളെ ആശ്രയിച്ചായിരിക്കും മനുഷ്യന്റെ പൂർണ്ണതാ പ്രാപ്യത. സമ്പൂർണ്ണനായ മനുഷ്യനെ സൃഷ്ടിക്കാനുള്ള വിദ്യാഭ്യാസ പ്രവർത്തനത്തിൽ അദ്ധ്യാപകർ, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ, നാട്ടുകാർ എന്നിവരെയെല്ലാം കോർത്തിണക്കുകയെന്നതാണ് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ ലക്ഷ്യം.

പഞ്ചായത്തിലെ ആദ്യകാല വിദ്യാകേന്ദ്രങ്ങൾ ആശാൻ കളരികളായിരുന്നു. 1916 ൽ ആണ് മണലെഴുത്തും നെയ്ത്തും പഠിപ്പിക്കുന്നതിനായി പുത്തൂരിൽ ഒരു വിദ്യാലയം ആരംഭിക്കുന്നത്. ഇന്നത്തെ പുത്തൂർ പള്ളിക്ക് സമീപമായിരുന്നു അത്. ശ്രീ. കരിമ്പറ്റ രാഘവ മേനോന്റെ മുൻകയ്യോടെ സ്ഥാപിതമായ ഈ തൊഴിൽ പരിശീലന കേന്ദ്രം പിന്നീട് ശ്രീ. അവണൂർ ശങ്കരൻ നായർ സൗജന്യമായി നൽകിയ മൂന്നര ഏക്കർ സ്ഥലത്തേക്ക് മാറ്റി. 1958 ൽ പ്രൊഫ. ജോസഫ് മുണ്ടശ്ശേരി വിദ്യാഭ്യാസ മന്ത്രിയായിരുന്ന കാലത്ത് പ്രസ്തുത സ്ഥാപനം അപ്പർ പ്രൈമറിയായി ഉയർത്തി. തുടർന്ന് പൊറ്റേക്കാട്ട് ശങ്കുണ്ണി, പൊറ്റേക്കാട്ട് ഗോവിന്ദൻ കുട്ടി, മഠത്തിൽ മാധവൻ നായർ എന്നിവരുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങളുടെ ഫലമായി 1962 ൽ ഹൈസ്കൂളായി ഉയർത്തുകയും അന്നത്തെ മുഖ്യ മന്ത്രി ശ്രീ. പട്ടം താണുപ്പിള്ള ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. 1989 ൽ ഈ വിദ്യാലയത്തിൽ വൊക്കേഷണൽ ഹയർസെക്കണ്ടറി കോഴ്സുകൾ ആരംഭിച്ചു. 1950 ൽ ശ്രീ. മുക്കാപ്പുഴ കിട്ടുണ്ണി നായരുടെ വീട്ടിൽ ആരംഭിച്ച ആശാൻ കളരിയാണ്, 1955 – ൽ മച്ചിങ്ങൽ ബാലൻ മാസ്റ്റർ, വി. ശങ്കുണ്ണി നായർ എന്നിവരുടെ നേതൃത്വത്തിൽ സകൂളായി മാറിയത്. 1957 ൽ ലോവർ പ്രൈമറിയായും 1964 ൽ അപ്പർ പ്രൈമറിയായും അംഗീകാരം ലഭിച്ചു. മരത്താക്കര സി. ജെ. എം. യു. പി. സ്കൂൾ സ്ഥാപിതമായത് എം. എൽ. സി. ആയിരുന്ന ചിറയത്ത് കോനിക്കര ജോസഫിന്റെ ശ്രമഫലമായാണ്. ഇതുപോലെ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും വിദ്യാലയങ്ങൾ സ്ഥാപിതമായിട്ടുണ്ട്. ഇപ്പോൾ പഞ്ചായത്തിൽ ഒരു വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളും ഒരു ഹൈസ്കൂളും രണ്ട് യു. പി. സ്കൂളും നാല് ലോവർ പ്രൈമറി സ്കൂളും നിലവിലുണ്ട്. വിശദാംശങ്ങൾ പട്ടിക ഒന്നിൽ കൊടുത്തിരിക്കുന്നു.

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുറമെ 5 ട്യൂട്ടോറിയൽ– പാരലൽ കോളേജുകൾ, 2 കമ്പ്യൂട്ടർ സെന്ററുകൾ, 3 ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവയും ഈ പഞ്ചായത്തിൽ നിലവിലുണ്ട്. ഹ്രസ്വകാല കോഴ്സുകളിലൂടെ യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി അളഗപ്പ ത്യാഗരാജാർ കമ്മ്യൂണിറ്റി പോളിടെക്നിക്കിന്റെ സഹകരണത്തോടെ പുത്തൂരിലെ സംസ്കാര വിദ്യാഭ്യാസ ഗവേഷണ പരിശീലന കേന്ദ്രം (SCERT) ചില കോഴ്സുകൾ നടത്തുന്നുണ്ട്. കമ്പ്യൂട്ടറൈസ്ഡ് ഓഫീസ് ഓട്ടോമേഷൻ, എംബ്രോയിഡറി, ഗാർമെന്റ് മെയ്ക്കിംഗ്, ടൈപ്പ്റൈറ്റിംഗ്, പ്ലാസ്റ്റിക് ബാഗ് നിർമ്മാണം, ബേബിബെഡ്സ് നിർമ്മാണം എന്നീ കോഴ്സുകളിലായി ഓരോ ടേമിലും 125 പേർക്ക് സൗജന്യ പരിശീലനം നൽകിവരുന്നു.

മറ്റു ഉയർന്ന വിദ്യാഭ്യാസത്തിനായി ഭൂരിപക്ഷവും ആശ്രയിക്കുന്നത് തൃശൂർ പട്ടണത്തെയാണ്.

പഞ്ചായത്തിനകത്തുള്ള വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം പട്ടിക-1 ൽ കൊടുത്തിരിക്കുന്നു. ഇതിനു പുറമെ 600–ഓളം വിദ്യാർത്ഥികൾ പഞ്ചായത്തിനു പുറ

## പട്ടിക – 1
## വിദ്യാലയ വിവരങ്ങൾ 1996 – 97

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മാനേജ്മെന്റ് | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | ഗവ.വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, പുത്തൂർ | സർക്കാർ | 819 | 723 | 1542 | 11 | 39 | 50 |
| 2 | ഗവ. എൽ. പി. എസ് പുത്തൂർ | സർക്കാർ | 288 | 288 | 576 | 0 | 15 | 15 |
| 3 | എ.യു.പി.എസ്. മരോട്ടിച്ചാൽ | എയ്ഡഡ് | 596 | 561 | 1157 | 7 | 26 | 33 |
| 4 | സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ മാന്ദാമംഗലം | എയ്ഡഡ് | 269 | 277 | 546 | 2 | 22 | 24 |
| 5 | ഗവ.എൽ. പി. എസ്. ചെറുകുന്ന് | സർക്കാർ | 120 | 130 | 250 | 0 | 8 | 8 |
| 6 | സി. ജെ. എം. യു. പി. എസ്. മരത്താക്കര | സർക്കാർ | 124 | 124 | 248 | 01 | 6 | 7 |
| 7 | സെന്റ് ജോസ് എൽ. പി. എസ്. മരത്താക്കര | എയ്ഡഡ് | 242 | 184 | 426 | 0 | 12 | 12 |
| 8 | ജൂനിയർ ബേസിക് സ്കൂൾ മതിക്കുന്ന് | എയ്ഡഡ് | 53 | 29 | 82 | 2 | 3 | 5 |
| | ആകെ | | 2521 | 2305 | 4826 | 23 | 131 | 154 |

E-2

ത്തുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളിലേക്കും മറ്റു വിദ്യാലയങ്ങളിലേക്കും പോകുന്നുണ്ട്.

കഴിഞ്ഞ ഏതാനും വർഷങ്ങളിലെ കണക്കുകൾ പരിശോധിച്ചാൽ പഞ്ചായത്തിലെ മരോട്ടിച്ചാൽ എ. യു. പി. സ്കൂൾ ഒഴികെ മറ്റു വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞു വരുന്നതായി കാണാം. മരോട്ടിച്ചാൽ ഒരു കുടിയേറ്റഗ്രാമമായതു കൊണ്ടാണ് അവിടത്തെ സ്കൂളിൽ വിദ്യാർത്ഥികളുടെ എണ്ണം കൂടി വരുന്നത്. ജനന നിരക്കിലുള്ള കുറവ്, നഗരത്തിലെ കൂടുതൽ മെച്ചപ്പെട്ട വിദ്യാലയങ്ങളുടെ ആകർഷണം, ഇംഗ്ലീഷ് മീഡിയം ഭ്രമം, ഇടക്ക് വെച്ച് പഠനം നിറുത്തി പോകുന്നതും ഒക്കെയാണ് മറ്റു വിദ്യാലയങ്ങളിലെ എണ്ണം കുറയുന്നതിന് കാരണമായിട്ടുള്ളത്. വിദ്യാർത്ഥികളുടെ എണ്ണം ഏറ്റവും കൂടുതൽ കുറഞ്ഞു വരുന്നതായി കണ്ടത് മരത്താക്കര സി. ജെ. എം. യു. പി. സ്കൂളിലാണ്.

പഞ്ചായത്തിൽ 4 L. P. വിദ്യാലയങ്ങളും 2 U. P. വിദ്യാലയങ്ങളും 2 ഹൈസ്കൂളുകളും നിലവിലുണ്ടെങ്കിലും ദൂരപരിധി അനുസരിച്ച് ഇനിയും സ്കൂളുകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നുണ്ട്. ഇതിൽ പ്രാധാന്യം അർഹിക്കുന്നത് ചെന്നായ്പ്പാറ, ചെമ്പംകണ്ടം എന്നീ സ്ഥലങ്ങളിലാണ്. ഈ പ്രദേശത്തുള്ള കുട്ടികൾ 5ഉം 6ഉം കി. മീ. യാത്രചെയ്താണ് സ്കൂളിൽ എത്തിച്ചേരുന്നത്. നിലവിലുള്ള വിദ്യാലയങ്ങളുടെ ദൂര പരിധി പട്ടിക–2 ൽ കൊടുത്തിരിക്കുന്നു.

പട്ടിക – 2

## സ്കൂളിലേക്കുള്ള ശരാശരി യാത്രാദൂരം

| | തരം | ശരാശരി ദൂരം കി. മീ. | പരമാവധി ദൂരം കി. മീ. |
|---|---|---|---|
| 1 | ലോവർ പ്രൈമറി സ്കൂൾ | 1.5 | 5 |
| 2 | അപ്പർ പ്രൈമറി സ്കൂൾ | 2 | 6 |
| 3 | ഹൈസ്കൂൾ | 1.5 | 5 |

മുകളിൽ കാണിച്ചിട്ടുള്ള പട്ടിക സൂചിപ്പിക്കുന്നത് നിലവിലുള്ള L. P. സ്കൂളിലേക്ക് എത്തണമെങ്കിൽ ശരാശരി 1.5 കിലോമീറ്ററും കൂടിയത് 5 കിലോമീറ്ററും യാത്ര ചെയ്യണ മെന്നതാണ്. അതുപോലെ തന്നെ U. P. സ്കൂളിലേക്ക് ശരാശരി 2 കിലോമീറ്ററും പരമാവധി 6 കിലോമീറ്ററും ഹൈസ്കൂളിലേക്ക് ശരാശരി 1.5 കിലോമീറ്ററും പരമാവധി 5 കിലോമീറ്ററും യാത്രചെയ്യണമെന്നതാണ്. ഇതിൽ നിന്നും ഉള്ള വസ്തുത നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള സ്കൂളുകളുടെ എണ്ണം തീരെഅപര്യാപ്തമാണ് എന്നതാണ്.

നമ്മുടെ പഞ്ചായത്തിലെ സ്കൂളിൽ ആകെ 4826 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ഇതിൽ 2305 എണ്ണം പെൺകുട്ടികളും 2521 പേർ ആൺകുട്ടികളുമാണ്. അദ്ധ്യാപകരുടെ എണ്ണം 154 ആണ് ഇതിൽ 131 പേർ സ്ത്രീകളാണെന്നാണ് സർവ്വെ കാണിക്കുന്നത്. ഈ കാര്യങ്ങൾ പട്ടിക 1 – ൽ സൂചിപ്പിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ 8 വിദ്യാലയങ്ങളിൽ മിക്കവയിലും ഭൗതീക സൗകര്യങ്ങൾ വേണ്ടത്ര ഇല്ല. പട്ടിക – 3 ൽ ഇക്കാര്യം സൂചിപ്പിച്ചിരിക്കുന്നു. പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ ദൃശ്യ–ശ്യവ്യ ഉപകരണങ്ങൾ, പഠനോപകരണങ്ങൾ (മാപ്പുകൾ, ചാർട്ടുകൾ, ഗ്ലോബുകൾ, മോഡൽസ്) എന്നീ സൗകര്യങ്ങൾ വേണ്ടത്ര ലഭ്യമായിട്ടില്ല. പുത്തൂർ വി. എച്ച്. എസ്. എസ്സിലെ ദൃശ്യ–ശ്രവ്യ

# വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങൾ

## പട്ടിക 3

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ഡിവിഷനുകളുടെ എണ്ണം | മുറികളുടെ എണ്ണം | ലബോറട്ടറി | ലൈബ്രറി | മൂത്രപ്പുര | കക്കൂസ് | പാചക മുറി | വൈദ്യുതി | കളി സ്ഥലം | കുടിവെള്ള സൗകര്യം | ഫർണീച്ചർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ഗവ.വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, പുത്തൂർ | 37 | 49 വേണ്ടത്ര ഇല്ല | ഉണ്ട് | ഉണ്ട് | വേണ്ടത്ര ഇല്ല | വേണ്ടത്ര ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | വേണ്ടത്ര ഇല്ല | വേണ്ടത്ര ഇല്ല |
| 2 | ഗവ. എൽ. പി. എസ് പുത്തൂർ | 15 | 16 വേണ്ടത്ര ഇല്ല | — | ഉണ്ട് | വേണ്ടത്ര ഇല്ല | വേണ്ടത്ര ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | വേണ്ടത്ര ഇല്ല | ഉണ്ട് |
| 3 | എ.യു.പി.എസ്. മരോട്ടിച്ചാൽ | 28 | 33 | വേണ്ടത്ര ഇല്ല | വേണ്ടത്ര ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 4 | സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ മാന്ദാമംഗലം | 11 | 11 | വേണ്ടത്ര ഇല്ല | ഇല്ല | ഉണ്ട്വേണ്ടത്ര ഇല്ല | ഉണ്ട് | — | ഉണ്ട് | ഉണ്ട് | വേണ്ടത്ര ഇല്ല | വേണ്ടത്ര ഇല്ല |
| 5 | ഗവ.എൽ. പി. എസ്. ചെറുകുന്ന് | 8 | 10 | ഇല്ല | ഉണ്ട് | ഇല്ല | വേണ്ടത്ര ഇല്ല | ഇല്ല | ഇല്ല | ഇല്ല | വേണ്ടത്ര ഇല്ല | വേണ്ടത്ര ഇല്ല |
| 6 | സി. ജെ. എം. യു. പി. എസ്. മരത്താക്കര | 3 | 9 | ഉണ്ട് | ഉണ്ട് | വേണ്ടത്ര ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | വേണ്ടത്ര ഇല്ല | ഉണ്ട് |
| 7 | സെന്റ് ജോസ് എൽ. പി. എസ്. മരത്താക്കര | 12 | 12 | ഇല്ല | ഉണ്ട് | വേണ്ടത്ര ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | വേണ്ടത്ര ഇല്ല |
| 8 | ജൂനിയർ ബേസിക് സ്കൂൾ മതിക്കുന്ന് | 8 | 8 | വേണ്ടത്ര ഇല്ല | ഉണ്ട് | വേണ്ടത്ര ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | വേണ്ടത്ര ഇല്ല |

ഉപകരണ സൗകര്യങ്ങൾ (സിനിമാ പ്രൊജക്ടർ, സ്ലൈഡ് പ്രൊജക്ടർ, ഓവർ ഹെഡ് പ്രൊജക്ടർ) പഞ്ചായത്തിലെ എല്ലാവിദ്യാലയങ്ങളിലേക്കും ഉപയോഗപ്പെടുത്തണമെന്ന് ഗ്രാമസഭാ റിപ്പോർട്ടുകളിൽ ഉന്നയിച്ചിട്ടുണ്ട്. വിദ്യാലയ

ങ്ങളിലെ പഠന നിലവാരത്തെ ടത്തിയ സർവ്വെയിൽ L. P. , U. ശരി നിലവാരവും, H. S.വിഭ ന്ന നിലവാരവും പുലർത്തുന്ന ണുന്നത്. പട്ടിക-4ൽ ഇത്

## അക്കാദമിക നിലവാരം

### പട്ടിക-4

| വിഭാഗം | കുട്ടികളുടെ പൊതു നിലവാരം | | | |
|---|---|---|---|---|
| | 30% ൽ താഴെ | 30-40 വരെ ശതമാനം നേടുന്നവർ | 40-50 വരെ ശതമാനം നേടുന്നവർ | 50-60 വരെ ശതമാനം നേടുന്നവർ |
| വിഭാഗം · | 22 % | 12 % | 16 % | 16 % |
| വിഭാഗം | 29 % | 21 % | 18 % | 12 % |
| വിഭാഗം | 61 % | 19 % | 8 % | 6 % |

പുത്തൂർ പഞ്ചായത്തിലെ ഗവ:വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലേയും മാന്ദാമംഗലം സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിലേയും കഴിഞ്ഞ 10 വർഷത്തെ S.S.L.C വിജയശതമാനം പരിശോധിക്കാം. ഡയഗ്രാം-1 ൽ ഇത് വിശദമായി കാണിച്ചിരിക്കുന്നു.

പുത്തൂർ G.V.H.S.S-ലെ S.S.L.C വിജയശതമാനം 1986 - 87 ലെ 46% ൽനിന്നും പടിപടിയായി ഉയർന്ന് 91-92 ൽ 52% ൽ എത്തി നിൽക്കുന്നതായി കാണാം. ഈ വർദ്ധനവ് ആശാവഹമായിരുന്നെങ്കിലും തുടർന്നുള്ള വർഷങ്ങളിൽ അത് താഴ്ന്ന് താഴ്ന്ന് 95-96 ൽ 30% ൽ എത്തിയിരിക്കുന്നതായി കാണുന്നു. എന്നാൽ മാന്ദാമംഗലം സെന്റ്. സെബാസ്റ്റ്യൻസ് ഹൈസ്കൂളിലെ 86-87 ലെ വിജയശതമാനം നല്ല നിലയിലായിരുന്നെങ്കിലും (91.2%) തുടർന്നുള്ള വർഷങ്ങളിൽ അത് നിലനിർത്തുവാൻ സാധിച്ചില്ല. ഇപ്പോൾ അത് (95-96ൽ) 60.45% ൽ എത്തിയിരിക്കുകയാണ്.

മേൽപറഞ്ഞ വസ്തുതകളിൽ നിന്നും മനസിലാക്കുന്നത്, പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം വളരെ താഴോട്ടുപോയിക്കൊണ്ടിരിക്കുകയാണ് എന്നതാണ്.

കേരളത്തിൽ 5 വ മുഴുവൻ കുട്ടികളും ഒന്നാം ചേരുന്നുണ്ട്. കൊഴിഞ്ഞു മ്യേന കുറവുമാണ്. ഇതി മായി സാർവത്രികവും ന വിദ്യാഭ്യാസമെന്ന ഭരണഘ പാലിക്കപ്പെട്ട ഏക സംസ്ഥാ തി കേരളം നേടിയെടുത്തിട്ടു ച്ച മറ്റു ഭാഗങ്ങളിലേക്കും പ്ര ക്ഷര ബോധം അവകാശ ബേ അത് സാമൂഹിക ഗുണമേന്മ നയിച്ചു. കുറഞ്ഞ ജനന ശിശുമരണ നിരക്ക് മെച്ചപ്പെ ഘ്യം തുടങ്ങിയ പല കാര മൂന്നാം ലോകരാഷ്ട്രങ്ങൾ യതും പ്രധാനമായും വിദ്യാ തിയുടെ ഫലമായിതന്നെയാ

മേൽ വിവരിച്ച രീത് സ മേഖലയിലുണ്ടായ പുരേ മായി നമുക്കു നേടിയെടുക്ക ട്ടുണ്ടോ. ഇല്ല എന്നതാണ് ടെ പഞ്ചായത്തിൽ ചില ശാ സ സംഘടനകളുടെ നിരീക്ഷ മനസ്സിലായത് നമ്മുടെ ളിൽ അക്ഷരമുറക്കാത്ത കുട്ടി നിര തന്നെ ഉണ്ടെന്നാണ്.

E-6

ഡയഗ്രം – 1

S.S.L.C വിജയശതമാനം – 1986 – 1995



വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടാൻ സഹായകമായ പല അനുകൂല ഘടകങ്ങൾ ഉണ്ടായിട്ടും എന്തുകൊണ്ട് നമ്മുടെ പഞ്ചായത്ത് ഇത്രയേറെ പിന്നോക്കം പോയി എന്നത് വിശദമായി പരിശോധിക്കേണ്ടതാണ്.

കാണാപാഠം പഠിക്കലാണ് മെച്ചപ്പെട്ട വിദ്യാഭ്യാസമെന്നും കുട്ടികളെ അതിനായി രൂപപ്പെടുത്തുന്ന സ്ഥാപനങ്ങളാണ് മെച്ചപ്പെട്ടതെന്നും രക്ഷിതാക്കൾ തെറ്റിദ്ധരിക്കപ്പെടുന്നു. ഇത്തരം വിദ്യാഭ്യാസം വൻ വിലക്ക് വിൽക്കുന്ന സ്ഥാപനങ്ങളിലേക്ക് രക്ഷിതാക്കൾ കുട്ടികളേയും കൊണ്ട് പായുകയാണ്. ഇതിന്റെയൊക്കെഫലമായി അയൽപക്ക സ്കൂളുകൾ അനാഥമായിക്കൊണ്ടിരിക്കുകയാണ്. ഇതു കാരണം സൗജന്യവും സാർവത്രികവുമായ വിദ്യാഭ്യാസമെന്ന നയം തകിടം മറിഞ്ഞുകൊണ്ടിരിക്കുകയാണ്. മത്സരപരീക്ഷയെ ലക്ഷ്യമാക്കിയുള്ള പഠനം വിദ്യാഭ്യാസത്തെ ഒരു യാന്ത്രിക വൃത്തിയായി ചുരുക്കി. കുട്ടികളുടെ സർവ്വതോന്മുഖമായ വികാസമെന്ന ലക്ഷ്യം അട്ടിമറിക്കപ്പെട്ടു. അധ്യയനമെന്നത് കുട്ടികളും അധ്യാപകരും തമ്മിലുള്ള വിരസമായ ഒരിടപാട് മാത്രമായി മാറി.

സമൂഹത്തിന്റെ സർവ്വതോന്മുഖമായ വളർച്ച ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന പ്രതിബദ്ധമായ തലമുറയെ സൃഷ്ടിക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്ന് എല്ലാവരും മനസ്സിലാക്കിയിരിക്കണം.

പഞ്ചായത്തിലെ സ്കൂളുകളിലെ വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കാനുള്ള പ്രധാന മാർഗ്ഗം പഞ്ചായത്ത് തലത്തിൽ വിദ്യാഭ്യാസ കോംപ്ലക്സ് പ്രവർത്തനം നടപ്പിലാക്കുക എന്നതാണ്. ഒരു പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വിവിധ സ്കൂളുകളുടെ കൂട്ടായ പ്രവർത്തനത്തിലൂടെ പഞ്ചായത്തിന്റെ വിദ്യാഭ്യാസ വികസനം ഉറപ്പാക്കുകയാണ് പഞ്ചായത്ത് സ്കൂൾ കോംപ്ലക്സിന്റെ ലക്ഷ്യം. മറ്റൊരു മാർഗ്ഗമാണ് P. T. A. പ്രവർത്തനം ശക്തിപ്പെടുത്തൽ. ഇപ്പോൾ പല സ്കൂളുകളിലും ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യത്തിൽ മാത്രമെ P. T. A. സമിതികൾ ശ്രദ്ധിക്കുന്നുള്ളൂ. അക്കാദമിക് പ്രവർത്തനങ്ങളിൽ കൂടി ശ്രദ്ധപതിപ്പിക്കണം.

സാങ്കേതിക വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ നമ്മുടെ പഞ്ചായത്ത് വളരെപുറകിലാണ്. 2 കമ്പ്യൂട്ടർ സെന്ററും, 3 ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടും 6 ടൈലറിംഗ് പരിശീലന സ്ഥാപനങ്ങളും മാത്രമെ ഇപ്പോൾ പഞ്ചായത്തിൽ നിലവിലുള്ളൂ. I. T. C (Industrial Training center) സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. മാത്രമല്ല സെക്കണ്ടറി വിദ്യാഭ്യാസ തലത്തിൽ കൂടുതൽ സാങ്കേതിക കോഴ്സുകൾ അനുവദിച്ച് പഞ്ചായത്തിന്റെ മറ്റു തൊഴിൽ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി (മോട്ടോർ വർക്ക് ഷോപ്പ്, സിനിമാശാല നെയ്ത്തുശാല, ഫോട്ടോ സ്റ്റുഡിയോ, പ്രസ്സ്, ഇലക്ട്രിക്കൽ വർക്ക് ഷോപ്പ്, ഫർണീച്ചർ വർക്ക് ഷോപ്പ്, വെൽഡിംഗ് വർക്ക് ഷോപ്പ്) പ്രായോഗിക പരിചയം വരുത്തുന്നതിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കണം. പോളിടെക്നിക്കുകളുടെ കീഴിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി എഡ്യുക്കേഷൻ പ്രോഗ്രാമിന്റെ പരിശീലന പദ്ധതികൾ എല്ലാ വാർഡുകളിലും നടപ്പാക്കണം.

ഇതുപോലെ നമ്മുടെ സവിശേഷ ശ്രദ്ധ പതിയേണ്ട മറ്റൊരു മേഖലയാണ് പ്രീപ്രൈമറി വിദ്യാഭ്യാസം. ഇപ്പോഴുള്ള ചെറിയ കുടുംബങ്ങളിൽ വളരുന്ന കുട്ടികൾക്ക് കളിക്കാനോ കൂട്ടു കൂടാനോ ഉള്ള സൗകര്യങ്ങളില്ല. ഈ കുറവു നികത്തുവാൻ പ്രീപ്രൈമറി സ്ഥാപനങ്ങൾ സഹായകമാണ്.

നമ്മുടെ പഞ്ചായത്തിൽ 17 സ്വകാര്യ നഴ്സറികളും 4 ബാലവാടികളും ഉണ്ട്. എന്നാൽ ഇത്തരം സ്ഥാപനങ്ങളിലെ അദ്ധ്യാപികമാർ ഏറെയും ശാസ്ത്രീയമായി പരിശീലനം ലഭിച്ചവരല്ല. മാത്രമല്ല ഇവയിൽ പലതിലും ശാസ്ത്രീയ പഠനോപകരണങ്ങളോ, കളിക്കോപ്പുകളോ ഇല്ല. ആയതിനാൽ ഇവയിൽ വരുന്ന കുട്ടികൾ യഥാർത്ഥ ലക്ഷ്യത്തിൽ എത്തിച്ചേരുന്നില്ല.

മുഴുവൻ വാർഡുകളിലും ശാസ്ത്രീയമായ സൗകര്യങ്ങളുള്ള പ്രീപ്രൈമറി

സ്കൂളുകൾ സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നിലവിലുള്ള തെറ്റായ വിദ്യാഭ്യാസം നൽകുന്ന സ്ഥാപനങ്ങൾക്ക് ബദലായി ശരിയായ പഠന പ്രവർത്തനങ്ങൾ നടത്തുന്ന യഥാർത്ഥ വിദ്യാഭ്യാസമെന്തെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുന്ന സ്ഥാപനങ്ങൾ കൂടിയാവണം ഇവ.

ഇതുപോലെ പുതിയ മാതൃകക്കായുള്ള അന്വേഷണം നടക്കേണ്ട മേഖലയാണ് തുടർ സാക്ഷരതാ പ്രവർത്തനം. ജനകീയ പങ്കാളിത്തത്തോടെയുള്ള വികസനമെന്ന കാഴ്ചപ്പാടോടെ വിജയത്തിലെത്തിച്ച 'അക്ഷര കേരളം' പരിപാടിക്കു ശേഷം വന്ന തുടർ സാക്ഷരത നാമം ആഗ്രഹിച്ച രീതിയിൽ മുന്നേറിയില്ല. വിവിധ തുറകളിൽ അറിവ് ആർജിക്കുവാനും അതുവഴി വ്യക്തി ജീവിതവും സമൂഹത്തിന്റെ അവസ്ഥയും മെച്ചപ്പെടാനും ഉതകുന്ന ഒരു പ്രവർത്തനം ഈ രംഗത്ത് കരുപിടിപ്പിക്കേണ്ടതുണ്ട്. നിയമസാക്ഷരത, ആരോഗ്യ സാക്ഷരത, ക്ഷേമകാര്യങ്ങളിലുള്ള സാക്ഷരത, കാർഷികാദായക്രമത്തിനനുസൃതമായ ജോലികളിലുള്ള സാക്ഷരത എന്നിങ്ങനെ തുടർ സാക്ഷരതയുടെ ലക്ഷ്യം വിപുലീകരിക്കേണ്ടതുണ്ട്. ഇതിനായി ഗ്രാമ പഞ്ചായത്തിൽ വാർഡുകൾ തോറും ജന വിദ്യാ കേന്ദ്രങ്ങൾ ആവിഷ്കരിച്ച് മുന്നേറാൻ ഇനിയും അമാന്തിച്ചു കൂടാ.

പുത്തൂർ പഞ്ചായത്തിൽ വിദ്യാഭ്യാസ രംഗത്ത് വിദ്യാലയങ്ങൾ നേരിടുന്ന പൊതുവായ പ്രശ്നങ്ങൾ ആദ്യം നോക്കാം

**പൊതുവായ പ്രശ്നങ്ങൾ**

1. വിദ്യാഭ്യാസ നിലവാരം കുറഞ്ഞു വരുന്നു.
2. വിജയശതമാനം തീരെ മോശം.
3. പ്രൈമറി തലത്തിലും അപ്പർ പ്രൈമറി തലത്തിലും 35% വരുന്ന വിദ്യാർത്ഥികളിൽ നിരക്ഷരത ഇപ്പോഴും നിലനിൽക്കുന്നു.
4. വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നു.
5. സർക്കാർ വിദ്യാലയങ്ങളിൽ സമരം മൂലം ധാരാളം അദ്ധ്യയന ദിനങ്ങൾ നഷ്ടപ്പെടുന്നു.
6. ഗൈഡ് സംസ്കാരം വർദ്ധിക്കുന്നു. വിദ്യാഭ്യാസ ലക്ഷ്യത്തിൽ നിന്നും അകലുന്നു.
7. അദ്ധ്യാപക പരിശീലനത്തിന്റെ ഗുണനിലവാരമില്ലായ്മയും ശാസ്ത്രീയമായ ബോധന രീതികളുപയോഗിക്കുവാൻ അധ്യാപകർ കാണിക്കുന്ന വൈമുഖ്യവും.
8. അശാസ്ത്രീയമായ മൂല്യനിർണ്ണയ സമ്പ്രദായം (പ്രയോഗികത പരിഗണിക്കുന്നില്ല)
9. മോണിട്ടറിങ്ങിന്റെ അപര്യാപ്തത.
10. പാഠാ അക്കാദമിക് പ്രവർത്തനങ്ങളോടുള്ള അലംഭാവം.
11. വീടുകളിലെ പഠന സാഹചര്യത്തിലെ പരിമിതികൾ.
12. സാമൂഹികമായ പിന്നോക്കാവസ്ഥ.
13. നിലവാരത്തിൽ താഴെയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം ലഭിക്കുന്നില്ല.
14. അക്കാദമിക് പ്രവർത്തനങ്ങളിലും മറ്റു പ്രവർത്തനങ്ങളിലും P. T. A. സമിതികളും മാതൃ സംഘവും താല്പര്യം കാണിക്കുന്നില്ല.
15. പാഠ്യേതര പ്രവർത്തനങ്ങളുടെ അഭാവം (സയൻസ് ക്ലബ്ബ്, കയ്യെഴുത്ത് മാസിക, പരിസ്ഥിതി ക്ലബ്ബ്, പഠന യാത്രകൾ, പച്ചക്കറി തോട്ട നിർമ്മാണം, പൂന്തോട്ട നിർമ്മാണം, സാഹിത്യ സമാജം.)
16. അദ്ധ്യാപകർ കലാകാലങ്ങളിൽ പുനഃപരിശീലനം ലഭിച്ചവരല്ല.
17. കലാ, കായിക, സാംസ്ക്കാരിക രംഗങ്ങളിൽ പ്രത്യേകം പരിശീലനം ലഭിച്ച അധ്യാപകരുടെ അഭാവം സ്കൂളിൽ നിലവിലുണ്ട്.
18. ദൃശ്യ-ശ്രവ്യ ഉപകരണങ്ങളുടെ അപര്യാപ്തത.
19. പഞ്ചായത്തിലെ രണ്ടു സ്കൂളുകൾ ഒഴികെ (A.U.P.S. മരോട്ടിച്ചാൽ സെന്റ് സെബാസ്റ്റ്യൻസ് H. S. മാന്ദാമംഗലം) മറ്റെല്ലായിടത്തും ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത നേരിടുന്നു. (ഫർണിച്ചറുകൾ, കെട്ടിടം, പ്രാഥമിക സൗകര്യങ്ങൾ എന്നിവ)
20. കുടിവെള്ള വിതരണ സൗകര്യങ്ങളുടെ

അഭാവം.(A. U. P. S. മരോട്ടിച്ചാൽ ഒഴികെ)

21. മിക്ക വിദ്യാലയങ്ങളിലും ലൈബ്രറി ഇല്ലെന്നു മാത്രമല്ല ഉള്ളിടത്ത് പ്രവർത്തനം കാര്യക്ഷമമല്ല.
22. ലബോറട്ടറി പ്രവർത്തനം തീരെ കാര്യക്ഷമമല്ല.
23. പഠനോപകരണങ്ങളുടെ അഭാവം (ഭൂപടങ്ങൾ, ഭൂഗോളം, മോഡൽസ്)
24. പഞ്ചായത്തിലെ രണ്ട് വിദ്യാലയങ്ങൾ ഒഴികെ (A.U.P.S. മരോട്ടിച്ചാൽ, സെന്റ് ജോസ് A. L. P. S മരത്താക്കര) മറ്റെല്ലാ വിദ്യാലയങ്ങളും ചുറ്റുമതിലുകളുടെ അഭാവം മൂലം സാമൂഹ്യ വിരുദ്ധരുടെ ശല്യം നേരിടുന്നു.
25. സ്കൂളുകളിൽ നിന്ന് ഇടക്കു വച്ച് പഠനം നിർത്തുന്ന വിദ്യാർത്ഥികളിൽ ഭൂരിഭാഗവും പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽ പെട്ടവരാണ്.
26. ഇംഗ്ലീഷ്ഭാഷ, ശാസ്ത്ര വിദഗ്ദ അദ്ധ്യാപകരുടെ അഭാവം U.P. വിഭാഗത്തിൽ അനുഭവപ്പെടുന്നു.
27. മതിക്കുന്ന് J. B. S. സ്കൂളിൽ ഷിഫ്റ്റ് സമ്പ്രദായം മൂലം പഠനസമയം വേണ്ടത്ര ലഭിക്കുന്നില്ല.
28. ഗവ:L. P. സ്കൂളിലും (ചെറുകുന്ന്), പുത്തൂർ ഗവ. L.P.സ്കൂളിലും കളിസ്ഥലമില്ല.
29. ഗവ.L.P.S ലും ചെറുകുന്നിലും പുത്തൂർ ഗവ. L. P. S ലും, മതിക്കുന്ന് J B S ലും മരത്താക്കര CJM UPS ലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല.
30. മാന്ദാമംഗലം സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിലും, പുത്തൂർ ഗവ.V.H.S.S ലും സ്കൗട്ട്, ഗൈഡ്സ് പ്രവർത്തനം ഇല്ല.
31. പുത്തൂർ ഗവ.V.H.S.Sൽ സ്ഥിരം അധ്യാപകരില്ല.
32. C.J.M. UPS, മരത്താക്കര, GLPS ചെറുകുന്ന്, JBS മതിക്കുന്ന് എന്നീ സ്കൂളുകളിൽ കലാകായിക പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് പ്രോത്സാഹനം ലഭിക്കുന്നില്ല.
33. C J M, മരത്താക്കര, G L P S ചെറുകുന്ന്, J B S മതിക്കുന്ന് G L P S പുത്തൂർ എന്നീ സ്കൂളുകളിൽ കെട്ടിടത്തിന്റെ റിപ്പയറിംഗ് കാലാകാലങ്ങളിൽ ശരിയായരീതിയിൽ നടക്കുന്നില്ല.
34. പുത്തൂർ ഗവ. V.H.S.S ൽ N.C.C പ്രവർത്തനങ്ങൾ യാതൊന്നും തന്നെ നടക്കുന്നില്ല.
35. അധ്യാപകരിൽ ഭൂരിഭാഗവും സ്ത്രീകളാണെന്നതിനാൽ പല വിദ്യാലയങ്ങളിലേയും പാഠ്യേതര പ്രവർത്തനങ്ങളെ ബാധിക്കുന്നു.
36. മക്കളെ ഇംഗ്ലീഷ് മീഡിയം സ്കൂളിലേക്ക് അയക്കുന്നതിനുള്ള പ്രവണത വർദ്ധിക്കുന്നു.

**പ്രീപ്രൈമറി വിദ്യാഭ്യാസം**

**പ്രശ്നങ്ങൾ**

1. നിലവിലുള്ള നഴ്സറികളിലും അംഗൻവാടികളിലും സമരം പാഠ്യരീതി തീരെ അശാസ്ത്രീയമാണ്.
2. നിലവിലുള്ളവയിൽ ആവശ്യമായ പാഠ്യോപകരണങ്ങളും കളിക്കോപ്പുകളും ഇല്ല.
3. പല നഴ്സറികളിലും അംഗൻവാടികളിലും അംഗൻ വാടികളിലും ഉള്ള ടീച്ചേഴ്സ് ശാസ്ശ്രീയമായി പരിശീലനം ലഭിച്ചവരല്ല.
4. പഞ്ചായത്തിലെ മിക്കവാറും വാർഡുകളിൽ ശാസ്ത്രീയമായ നഴ്സറി, അംഗൻവാടി സൗകര്യം വേണ്ടത്ര ഇല്ല.
5. അംഗൻ വാടികളിലും ബാലവാടികളിലും ആവശ്യമായ രീതിയിൽ പോഷകാഹാരങ്ങൾ വിതരണംചെയ്യുന്നില്ല.

**സാങ്കേതിക വിദ്യാഭ്യാസം**

**പ്രശ്നങ്ങൾ**

1. പഞ്ചായത്തിനകത്ത് പുത്തൂർ V. H. S. S ഒഴികെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ഒന്നും നിലവിലില്ല. സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളുടെ അപര്യാപ്തത അനുഭവപ്പെടുന്നു.

## അനൗപചാരിക വിദ്യാഭ്യാസം

### പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ നല്ല രീതിയിൽ സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തനം നടന്നിരുന്നുവെങ്കിലും തുടർ വിദ്യാഭ്യാസ പ്രവർത്തനം വേണ്ടത്ര ഫലപ്രദമാക്കുവാൻ കഴിഞ്ഞിട്ടില്ല.
2. സാക്ഷരതാ പ്രവർത്തനം തുടരുന്നതിന് വാർഡുകളിൽ വിദ്യാ കേന്ദ്രങ്ങളില്ല.

### നിർദ്ദേശങ്ങൾ

1. ഓൾ പ്രെമോഷൻ, മോഡറേഷൻ സിസ്റ്റം നിറുത്തലാക്കണം.
2. പഞ്ചായത്തിൽ വിദ്യാഭ്യാസ കോംപ്ലക്സ് നടപ്പാക്കണം.
3. അക്ഷര വേദി, അക്ഷരപുലരി, എന്നീ ശാസ്ത്രീയ മാർഗ്ഗങ്ങൾ നടപ്പിലാക്കണം.
4. അയൽപ്പക്ക വിദ്യാഭ്യാസ സമ്പ്രദായം നടപ്പാക്കണം.
5. വിദ്യാലയ രാഷ്ട്രീയവും അധ്യാപകർ ഡ്യൂട്ടി സമയത്ത് രാഷ്ട്രീയ പ്രവർത്തനം നടത്തുന്നതും നിയമം മൂലം തടയണം.
6. അധ്യാപകർക്ക് കാലാകാലങ്ങളിൽ പുനഃപരിശീലനം നൽകണം.
7. വിദ്യാർത്ഥികളുടെ മൂല്യനിർണ്ണയം നടത്തുമ്പോൾ അവരുടെ പ്രായോഗികതലത്തിലുള്ള കഴിവുകളും പാഠ്യേതര പ്രവർത്തനങ്ങളും കണക്കിലെടുക്കണം.
8. പഞ്ചായത്തിലെ സ്കൂളിലെ ഹെഡ്മാസ്റ്റർമാരുടെ ടീം വിദ്യാലയങ്ങളിൽ പരസ്പരം സന്ദർശിച്ച് അനുകരണീയ മാർഗ്ഗങ്ങൾ സ്വീകരിക്കണം.
9. പച്ചക്കറിത്തോട്ടം, പൂന്തോട്ട നിർമ്മാണം, സയൻസ് ക്ലബ്ബ്, പരിസ്ഥിതി ക്ലബ്ബ്, കയ്യെഴുത്തു മാസിക, പ്രതിവാര സാഹിത്യ സമാജം, ക്രാഫ്റ്റ് തുടങ്ങിയ പാഠ്യേതര പ്രവർത്തനങ്ങളിൽ പ്രോൽസാഹനം നൽകണം.
10. കുട്ടികളുടെ സർവ്വതോന്മുഖമായ വികാസമെന്ന വിദ്യാഭ്യാസ ലക്ഷ്യം മുൻ നിർത്തി രക്ഷിതാക്കളെ ബോധവൽക്കരിക്കണം.
11. പട്ടികജാതി പട്ടിക വർഗ്ഗം എന്നീ വിഭാഗങ്ങളിൽ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെ കുറിച്ച് ബോധവൽക്കരണം നടത്തി കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയണം.
12. ശരാശരി നിലവാരത്തിൽ താഴെയുള്ള വിദ്യാർത്ഥികൾക്ക് സ്കൂൾ തലങ്ങളിൽ പ്രത്യേകം പരിശീലനം നൽകുവാൻ അധ്യാപകർ തയ്യാറാകണം.
13. P.T.A. മാതൃസംഗമം എന്നീ സമിതികൾ വിദ്യാലയങ്ങളിലെ അക്കാദമിക് കാര്യങ്ങളിൽ ഇടപെടണം.
14. കലാകായിക സംസ്കാരിക രംഗങ്ങളിൽ പരിശീലനം ലഭിച്ചിട്ടുള്ള അധ്യാപകരെ നിയമിക്കണം.
15. മതിക്കുന്ന് J.B.S. വിദ്യാലയത്തിൽ ആവശ്യത്തിന് കെട്ടിടവും അധ്യാപകരേയും ഏർപ്പെടുത്തി ഷിഫ്റ്റ് സമ്പ്രദായം നിർത്തലാക്കണം.
16. ആവശ്യത്തിന് കെട്ടിടവും ഫർണീച്ചറുകളും സ്ഥാപിച്ച് വിദ്യാലയങ്ങളിലെഭൗതീക സാഹചര്യങ്ങൾ വർദ്ധിപ്പിക്കണം.
17. ഭൂപടങ്ങൾ, ഭൂഗോളം തുടങ്ങിയ പഠനോപകരണങ്ങൾ വാങ്ങിക്കാനും, അധ്യാപകരുടേയും, പൊതുപ്രവർത്തകരുടേയും, പൂർവ്വ വിദ്യാർത്ഥികളുടേയും സഹായത്തോടെ പഠനോപകരണങ്ങൾ നിർമ്മിക്കുവാനുമുള്ള നടപടികൾ സ്വീകരിക്കണം.
18. ലബോറട്ടറി ഉപകരണങ്ങൾ സ്പോർട്ട്സ് ഉപകരണങ്ങൾ, കാലാകാലങ്ങളിൽ സ്പെഷൽ ഫീസ് ഫണ്ട് ഉപയോഗിച്ച് വാങ്ങിക്കുകയും പ്രവർത്തനം കാര്യക്ഷമമാക്കുകയും വേണം.
19. ലൈബ്രറി പുസ്തകങ്ങൾ സ്പെഷൽ ഫീസ് ഫണ്ട് ഉപയോഗിച്ച് കാലാകാലങ്ങളിൽ വാങ്ങിക്കുകയും പ്രവർത്തനം കാര്യക്ഷമമാക്കുകയും വേണം.
20. ആവശ്യത്തിന് പൈപ്പുകൾ സ്ഥാപിച്ച് വിദ്യാലയങ്ങളിൽ ശുദ്ധജല വിതരണം കാര്യക്ഷമമാക്കണം.
21. ആവശ്യത്തിന് (കുട്ടികളുടെ അനുപാതത്തിൽ)കുടിവെള്ളം, മൂത്രപ്പുര, കക്കൂസ് എന്നിവ സ്ഥാപിച്ച് പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.

22. സ്വകാര്യ എയ്ഡഡ് സ്കൂളുകളിലെ അധ്യാപക നിയമനം P.S.C ക്ക് വിടണം.
23. എല്ലാസ്കൂളുകളിലും പാഠപുസ്തകങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
24. എല്ലാ പ്രൈമറി സ്കൂളുകളിലും പ്രീ പ്രൈമറി വിദ്യാഭ്യാസം (നഴ്സറി) എല്ലാ ശ്ശാസ്ത്രീയ സൗകര്യങ്ങളോടെ ആരംഭിക്കണം.
25. എല്ലാ സ്കൂളിനു മുമ്പിലും ട്രാഫിക് സിഗ്നൽ ബോർഡ് സ്ഥാപിക്കണം.
26. G. V. H. S. S. പുത്തൂരിലെ ദൃശ്യ-ശ്രവ്യ ഉപകരണങ്ങളുടെ (സിനിമാ പ്രൊജക്ടർ, സ്ലൈഡ് പ്രൊജക്ടർ, ഓവർഹെഡ് പ്രൊജക്ടർ ) ഉപയോഗം പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും ലഭ്യമാക്കണം.
27. G. L. P. S പുത്തൂർ, G. L. P. S ചെറുകുന്ന് എന്നീ വിദ്യാലയങ്ങളിൽ കളിസ്ഥലം നിർമ്മിച്ച് കുട്ടികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കണം.
28. മരത്താക്കര C. J. M. UPS, ചെറുകുന്ന് G. L. P. S, മതിക്കുന്ന് J. B. S, പുത്തൂർ G.L.P.S എന്നീ വിദ്യാലയങ്ങളിൽ വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള നടപടി സ്വീകരിക്കണം.
29. ദൃശ്യ-ശ്രവ്യ ഉപകരണങ്ങൾ പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും സ്ഥാപിച്ച് കുട്ടികളുടെ പഠന നിലവാരവും പൊതു വിജ്ഞാനവും മെച്ചപ്പെടുത്തണം.
30. പഞ്ചായത്തിലെ എല്ലാ H.S, U.P സ്കൂളുകളിലും സ്കൗട്ട്സ് & ഗൈഡ്സ് പ്രവർത്തനം സജ്ജീവമാക്കണം.
31. പുത്തൂർ G.V.H.S.S ൽ സ്ഥിരം അധ്യാപകരെ നിയമിച്ച് പഠന നിലവാരം വർദ്ധിപ്പിക്കണം.
32. ചുറ്റുമതിൽ നിർമ്മിച്ചും വാച്ച്മാനെ ഏർപ്പെടുത്തിയും സ്കൂളുകളിലെ സാമൂഹ്യ വിരുദ്ധ പ്രവർത്തനം തടയണം.
33. കലാകായിക രംഗങ്ങളിലെ അധ്യാപകരുടെ നിഷ്ക്രിയത്വം അവസാനിപ്പിച്ച് കുട്ടികൾക്ക് പ്രേൽസാഹനം നൽകാനുള്ള നടപടി സ്വീകരിക്കണം.
34. കാലാകാലങ്ങളിൽ കെട്ടിടങ്ങളുടെ റിപ്പയറിംഗ് നടത്തണം.
35. പുനഃപരിശീലനം നൽകിയോ ഇംഗ്ലീഷ് -ഭാഷാ-ശാസ്ത്രവിദഗ്ദ അധ്യാപകരെ നിയമിച്ചോ പ്രസ്തുത വിഷയങ്ങളുടെ പാഠ്യ നിലവാരം വർദ്ധിപ്പിക്കണം.
36. സ്കൂളിൽ നിർബന്ധിത തൊഴിൽ പരിശീലനം നടപ്പിലാക്കണം. (സ്കൂളുകളെ കൃഷിഭവനും, മൃഗ സംരക്ഷണ കേന്ദ്രവുമായി ബന്ധിപ്പിച്ച് കാർഷിക മൃഗ പരിപാലന പരിശീലനം നൽകാവുന്നതാണ്)
37. വിദ്യാലയങ്ങളിൽ ആവശ്യമായ പാത്രങ്ങൾ വിതരണം ചെയ്ത് ഉച്ചക്കഞ്ഞി വിതരണം ഉറപ്പുവരുത്തണം.
38. പുത്തൂർ G.V.H.S.S ൽ കമ്പ്യൂട്ടർ കോഴ്സും എൻ. സി. സി.യും ആരംഭിക്കണം.
39. സ്കൂളുകളിൽ ദക്ഷത കൂടിയ അടുപ്പുകൾ സ്ഥാപിച്ച ഇന്ധന ക്ഷാമം പരിഹരിക്കണം.
40. സ്കൂളുകളിൽ തണൽ വൃക്ഷങ്ങൾ വെച്ചു പിടിപ്പിക്കണം.
41. മാതൃഭാഷാപഠനം നിർബന്ധമാക്കണം. 5-ാം ക്ലാസ്സു വരെ മറ്റു ഭാഷകൾ പഠിപ്പിക്കരുത്.
42. മാസത്തിൽ ഒരു തവണ പഞ്ചായത്തിലെ പ്രാധാന്യമുള്ള സ്ഥലങ്ങൾ (ചരിത്ര സ്മാരകങ്ങൾ, വ്യവസായശാലകൾ, ഓഫീസുകൾ, വിനോദ സഞ്ചാര മേഖലകൾ) കുട്ടികൾക്ക് സന്ദർശിക്കാനുള്ള നടപടികൾ സ്വീകരിക്കണം.
43. പഞ്ചായത്ത് പ്രസിഡണ്ട്, വാർഡ് മെമ്പർ, ഹെഡ്മാസ്റ്റർ, അധ്യാപകർ, പൊതുപ്രവർത്തകർ, P.T.A, മാതൃ സംഘം പ്രസിഡണ്ടുമാർ, വിദ്യാഭ്യാസ പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി വിദ്യാഭ്യാസ സംരക്ഷണ സമിതികൾ എല്ലാ വിദ്യാലയങ്ങളിലും രൂപീകരിക്കണം.
44. പഞ്ചായത്ത് അടിസ്ഥാനത്തിൽ സ്കോളർഷിപ്പുകളും, പ്രൈസുകളും, അവാർഡുകളും ഏർപ്പെടുത്തണം.
45. സഹകരണ അടിസ്ഥാനത്തിൽ സ്കൂളുകൾ ആരംഭിക്കണം.

പുത്തൂർ പഞ്ചായത്തിൽ താഴെ പറയുന്ന വാർഡുകളിൽ സ്കൂളിന്റെ അപര്യാപ്തത അനുഭവപ്പെടുന്നു.

1. വാർഡ് II. – പൊന്നുക്കര വെസ്റ്റ്

മതിക്കുന്ന് ജൂനിയർ ബേയ്സിക് സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് അപ്പർ പ്രൈമറി സ്കൂൾ പഠനത്തിനു വേണ്ടി പുത്തൂർ സ്കൂളിലേക്ക് 3–5 കിലോമീറ്ററും തൃക്കൂർ സ്കൂളിലേക്ക് 2–5 കിലോമീറ്ററും യാത്ര ചെയ്യേണ്ടതായിവരുന്നു. അതിനാൽ മതിക്കുന്ന് L.P. സ്കൂൾ (J.B.S) നെ U.P. സ്കൂൾ ആയി ഉയർത്തണം.

2. വാർഡ് III. പൊന്നുക്കര ഈസ്റ്റ്

ഈ വാർഡിലെ കുട്ടികൾ സ്കൂൾ പഠനത്തിനായി മരോട്ടിച്ചാൽ സ്കൂളിലേക്ക് 3–4 കി. മീറ്ററും മതിക്കുന്ന് സ്കൂളിലേക്ക് 5 കി. മീറ്ററും യാത്രചെയ്യേണ്ടതുണ്ട്. ചെമ്പംകണ്ടത്തുള്ള നളന്ത വായനശാലയോടനുബന്ധിച്ച് ഒരു L.P. [illegible] U.P. സ്കൂളാ[illegible]

6. വാർഡ് VIII മാന്ദാമംഗലം West

ഈ വാർഡിൽപ്പെട്ട കുട്ടികൾക്ക് സ്കൂൾ വിദ്യാഭ്യാസത്തിനായി 3–5 കി.മീറ്റർ വരെ യാത്ര ചെയ്യേണ്ടതായി വരുന്നു. ഇവിടെയുള്ള ജലസേചന വകുപ്പിന്റെ അനാഥമായി കിടക്കുന്ന സ്ഥലത്ത് ഒരു L. P. സ്കൂൾ അനുവദിക്കണം.

7. വാർഡ് IX – തോണിപ്പാറ

ഗവ. L.P.S ചെറുകുന്ന് നെ U.P. സ്കൂൾ ആയി ഉയർത്തണം.

8. വാർഡ് XII മരത്താക്കര

ഇവിടെയുള്ള വിദ്യാർത്ഥികൾക്ക് ഹൈസ്കൂൾ പഠനത്തിനായി 3–4 കിലോ[illegible] ചെയ്യണം. ഇവിടെയുള്ള സെന്റ് [illegible]

8. ഓലമേഞ്ഞ മേൽക്കൂരയും, ചുമരില്ലാത്ത അവസ്ഥയും ഉള്ള വീടുകളെ അടിയന്തിരമായി ഓടിട്ടതും, ചുമരുള്ളതുമായ വീടുകളിലേക്ക് പുനരധിവസിപ്പിക്കണം.

9. പഴക്കമുള്ള ഹരിജൻ/ഗിരിജൻ കോളനികളിലെ വീടുകൾ പുതുക്കി പണിയാൻ സാമ്പത്തിക സഹായം കിട്ടണം.

10. വീടിനോട് ചേർന്ന കുളിമുറിയും, പുറമെ കക്കൂസും ഇല്ലാത്ത വീടുകൾ കണ്ടെത്തി രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിയിലൂടെയും മറ്റ് സഹായ പദ്ധതികളിലൂടെയും സഹായിച്ച് അവ ഉണ്ടാക്കി കൊടുക്കണം.

11. പുത്തൂർ സഹകരണ ബാങ്കിൽ നിന്നും പണി പൂർത്തികരിക്കാനുള്ള വീടിനും, ചെറുകിട വീട് നിർമ്മാണത്തിനും വായ്പ ലഭ്യമാക്കണം.

12. ഹൗസിംഗ് ബോർഡിൽ നിന്നും സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ ദുർബല വിഭാഗങ്ങൾക്ക് വീട് വായ്പ സബ്സിഡിയോടെ ലഭിക്കാൻ നടപടിയുണ്ടാകണം.

13. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് പാഴ്മരങ്ങളും, വീണുകിടക്കുന്ന മരങ്ങളും പഞ്ചായത്ത് തല ഡെപ്പോയിൽ സംഭരിച്ച് അത് പഞ്ചായത്തിലെ ഭവന നിർമ്മാണ ആവശ്യങ്ങൾക്ക് പരിമിത വിലയ്ക്ക് കിട്ടുവാൻ നടപടിയുണ്ടാക്കണം.

14. സ്വന്തം സ്ഥലവും വീടുമില്ലാത്ത കുടുംബങ്ങളെ സഹായിക്കാൻ എല്ലാ വാർഡുകളിലും ചെറിയ ലക്ഷം വീട് സങ്കേതങ്ങൾ ഉണ്ടാക്കണം.

15. പതിനഞ്ചിലേറെ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ അധിവസിക്കുന്ന പ്രദേശങ്ങൾ കണ്ടെത്തി അവിടെ ഹരിജൻ കോളനിയായി അംഗീകരിപ്പിച്ച് വീട് പദ്ധതി ആവശ്യപ്പെടണം.

16. ചിലവു കുറഞ്ഞതും, പ്രകൃതിദത്തവുമായ വെളിച്ചം, വായു, എന്നിവ യഥായോഗ്യം കിട്ടുവാൻ കഴിയുന്ന പ്രകാരത്തിലുള്ള പാർപ്പിട നിർമ്മാണത്തിൽ തല്പരരായ തൊഴിൽ രഹിതർക്ക് പരിശീലനം നൽകി അത്തരം ആവശ്യങ്ങളിൽ ഉപയോഗപ്പെടുത്തണം. ഇതിലേക്ക് എട്ടാം ക്ലാസ്സ് വിദ്യാഭ്യാസ യോഗ്യതയുള്ളവരെ തിരുവനന്തപുരം മിത്രനികേതനിലെ ബേക്കർ മോഡൽ വീട് നിർമ്മാണ പരിശീലന പദ്ധതിയിൽ സൗജന്യമായി ഉൾപ്പെടുത്തി ഒരു വർഷം പഠിപ്പിക്കാവുന്നതാണ്.

17. ഹരിജൻ/ഗിരിജൻ കുടുംബങ്ങളുടെതും, കുടിൽ ജോതി പദ്ധതിയിൽ ഉൾപ്പെടുത്തി കിട്ടാൻ അർഹതയുള്ള കുടുംബങ്ങൾക്ക് ഉടനെ വൈദ്യുതി കണക്ഷൻ നൽകണം.

18. വീടുകൾക്ക് സ്വന്തമായി കിണർ കുഴിക്കുവാൻ സഹായം നൽകണം. അവ കെട്ടി സംരക്ഷിക്കുവാൻ നടപടി വേണം.

19. വൃദ്ധ മന്ദിരവും, അഗതി മന്ദിരവും വേണം.

20. ലക്ഷം വീട് കോളനികളിൽ പൊതു ആവശ്യത്തിന് കമ്മ്യൂണിറ്റി ഹാളുകൾ നിർമ്മിക്കണം.

21. വീടിനോട് ചേർന്ന് കാലിത്തൊഴുത്ത് (ചായ്പിൽ) നിർമ്മിക്കുന്നതിന് ശുചിത്വ പാലനം ഉറപ്പാക്കണം.

22. പഞ്ചായത്തിൽ പ്രവർത്തന പരിധിയായുള്ള ഹഡ്കോ സഹായം കിട്ടും വിധത്തിലുള്ള ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കണം.

13. 8–ാം വാർഡിൽ കൊളാംകുണ്ട്, മാന്ദാമംഗലം, മുരുക്കംപാറ എന്നീ സ്ഥലങ്ങളിൽ അംഗൻവാടികൾ സ്ഥാപിക്കണം. മാന്ദാമംഗലത്ത് ഒരു നഴ്സറി സ്ഥാപിക്കണം. ഉള്ളതിന്റെ സൗകര്യം വർദ്ധിപ്പിക്കണം.

14. 9–ാം വാർഡിൽ ചന്ദനകുന്നത്ത് ഒരു അംഗനവാടി സ്ഥാപിക്കണം.

15. 10–ാം വാർഡിലെ കോക്കാത്ത് അംബേദ്ക്കർ ഗ്രാമത്തോടനുബന്ധിച്ച് ഒരു നഴ്സറി സ്ഥാപിക്കേണ്ടതാണ്.

16. 11–ാം വാർഡിൽ കണംകാട്ടുകരയിൽ ഒരു ബാലവാടി സ്ഥാപിക്കണം. 13–ാം വാർഡിൽ ലക്ഷംവീടിനു സമീപവും, പുഴമ്പള്ളത്തും അംഗൻവാടി ആവശ്യമാണ്.

17. 12–ാം വാർഡിലെ മൂലപ്പായിയിലുള്ള അംഗൻവാടി അറ്റകുറ്റ പണികൾ നടത്തി ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കണം. 14–ാം വാർഡിൽ ബോയൻ കോളനിയിൽ ഒരു അംഗൻവാടിയുടെ ആവശ്യം ശ്രദ്ധേയമാണ്.

## അനൗപചാരിക വിദ്യാഭ്യാസം

### നിർദ്ദേശങ്ങൾ

1. സാക്ഷരതാ തുടർ വിദ്യാഭ്യാസ പ്രവർത്തനത്തിനായി സംസ്ഥാന തലത്തിൽ ക്രിയാത്മകമായ പദ്ധതികൾക്ക് രൂപം കൊടുക്കുകയും ജനവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ സജ്ജീവമാക്കുകയും വേണം.

2. നിയമസാക്ഷരത, ആരോഗ്യ സാക്ഷരത, ക്ഷേമകാര്യത്തിലുള്ള സാക്ഷരത, കാർഷികാദായ ക്രമത്തിനനുസൃതമായ ജോലികളിലുള്ള സാക്ഷരത എന്നിങ്ങനെ സാക്ഷരതയുടെ ലക്ഷ്യം വിപുലീകരിക്കുക.

3. ജനവിദ്യാ കേന്ദ്രങ്ങളിൽ സാക്ഷരർക്ക് കരകൗശലതൊഴിൽ, പരമ്പരാഗത തൊഴിലുകൾ എന്നിവയിൽ പരിശീലനം നൽകുന്നതിനായുള്ള നടപടി സ്വീകരിക്കണം.

4. തൊഴിൽ പരിശീലനത്തിനായി സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കണം.

# വനിതാക്ഷേമം



വനിതകളെ സ്ത്രീ എന്ന് ആദ്യമായി വിളിച്ചപ്പോൾ അതിനുകാരണമായി പണ്ഡിതർ പറഞ്ഞത് "സത്യം ത്രായതെ അനയാ ഇദി" സത്യത്തെ പരിരക്ഷിക്കേണ്ടവൾ എന്നതുകൊണ്ട് സ്ത്രീ എന്നത്രെ. ഈ സങ്കല്പം ഭാരതീയ സംസ്കാരത്തിന്റെ ചിന്താധാരയിൽ നിന്നത്രെ ഉയർന്നു വന്നത്. ഭാരതീയ ദാർശനികർ സ്ത്രീകളെ ദേവതമാരായാണ് കരുതിയിരുന്നത്.

"യത്ര നാര്യസ്തു പൂജ്യതേ രമന്തേ തത്ര ദേവാ" എന്ന മനുസ്മൃതി വാക്യം ഇതിനുപോദ്ബലകമായ തെളിവത്രെ. ഈ സങ്കല്പത്തിന് പിൽക്കാലത്ത് വന്ന തെറ്റായ വ്യാഖ്യാനങ്ങൾ സ്ത്രീകൾക്കു തന്നെ ദോഷകരമായി ഭവിച്ചു. അവർ സംരക്ഷിക്കപ്പെടേണ്ട -ആശ്രിത- വിഭാഗമായി മാറ്റപ്പെട്ടു. വിദ്യാഭ്യാസ സാമൂഹ്യ പ്രവർത്തനങ്ങളും നിഷേധിക്കപ്പെട്ടു. സാക്ഷരതയിൽ മുൻപന്തിയിൽ നിൽക്കുന്ന നമ്മുടെ സംസ്ഥാനത്തെ സ്ത്രീകളുടെ സ്ഥിതിയും ഇതിൽ നിന്നും വ്യത്യസ്ഥമല്ല. തൊഴിൽ മേഖലകളിലൊന്നും സ്ത്രീകളുടെ പങ്കാളിത്തം ജനസംഖ്യാനുപാതികമായി ഉണ്ടായിട്ടില്ല.

ഗ്രാമീണ കാർഷിക സംസ്കൃതിയുടെ സജീവ സാന്നിദ്ധ്യം നിറഞ്ഞു നിൽക്കുന്ന നമ്മുടെ പഞ്ചായത്തും കേരളത്തിലെ മുഖ്യധാരാ പ്രവാഹത്തിൽ നിന്ന് വേർപ്പെട്ടിരുന്നില്ല. നൂറ്റാണ്ടിന്റെ ആരംഭകാലത്ത് ഇവിടത്തെ വനിതകളിൽ ഭൂരിഭാഗവും വിദ്യാഭ്യാസമില്ലാത്തവരായിരുന്നു. സാംസ്കാരിക സാമൂഹ്യ പ്രസ്ഥാനങ്ങളുടെ ആവിർഭാവവും പൊതു വിദ്യാഭ്യാസ പ്രവർത്തനങ്ങളും ഇവിടെ സാമൂഹ്യ മാറ്റത്തിന് നാന്ദി കുറിച്ചു.പുത്തൂർ, മരോട്ടിച്ചാൽ പ്രദേശങ്ങളിലെ സ്കൂളുകൾ സ്ഥാപിക്കുക വഴി വനിതാ പ്രാഥമിക വിദ്യാഭ്യാസത്തിന് കൂടുതൽ അവസരങ്ങൾ കൈവന്നു. എന്നാൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് വനിതകളുടെ പിന്നോക്കാവസ്ഥ തുടരുന്നതായാണ് അവലോകനങ്ങൾ വെളിപ്പെടുത്തുന്നത്. കൂടാതെ വിദ്യാർത്ഥികളേയും വിദ്യാർത്ഥിനികളേയും തുല്യരീതിയിൽ കണക്കാക്കുന്ന അദ്ധ്യാപകരുടേയും രക്ഷാകർത്താക്കളുടേയും എണ്ണം പകുതിയോളമെ വരുന്നുള്ളു.

| ഇനം | പുരുഷൻ | സ്ത്രീ |
|---|---|---|
| ആകെ | 19462 | 20170 |
| പട്ടികജാതി | 2350 | 2397 |
| പട്ടികവർഗ്ഗം | 125 | 109 |
| സ്കൂൾ വിദ്യാർത്ഥികൾ | 2521 | 2305 |
| സാക്ഷരർ | 15812 | 15387 |

തൊഴിൽ മേഖലയാണ് സാമൂഹിക സമത്വത്തിന്റെ സൂചകം എന്നിരിക്കെ സ്ത്രീ പ്രാതിനിധ്യം പുരുഷ പ്രാതിനിധ്യത്തേക്കാൾ കുറവാണ്. ഒരുകാലത്ത് കാർഷികവൃത്തിയിലാണ് ഏറ്റവും കൂടുതൽ സ്ത്രീകൾ ഏർപ്പെട്ടിരുന്നതെങ്കിൽ ഇന്നത് നിർമ്മാണ മേഖലയിലേക്ക് മാറിയിരിക്കുന്നു. ഇതിന് കാർഷിക രംഗത്തെ മുരടിപ്പും ഗൾഫ് പണത്തിന്റെ സ്വാധീനവും കാരണമായിട്ടുണ്ട്. അതേ സമയം തൊഴിലാളികളുടെ അപര്യാപ്തതയും തൊഴിൽരഹിതരുടെ വർദ്ധനവും ഒരു വൈരുദ്ധ്യമായി നിലനിൽക്കുന്നു. പുത്തൂർ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വനിതാ പ്രാതിനിധ്യം കൂടുതലാണ്. പ്രീപ്രൈമറി വിദ്യാഭ്യാസ രംഗത്തും വനിതകൾ മാത്രമാണ് പ്രവർത്തിക്കുന്നത്. എന്നാൽ സാങ്കേതിക പരിശീലനം ആവശ്യമുള്ള തൊഴിലുകളിൽ ഏർപ്പെടുന്ന

വനിതകളുടെ എണ്ണം വിരലിലെണ്ണാവുന്നത്രയേയുള്ളൂ. ഇതിനുകാരണം തൊഴിൽ മേഖലയിൽ സമൂഹം കൽപ്പിച്ചിട്ടുള്ള തെറ്റായ വിഭജന സ്വഭാവങ്ങളാണ്. ഇവിടത്തെ വീട്ടുജോലിക്കാരിൽ സ്ത്രീകൾ മാത്രമാണുള്ളത്. ദിവസവും ഗാർഹികജോലിയിൽ ഏർപ്പെടുന്ന കുടുംബനാഥകളുടെ പങ്ക് തൊഴിൽ മേഖലയിൽ അവഗണിക്കാനാവാത്തതാണ്. ഇവിടത്തെ ചെറുപ്പക്കാരികളിൽ വനിതാ വിദ്യാഭ്യാസ സ്ഥാപനങ്ങളോടുള്ള താൽപര്യം കൂടുതലായി കാണുന്നു. ഇത് സമൂഹത്തെ ലിംഗാടിസ്ഥാനത്തിൽ വിഭജിക്കുന്നതിന് കാരണമാകുന്നു. കൂടാതെ ഒഴിവാക്കാൻ എളുപ്പമുള്ളതും ആകർഷണീയത കൂടുതലുള്ളതുമായ അദ്ധ്യാപനം നേഴ്സിംഗ് തുടങ്ങിയ തൊഴിൽ രംഗത്താണ് സ്ത്രീകളെ കൂടുതൽ കണ്ടുവരുന്നത്. ഉന്നത വിദ്യാഭ്യാസ രംഗത്തേക്ക് പ്രവേശിക്കുന്ന പെൺകുട്ടികളിൽ നമ്മുടെ സമൂഹം വിവാഹ ജീവിത സ്വപ്നം കുത്തി വെയ്ക്കുന്നു. ഇത് ഒഴിവാക്കേണ്ടതാണ്. തൊഴിൽ ചെയ്യുന്ന വനിതകൾ കുടുംബത്തിന്റെ അധിക വരുമാന സ്രോതസ്സായാണ് കണക്കാക്കുന്നത്.

ഇവിടത്തെ സ്ത്രീകൾ ഉപഭോഗ സംസ്കാരത്തിന്റെ മായാവലയത്തിൽ ഒരു പരിധിവരെ അകപ്പെട്ടിരിക്കുന്നു. സാംസ്കാരികാധപതനത്തിന്റെ പുത്തൻ പ്രവണതകളായ കേബിൾ ടി. വി. യും ഉപഗ്രഹ ചാനലുകളും, സ്ത്രീകളെ കാര്യമായി സ്വാധീനിക്കുന്നു. സൗന്ദര്യ മത്സരങ്ങളിലൂടെ പ്രജ്ഞയെ നശിപ്പിച്ച് ശരീരത്തെ മാത്രം സ്വാധീനിക്കുന്ന സ്ഥിതി വിശേഷങ്ങളിലേക്കെത്തിക്കുന്നു. മദ്യം, മയക്കുമരുന്ന് തുടങ്ങിയവ സമൂഹത്തിൽ വ്യാപകമാകുന്നു. അതിനെതിരേ കാര്യമായി പ്രവർത്തിക്കുന്നതിന് സ്ത്രീ സംഘടനകൾക്ക് സാധിച്ചിട്ടില്ല. അതിന് കാരണം സാമൂഹിക പ്രവർത്തനങ്ങളോടുള്ള സ്ത്രീകളുടെ അലംഭാവവും നേതൃഗുണത്തിന്റെ അഭാവവുമാണ്. ബുദ്ധിശക്തിയെ വർദ്ധിപ്പിക്കുന്ന, സമൂഹത്തിന്റെ ഊഷ്മളാവസ്ഥ നിലനിർത്തുന്ന വായനാ ശീലത്തിന്റെ അപര്യാപ്തതയും മറ്റൊരു കാരണമാണ്. വായന എന്നാൽ പൈങ്കിളി വാരിക വായനയാണെന്ന രീതി മാറ്റേണ്ടതുണ്ട്.

സമൂഹത്തിന്റെ ഗതകാല പാരമ്പര്യങ്ങൾ നിലനിറുത്തി കൊണ്ടു തന്നെ അക്ഷരത്തെ പൂജിക്കുന്ന ഒര വസ്ഥ നിലനിർത്താൻ, സാമൂഹിക പ്രവർത്ത നങ്ങളുടെ നേതൃത്വം കയ്യാളുന്ന വനിതകളുയർന്നുവരേണ്ടതുണ്ട്. അതിന് വിദ്യാഭ്യാസവും സാമൂഹിക പദ്ധതിയും തമ്മിൽ ബന്ധപ്പെടുത്തി, സ്ത്രീ ധർമ്മം കുടുംബധർമ്മമെന്ന കൊളോണിയൽ ചട്ടക്കൂട് ഉപേക്ഷിക്കേണ്ടതുണ്ട്. പദവികളേക്കാൾ സമൂഹത്തിലെ സൃഷ്ടിപരമായ അദ്ധ്വാനത്തിന് പ്രാധാന്യം നൽകുന്ന ചിന്താഗതി സ്ത്രീകൾ വളർത്തേണ്ടതുണ്ട്. സഹ വിദ്യാഭ്യാസത്തിന് പ്രാധാന്യം കൊടുക്കുന്നതിലൂടെ മാത്രമേ സ്ത്രീകളും സമൂഹത്തിന്റെ അവിഭാജ്യ ഘടകമാണെന്ന ചിന്താഗതി വരികയുള്ളൂ. പുരുഷന്മാരിൽ നിന്ന് അകന്ന് നിൽക്കുകയാണ് സ്ത്രീ പ്രശ്നങ്ങൾക്ക് പരിഹാരമെന്ന ചിന്താഗതി മാറ്റി നാട്യങ്ങളും കാപട്യങ്ങളുമില്ലാത്ത സ്ത്രീ പുരുഷ സമത്വ സൗഹാർദ്ദ കാലാവസ്ഥയുണ്ടാക്കുകയാണ് നമ്മുടെ ലക്ഷ്യം.

## വനിതകളുടെ നിലവിലുള്ള അവസ്ഥ

പ്രായമുള്ള കുടുംബിനികളായ സ്ത്രീകളിൽ പലരും വിദ്യാസമ്പന്നരല്ല. സാക്ഷരതാ പരിപാടിയിലൂടെ എഴുതാനും വായിക്കാനും പലരും പ്രാപ്തി നേടുകയുണ്ടായി. പ്രായോഗിക കുടുംബ ജീവിതാന്തരീക്ഷങ്ങളിൽ നിന്നും പല നല്ല പാഠങ്ങളും ഉൾക്കൊള്ളാനും കഴിഞ്ഞിട്ടുണ്ട്. സേവന തുറകളിലൂടെ ലഭ്യമാകുന്ന പലതരം ആനുകൂല്യങ്ങൾ അവയെക്കുറിച്ചുള്ള പരിജ്ഞാന കുറവുമൂലം, സ്വായത്തമാക്കാൻ കഴിഞ്ഞിട്ടില്ല. ക്രിസ്തീയ മതവിഭാഗങ്ങളിൽ പെട്ട സ്ത്രീകൾ കുറച്ചുകൂടി സംഘടനാ ബോധമുള്ളവരും

ധാർമ്മിക - മതാവബോധം ഉള്ളവരുമാണ്. ഹൈന്ദവ സ്ത്രീകൾക്ക് ക്ഷേത്രങ്ങളിൽകൂടി ആദ്ധ്യാത്മിക ദൈവീക ചിന്ത പരിപോഷിപ്പിക്കുന്ന ചൈതന്യമേ കിട്ടുന്നുള്ളു. അടുത്ത തലമുറയെ അവരുടെ അടിസ്ഥാന സ്വഭാവരൂപീകരണത്തിലും പരിശീലിപ്പിക്കാൻ ചുമതലക്കാരായ അമ്മമാർ സ്വയം അവരിലെ ചാപല്യങ്ങളും, പോരായ്മകളും നികത്താൻ ശ്രദ്ധിക്കേണ്ടതുണ്ട്. ആൺകുട്ടികൾക്ക് തുല്ല്യം പെൺകുട്ടികൾക്കും വിദ്യാഭ്യാസം കൊടുക്കുന്നതിൽ സമൂഹത്തിൽ ഒരു പുതിയ പ്രവണത ഉണ്ടായികാണുന്നുണ്ട്. കർഷകത്തൊഴിലാളികൾ, ചെറുകിട കൃഷിക്കാർ, ചെറുകിട കച്ചവടക്കാരും, കൈത്തൊഴിലുകാരും ഇതര മേഖലയിലെ തൊഴിലാളികൾ എന്നിങ്ങനെ അദ്ധ്വാന ഭാരംകൊണ്ടും സാമ്പത്തിക ബുദ്ധിമുട്ടുകളാലും പ്രാരാബ്ധങ്ങളിൽ കെട്ട് പിണഞ്ഞ് കഴിയുന്ന കുടുംബാന്തരീക്ഷമുള്ള സ്ത്രീകൾക്ക് സ്ത്രീ സമത്വത്തെക്കുറിച്ചോ സമൂഹത്തിലെ പദവി സ്ഥാനമാനങ്ങൾ, ഉദ്യോഗം എന്നിവയെക്കുറിച്ചൊന്നും ചിന്തിക്കാൻ പോലും സാധിക്കുന്നില്ല. ചെറുപ്പ കാലങ്ങളിൽ അച്ഛനമ്മമാരുടേയും സഹോദരന്മാരുടേയും നിയന്ത്രണവും വിവാഹിതകൾക്ക് ഭർത്താവിന്റെയും അമ്മമാർക്ക് മക്കളുടേയും അമിതവും അനാവശ്യവുമായ പലതരം നിയന്ത്രണങ്ങളും ലക്ഷ്മണരേഖകളും സ്ത്രീ സ്വാതന്ത്ര്യത്തിന് ഇന്നും വിലക്കായി നിലകൊള്ളുന്നു. രാഷ്ട്രീയ സന്നദ്ധ സാമൂഹ്യ സംഘടനാ പ്രവർത്തനങ്ങൾ വേണ്ടത്ര വ്യാപിച്ചിട്ടില്ലാത്തതുകൊണ്ട് ഒരു നിശ്ചിത കാലയളവിനകം സ്ത്രീകളെ മോചിപ്പിക്കാൻ കഴിയുമെന്നും പ്രവചിക്കാനാവില്ല.

## പ്രശ്നങ്ങൾ

- കുടുംബിനികൾക്കിടയിലുള്ള മോശപ്പെട്ട വിദ്യാഭ്യാസ നിലവാരവും, പൊതുവിജ്ഞാനത്തിന്റെയും, ശാസ്ത്രസാങ്കേതിക വിദ്യകളെക്കുറിച്ചുള്ള അറിവു കുറവും.

2. സ്വസ്ഥതയില്ലാത്തതും പ്രാരാബ്ധങ്ങളും, സാമ്പത്തിക ക്ലേശങ്ങളും, നിറഞ്ഞതും, ശുചിത്വ ആരോഗ്യ രക്ഷക്ക് സാദ്ധ്യമല്ലാത്തതുമായ ഗൃഹാന്തരീക്ഷം.

3. തൊഴിൽ ലഭ്യത കുറവും സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള സാദ്ധ്യത കുറവും.

4. മഹിളാ സംഘടനകളുടെ എണ്ണത്തിലും ഗുണത്തിലും, പ്രവർത്തന പരിപാടികളിലും ഉള്ള കുറവ്.

5. സ്ത്രീ പീഡനങ്ങൾ, (സ്ത്രീധന പീഡനം, ജനറേഷൻ ഗ്യാപ് മൂലമുള്ള കൂട്ടുകുടുംബാവസ്ഥയിലെ പിരിമുറുക്കങ്ങൾ, ന്യൂക്ലിയർ ഫാമിലികളിലെ താളപ്പിഴകൾ, മദ്യപാനം, മയക്കുമരുന്ന് എന്നിവ മൂലമുള്ള കുടുംബ കലഹങ്ങൾ, ദുശ്ശീലങ്ങളും, അക്രമവാസന, ക്രൂരമനോഭാവം, സ്വാർത്ഥത എന്നിവ മൂലമുള്ള അവഗണനയും കയ്യേറ്റവും, വാക്കേറ്റവും നിലനിൽക്കുന്നു)

6. മാതൃ ശിശു ക്ഷേമ പ്രവർത്തന രംഗങ്ങളിലേ പോരായ്മകൾ.

7. കലാകായിക സംസ്കാരിക രംഗങ്ങളിലെ പങ്കാളിത്ത കുറവും, പ്രോത്സാഹന ലഭ്യത കുറവും.

8. പൊതുപ്രവർത്തന രംഗങ്ങളിലേക്ക് എത്താൻ സമൂഹത്തിൽ നിലവിലുള്ള വിലക്കും, ആചാരാനുഷ്ഠാനങ്ങളിലെ പരിഗണന കുറവും.

9. കൂലി നിരക്കിലെ വ്യത്യാസം അദ്ധ്വാനഭാരം നോക്കിയല്ല, സ്ത്രീയാണെന്നതു കൊണ്ടു മാത്രമാണ്.

10. തുടർ സാക്ഷരതാ പ്രവർത്തനങ്ങളുടെ അഭാവം.

11. പരമ്പരാഗത തൊഴിൽ രംഗത്തെ അവഗണിച്ചതും, നൂതന സാങ്കേതിക വിദ്യകൾ നൽകി സ്ത്രീകളെ പ്രാപ്തരാക്കാൻ ശ്രമിക്കാഞ്ഞതും.

12. നേതൃത്വ ഗുണം വളർത്തിയെടുക്കാൻ സജ്ജമാക്കാതിരിക്കലും തുല്യ പരിഗണന പുരുഷന്മാർക്കൊപ്പം പലമേഖലകളിലും നൽകാതിരിക്കലും.

13. പൊതു പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ ഭർത്താവും, രക്ഷാകർത്താക്കളും ഏർപ്പെടുത്തുന്ന വിലക്ക്.

14. ഭരിക്കപ്പെടാനുള്ളവരാണ് ഞങ്ങളെന്ന സ്വയം സമീപനം.

15. റിസർവ്വേഷനെന്ന നിലയിൽ മൂന്നിലൊന്നു പോലും ജനാധിപത്യ ഭരണ സംവിധാനങ്ങളിൽ അനുവദിക്കുന്നില്ല. ഭൂരിപക്ഷമെന്ന പരിഗണന ലവലേശം കിട്ടുന്നുമില്ല.

16. സ്ത്രീകൾക്കുള്ള സാമൂഹ്യക്ഷേമ പദ്ധതികൾ, വാർദ്ധക്യ കാലപെൻഷൻ, തൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ, നിർദ്ധനരായ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം, മിശ്ര വിവാഹാനുകൂല്യം, പ്രസവാനുകൂല്യം, പോഷകാഹാര പദ്ധതികൾ, ചികിത്സാസഹായങ്ങൾ.

17. കുടുംബകോടതി സെല്ലിന്റെ നിയമ സുരക്ഷാപദ്ധതി സേവനം കിട്ടുമാറാക്കൽ.

18. ഫാമിലി കൗൺസിലിംഗ് സംവിധാനങ്ങൾ നിലവിലില്ലാത്തത്.

19. വൃദ്ധ അഗതി മന്ദിരങ്ങളിൽ ആശ്രയമില്ലാത്തവർക്ക് അഭയം നൽകണം.

20. ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചും, വികസന പരിപാടികളിലെ പരിഗണനകളെക്കുറിച്ചും അറിവില്ലായ്മ.

21. ഭരണകാര്യങ്ങളെക്കുറിച്ചും സങ്കീർണ്ണതകളെക്കുറിച്ചും അവർ അജ്ഞരാണ്.

22. ഇവ വിതരണം ചെയ്യു കിട്ടാൻ ഇടനിലക്കാരെ സമീപിക്കാനോ, കൈകൂലി നൽകി കാര്യം സാധിക്കാനോ ആകില്ല എന്നത്.

23. രാഷ്ട്രത്തിന്റെ മുഖ്യധാരയിൽ നിന്നും വേർപ്പെട്ടുപോകുന്ന അനുഭവം.

## പരിഹാര നടപടികൾ

1. സ്ത്രീകളുമായി ബന്ധപ്പെട്ടുകിടക്കുന്ന സാമൂഹ്യ അനാചാരങ്ങൾ നമ്മക്കു വേണ്ടി പരിവർത്തനം ചെയ്യണം.

2. പെൺകുട്ടികളേയും ആൺകുട്ടികളെപ്പോലെ പഠിപ്പിക്കണം, സ്നേഹിക്കണം.

3. സാമുദായിക ഐക്യം വിലമതിക്കണം.

4. ശിശു വിവാഹം പാടില്ല.

5. ഒന്നിലധികം ഭാര്യമാരെ വെയ്ക്കാൻ പുരുഷന്മാരെ അനുവദിക്കരുത്.

6. ലൈംഗീക, ഭൗതീക ചൂഷണങ്ങളെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ഒഴിവാക്കണം, കനത്ത ശിക്ഷ നൽകണം.

7. ജനാധിപത്യ അധികാരകേന്ദ്രങ്ങളിൽ സ്ത്രീ പ്രതിനിധികളെ തുല്യമായി അവരോധിക്കണം.

8. ഗ്രാമങ്ങളിൽ 1000 ജനങ്ങൾക്ക് ഒന്നെന്ന വിധം ഐ.സി.ഡി.എസ്. പദ്ധതിയിലെ അംഗൻവാടികൾ രൂപീകരിക്കണം.

9. ഡി. ഡബ്ല്യൂ. സി. ആർ. എ. യൂണിറ്റുകൾ ആരംഭിച്ച് അതിലൂടെ

10 മുതൽ 15 വരെ സ്ത്രീകൾക്ക് തൊഴിൽ നൽകാൻ കഴിയുന്ന പ്രവർത്തനം കണ്ടെത്തണം. നെഴ്സറി, സ്കൂൾ, ട്യൂഷൻ സെന്റർ, വൃക്ഷവിള ചെടി നഴ്സറി, പപ്പട നിർമ്മാണം, പലഹാരങ്ങൾ, അച്ചാറുകൾ, വറവ് സാധനങ്ങൾ, പ്രിന്റിംഗ്, ബുക്ക് ബൈൻഡിംഗ്, കുട, അഗർബത്തി, നെയ്ത്ത്, ഫർണീച്ചർ നിർമ്മാണം, മൃഗപരിപാലനം, കോഴി വളർത്തൽ, പുഷ്പകൃഷി, പച്ചക്കറി, മുതലായവ.

10. സ്ത്രീ സംഘടനകളിലൂടെ ബോധവൽക്കരണം തൊഴിൽ പരിശീലനം എന്നിവ നൽകണം.

11. മദ്യനിരോധനവും, ലഹരി വിരുദ്ധ ബോധവൽക്കരണവും നടത്തി സാമൂഹ്യ അനീതികൾ തടയുന്ന അവസ്ഥയുണ്ടാക്കുക.

12. സ്ത്രീ പീഡനം കണ്ടെത്തി ശിക്ഷിക്കുക.

13. സ്ത്രീകളെ ലൈംഗീകമായി ചൂഷണം ചെയ്യുന്നതും, അസ്ലീല പോസ്റ്ററുകളും, ബ്ലൂഫിലിം കാസറ്റുകൾ എന്നിവയിലൂടെ പ്രദർശിപ്പിക്കുന്നതും നിർത്തലാക്കുക.

14. മാതൃ ശിശു ക്ഷേമ രംഗത്തെ പ്രവർത്തനങ്ങൾ മഹിളാ സംഘങ്ങളുടെപ്രവർത്തനങ്ങളിലൂടെ ഏകോപിപ്പിക്കുക.

15. നിയമ സഭയിലും പാർലമെന്റിലും (ലോകസഭ, രാജ്യസഭ) 33% സംവരണം വനിതകൾക്ക് നൽകണം.

16. പ്രൊഫഷണൽ വിദ്യാ കേന്ദ്രങ്ങളിലും സ്പെഷലൈസേഷനുകളിലും സ്ത്രീകൾക്ക് തുല്ല്യ സീറ്റ് നിലനിർത്തുക.

17. കലാ-കായിക-സാംസ്കാരിക പ്രകടനങ്ങളിലും, പ്രവർത്തനങ്ങളിലും സ്ത്രീകൾക്ക് തുല്ല്യ അവസരങ്ങൾ നൽകുക.

18. അദ്ധ്വാനത്തെ വിലയിരുത്തി പുരുഷന്മാർക്കുതുല്ല്യമായ വേതനം സ്ത്രീകൾക്കും നൽകുക.

19. പരമ്പരാഗത കൈതൊഴിൽ പ്രവർത്തനങ്ങളിൽ സ്ത്രീകൾക്ക് ആർ. എ. പി. പദ്ധതിയിൽ പരിശീലനം നൽകി തൊഴിലുകളിൽ ഏർപ്പെടാൻ അവരെ സഹായിക്കുക.

20. പൊതു വിതരണ സമ്പ്രദായം ശക്തവും സുരക്ഷിതവും ആക്കുക.

21. ശുചിത്വം, ആരോഗ്യ പരിപാലനം, മലിനീകരണം ഒഴിവാക്കൽ തുടങ്ങിയ മേഖലകളിൽ സ്ത്രീ സംഘടനകളെ പങ്കെടുപ്പിച്ച് അവബോധം നൽകുക.

22. കാർഷിക മേഖലയിലെ വികസ പ്രവർത്തനങ്ങളിൽ സ്ത്രീകളെ നിയോഗിക്കുക.

എ. വിളയിറക്കൽ, വിള്ള പരിപാലനം, വിളവെടുപ്പ്, വിളകൾ സംഭരിക്കൽ.

ബി. നടീൽ വസ്തുക്കളുടെ നേഴ്സറി പ്രവർത്തനം, വിത്ത് വിതരണം.

സി. കീട-രോഗ പ്രതിരോധ പ്രവർത്തനവും, വളം ചെയ്യൽ പ്രവർത്തനവും.

ഡി. കുറ്റമറ്റ രീതിയിൽ ഉല്പന്നങ്ങൾ സംഭരിച്ചു സൂക്ഷിച്ചു വെക്കൽ.

ഇ. പച്ചക്കറി കൃഷി, പൂകൃഷി.

എഫ്. പഴവർഗ്ഗ വിളകൃഷി.

ജി. കിഴങ്ങുവർഗ്ഗ പയറുവർഗ്ഗ കൃഷി.

എച്ച്. സുഗന്ധ വ്യഞ്ജന കൃഷി.

ഐ. പട്ടുനൂൽ കൃഷി.

ജെ. ഔഷധസസ്യ കൃഷി.

കെ. കൂൺ കൃഷി.

എൽ. വെറ്റില കൃഷി എന്നിവയിൽ

23. കാർഷിക വിളകളെയും, പഴവർഗ്ഗ പച്ചക്കറിയിനങ്ങളെയും ഉല്പന്നങ്ങളാക്കുന്ന പ്രോസ്സസിംഗ് യുണിറ്റുകളുടെ പ്രവർത്തനങ്ങളിലെ വിഭവ നിർമ്മാണവും, പാക്കിംഗും, വില്പനയും, മാനേജുമെന്റും ഉൾപ്പെടെ സാദ്ധ്യമായ എല്ലാ മേഖലകളിലും സ്ത്രീകൾക്ക് അവസരം നൽകുക.

24. മൃഗ സംരക്ഷണ രംഗത്തെ, പാൽ, മുട്ട, മാംസ ഉല്പാദന പ്രവർത്തനങ്ങളിലും, ആട്, മുയൽ വളർത്തലിലും ഓമന പക്ഷിമൃഗങ്ങളെ വളർത്തി വിപണനം ചെയ്യുന്നതിലും സ്ത്രീകളെ ഉപയോഗപ്പെടുത്തണം.

25. ഭക്ഷ്യ വിഭവങ്ങളെ ഫാസ്റ്റ് ഫുഡ് ഇനങ്ങൾ ഉല്പാദിപ്പിച്ച് വിപണനം ചെയ്യുന്ന പ്രവർത്തനങ്ങളിലും സ്ത്രീകളെ ഇടപ്പെടുത്താം.

26. അലങ്കാര മത്സ്യങ്ങളെ വളർത്തലിൽ ഏർപ്പെടുത്താം.

27. സാക്ഷരതാ-തുടർ പരിപാടികൾ മഹിളാ സംഘങ്ങളിലൂടെ നടപ്പാക്കണം.

28. വ്യവസായ വകുപ്പ്, വനിതാ വികസന കോർപ്പറേഷൻ, ഖാദി ബോർഡ്, ഹരിജനക്ഷേമ വകുപ്പ്, ഹരിജനക്ഷേമ കോർപ്പറേഷൻ, സെറിഫെഡ്, കപ്പാർട്ട്, ഗ്രൂപ്പ് ഐ. ആർ. ഡി. പി. , സിഡ്ബി. യുടെ ഇൻഫോർമൽ ബാങ്കിംഗ്, ഡി. ആർ. ഡി. എ.യിലേയും ഡി. ഡബ്ല്യൂ. സി. ആർ. എ. യിലേയും വ്യവസായ പദ്ധതികൾ തുടങ്ങിയവയിൽ സ്ത്രീകളെ മോചിപ്പിക്കാനും, രക്ഷിക്കാനും ഉതകുന്ന പദ്ധതികൾ ആരംഭിക്കണം.

29. വിദ്യാഭ്യാസ രംഗത്ത് നേഴ്സറി സ്കൂളുകൾ, ഡെകെയർ സെന്ററുകൾ, ക്രഷുകൾ, അംഗൻവാടികൾ, ട്യൂഷൻ സെന്ററുകൾ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ നടത്തിപ്പ് സ്ത്രീ സംഘടനകൾക്ക് ഏറ്റെടുത്ത് നടപ്പിലാക്കാൻ കഴിയും.

30. സ്വയം തൊഴിൽ പരിപാടികളായി ടെലിഫോൺ ബൂത്ത്, ടൈപ്പ്റെറ്റിംഗ് സെന്റർ, ഫോട്ടോകോപ്പിയിങ്, ലാമിനേഷൻ, മിൽക്ക് ബൂത്ത്, ബ്യൂട്ടിപാർലർ, തുടങ്ങി സ്റ്റേഷനറി, ആഭരണ, വസ്ത്ര, വില്പനാസംരഭങ്ങൾ വരെ വനിതകൾക്ക് ഏറ്റെടുത്ത് നടപ്പിലാക്കാൻ കഴിയുന്ന രംഗങ്ങളാണ്.

31. അപ്രന്റീസ് പ്രവർത്തനങ്ങളിലൂടെ കൂടുതൽ സ്ത്രീകളെ തൊഴിലിൽ പരിശീലനം നൽകണം.

32. കുടുംബങ്ങളിലെ പ്രാഥമിക സൗകര്യങ്ങളിലെ പോരായ്മ പരിഹരിക്കുന്നതിന് ആവശ്യമായ ബോധവൽക്കരണവും, പരിശീലനവും സ്ത്രീ സംഘടനകളിലൂടെ നടപ്പിലാക്കണം.

33. കുടിവെള്ളം, ഭക്ഷണം പാചകം ചെയ്യൽ, ആരോഗ്യ പ്രവർത്തനം, കുട്ടികളേയും വൃദ്ധരേയും പരിപാലിക്കൽ തുടങ്ങി കുടുംബക്ഷേമ പ്രവർത്തനങ്ങളിൽ പുരുഷന്മാരേക്കാൾ ഉൾക്കാഴ്ചയോടെ കണ്ടറിഞ്ഞ് പ്രവർത്തിക്കാൻ സ്ത്രീകൾക്കും, അവരുടെ സംഘടനകൾക്കും കഴിയും.

34. സത്രീകളുടെ ക്ഷേമത്തിന് വനിതാ സഹകരണ സംഘങ്ങളും ചാരിറ്റബിൾ ഓർഗനൈസേഷനുകളും രൂപീകരിച്ച് വിവിധ മേഖലകളിൽ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തണം.

# വ്യവസായം

പുത്തൂർ പഞ്ചായത്ത് പ്രദേശം പശ്ചിമഘട്ട മേഖലയിൽപെട്ട കുന്നിൻ ചെരിവുകളാൽ അലംകൃതമായ കിഴക്കൻ മലയോരവും കൈനൂർ, പുത്തൂർ, മരത്താക്കര പ്രദേശങ്ങൾ ഉൾപ്പെടുന്ന സമതലപ്രദേശവുമാണ്. അതിനാൽ കൃഷിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരാണ്. അധികവും. പഞ്ചായത്തിലെ 11, 12, 13, 14 വാർഡുകളിലായി കളിമണ്ണുകൊണ്ട് പ്രവർത്തിക്കുന്ന 32 ഓട്ട് കമ്പനികളും മരം ഉപയോഗിച്ചുള്ള 28 പാക്കിംഗ് കെയ്സ് വ്യവസായ യൂണിറ്റുകളും, പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി കരിങ്കല്ല് വ്യവസായ യൂണിറ്റുകളും നിലവിലുണ്ട്. മരത്താക്കര ഭാഗത്ത് 3 മരക്കമ്പനികളും പ്രവർത്തിക്കുന്നു. നാടൻ ഇഷ്ടിക നിർമ്മാണം വിവിധ ഭാഗങ്ങളിലായി നടക്കുന്നുണ്ട്. മണ്ണ്, കളിമണ്ണ് എന്നിവ കുഴിച്ചെടുക്കുന്നതിനും നിയന്ത്രണങ്ങൾ വരുന്നതിനാലും സീസണുകളിൽ തൊഴിലാളികൾ ലഭിക്കാത്തതിനാലും, വായ്പകൾ ലഭിക്കാത്തതിനാലും, ഈ വ്യവസായങ്ങൾ തകർച്ചയെ നേരിടുന്നു. പാലക്കാടൻ ഇഷ്ടികയുടെ വരവ് നമ്മുടെ ഇഷ്ടിക പണിയെ കാര്യമായി ബാധിച്ചിട്ടുണ്ട്. പവർകട്ടും, വോൾട്ടേജ് കുറവും, മരത്തിന്റെ ദൗർലഭ്യം മരവ്യവസായങ്ങളെയും പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. തൊഴിൽ ദിനങ്ങളിലും കുറവുണ്ടാകുന്നു. ഇതിനു പുറമെ സ്വർണ്ണ പണി, പ്രിന്റിംഗ്, കല്ലാശാരി, ബീഡി തെറുപ്പ്, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം എന്നീ രംഗങ്ങളിലും ചെറിയ വ്യവസായ സംരംഭങ്ങൾ ഉണ്ടെങ്കിലും എടുത്തു പറയാവുന്ന ഒന്നും തന്നെയില്ല. കരിങ്കല്ല് പൊട്ടിക്കുന്നതിനും, മെറ്റൽ ഉടയ്ക്കുന്നതിനും മറ്റും സ്വകാര്യ യൂണിറ്റുകൾ പലതും ഉണ്ടെങ്കിലും വെട്ടുകാട് കരിങ്കൽ തൊഴിലാളി സഹകരണ മേഖലയിൽ മാന്ദാമംഗലത്ത് ആരംഭിച്ച മുരുക്കുംപാറ പാറമട പ്രവർത്തനം നിലച്ചിരിക്കുകയാണ്. പൊതുവേ നമ്മുടെ പഞ്ചായത്ത് വ്യവസായ വളർച്ചയിൽ വളരെ പിന്നിലാണ്.

## വ്യവസായ മുരടിപ്പിനുള്ള കാരണങ്ങൾ

1. വ്യവസായങ്ങളെ കുറിച്ചുള്ള അറിവില്ലായ്മ.
2. വ്യവസായ വികസനത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ, സാങ്കേതിക വിവരങ്ങൾ, വിപണികൾ, തൊഴിൽപരിശീലനം, വ്യവസായ സംരംഭകർക്കുള്ള പരിശീലനം, വായ്പാ സൗകര്യങ്ങൾ എന്നിവയുടെ അഭാവം.
3. അമിതമായ ഭൂമി വില, ഗതാഗത സൗകര്യങ്ങളുടെ കുറവ് എന്നിവ പരിഹരിക്കുന്നതിൽ വ്യക്തമായ വീക്ഷണത്തിന്റെ അഭാവം.
4. സാങ്കേതിക വിദഗ്ദ്ധരുടെ കുറവ്.
5. നഗരപ്രദേശങ്ങളിൽ നിന്നുള്ള ദൂരം.
6. പകുതിയിലധികം പേർ പട്ടയമില്ലാത്ത ഭൂമിയിൽ താമസിക്കുന്നതിനാൽ വായ്പ ലഭിക്കുവാനുള്ള തടസ്സം.
7. വനവുമായി അടുത്ത് കിടക്കുന്നതിനാൽ തടിവ്യവസായങ്ങൾക്ക് അനുവാദം ലഭിക്കുന്നില്ല. (ഉദാ. തീപ്പെട്ടി, പാക്കിംഗ് കെയ്സ്, ഫർണിച്ചർ)
8. വ്യവസായ വികസനത്തിൽ താൽപര്യം കാണിക്കാത്ത രാഷ്ട്രീയ സാമൂഹ്യ പാശ്ചാത്തലം.
9. വ്യവസായ സ്തംഭനം സൃഷ്ടിക്കുന്നതിൽ ട്രേഡ് യൂണിയനുകളും, രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഉണ്ടാക്കാവുന്ന പ്രശ്നങ്ങളെ കുറിച്ചുള്ള ആശങ്ക.

11. ചെറുപ്പക്കാർക്ക് സർക്കാർ ഉദ്യോഗത്തോടുള്ള അമിത താൽപര്യം.

12. പഞ്ചായത്തിന്റെ സമഗ്രവികസനത്തേക്കാൾ സേവന മേഖലക്ക് ഊന്നൽ നൽകിയ ഭരണസമിതികളുടെ ഇടപെടൽ.

13. മുതൽ മുടക്കാൻ ശേഷിയുള്ളവരുടെ അഭാവം.

14. ഹൈവോൾട്ടേജ് വൈദ്യുതി ലഭിക്കുവാനുള്ള പ്രയാസം പവർക്കട്ട് മൂലമുണ്ടാകുന്ന ഉല്പാദന ക്ഷമതയുടെ കുറവ്.

## വിവിധ വ്യവസായ മേഖലകൾ

### 1. കുടിൽ വ്യവസായങ്ങൾ

കുട്ട, പായ, മൺപാത്രങ്ങൾ, ചൂരൽ പണി, ചാട്ടവാർ നിർമ്മാണം എന്നിവ മുൻകാലങ്ങളിൽ ചില പ്രദേശങ്ങളിൽ ഉണ്ടായിരുന്നെങ്കിലും മുള, ഈറ്റ, ചൂരൽ, തഴപ്പായ, കളിമണ്ണ് എന്നീ അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യതക്കുറവും വിപണന സൗകര്യമില്ലായ്മയും മൂലം ഇത് ഇന്ന് കുറഞ്ഞു വരികയാണ്. എന്നാൽ ഈ തൊഴിലുമായി ബന്ധപ്പെട്ടുവരുന്ന മുഴുവൻ പേരേയും പഞ്ചായത്ത് തലത്തിൽ ഏകോപിപ്പിച്ച് ആവശ്യമായ അസംസ്കൃത വസ്തുക്കൾ നൽകുകയും കേന്ദ്രീകൃത വിപണന സൗകര്യം ഏർപ്പെടുത്തുകയും ചെയ്താൽ ഈ വ്യവസായങ്ങൾ നല്ല രീതിയിൽ പുനരാരംഭിക്കുവാൻ സാധിക്കും.

### 2. ചെറുകിട വ്യവസായം

പ്രധാനമായും മരത്താക്കര മേഖലയിൽ നടക്കുന്ന മരമുപയോഗിച്ചുള്ള പാക്കിംഗ് കെയ്സും വിവിധ വാർഡുകളിലായി നടന്നു വരുന്ന കരിങ്കൽ ക്വാറികളും നാടൻ ഇഷ്ടിക നിർമ്മാണവും ആണ്. ഇവ എല്ലാം സ്വകാര്യ മേഖലയിൽ ആയതിനാൽ മണ്ണ് എടുക്കുന്നതിനും കരിങ്കല്ല് പൊട്ടിച്ചെടുക്കുന്നതിനും സർക്കാർ വിലക്കുകളും ജനകീയ രാഷ്ട്രീയ വ്യക്തിഗത തടസ്സ വാദങ്ങളും ഉത്ഭവിക്കുന്നതിനാൽ ഇതെല്ലാം തന്നെ പ്രതിസന്ധിയെ നേരിടുകയാണ്. മരത്തിന്റെ കുറവും വൈദ്യുതി വോൾട്ടേജ് കുറവും പവർകട്ടും പാക്കിംഗ് കെയ്സ് വ്യവസായത്തേയും പ്രതികൂലമായി ബാധിക്കുന്നു.

### 3. ആധുനിക വ്യവസായം

നമ്മുടെ പഞ്ചായത്തിൽ കളിമണ്ണ് ഉപയോഗിച്ച് ഓട്, ഇഷ്ടിക, തറഓട്, തുടങ്ങിയവ നിർമ്മിക്കുന്ന 22 ഫാക്ടറികൾ നമ്മുടെ പഞ്ചായത്തിലെ 11,12,13,14 വാർഡുകളിലായി പ്രവർത്തിക്കുന്നുണ്ട്. ഇതിൽ രണ്ടെണ്ണം പ്രവർത്തിക്കുന്നില്ല. എന്നാൽ കളിമണ്ണ് കിട്ടുവാനുള്ള പ്രയാസവും ഫാക്ടറികളിലേക്ക് മണ്ണു കൊണ്ടുപോകുമ്പോൾ ഉണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങളും വിറക്, മണ്ണ് തുടങ്ങിയ അവശ്യ വസ്തുക്കളുടെ കുറവും ഫാക്ടറികളുടെ വികസനത്തെ ബാധിച്ചു കൊണ്ടിരിക്കുന്നു. കൂടാതെ ആധുനിക രീതിയിലുള്ള ഓടുകളും മറ്റും ഉണ്ടാക്കുന്നതിന് പടിപടിയായി ഈ മേഖല മാറിയിട്ടില്ല. ഓട്ടുക്കമ്പനികൾ നിലനിൽക്കുന്നതിന് ആവശ്യമായ നൂതന സാങ്കേതിക വിദ്യകൾ നടപ്പാക്കുന്നതിനും അസംസ്കൃത പദാർത്ഥങ്ങൾ ലഭ്യമാക്കുന്നതിനും വിപണന മേഖല ഏകീകരിക്കുന്നതിനും ഈ മേഖലയുമായി ബന്ധപ്പെടുത്തി ഒരു പഞ്ചായത്ത്തല സമിതി രൂപീകരിക്കേണ്ടതാണ് എന്നാൽ, റബർ,

ഇലക്ട്രോണിക്സ്, പ്ലാസ്റ്റിക്, പഴം, പച്ചക്കറി സംസ്ക്കരണം തുടങ്ങിയവയുമായി ബന്ധപ്പെട്ട വൻകിട, ചെറുകിട, കുടിൽ വ്യവസായങ്ങൾക്ക് സ്വകാര്യ, പൊതു, സഹകരണ മേഖലകളിൽ ഏറെ സാദ്ധ്യത കാണുന്നുണ്ട്. കൂടാതെ പ്രകൃതി അറിഞ്ഞനുഗ്രഹിച്ച് നൽകിയിട്ടുള്ള കരിങ്കല്ല് വ്യവസായ വികസനത്തിന് വളരെ വലിയ സാദ്ധ്യത നമ്മുടെ പഞ്ചായത്തിൽ കാണുന്നു. വെട്ടുകാട് കരിങ്കൽ തൊഴിലാളി സഹകരണ സംഘത്തിന്റെ പരിധിയിൽ പെടുത്തി കരിങ്കൽ വ്യവസായം നല്ല രീതിയിൽ നടപ്പാക്കാവുന്നതാണ്.

## തൊഴിലാളികളെ സംബന്ധിച്ചുള്ള വിവരങ്ങൾ

നമ്മുടെ പഞ്ചായത്തിലെ ആകെ ജനസംഖ്യാ 1991 ലെ സെൻസസ് പ്രകാരം 39, 632 ആണ്. ഉല്പാദന, സംസ്ക്കരണ, സേവന മേഖലയിലുള്ള കുടുംബ വ്യവസായങ്ങളിൽ 187 പുരുഷന്മാരും, 73 സ്ത്രീകളും ജോലി ചെയ്തിരുന്നു. കുടുംബ വ്യവസായങ്ങളല്ലാത്ത ഈ മേഖലയിൽ 1834 പുരുഷന്മാരും, 750 സ്ത്രീകളും, വ്യാപാര, കച്ചവട മേഖലകളിലായി 1139 പുരുഷന്മാരും, 98 സ്ത്രീകളും, നിർമ്മാണ തൊഴിൽ രംഗത്ത് 370 പുരുഷന്മാരും, 44 സ്ത്രീകളും, ഗതാഗത വാർത്താവിനിമയ രംഗത്ത് 986 പുരുഷന്മാരും, 13 സ്ത്രീകളും ഭാഗികമായ തൊഴിൽ രംഗത്ത് 313 പുരുഷന്മാരും, 502 സ്ത്രീകളും, മറ്റ് സേവന രംഗത്ത് 912 പുരുഷന്മാരും, 562 സ്ത്രീകളും, കൂടാതെ 2697 പുരുഷന്മാരും, 1860 സ്ത്രീകളും കർഷക തൊഴിലാളികളായിട്ടുണ്ട്. തൊഴിലില്ലാത്തതും മറ്റ് തൊഴിലിൽ 8913 പുരുഷന്മാരും, 15760 സ്ത്രീകളും, നമ്മുടെ പഞ്ചായത്തിലുണ്ട്.

നമ്മുടെ പഞ്ചായത്തിൽ കരിങ്കല്ല്, കളിമണ്ണ്, വനവകുപ്പിന്റെ നശിച്ചുകൊണ്ടിരിക്കുന്ന മരങ്ങൾ, റബർ, നാളികേരം, കശുവണ്ടി, നേന്ത്രക്കായ, ചകിരി, ചിരട്ട, റബർതടി, ഔഷധസസ്യങ്ങൾ, വനവിഭവങ്ങൾ, മാങ്ങ, ചക്ക, കശുമാങ്ങ, ഇഞ്ചി, മഞ്ഞൾ, കുരുമുളക്, വാഴപ്പിണ്ടി, അറക്കപ്പൊടി, പാൽ, മാംസം, അടയ്ക്ക, തുടങ്ങിയ അസംസ്കൃത വസ്തുക്കൾ ലഭ്യമാണ്. ഈ വിഭവങ്ങൾ വ്യാവസായിക മേഖലയിലേക്ക് ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല.

ഓട്, പാക്കിംഗ് കെയ്സ് വിപണനം പൊതുവേ തമിഴ്നാട് സംസ്ഥാനത്തെ ആശ്രയിച്ചാണിരിക്കുന്നത്.

പഞ്ചായത്തിൽ വ്യാവസായിക എസ്റ്റേറ്റുകൾ ഒന്നും തന്നെയില്ല. ആയത് ആരംഭിക്കേണ്ടതുണ്ട്. കൂടാതെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട തൊഴിലാളികളാണ് കൂടുതൽ. അതുകൊണ്ട് ഇവർക്ക് അതുമായി ബന്ധപ്പെട്ട സാങ്കേതിക വിജ്ഞാനം കൊടുക്കേണ്ടത് അത്യാവശ്യമാണ്.

## വ്യവസായ വികസനത്തിന് ഉതകുന്ന നിർദ്ദേശങ്ങൾ

നമ്മുടെ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന പ്രകൃതിദത്ത വിഭവങ്ങളായ കരിങ്കൽ, കളിമണ്ണ്, തഴ, മുള, വനവിഭവങ്ങൾ, മരം (റബർ ഉൾപ്പെടെ) മണ്ണ് തുടങ്ങിയ അസംസ്കൃത വസ്തുക്കൾ ഇവിടെത്തന്നെ സംസ്ക്കരിച്ച് മൂല്യവർദ്ധന നടത്തി വലുതും ചെറുതുമായ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സാദ്ധ്യത കാണുന്നു. കൂടാതെ ഇവിടെ ഉല്പാദിപ്പിക്കുന്ന തോട്ടവിള ഉല്പന്നങ്ങളായ റബർ, നാളികേരം, അടയ്ക്ക, കശുവണ്ടി, കുരുമുളക് എന്നിവയും മറ്റ് കാർഷിക വിഭവങ്ങളായ ഇഞ്ചി, മഞ്ഞൾ, ഔഷധ സസ്യങ്ങൾ, പഴംപച്ചക്കറി, പാൽ, മാംസം, മുട്ട എന്നിവ കൊണ്ടുള്ള ചെറുകിട കുടിൽ വ്യവസായ യൂണിറ്റുകളും തുടങ്ങാവുന്നതാണ്. അതുപോലെ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന വാഴപ്പിണ്ടി, ചകിരി, ചിരട്ട തുടങ്ങിയ

വസ്തുക്കൾ നശിപ്പിച്ചുകളയുന്നുണ്ട്. ഇവകൾ സംസ്ക്കരിച്ച് വ്യവസായ വളർച്ചക്ക് ഉപയോഗപ്പെടുത്താം.

മേൽപറഞ്ഞവയ്ക്ക് പുറമെ വസ്ത്ര നിർമ്മാണം കുട, സോപ്പ്, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ, കടലാസ് ഉല്പന്നങ്ങൾ, അലൂമിനിയം ഫാബ്രിക്കേഷൻ, ഇരുമ്പ് ഉപയോഗിച്ചുള്ള കാർഷിക ഉപകരണ നിർമ്മാണം, വർക്ക്ഷോപ്പുകൾ, സ്വർണ്ണ പണി, കല്ലാര, ബേക്കറി, ജൈവവള നിർമ്മാണം, ടയർ റീ - ട്രെഡിംഗ്, ചെരിപ്പ് നിർമ്മാണം, എംബ്രോയ്ഡറി, ഗോൾഡ് കവറിംഗ്, ശിതള പാനിയങ്ങൾ, കാലിത്തിറ്റ, കറിപൗഡർ, സ്റ്റീൽ ഫർണിച്ചർ, കളിപ്പാട്ടങ്ങൾ, ബിസ്ക്കറ്റ്, ഹാച്ചറികൾ, പ്ലൈവുഡ്, തുണിനെയ്ത്ത്, പവർലൂം, മിഠായി, കോൾഡ് സ്റ്റോറേജുകൾ, സിമന്റ്-കോൺക്രീറ്റ് ഫർണിച്ചറുകൾ, തീപ്പെട്ടി തുടങ്ങിയ വളരെയധികം ഉല്പന്നങ്ങൾ ചെറുകിട കുടിൽ വ്യവസായ മേഖലയിൽ ആരംഭിക്കാവുന്നതാണ്. ഇതിന് താഴെ പറയുന്ന സംഗതികൾ അത്യാന്താപേക്ഷിതമാണ്.

1. പഞ്ചായത്തിലെ ജനപ്രതിനിധികൾ, ധനകാര്യ സ്ഥാപനങ്ങൾ, വ്യവസായം, ഗ്രാമ വികസനം, വൈദ്യുതി എന്നീ വകുപ്പുദ്യോഗസ്ഥരും സാമൂഹ്യ പ്രവർത്തകരും ഉൾക്കൊള്ളുന്ന ഒരു പഞ്ചായത്ത് തല വ്യവസായിക വികസന സമിതി രൂപീകരിക്കണം.

2. വ്യവസായത്തെ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനു സാങ്കേതിക വിദഗ്ദ്ധരുടെ ഒരു സന്നദ്ധ ഗ്രൂപ്പ് ഉണ്ടാക്കണം.

3. സാങ്കേതിക പരിശീലനത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും അടിസ്ഥാനത്തിൽ തൊഴിൽ രഹിതരുടെ സ്ഥിതി വിവിര പട്ടിക തയ്യാറാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു സ്വയം തൊഴിൽ എക്സ്ചേഞ്ച് രൂപീകരിക്കണം. ഈ എക്സ്ചേഞ്ചിൽ നിന്നും ആളുകളെ തിരഞ്ഞെടുത്ത് പരിശീലിപ്പിച്ച് പുതിയ തൊഴിൽ സാദ്ധ്യതകൾ കണ്ടെത്തണം.

4. പുതിയ വ്യവസായങ്ങൾ കൂട്ടായി നടത്തുന്നതിന് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ആരംഭിക്കണം. പഞ്ചായത്തിൽ കുറഞ്ഞത് രണ്ട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ആവശ്യമാണ്. അതിൽ ഒന്ന് പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗത്തായി കല്ല്യാണ മണ്ഡപം പണിയുന്നതിന് വാങ്ങിയിട്ടിരുന്ന 50 സെന്റ് സ്ഥലത്ത് ആകുന്നത് നന്നായിരിക്കും. അവിടെ ഷെഡുകൾ പണിയുകയും വിവിധ വ്യവസായങ്ങൾക്ക് പ്രയോജനപ്പെടുത്തുകയും ചെയ്യാം. മറ്റൊന്ന് കിഴക്കൻ മേഖലയിൽ അത്യാവശ്യമാണ്. പ്രത്യേകിച്ച് റബർ, നാളികേരം, വനവിഭവങ്ങൾ എന്നിവയുടെ ലഭ്യത ഈ മേഖലയിൽ ധാരാളം ഉണ്ട്.

5. ചെറുകിട വ്യവസായങ്ങളിൽ വസ്ത്ര നിർമ്മാണം, സോപ്പ്, പായ, കുട, കയറുല്പന്നങ്ങൾ, പഴം പച്ചക്കറി സംസ്ക്കരണ യൂണിറ്റുകൾ എന്നിവ ഒരു കൂട്ടായ പരിപാടിയിലൂടെ നടത്തുന്നതു വഴി കൂട്ടായ പ്രവർത്തന ശൈലി, ഉല്പാദന രീതി, വിപണി, നൂതന ഡിസൈൻ, എന്നിവ വഴി കാര്യക്ഷമമായി നടത്തുന്നതിന് പഞ്ചായത്ത് തലത്തിൽ ചെറുകിട വ്യവസായ യൂണിറ്റുകളുടെ സമൂഹം രൂപീകരിച്ച് പ്രവർത്തിപ്പിക്കാവുന്നതാണ്.

6. വ്യവസായ രംഗത്ത് കടന്നുവരുന്നവർക്ക് സാമ്പത്തിക സാങ്കേതിക സഹായങ്ങൾ ഏതൊക്കെ വ്യവസായത്തിന് ഏത് സ്ഥാപനങ്ങളിൽ നിന്നും ലഭിക്കും എന്നതിന്റെ പൂർണ്ണ വിവരങ്ങൾ പഞ്ചായത്ത് വ്യവസായ വികസന സമിതി മുഖേന ലഭ്യമാക്കണം.

7. പുതിയ വ്യവസായ സംരംഭങ്ങളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് 5 അംഗ മോണിറ്ററിംഗ് സമിതി രൂപീകരിക്കണം.

8. പുതിയ വ്യവസായങ്ങൾക്ക് അനുവാദം നൽകുന്നതിനാവശ്യമായ വിവിധ വകുപ്പുകളെ സംബന്ധിച്ച അനുമതി പത്രങ്ങൾ കാലതാമസം കൂടാതെ ലഭിക്കുന്നതിനുള്ള സൗകര്യം പഞ്ചായത്ത് തലത്തിൽ ഉണ്ടാക്കണം.

9. പഞ്ചായത്തിനകത്ത് പ്രവർത്തിക്കുന്ന പൊതുമേഖലയൊഴിച്ചുള്ള എല്ലാ വ്യവസായ സ്ഥാപനങ്ങളിലേയും തൊഴിൽ വേതന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പരമാധികാരം പഞ്ചായത്ത് വ്യവസായ വികസന സമിതിക്കായിരിക്കണം.

10. പട്ടയമില്ലാത്ത പ്രദേശങ്ങളിൽ വ്യവസായം തുടങ്ങുന്നതിന് ഇത്തരം ഭൂമികളിൽ താമസിക്കുന്നവർക്ക് പഞ്ചായത്ത് പ്രത്യേകം ലിസ്റ്റ് ഉണ്ടാക്കി സർവേ സ്കെച്ചും മാപ്പും തയ്യാറാക്കി ഭൂമിക്ക് റജിസ്ട്രേഷൻ നൽകുകയും ആ രേഖകളുടെ ഈടിന്മേൽ വ്യവസായത്തിന് വായ്പകൾ, വൈദ്യുതി കണക്ഷൻ, എൻ. ഒ. സി. എന്നിവ ലഭിക്കാൻ പ്രത്യേക സംവിധാനമുണ്ടാകണം.

11. പഞ്ചായത്തിൽ നിർമ്മിക്കപ്പെടുന്ന ചെറുകിട കുടിൽ വ്യവസായ ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിന് ഇത്തരം യൂണിറ്റുകളെ ചേർത്ത് ഒന്നോ രണ്ടോ മാർക്കറ്റിംഗ് സംഘങ്ങൾ ആരംഭിക്കണം. അതൊടൊപ്പം മുരുക്കുംപാറ കരിങ്കൽ ക്വാറികളെ പ്രവർത്തനോന്മുഖമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

12. ഫർണീച്ചർ, പാക്കിംഗ് കെയ്സ്, ചൂരൽ തുടങ്ങിയ മേഖലകളിൽ ലൈസൻസ് ലഭിക്കുന്നതിന് വനംവകുപ്പ് ഉണ്ടാക്കുന്ന തടസ്സങ്ങൾ ഒഴിവാക്കുന്നതിന് വനമേഖലയിൽ പുതിയ പദ്ധതിയുണ്ടാക്കണം. (ഉദാ. റബർ, മട്ടി ഉപയോഗിച്ചുള്ള തീപ്പെട്ടി, കുട്ടനെയ്ത്ത്)

13. വിദ്യാസമ്പന്നരും മുതൽമുടക്കാൻ കഴിയുന്നവരും വിദേശ നിക്ഷേപം മുടക്കുന്നതിന് സാധിക്കുന്നവരുമായ ആളുകളെ കണ്ടെത്തി വ്യവസായം തുടങ്ങുന്നതിന് വ്യവസായ സംരംഭകത്വ പരിശീലനം നൽകണം.

14. പീച്ചി, ചിമ്മിണി ഡാമുകളും ഇലഞ്ഞിപ്പാറ - ഓലക്കയം വെള്ളച്ചാട്ടവും പുത്തൂരിൽ തുടങ്ങാൻ പോകുന്ന മൃഗശാലയും പുത്തൂരിൽ തന്നെയുള്ള കായലിൽ ബോട്ട് സർവീസ് നടത്തുകയും ഇതെല്ലാം ബന്ധപ്പെടുത്തി ടൂറിസം പ്രോത്സാഹിപ്പിച്ചാൽ ആ രംഗത്തെവ്യവസായം വികസിപ്പിക്കാവുന്നതാണ്.

നമ്മുടെ ഗ്രാമസഭകൾ സജീവമായി പരിഗണിച്ച വ്യവസായ സാദ്ധ്യതയുടെ പട്ടിക ഇതൊന്നിച്ച് വെയ്ക്കുന്നു. (വിവിധ മേഖലകളിൽ)

## സാദ്ധ്യതയുള്ള വ്യവസായങ്ങൾ

### സഹകരണ മേഖലയിൽ

1. പവർലൂം (ഖാദി നെയ്ത്ത്).
2. കരിങ്കല്ല് ഉപയോഗിച്ച് ഗ്രാനൈറ്റ് ഫാക്ടറി.
3. റബർ ഉപയോഗിച്ച് ടയർ ഫാക്ടറി.
4. കരിങ്കൽ ക്വാറി.
5. കൊപ്ര സംഭരണവും, സംസ്കരണവും.

വിപണനവും.

6. സിമന്റ് ഇഷ്ടിക, ഹോളോബ്രിക്സ്, ഫർണീച്ചർ.

7. കശുവണ്ടി സംസ്കരണം.

8. കളിമണ്ണ് ഉപയോഗിച്ചുള്ള ചുമർ ഇഷ്ടിക, ഡെക്കറേഷൻ ഇഷ്ടിക തുടങ്ങിയവ.

## ചെറുകിട, വനിത, പാരമ്പര്യ വ്യവസായ സാദ്ധ്യത

1. ചകിരിയിൽ നിന്നും ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിന്

2. വാഴനാര് ഉപയോഗിച്ച് കരകൗശല വസ്തുക്കൾ

3. കൊപ്ര ഡ്രൈയർ ഉപയോഗിച്ചുള്ള എണ്ണയുല്പാദനം

4. റബർ പാൽ ഉപയോഗിച്ചുള്ള നൂതന ഉല്പന്നനിർമ്മാണം (ബലൂൺ, റബർ ബാന്റ്, ഓട്ടോമൊബൈൽ ബുഷ് )

5. ബീഡി തെറുപ്പ്

6. മുള ഉപയോഗിച്ച് പനമ്പ്, കരകൗശല വസ്തുക്കളുടെ നിർമ്മാണം

7. കുട നിർമ്മാണം ( ഡി. ഡബ്ല്യൂ. സി. ആർ. എ) ചെരിപ്പ് നിർമ്മാണം

8. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം.

9. റബർ തടി കെ.എഫ്.ആർ.ഐ. നിർദ്ദേശത്തിൽ ഫർണീച്ചർ നിർമ്മാണം.

10. തീപ്പെട്ടി വ്യവസായം.

11. ചിപ്പ്സ് അച്ചാർ, ജാം (നേന്ത്രക്കായ, മാങ്ങ, നാരങ്ങ, കശുമാങ്ങ, കപ്പ, ഉരുളൻ കിഴങ്ങ് മുതലായവ)

12. മെറ്റൽ ഉടയ്ക്കുന്ന യൂണിറ്റുകൾ. ക്വാറി വർക്ക്സ്.

13. ഇലക്ട്രോണിക്സ് ഉപകരണ നിർമ്മാണം, സ്റ്റെബിലൈസർ നിർമ്മാണം.

14. നഴ്സറി, ചെടി നിർമ്മാണ വിപണനം.

15. ഹാച്ചറികൾ, മുട്ട, ഇറച്ചി സംഭരണ സംസ്ക്കരണ യൂണിറ്റുകൾ (കോഴി, താറാവ്, പന്നി, മത്സ്യം)

16. ഫർണീച്ചർ യൂണിറ്റുകൾ.

17. ടെയിലറിംഗ് പഠനവും വസ്ത്ര നിർമ്മാണവും.

18. തഴ ഉപയോഗിച്ച് പായ, കരകൗശല വസ്തുക്കൾ, നിർമ്മാണം.

19. വള കട്ടിംഗ്, ഡൈവർക്ക്സ്, മറ്റു സ്വർണ്ണപണികൾ, ഓട്ടുപാത്ര നിർമ്മാണം.

20. വർക്ക് ഷോപ്പുകൾ.

21. സ്റ്റീൽ ഫർണീച്ചർ നിർമ്മാണം.

22. കളിപ്പാട്ട നിർമ്മാണം. റബർ, പ്ലാസ്റ്റിക് ഉപയോഗിച്ചുള്ളവ.

23. അലൂമിനിയം ഫാബ്രിക്കേഷൻ.

24. ആയുർവേദ ഔഷധ നിർമ്മാണം.

25. ബേക്കറി ഉൽപ്പന്ന നിർമ്മാണം.

26. പ്രിന്റിംഗ് ബുക്ക് ബൈന്റിംഗ്.

27. മേൽത്തരം വിത്തുല്പാദനം, വിപണനം.

28. ടയർ റീ ട്രെഡിംഗ്.

29. ചിരട്ടകൊണ്ടു് കരകൗശല വസ്തുക്കൾ

30. ക്ഷീരോല്പന്ന നിർമ്മാണം (മോഡേൺ)

31. ഇലഞ്ഞിപ്പാറ - ഓലക്കയം - പുത്തൂർ ക്കായൽ ടൂറിസം

32. എംബ്രോയ്ഡറി

33. ഗോൾഡ് കവറിംഗ്

34. കടലാസ് ഉല്പന്നങ്ങൾ

35. കണ്ണട ഗ്ലാസ് നിർമ്മാണ യൂണിറ്റ്

36. പാക്കിംഗ് കെയ്സ്

37. പോളിത്തീൻ ഉല്പാദനം

38. ഇലക്ട്രോണിക്സ് സ്പെയർ പാർട്സുകൾ

39. പലഹാരം നിർമ്മാണം

40. അറക്കപ്പൊടി ഉപയോഗിച്ച് പ്ലൈവുഡ്

41. വൈരക്കല്ല് വ്യവസായം

42. ഇഞ്ചി, മഞ്ഞൾ, കുരുമുളക് എന്നിവയുടെ സത്ത് എടുക്കുന്ന യൂണിറ്റ്

43. കൂൾഡ്രിങ്ക്സ് നിർമ്മാണം

44. ചക്കക്കുരു, കപ്പ, കൊപ്ര, കശുവണ്ടി ഉപയോഗിച്ച് ബിസ്ക്കറ്റ്

45. മിഠായി ഉല്പാദക യൂണിറ്റ്

46. ജൈവവള ഉല്പാദക യൂണിറ്റ്

47. കാലിത്തീറ്റ ഉല്പാദക യൂണിറ്റ്

48. പട്ടുനൂൽ വ്യവസായം

49. സോപ്പ് നിർമ്മാണം

50. കറിപൗഡർ

51. പച്ചക്കറിക്കുള്ള കോൾഡ് സ്റ്റോറേജ്.

മേൽ പറഞ്ഞ നിരവധി വ്യവസായങ്ങളെ കുറിച്ച് പ്രതിപാദിച്ചിട്ടുണ്ടെങ്കിലും സ്ഥലത്തിന്റെ അമിത വിലയും പരിസ്ഥതി വൈദ്യുതി, ജലം, തുടങ്ങിയ പ്രശ്നങ്ങളും ഒരു സംരഭകന് ഈ രംഗത്ത് കടന്നുവരാൻ തടസ്സം നിൽക്കുന്നു. ഇതിനു പരിഹാരമായി നമ്മുടെ പഞ്ചായത്തിന്റെ തെങ്ങ്വെട്ടുവഴിയിൽ 11-ാം വാർഡിലുള്ള സ്ഥലത്തോ വേറെ ഏതെങ്കിലും സ്ഥലത്തോ വ്യവസായ ഷെഡുകൾ നിർമ്മിക്കുന്നതിന് നടപടിയുണ്ടായാൽ ഒരു വർഷത്തിനുള്ളിൽ ഏതാണ്ട് 20ൽ പരം ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാൻ സാധിക്കുന്നതാണ്. ഇവിടെ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന പക്ഷം പുതിയ സംരംഭകരും തൊഴിൽ രഹിതരും അടങ്ങുന്ന 100ൽ പരം പേർക്ക് വരുമാനവും ഉണ്ടാക്കാൻ സാധിക്കും.

# ഊർജ്ജം

കേരളം അതിരൂക്ഷമായ ഊർജ്ജ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ സമഗ്ര ഊർജ്ജാസൂത്രണത്തിന്റെ - ജനകീയ ഊർജ്ജ സംരക്ഷണ പ്രക്രിയയുടെ-പ്രസക്തി വളരെ വലുതാണ്. വൈദ്യുതിയും മറ്റ് ഊർജ്ജ ഇന്ധനങ്ങളും പരിമിതമായ നമ്മുടെ രാജ്യത്ത് ഈ പ്രതിസന്ധി പരിഹരിക്കുന്നതിനായി പുതിയ ഊർജ്ജ സ്രോതസ്സുകൾ കണ്ടെത്തേണ്ടത് അനിവാര്യമാണ്. നാം പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പ്രചരിപ്പിക്കുകയും അവ ഉപയോഗിക്കുന്നതിന് പ്രോത്സാഹനം കൊടുക്കുകയും ചെയ്യേണ്ടതുണ്ട്. അതോടൊപ്പം തന്നെ ഇപ്പോഴുള്ള ഊർജ്ജ ഉപഭോഗം ഏതെല്ലാം വിധത്തിൽ ശാസ്ത്രീയവും കാര്യക്ഷമവും ആക്കാമെന്നത് പരിശോധിക്കുകയും വേണം. "ഊർജ്ജ നഷ്ടം തടയുന്നത് ഊർജ്ജം ഉല്പാദിപ്പിക്കുന്നതിന് തുല്യമാണ്" എന്നത് നമ്മുടെ ലക്ഷ്യവും മാർഗ്ഗവുമാകണം.

പുത്തൂർ പഞ്ചായത്തിൽ ഉപയോഗിക്കപ്പെടുന്ന പ്രധാന ഊർജ്ജ സ്രോതസ്സുകൾ വിറക്, വൈദ്യുതി, പെട്രോളിയം ഉല്പന്നങ്ങൾ എന്നിവയാണ്. അപൂർവമായി ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിച്ച് ഉപയോഗിച്ച് വരുന്നു. ഊർജ്ജ ഉപഭോഗം കാര്യക്ഷമമാക്കാവുന്ന പ്രവർത്തന മേഖലകൾ.

## I. ദക്ഷതയേറിയ വിറകടുപ്പുകൾ

കേരളത്തിൽ പാചക ആവശ്യത്തിനായി ഏറ്റവും ഉപയോഗിക്കപ്പെടുന്ന ഇന്ധനം വിറകാണ്. ഒരു കുടുംബം പ്രതിവർഷം 2750 കിലോഗ്രാമോളം വിറക് ഉപയോഗിക്കപ്പെടുന്നതായി കേരള ആസൂത്രണ ബോർഡ് നടത്തിയ സർവ്വേയിൽ നിന്ന് തെളിയുന്നത് ഇതിന്റെ മൂല്യം കണക്കാക്കിയാൽ ഭീമമായ ഒരു തുക ഈ ഇനത്തിൽ മാത്രം ഓരോ കുടുംബവും ചിലവാക്കുന്നതായി കാണാം. എന്നാൽ ഈ വിറകിൽ നിന്നും ലഭിക്കുന്നതിന്റെ 90% ത്തിലധികം ഊർജ്ജവും പാഴായി പോകുകയാണ് മാത്രമല്ല അടുപ്പിൽ നിന്നും ഉയരുന്ന പുക കുടുംബാഗങ്ങളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു. ഇതിന് ഒരു പരിധിവരെ പരിഹാരമാകാൻ ദക്ഷതയേറിയ പുകയില്ലത്ത വിറകടുപ്പുകൾക്ക് കഴിയും. ഇവയുടെ പ്രചാരണത്തിന് പഞ്ചായത്ത് മുൻഗണന നല്കേണ്ടതാണ്.

## II. ഊർജ്ജക്ഷമതയേറിയ മറ്റുപകരണങ്ങൾ

പാചക ഊർജ്ജം ആഭിക്കുന്നതിന് വലിയോരളവിൽ സഹായിക്കുന്ന ഉപകരണമാണ് പ്രഷർകുക്കർ, കച്ചിപ്പെട്ടി, ദക്ഷതകൂടിയ മണ്ണെണ്ണ സ്റ്റൗ എന്നിവ. സർക്കാർ ഏജൻസിയായ അനെർട്ടിന്റെ ഈ രംഗത്തുള്ള ഉല്പാദന, വിതരണ, പ്രവർത്തന രംഗത്ത് പഞ്ചായത്ത് കൂടി കാര്യക്ഷമമായി സഹകരിക്കേണ്ടതുണ്ട്. അനെർട്ടിന്റെ സബ്സിഡി നിരക്കുകൾ വർദ്ധിപ്പിക്കേണ്ടതുമാണ്.

## III. ദക്ഷതകൂടിയ വൈദ്യുതി വിളക്കുകൾ

സാധാരണ ബൾബുകളേക്കാൾ വില കൂടുതലാണെങ്കിലും 8 ഇരട്ടിയോളം ആയുർദൈർഘ്യമുള്ളതും 4 ഇരട്ടിയെങ്കിലും ഊർജ്ജം ലാഭിക്കുന്നതുമാണ്. അതുപോലെ കോംപാക്ട് ഫ്ലൂറസെന്റ് ലാംബുകളും നാലിരട്ടി ഇന്ധനക്ഷമതയുള്ളതാണ്. ഇവ ഉപയോഗിക്കാൻ

പഞ്ചായത്ത് ജനങ്ങൾക്ക് സബ്സിഡിയും പ്രോത്സാഹനവും നല്കേണ്ടതാണ്.

## IV. സൗരോർജ്ജ വിളക്കുകൾ

വൈദ്യുതി എത്തിക്കുവാൻ ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന സൗരോർജ്ജ വിളക്കുകൾ, സൗരോർജ്ജ പമ്പ് സെറ്റുകൾ തുടങ്ങിയവ സ്ഥാപിക്കാവുന്നതാണ്. ഇത്തരം ഉപകരണങ്ങൾക്ക് അനെർട്ട് വർദ്ധിച്ച തോതിൽ സബ്സിഡി നൽകുന്നുണ്ട്.

## V. പാരമ്പര്യേതര ഊർജ്ജ സ്ത്രോതസ്സുകൾ

ചെറുകിട ജല വൈദ്യുത പദ്ധതികൾ നിർമ്മിക്കുന്നതിന് ഇപ്പോൾ പഞ്ചായത്തിന് അധികാരം ഉണ്ടെന്നിരിക്കേ നമ്മുടെ പഞ്ചായത്തിലെ സാദ്ധ്യതകൾ വിലയിരുത്തപ്പെടേണ്ടതുണ്ട്. കാറ്റിൽ നിന്നും വൈദ്യുതി ഉണ്ടാക്കുവാനും വെള്ളം പമ്പ് ചെയ്യുവാനും ഉള്ള സാദ്ധ്യതകളും വിലയിരുത്തേണ്ടതുണ്ട്.

## VI. ജൈവോർജ്ജം

കാർഷിക മേഖലയായ പുത്തൂർ പഞ്ചായത്തിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുവാനുള്ള സാദ്ധ്യതകൾ ധാരാളമാണ്. വലിയ കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റിനുള്ള സാങ്കേതിക ധനസഹായങ്ങൾ അനെർട്ടാണ് നൽകുന്നത്. ചെറിയ പ്ലാന്റുകൾക്ക് കൃഷിവകുപ്പും കെ. ഐ. വി. സി. യും സഹായം നൽകുന്നുണ്ട്.

## ഊർജ്ജ രംഗത്ത് പഞ്ചായത്ത് നേരിടുന്ന പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ പലഭാഗങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല.
2. പല ഭാഗങ്ങളിലും വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.
3. 1-ാം വാർഡിൽ വിറകിന് ക്ഷാമം അനുഭവപ്പെടുന്നു.
4. പാചക ആവശ്യത്തിനും, കാർഷിക ആവശ്യത്തിനുമുള്ള മണ്ണെണ്ണ പെർമിറ്റിന് തടസ്സം നേരിടുന്നു.
5. പുത്തൂർ പഞ്ചായത്തിനെ ഒരു എൽ. പി. ജി. സെന്ററിൽ ഉൾപ്പെടുത്താത്തതിനാൽ ഇവിടത്തുകാർക്ക് എൽ. പി. ജി. കണക്ഷൻ ലഭിക്കുന്നില്ല.
6. പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും വഴിവിളക്കുകളില്ല.
7. പല വൈദ്യുത പോസ്റ്റുകളും ഏതുനിമിഷവും നിലം പതിക്കാവുന്ന അവസ്ഥയിലാണ്.
8. 2-ാം വാർഡിൽ ട്രാൻസ്ഫോർമർ ഇല്ലാത്തതിനാൽ സി. സി. പി. പി. പദ്ധതിയ്ക്ക് തടസ്സം നേരിടുന്നു.
9. വൈദ്യുതി വിതരണ രംഗത്ത് പ്രസരണ നഷ്ടം വ്യാപകമായി അനുഭവപ്പെടുന്നു.
10. കാർഷിക ആവശ്യങ്ങൾക്ക് കണക്ഷൻ ലഭിക്കാൻ മിനിമം ഗ്യാരന്റി വ്യവസ്ഥ തടസ്സമായി നിൽക്കുന്നു.
11. 10-ാം വാർഡിൽ, അപേക്ഷ നൽകിയ പലർക്കും വൈദ്യുത കണക്ഷൻ ലഭിക്കുന്നില്ല.
12. പുത്തൂരിൽ ഇലക്ട്രിസിറ്റിയുടെ കളക്ഷൻ സെന്റർ ഇല്ല.
13. ഹരിജൻ കുടുംബങ്ങൾക്ക് വൈദ്യുത കണക്ഷൻ ലഭിക്കുന്നില്ല.

14. പഞ്ചായത്തിലെ വ്യവസായ മേഖലയിൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.

15. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ വേണ്ട വിധം ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ വൈദ്യുതി എത്താത്ത പ്രദേശങ്ങളിലും വീടുകളിലും എത്രയും വേഗം വൈദ്യുതി എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

2. പല ഭാഗങ്ങളിലും അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് കപ്പാസിറ്റി കൂടുതലുള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.

3. പല വാർഡുകളിലും അനുഭവപ്പെടുന്ന വിറക് ക്ഷാമം പരിഹരിക്കുവാൻ ദക്ഷത കൂടിയ വിറകടുപ്പുകൾ സ്ഥാപിക്കേണ്ടതും സോഷ്യൽ ഫോറസ്ട്രിയിൽ നിന്നും തൈകൾ സ്വീകരിച്ച് ധാരാളം വൃക്ഷങ്ങൾ വെച്ചു പിടിപ്പിക്കേണ്ടതുമാണ്.

4. മരോട്ടിച്ചാൽ വാർഡിനോട് ചേർന്ന് കിടക്കുന്ന പീച്ചി ചിമ്മിണി കിഴക്കൻ മലമ്പ്രദേശത്ത് ഏകദേശം 4 കി. മീ. ഉള്ളിലായി സ്ഥിതി ചെയ്യുന്ന "ഇലഞ്ഞിപ്പാറകുത്ത്" വെള്ളച്ചാട്ടം ഒരു മിനി മൈക്രോ ജലവൈദ്യുത പദ്ധതിയാക്കി മാറ്റിയാൽ ഒരു പരിധി വരെ വൈദ്യുത ആവശ്യം നിറവേറ്റാം. 8 മാസത്തോളം നീരോഴുക്കുള്ള ഈ സ്ഥലത്ത് പരിസ്ഥിതി നശീകരണം കൂടാതെ പ്രോജക്റ്റ് നടപ്പിലാക്കാനുള്ള സാഹചര്യമുണ്ട്.

5. 8-ാം വാർഡിലെ ഏറ്റവും ഉയരം കൂടിയ പ്രദേശമായ ഉരുളൻ കുന്നിൽ കാറ്റാടി യന്ത്രം സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാവുന്നതാണ്.

6. വെട്ടുകാട്ടിലെ പുത്തൂർ ഇലക്ട്രിക്കൽ സെക്ഷൻ മേജർ സെക്ഷനാക്കി ഉടർത്തുകയും 6, 7, 8, വാർഡുകളെ ഉൾപ്പെടുത്തി ഒരു സെക്ഷൻ ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്.

7. പുത്തൂർ സെന്ററിൽ വൈദ്യുത കളക്ഷൻ സെന്റർ സ്ഥാപിക്കേണ്ടതുണ്ട്.

8. പുത്തൂർ പഞ്ചായത്തിൽ ഒരു ഗവൺമെന്റ് ഏജൻസി ഏർപ്പെടുത്തി എൽ. പി. ജി. കണക്ഷൻ ലഭ്യമാക്കണം.

9. എല്ലാ ഹരിജൻ ഗിരിജൻ കോളനികളും, വീടുകളും ഉടൻ വൈദ്യുതീകരിക്കേണ്ടതാണ്.

10. 2-ാം വാർഡിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ച് സി. സി. ഡി. പി. പദ്ധതിക്കുള്ള തടസ്സം നീക്കേണ്ടതാണ്.

11. പഞ്ചായത്തിൽ ജനങ്ങളുടെ ജീവന് ഭീഷണിയായി നിൽക്കുന്ന ജീർണ്ണിച്ച പോസ്റ്റുകൾ മാറ്റുവാനും, താഴ്ന്നു കിടക്കുന്ന വൈദ്യുത കമ്പികൾ വലിച്ചു കെട്ടുവാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

12. കുടിൽജ്യോതി പദ്ധതി കൂടുതൽ വ്യാപകമാക്കണം.

13. പ്രേക്ഷണ വിതരണ വ്യൂഹത്തിലെ നഷ്ടം കുറയ്ക്കുവാനുള്ള നടപടികൾ സ്വീകരിക്കണം.

14. പഞ്ചായത്തിൽ ആവശ്യമുള്ളയിടങ്ങളിൽ വഴിവിളക്കുകൾ സ്ഥാപിക്കുക(500 എണ്ണം).

15. പാചക ആവശ്യത്തിനും കൃഷി ആവശ്യത്തിനുമുള്ള മണ്ണെണ്ണ പെർമിറ്റ്

ലഭിക്കുന്നതിനുള്ള തടസ്സം നീക്കം ചെയ്യണം.

16. ദർഭ, മുരിക്കുംപാറ, പുത്തൻകാട് എന്നിവിടങ്ങളിലെ മിനിമം ഗ്യാരണ്ടി വ്യവസ്ഥ ഒഴിവാക്കിയാൽ കർഷകർക്ക് കാഷിക ആവശ്യങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുവാൻ സഹായിക്കും.

17. പ്രധാന സെന്ററുകളിൽ പ്രകാശം കൂടിയ സോഡിയം വേപ്പർ ലാംബുകൾ സ്ഥാപിക്കണം (50 എണ്ണം).

18. പഞ്ചായത്തിലെ സാംസ്കാരിക സംഘടനകൾക്കും വായനശാല കൾക്കും സൗജന്യ വൈദ്യുത കണക്ഷൻ നൽകണം.

19. കോക്കാത്ത്- തേക്കിൻ കാട്ടിലേക്കുള്ള വൈദ്യുത ലൈൻ മാറ്റി സ്ഥാപിക്കണം.

20. കൈനൂർ മുണ്ടോളിക്കടവ് പാലത്തിന് സമീപവും ചിറയ്ക്ക് സമീപവുമുള്ള ട്രാൻസ്ഫോർമറുകൾ ഗതാഗതത്തി നായി മാറ്റി സ്ഥാപിക്കണം.

21. വൈദ്യുതി എത്തിക്കുവാൻ ബുദ്ധിമുട്ടുള്ള കോളനികളിലും, പ്രദേശങ്ങളിലും സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കുക.

22. ദക്ഷതകൂടിയ പുകയേൽക്കാത്ത അടുപ്പുകളെ കുറിച്ച് ബോധവൽക്ക രണവും, പ്രചാരണവും നടത്തുക. അനെർട്ടിൽ നിന്ന് ഇവ ലഭ്യമാക്കി എല്ലാ വീടുകളിലും കൂടുതൽ സബ് സിഡിയോടെ വിതരണം ചെയ്യുക.

23. കേരളം നേരിടുന്ന ഊർജ്ജ പ്രതിസന്ധി കണക്കിലെടുത്ത് ബയോ ഗ്യാസ് പ്ലാന്റുകൾക്ക് പ്രചാരണവും, പ്രോത്സാഹനവും നല്കുക. കാർഷിക മേഖലയിൽ കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കു ന്നതിന് പ്രോത്സാഹനം നൽകുക.

24. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ സബ്സിഡിയോടുകൂടി വിതരണം ചെയ്യുന്ന സി. എഫ്. എൽ. ലാംബു കൾ, പ്രഷർകുക്കർ, ഇലക്ട്രോണിക് ചോക്കുകൾ, ദക്ഷതകൂടിയ മണ്ണെണ്ണ സ്റ്റൗവുകൾ, സോളാർ പമ്പുസെറ്റുകൾ, തുടങ്ങിയവ വിതരണം ചെയ്യുക.

25. പ്രധാന സ്ഥലങ്ങളിൽ സോളാർ തെരുവു വിളക്കുകൾ സ്ഥാപിക്കുക.

26. പഞ്ചായത്ത് വക പുറംപോക്ക് സ്ഥലങ്ങളിലും തോടുകളുടെ വശങ്ങളിലും മരങ്ങൾ വെച്ചു പിടിപ്പിക്കണം.

27. പുത്തൂർ പഞ്ചായത്തിലെ കൃഷിക്കാർക്ക് (പട്ടയം ഇല്ലാത്തവ ർക്കും)പമ്പുസെറ്റുകൾ സ്ഥാപിക്കു ന്നതിനു വേണ്ടി കൃഷിക്കാരും, പഞ്ചാ യത്തും സഹകരിച്ചു കൊണ്ട് വൈദ്യു തി ലൈൻ വലിക്കുവാനുള്ള സഹായം ചെയ്യണം.

## വൈദ്യുതി ലഭിച്ചിട്ടില്ലാത്ത പ്രദേശങ്ങൾ

**വാർഡ്.I**

നമ്പ്യാർ റോഡ്, മഠംവഴി, പൊന്നത്ത്പാറ, കായൽബണ്ട് റോഡ്, പയ്യപ്പിള്ളി, കൊങ്ങൻപാറ റോഡ്.

**വാർഡ്.II**

പൊന്നൂക്കര, പടിഞ്ഞാട്ടുംമുറി- കനോലിക്കടവ് റോഡ്, പൊന്നൂക്കര സേന്റർ, മഠംവഴി പള്ളി കോളനി, ഗിരിജൻ കോളനി.

## വാർഡ്.III

പൊന്നൂക്കര മതിക്കുന്ന് ഹരിജൻ കോളനി 60 വീടുകൾ, ഭരത ചെമ്പംകണ്ടം, പട്ട്യേക്കാട്-ചെമ്പംകണ്ടം, മുതിരക്കുന്ന് ലൈൻ, പള്ളി കോളനി, ആശാദീപം ലൈൻ-ചെമ്പംകണ്ടം.

## വാർഡ്.IV

പൊട്ടിക്കുന്ന്, ചോച്ചേരിക്കുന്നിന്റെ ഇതര ഭാഗം, ചെറുകുന്ന് ആലിന്റെ സമീപ ഭാഗം.

## വാർഡ്.V

ചെമ്പംകണ്ടം-എളപ്പംകോട്ട റോഡിൽ വടക്കേച്ചിറ മുതൽ കൈനിക്കുന്ന് വരെ, ചെമ്പംകണ്ടം ആശാദീപം റോഡ്, പുത്തൻകാട് ഹിൽ ഏരിയ, ആട്ടപാലം വില്ലൻകുന്ന്, ഓട്ടുപാറ-നാലുകെട്ട്, അയ്യമ്പിള്ളിക്കുന്ന്, ചെമ്പംകണ്ടം നാല് സെന്റ് കോളനി, ചെമ്പംകണ്ടം യൂണിയൻ കാട് വഴി.

## വാർഡ്. VI

മരോട്ടിച്ചാൽ പാണ്ടാരിച്ചിറ-കൈനിക്കുന്ന് റോഡ്, വെള്ളാനിക്കോട്-കൈനിക്കുന്ന് റോഡ്, മരോട്ടിച്ചാൽ വല്ലൂർ റോഡ്, പുളിംചുവട്-പഴവള്ളം, മരോട്ടിച്ചാൽ-കാനാൻ ദേശം, മരോട്ടിച്ചാൽ മരുതുകുഴി, കള്ളായി കുന്ന്, കല്ലൻനിരപ്പ്.

## വാർഡ്.VII

മാന്ദാമംഗലം പള്ളിത്താഴം-പന്നിമുക്ക്, മാന്ദാമംഗലം- മൈലിമുക്ക്-പഴവെള്ളച്ചാൽ, വരമ്പുപാറ, ചൂരക്കാട് സിമ്പോകുന്ന്.

## വാർഡ്.VIII

എട്ടാംകല്ല്-കരിമ്പനച്ചിറ തോപ്പിൽ കുന്ന്, മുരിക്കുംപാറ, പാരടെപ്രദേശം, ദർഭക്കുന്ന് കത്തോലിക്കാ പള്ളിക്കുന്ന്, തേവർകുന്ന്, ദർഭച്ചിറ റോഡ്, പയ്യനം കുന്ന്, പയ്യനം അടിവാരം, ഉരുളൻ കുന്ന്.

## വാർഡ്.IX

തോണിപ്പാറ ഹരിജൻ മേഖല, കുരിശുംമൂല, തോണിപ്പാറ, കടവാൻകുഴി, ചാരോത്ത് പ്രദേശം, സൂര്യഗ്രാമം.

## വാർഡ്.X

കല്ലുംകുന്ന് റോഡ് (20 വീടുകൾ) കോക്കാത്ത് അംബേദ്കർ കോളനി, കോക്കയം കുരുടൻ ചിറ.

## വാർഡ്.XI

പുത്തൂർ പുഴമ്പള്ളം റോഡ്, കന്നംകാട്ടുകര വെസ്റ്റ്, തെങ്ങുംവെട്ടുവഴി.

## വാർഡ്. XII

മൂലപ്പായ്, മിച്ചഭൂമി, മഹിളാസമാജം റോഡ്, പട്ടാണിത്തോപ്പ്, മരത്താക്കര എൻ. എച്ച്. ബൈപാസ്, ഹരിജൻ വീടുകൾ, സ്വാതിനഗർ.

## വാർഡ്.XIII

എളംതിരുത്തി-മരത്താക്കര ബൈപാസ്, കുന്നത്തുംപാറ ചെറുകായൽ, തെങ്ങും തറ- എളംതിരുത്തി റോഡ്, പുഴമ്പള്ളം തൃശൂർ റോഡ്, സെന്റ് മേരി കമ്പനിക്ക് മുൻവശം ഉള്ള റോഡ്.

## വാർഡ്. XIV

ദുർഗ്ഗ കമ്പനിയുടെ പിൻഭാഗം, ബോയൻകോളനി.

## ട്രാൻസ്ഫോർമറുകൾ വേണ്ട സ്ഥലങ്ങൾ

ചെമ്പംകണ്ടം, കൈനൂർ, പുത്തൂർ, കുഞ്ഞനംപാറ-കോനിക്കര, മരോട്ടിച്ചാൽ യാക്കോബായ പള്ളിക്ക് സമീപം, മരോട്ടിച്ചാൽ, കള്ളായി, പയ്യപ്പിള്ളി, മരോട്ടിച്ചാൽ പുളിംചുവട്, മരത്താക്കര-ഹൈ വോൾട്ടേജ്

## വഴിവിളക്കുകൾ വേണ്ട സ്ഥലങ്ങൾ

### വാർഡ്. I

കായൽബണ്ട് റോഡ്, പൊന്നത്ത് പാറ റോഡ്, കാഞ്ഞാണിത്തോപ്പ് റോഡ്, രശ്മി ക്ലബ്ബ്-പുത്തൂർ വഴി.

### വാർഡ്. VI

മരോട്ടിച്ചാൽ വല്ലൂർ റോഡ്, മരോട്ടിച്ചാൽ - പുളിംചുവട് റോഡ്, മരോട്ടിച്ചാൽ സ്കൂളിന് സമീപവും, ഓലക്കയം കുത്തിന് സമീപവും ട്യൂബ് ലൈറ്റ്.

### വാർഡ്. X

കൈനൂർ-പുഴമ്പള്ളം റോഡ്, കോക്കാത്ത് അംബേദ്കർ കോളനി റോഡ്, കുരുടൻചിറ-മിച്ചഭൂമി റോഡ്, കല്ലുംകുന്ന് റോഡ്, അംബേദ്കർ കോളനി, കുരുടൻചിറ.

### വാർഡ്. XI

പെരുവാംകുളങ്ങര, ഉദയഗ്രാമം, എളംതുരുത്തി പണിക്കർ റോഡ്, തെങ്ങുംവെട്ടുവഴി, എളംതുരുത്തി മിച്ചഭൂമി, കല്ലുത്താൻ റോഡ്, പുത്തൂർ പുഴമ്പള്ളം റോഡ്, കന്നംകാട്ടുകര വെസ്റ്റ്

### വാർഡ്. XII

മൂലപ്പായ്, മിച്ചഭുമി, മഹിളാസമാജം റോഡ്, പട്ടാണിത്തോപ്പ്, മരത്താക്കര എൻ. എച്ച്. ബൈപാസ്, ഹരിജൻ വീടുകൾ, സ്വാതി നഗർ.

### വാർഡ്. XIII

എളംതുരുത്തി മരത്താക്കര ബൈപാസ്, കുന്നത്തുംപാറ ചെറുകായൽ, തെങ്ങുംതറ-എളംതിരുത്തി റോഡ്, പുഴമ്പള്ളം-തൃശൂർ റോഡ്, സെന്റ് മേരീസ് കമ്പനിക്ക് മുൻവശത്തുള്ള റോഡ്.

### വാർഡ്. XIV

ദുർഗ്ഗ കമ്പനിയുടെ പിൻഭാഗം, ബോയൻ കോളനി (കൂടാരം)

## ത്രിഫേസ് ലൈൻ വലിക്കേണ്ട പ്രദേശങ്ങൾ

### വാർഡ്. III

ഹരിജൻ കോളനിയിലേക്ക്

### വാർഡ്. VI

മരോട്ടിച്ചാൽ സുറിയാനി പള്ളി മുതൽ രാഗം റോഡ് മുഴുവനായും.

# ഭവന നിർമ്മാണം

പുത്തൂർ പഞ്ചായത്തിൽ ഹരിജന/ ഗിരിജന കോളനികളും മലയോര പ്രദേ ങ്ങളും, തൊഴിലാളികളും, ചെറുകിട കർഷ കരും ഇടതിങ്ങിപ്പാർക്കുണ്ട്. ഇവരുടെ പാർപ്പിട സൗകര്യങ്ങൾ വളരെ പരിമി തമാണ്. ചെറുകിടക്കാർക്കു പോലും വീട് നിർമ്മാണം അസാദ്ധ്യമായ കാര്യമാ യിക്കൊണ്ടിരിക്കയാണ്. നിർമ്മാണ സാമഗ്രികൾ സംഘടിപ്പിക്കൽ, വിഗദ്ദ്ധ തൊഴിലാളികളെ ലഭിക്കൽ, വീടുവെക്കാ നാവശ്യമായ സ്ഥലം സംഘടിപ്പിക്കൽ എന്നിവയെല്ലാം തന്നെ ഒരു ദീർഘകാല വായ്പയെടുത്തല്ലാതെ സ്വായത്തമാക്കാൻ കഴിയില്ല എന്ന സ്ഥിതിയാണുള്ളത്. പഞ്ചായത്തിലൊരു ഭവന നിർമ്മാണ സഹകരണ സംഘം ഉണ്ടാകേണ്ടതിന്റെ ആവശ്യം പ്രബലമായിരിക്കയാണ്. വീടു നിർമ്മാണത്തിന് നിർലോപം വായ്പകൾ നല്കി വന്നിരുന്ന പല ധനകാര്യ സ്ഥാപനങ്ങളും ഇപ്പോൾ ടി. വായ്പകൾ നൽകുന്നില്ല. ദുർബല വിഭാഗങ്ങൾക്കും, ഹരിജൻഗിരിജൻ കുടുംബങ്ങൾക്കും സൗജന്യമായി വീടു നല്കുന്ന വകുപ്പു കളിലെ സഹായങ്ങൾ ആവശ്യമുള്ളത്ര ലഭിക്കുന്നില്ല. അരക്ഷിതാവസ്ഥയിൽ കഴിഞ്ഞുകൂടുന്ന കുടുംബങ്ങളെ അടിയ ന്തിരമായി മാറ്റി പാർപ്പിക്കേണ്ട അവസ്ഥ യും നിലവിലുണ്ട്. വാടക വീടുകളിലും, വഴിയോരങ്ങളിലും കുടിയേറിയവരേയും, സ്വന്തമായി ഭൂമിയില്ലാതെ വിഷമിക്കു ന്നവരെയും പാർപ്പിക്കുന്നതിന് ലക്ഷം വീട് പദ്ധതികൾ നടപ്പിൽ വരണം. ഹഡ്കോ യുടെ സഹായം ഉപയോഗപ്പെടുത്തണം.

## എ. പോരായ്മകൾ നിർദ്ദേശങ്ങൾ

1. ഭവന നിർമ്മാണ സഹകരണ സംഘം പഞ്ചായത്തിൽ നിലവിലില്ല.
2. ദുർബല വിഭാഗങ്ങളിൽ വീട് ഇല്ലാത്ത വരുടെ വിശദമായ വിവരമടങ്ങിയ രജിസ്റ്റർ ഉണ്ടാകണം.
3. പാർപ്പിട സാമഗ്രികൾ സമൃദ്ധമായ ഏരിയ ആണെങ്കിലും അവ ചെറുകിട വീട് നിർമ്മിക്കുന്നവർക്ക് പരിമിത വിലയ്ക്ക് കൈമാറുന്ന സംവിധാനമില്ല. ഇതിന് കഴിയുംവിധം കൂട്ടായ്മ വേണം.
4. പട്ടയമില്ലാത്ത കാരണത്താൽ വീട് പണിയ്ക്ക് സഹായം കിട്ടാത്ത ഹരി ജൻ/ഗിരിജൻ കോളനികളിലും, മല യോര പ്രദേശങ്ങളിലും നിലനിൽ ക്കുന്നു.
5. ഭവന നിർമ്മാണത്തിന് ദീർഘകാല വായ്പകൾ ആവശ്യാനുസരണം ലഭ്യമാ ക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങ ളിലൂടെ ഈ വിധം ലോണുകളുടെ ലഭ്യത ഉറപ്പാക്കണം.
6. തൃശൂർ താലൂക്കിൽ നിലവിലുള്ള പല ഭവന നിർമ്മാണ സഹകരണ സംഘ ങ്ങളുടെ പ്രവർത്തന പരിധിയായി പുത്തൂർ പഞ്ചായത്ത് ഉൾപ്പെടുന്നു ണ്ടെങ്കിലും അവരുടെ ഹൗസിംഗ് പദ്ധതിക്ക് ഇവിടെ എന്തെങ്കിലും സഹായം ചെയ്യാൻ കഴിഞ്ഞിട്ടില്ല.
7. താമസ യോഗ്യവും, ആവശ്യങ്ങൾ നിറവേറ്റുന്ന തരത്തിലുള്ളതുമായ ചിലവു കുറഞ്ഞ പാർപ്പിട നിർമ്മാണ ത്തിൽ ജനങ്ങളെ ബോധവാന്മാ രാക്കണം.

8. ഓലമേഞ്ഞ മേൽക്കൂരയും, ചുമരില്ലാത്ത അവസ്ഥയും ഉള്ള വീടുകളെ അടിയന്തിരമായി ഓടിട്ടതും, ചുമരുള്ളതുമായ വീടുകളിലേക്ക് പുനരധിവസിപ്പിക്കണം.

9. പഴക്കമുള്ള ഹരിജൻ/ഗിരിജൻ കോളനികളിലെ വീടുകൾ പുതുക്കി പണിയാൻ സാമ്പത്തിക സഹായം കിട്ടണം.

10. വീടിനോട് ചേർന്ന കുളിമുറിയും, പുറമെ കക്കൂസും ഇല്ലാത്ത വീടുകൾ കണ്ടെത്തി രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിയിലൂടെയും മറ്റ് സഹായ പദ്ധതികളിലൂടെയും സഹായിച്ച് അവ ഉണ്ടാക്കി കൊടുക്കണം.

11. പുത്തൂർ സഹകരണ ബാങ്കിൽ നിന്നും പണി പൂർത്തികരിക്കാനുള്ള വീടിനും, ചെറുകിട വീട് നിർമ്മാണത്തിനും വായ്പ ലഭ്യമാക്കണം.

12. ഹൗസിംഗ് ബോർഡിൽ നിന്നും സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ ദുർബല വിഭാഗങ്ങൾക്ക് വീട് വായ്പ സബ്സിഡിയോടെ ലഭിക്കാൻ നടപടിയുണ്ടാകണം.

13. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് പാഴ്മരങ്ങളും, വീണുകിടക്കുന്ന മരങ്ങളും പഞ്ചായത്ത് തല ഡെപ്പോയിൽ സംഭരിച്ച് അത് പഞ്ചായത്തിലെ ഭവന നിർമ്മാണ ആവശ്യങ്ങൾക്ക് പരിമിത വിലയ്ക്ക് കിട്ടുവാൻ നടപടിയുണ്ടാക്കണം.

14. സ്വന്തം സ്ഥലവും വീടുമില്ലാത്ത കുടുംബങ്ങളെ സഹായിക്കാൻ എല്ലാ വാർഡുകളിലും ചെറിയ ലക്ഷം വീട് സങ്കേതങ്ങൾ ഉണ്ടാക്കണം.

15. പതിനഞ്ചിലേറെ പട്ടികജാതി/പട്ടിക വർഗ്ഗ കുടുംബങ്ങൾ അധിവസിക്കുന്ന പ്രദേശങ്ങൾ കണ്ടെത്തി അവിടെ ഹരിജൻ കോളനിയായി അംഗീകരിപ്പിച്ച് വീട് പദ്ധതി ആവശ്യപ്പെടണം.

16. ചിലവു കുറഞ്ഞതും, പ്രകൃതി ദത്തവുമായ വെളിച്ചം, വായു, എന്നിവ യഥായോഗ്യം കിട്ടുവാൻ കഴിയുന്ന പ്രകാരത്തിലുള്ള പാർപ്പിട നിർമ്മാണത്തിൽ തല്പരരായ തൊഴിൽ രഹിതർക്ക് പരിശീലനം നൽകി അത്തരം ആവശ്യങ്ങളിൽ ഉപയോഗപ്പെടുത്തണം. ഇതിലേക്ക് എട്ടാം ക്ലാസ്സ് വിദ്യാഭ്യാസ യോഗ്യതയുള്ളവരെ തിരുവനന്തപുരം മിത്രനികേതനിലെ ബേക്കർ മോഡൽ വീട് നിർമ്മാണ പരിശീലന പദ്ധതിയിൽ സൗജന്യമായി ഉൾപ്പെടുത്തി ഒരു വർഷം പഠിപ്പിക്കാവുന്നതാണ്.

17. ഹരിജൻ/ഗിരിജൻ കുടുംബങ്ങളുടെതും, കുടിൽ ജോതി പദ്ധതിയിൽ ഉൾപ്പെടുത്തി കിട്ടാൻ അർഹതയുള്ള കുടുംബങ്ങൾക്ക് ഉടനെ വൈദ്യുതി കണക്ഷൻ നൽകണം.

18. വീടുകൾക്ക് സ്വന്തമായി കിണർ കുഴിക്കുവാൻ സഹായം നൽകണം. അവ കെട്ടി സംരക്ഷിക്കുവാൻ നടപടി വേണം.

19. വൃദ്ധ മന്ദിരവും, അഗതി മന്ദിരവും വേണം.

20. ലക്ഷം വീട് കോളനികളിൽ പൊതു ആവശ്യത്തിന് കമ്മ്യൂണിറ്റി ഹാളുകൾ നിർമ്മിക്കണം.

21. വീടിനോട് ചേർന്ന് കാലിത്തൊഴുത്ത് (ചായ്പിൽ) നിർമ്മിക്കുന്നതിന് ശുചിത്വ പാലനം ഉറപ്പാക്കണം.

22. പഞ്ചായത്തിൽ പ്രവർത്തന പരിധിയായുള്ള ഹഡ്കോ സഹായം കിട്ടും വിധത്തിലുള്ള ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കണം.

23. വെട്ടുകാട്, പൊൻകുന്ന് പ്രദേശവും, പൊന്നൂക്കര, പാഞ്ചിറ, പടിഞ്ഞാട്ടുമുറി, മർത്താഭവൻ ഏരിയായിലും കൂടാതെ മറ്റു വാർഡുകളിലും ലക്ഷം വീട് കോളനി സ്ഥാപിക്കണം

24. വീടിന്റെ മെയിന്റനൻസിനും വായ്പ ലഭ്യമാക്കാൻ നടപടി എടുക്കണം.

25. പ്രാദേശീകമായി ലഭിക്കുന്ന ഭവന നിർമ്മാണ ഇനങ്ങളെ ഉപയോഗ പ്പെടുത്തണം.

26. അന്യ സംസ്ഥാനക്കാരായ കുടുംബങ്ങൾ തൊഴിൽ തേടി വന്ന് എല്ലാ പീടികത്തിണ്ണകളിലും പാർക്കുന്നുണ്ട് (തമിഴ്നാട്, ആന്ധ്ര) ഇവരെ താമസിപ്പിക്കാൻ ഇടം കണ്ടെത്തണം.

27. പൊതു ആവശ്യത്തിനു കമ്മ്യൂണിറ്റി ഹാളുകൾ, സന്നദ്ധ സമുദായ സംഘടനകളുടെയും, ആരാധനാലയ ങ്ങളുടെയും സഹകരണത്തോടെ സജ്ജമാക്കണം.

28. മരത്താക്കര, ഇളംതുരുത്തി, പുത്തൂർ, പൊന്നൂക്കര, മാന്ദാമംഗലം, മരോട്ടി ച്ചാൽ എന്നിവിടങ്ങളിൽ പഞ്ചായത്ത് വക ഷോപ്പിംഗ് സെന്ററുകൾ പണിയണം.



# സംസ്ക്കാരം

മനുഷ്യരാശി നേടിവെച്ച എല്ലാ ഭൗതീകവും ബുദ്ധിപരവും ആശയ പരവുമായ നേട്ടങ്ങളുടെ ആകത്തുകയാണ് സംസ്ക്കാരം. മനുഷ്യൻ തന്റെ ആർജ്ജിതവും ജന്മസിദ്ധവുമായ കഴിവുകളെകൂടി ഉപയോഗപ്പെടുത്തി രൂപപ്പെടുത്തിയെടുക്കുന്നതാണിത്. അതിനാൽ സംസ്ക്കാരസമ്പന്നമായ ഒരു സമൂഹം രൂപപ്പെടുത്തുന്നതിനും നില നിർത്തുന്നതിനും ശ്രദ്ധാപൂർവ്വമായ പ്രവർത്തനം അത്യാവശ്യമാണ്. ഇതിനായി ഗ്രാമപഞ്ചായത്തിലെ കഴിഞ്ഞ കാലങ്ങളിലേയും നിലവിലുള്ളതുമായ സാംസ്ക്കാരിക പ്രവർത്തനങ്ങളെയും സ്ഥാപനങ്ങളെയും വിലയിരുത്തേണ്ടതുണ്ട്.

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ മാറ്റി നിർത്തിയാൽ പഞ്ചായത്തിലെ സാംസ്ക്കാരിക രംഗത്തെ ഏറ്റവും പഴക്കമുള്ള ഒരു സ്ഥാപനം, നിലവിൽ പുത്തൂർ പഞ്ചായത്ത് ഗ്രന്ഥശാല - വായനശാല എന്ന പേരിൽ അറിയപ്പെടുന്ന 1980ൽ പഞ്ചായത്ത് ഏറ്റെടുത്ത പുത്തൂർ ഗ്രാമീണ വായനശാലയാണ്. മുൻകാലങ്ങളിൽ പലതരത്തിലുള്ള കലാകായിക സാംസ്ക്കാരിക പ്രവർത്തനങ്ങൾ വളരെ സജീവമായി ഇതിന്റെ ഭാഗമായി നടന്നിരുന്നു. കൂടാതെ ഓരോ കാലഘട്ടങ്ങളിലും പുതുതായി രൂപം കൊള്ളുകയും പിന്നീട് നിർജീവമാവുകയും ചെയ്തിട്ടുള്ള പല കലാകായിക ക്ലബ്ബുകളും അതാതു കാലത്ത് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ പ്രത്യേകം പ്രസ്താവ്യമാണ്. ഇതിന്റെ ഭാഗമായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പല നാടക സംഘങ്ങളും രൂപം കൊള്ളുകയുണ്ടായിട്ടുണ്ട്.

പഞ്ചായത്തിലെ ജനവിഭാഗങ്ങൾ പ്രധാനമായും ഹിന്ദു, ക്രിസ്ത്യൻ എന്നീ മതവിഭാഗങ്ങളിൽ പെട്ടവരാണ്. വിരലിലെണ്ണാവുന്ന മുസ്ലീം കുടുംബങ്ങളുമുണ്ട്. എല്ലാ മത വിഭാഗങ്ങളിലും പെട്ടവർ വളരെ സൗഹാർദ്ദത്തോടെയും സഹകരണത്തോടെയും കഴിഞ്ഞു വരുന്നുവെന്നത് ശ്രദ്ധേയമാണ്.

ഓണം, വിഷു, ക്രിസ്തുമസ്, ഈസ്റ്റർ തുടങ്ങിയവ പൊതുവേ ആഘോഷിക്കുന്നതിനോടൊപ്പം തന്നെ പ്രാദേശികമായി പ്രധാന ആരാധനാലയങ്ങളോടനുബന്ധിച്ച് പൂരം, കാവടിയാട്ടം, അമ്പ് തിരുനാൾ ആഘോഷം തുടങ്ങിയവ വർഷം തോറും നടന്നുവരുന്നു. ഈയിനത്തിൽ പ്രധാനപ്പെട്ടത് ചോച്ചേരികുന്ന് ശ്രീ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രത്തിലെ പൂയാഘോഷമാണ്. പഞ്ചായത്തിലെ പകുതിയിലേറെ പ്രദേശങ്ങളിൽ നിന്ന് ഇതിന്റെ ഭാഗമായി ധാരാളം കാവടി സംഘങ്ങളും, പൂരം, കലാപരിപാടികൾ തുടങ്ങിയവയും അരങ്ങേറുന്നു. കൈനൂർ മേത്തുള്ളി, പുത്തൂർകാവ്, എളംതുരുത്തി, മരത്താക്കര, കനകശ്ശേരി, കൊളാംകുണ്ട്, തമ്പുരാട്ടിമൂല, മൈമ്പിള്ളി തുടങ്ങിയ സ്ഥലങ്ങളിലെ ക്ഷേത്രങ്ങളിലും ഇത്തരത്തിലുള്ള ആഘോഷങ്ങൾ നടന്നു വരുന്നു. മരത്താക്കര, പടവരാട്, പുത്തൂർ, പൊന്നൂക്കര, വെട്ടുകാട്, മാന്ദാമംഗലം, ചെന്നായ്പാറ, മരോട്ടിച്ചാൽ എന്നിവിടങ്ങളിലെ ക്രിസ്ത്യൻ പള്ളികളിൽ വർഷം തോറും പെരുന്നാൾ ആഘോഷങ്ങളും കലാപരിപാടികളും നടന്നു വരുന്നുണ്ട്.

തിരക്കു പിടിച്ചതും ബുദ്ധിമുട്ടേറിയതുമായ ദൈനംദിന ജീവിത പ്രവർത്തനങ്ങളിൽ നിന്നും വിട്ട് ഉല്ലസിക്കാനും

മറ്റുള്ളവരുമായി ഓത്തൊരുമിക്കുന്നതിനും ഇടയാകേണ്ട ഇത്തരം ആഘോഷങ്ങൾ അലങ്കോലപ്പെടുത്തുന്ന തരത്തിലുള്ള ചില പ്രവർത്തനങ്ങൾ പല അവസരങ്ങളിലും ഉണ്ടായിട്ടുണ്ട്. ലക്ഷ്യത്തിനു വിരുദ്ധമായ ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടായപ്പോഴൊക്കെ അതിനെതിരെ ബഹുജനാഭിപ്രായം ഉയർന്നതും ശ്രദ്ധേയമാണ്.

ജാതിയുടേതായ അതിർ വരമ്പുകൾ ഇപ്പോഴും നിലനിൽക്കുന്നുവെങ്കിലും ജാതി വിഭാഗങ്ങൾ തമ്മിലുള്ള ഉച്ച നീചത്വങ്ങളിൽ ഗുണകരമായ മാറ്റം ഉണ്ടായിട്ടുണ്ട്. എന്നിരുന്നാലും പട്ടിക ജാതി, പട്ടികവർഗ്ഗങ്ങളിൽപ്പെട്ടവർ ഇനിയും പൊതുധാരയിലേക്കുയർന്നു വരേണ്ടിയിരിക്കുന്നു.

പ്രധാനമായും കാർഷിക തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്നവരാണ് പഞ്ചായത്തിലെ ബഹുഭൂരിഭാഗം ആളുകളും. സ്വന്തം കൃഷി സ്ഥലങ്ങളിൽ ജോലി ചെയ്യുന്നവരും, മറ്റുള്ളവരുടെ കൃഷിയിടങ്ങളിൽ ജോലിയെടുക്കുന്നവരും ഇതിൽ പെടുന്നു. വ്യവസായ തൊഴിലാളികളും, ചുമട്ടു തൊഴിലാളികളും നിർമ്മാണ തൊഴിലാളികളുമാണ് മറ്റൊരു പ്രധാന വിഭാഗം. കൂടാതെ സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്നവരും, സർക്കാർ അർധസർക്കാർ ജീവനക്കാരും ഉണ്ട്.

കേരളത്തിന്റെ സാമൂഹ്യ പരിഷ്ക്കരണത്തിൽ മുഖ്യ പങ്കു വഹിച്ചിട്ടുള്ള ശ്രീ നാരായണ ഗുരുവിന്റെ ആദർശങ്ങളെ മുൻനിർത്തി പ്രവർത്തിക്കുന്ന എസ്. എൻ. ഡി. പി. യോഗത്തിന്റെ വിവിധ ശാഖകളുടെ പ്രവർത്തനം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്നു വരുന്നു. കൂടാതെ മറ്റു പല സാമുദായിക സംഘടനകളും അതാത് വിഭാഗങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചു വരുന്നു.

ഓരോ മതവിഭാഗങ്ങൾക്കും അതിലെ തന്നെ ഓരോ ജാതി വിഭാഗങ്ങൾക്കും വ്യത്യസ്തങ്ങളായ പല ആചാര രീതികൾ നിലനിന്നു വരുന്നു. പ്രത്യേകിച്ച് വിവാഹ ചടങ്ങുകളിലും മരണാനന്തര ചടങ്ങുകളിലും മറ്റും നിലനിന്നിരുന്ന പല ആചാരങ്ങളിലും മുമ്പത്തെ അപേക്ഷിച്ച് കുറയൊക്കെ ഗുണകരമായ മാറ്റം ഉണ്ടായിട്ടുണ്ട്. എന്നാൽ വിവാഹം പോലുള്ള ചടങ്ങുകളിൽ ആർഭാടങ്ങൾ ഏറി വരുന്ന പ്രവണത കൂടി വരുന്നു.

ജനങ്ങളുടെ വസ്ത്രധാരണ രീതിയിൽ പ്രകടമായ മാറ്റങ്ങൾ മുൻകാലങ്ങളെ അപേക്ഷിച്ച് ഉണ്ടായിട്ടുണ്ട്. വസ്ത്രം, ആഭരണം തുടങ്ങിയവയുടെ കാര്യത്തിലും, ഭവനനിർമ്മാണ രംഗത്തും കുടുംബ വരുമാനത്തിന്റെ ഏറിയ പങ്കും ചിലവഴിക്കുന്ന പ്രവണത തികച്ചും അനാശാസ്യകരമാണ്.

സാമൂഹ്യ വിദ്യാഭ്യാസ രംഗങ്ങളിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രധാന സംഘടനകളാണ് കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, സംസ്ക്കാര വിദ്യാഭ്യാസ ഗവേഷണ പരിശീലന കേന്ദ്രം (എസ്. സി. ഇ. ആർ. ടി.) എന്നിവ. ശാസ്ത്രസാഹിത്യ പരിഷത്തിന്റെ രണ്ട് യൂണിറ്റുകൾ മരോട്ടിച്ചാലിലും, പുത്തൂരിലുമായി പ്രവർത്തിച്ചു വരുന്നു. ജനങ്ങളിൽ ശാസ്ത്രീയ വീക്ഷണം ഉണ്ടാക്കുന്നതിനും സമൂഹത്തിന്റെ സമഗ്രമായ വികസനത്തിനും ഉദ്ദേശിച്ചുള്ള പരിഷത്തിന്റെ വിവിധ മേഖലകളിലെ പ്രവർത്തനം വളരെ ശ്ലാഘനീയമാണ്. ചാരിറ്റബിൾ സൊസൈറ്റിയായി രജിസ്റ്റർ ചെയ്തിട്ടുള്ള സംസ്ക്കാര വിദ്യാഭ്യാസ ഗവേഷണ പരിശീലന കേന്ദ്രത്തിന്റെ സാമൂഹ്യ സാംസ്ക്കാരിക വിദ്യാഭ്യാസ രംഗത്തെ പ്രവർത്തനം പഞ്ചായത്തിന് ഒരു മുതൽകൂട്ടാണ്.

പഞ്ചായത്തിലെ സാംസ്ക്കാരിക സ്ഥാപനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് പഞ്ചായത്ത് സാംസ്ക്കാരിക

നിലയത്തിൽ പ്രവർത്തിക്കുന്ന പുത്തൂർ പഞ്ചായത്ത് ഗ്രന്ഥശാല & വായനശാല യാണ്. പ്രവർത്തന സമയത്തിലുള്ള അപാകത മൂലം ഇതിനെ വേണ്ട വണ്ണം ഉപയോഗപ്പെടുത്താൻ വിദ്യാർത്ഥികളും ജോലിക്കാരുമായ ഭൂരിഭാഗം വരുന്ന ആളുകൾക്കും കഴിയുന്നില്ല. എല്ലാ വിധത്തിലുള്ള സാമൂഹ്യക്ഷേമ പദ്ധതി കളെ കുറിച്ചും തൊഴിലവസരങ്ങളെ ക്കുറിച്ചും അറിയാനുള്ള ഒരു ഇൻഫർമേ ഷൻ സെന്ററായി ഈ സാംസ്ക്കാരിക കേന്ദ്രം ഉയർത്തേണ്ടിയിരിക്കുന്നു വായ നശാലയുടെ ഭാഗമായി രൂപം കൊടുത്ത പഞ്ചായത്ത് കലാകേന്ദ്രം ചുരുങ്ങിയ കാലയളവിൽ വളരെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ച വെക്കുകയു ണ്ടായി. സംസ്ഥാനത്ത് മറ്റു പഞ്ചായത്തു കളിലൊന്നും ഇല്ലാത്ത ഒരു സംവിധാന മാണിത്. പഞ്ചായത്തിലെ കലാകാര ന്മാരെ ഒരേ വേദിയിൽ കൊണ്ടു വരുന്ന തിനും അവർക്ക് ആവശ്യമായ പ്രോത്സാ ഹനങ്ങൾ നൽകുന്നതിനും ഉദ്ദേശിച്ച് രൂപം കൊടുത്തതാണ് പഞ്ചായത്ത് കലാ കേന്ദ്രം. പഞ്ചായത്തിലെ കലാകാരന്മാരെ അണി നിരത്തി അമച്വർ നിലവാരത്തി ലുള്ള നാടക ട്രൂപ്പും, ഗാനമേള ട്രൂപ്പും, നൃത്തസംഘവും രൂപം കൊടുത്ത് പല സ്റ്റേജുകളിൽ പരിപാടികൾ അവതരി പ്പിക്കുകയുണ്ടായി. സംഗീത നാടക അക്കാദമിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാന തലത്തിൽ നടത്തുന്ന അമച്വർ നാടക മത്സരത്തിന് 1994ൽ പഞ്ചായത്ത് കലാകേന്ദ്രത്തിന്റെ നാടകം തിരഞ്ഞെടുക്കുകയുണ്ടായി. പഞ്ചായത്ത് കലാകേന്ദ്രത്തിന്റെ കലാകാരന്മാരിൽ ചിലർ കഴിഞ്ഞ വർഷത്തെ കേരളോ ത്സവത്തിൽ ജില്ലാ, സംസ്ഥാന മത്സ രങ്ങളിൽ സമ്മാനാർഹരായി എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. തബല വായനയിൽ സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം നേടി കൽക്കത്തയിൽ വെച്ചു നടന്ന അഖിലേന്ത്യാ മത്സരത്തിൽ കേരള സംസ്ഥാനത്തെ പ്രതിനിധീകരിച്ച് പങ്കെടുത്ത ശ്രീ. ടി. ടി. രാഞ്ജു കലാ കേന്ദ്രത്തിന്റെ ജോയിന്റ് കൺവീനറാണ്. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായ ശ്രീ. എം. വി. രാജു സംസ്ഥാനതലത്തിൽ ഗിത്താർ വായനയിൽ രണ്ടാം സ്ഥാനത്തിനർഹ നാകുകയുണ്ടായി. ഹാർമോണിയം, ഗിത്താർ, വയലിൻ, ട്രിപ്പിൾ, തുടങ്ങിയ സംഗീതോപകരണങ്ങളും, രണ്ട് സൗണ്ട് ബോക്സുകൾ, മൈക്ക്, സ്റ്റാന്റ് തുടങ്ങിയ ഉപകരണങ്ങളും സംഭാവനയായി സ്വരൂപി ച്ചിട്ടുള്ള കലാകേന്ദ്രത്തിന്റെ കഴിഞ്ഞ ഒന്നര വർഷകാലത്തെ പ്രവർത്തനം ആശാവഹമല്ല.

പഞ്ചായത്തിൽ നിലവിൽ 7 വായന ശാലകളാണ് ഉള്ളത്. പുസ്തക വായന രംഗത്തുണ്ടായിട്ടുള്ള അപചയം ഈ വായനശാലകളുടെ പ്രവർത്തനങ്ങളിലും ബാധിച്ചിട്ടുണ്ട്. വായനശാലകളെ സംബ ന്ധിച്ച ചില വിവരങ്ങൾ പട്ടിക എ യിൽ കൊടുക്കുന്നു.

### പട്ടിക എ

## പഞ്ചായത്തിലെ വായനശാലകൾ

| ക്രമ നമ്പർ | വായനശാലയുടെ പേര് | വാർഡ് | പുസ്തകങ്ങളുടെ എണ്ണം | ശരാശരി പ്രതിമാസ വിതരണം | ആനുകാലികങ്ങളുടെ എണ്ണം |
|---|---|---|---|---|---|
| 1. | പുത്തൂർ പഞ്ചായത്ത് ഗ്രന്ഥശാല & വായനശാല | 1 | 2500 | 200 | 3 |
| 2. | നളന്ദ വായനശാല, ചെമ്പംകണ്ടം | 5 | 2500 | 100 | |
| 3. | ചിത്ര വായനശാല, മാന്ദാമംഗലം | 8 | 4000 | | 1 |
| 4. | ന്യൂബ്രദേഴ്സ് ലൈബ്രറി, വെള്ളക്കാരിത്തടം | 7 | 1500 | 150 | 2 |
| 5. | സംസ്ക്കാര ലൈബ്രറി, കല്ലുംകുന്ന്, പുത്തൂർ | 10 | 1250 | 200 | 4 |
| 6. | മതികുന്ന് ഗ്രാമീണ വായനശാല, പൊന്നൂക്കര | 2 | 3000 | 200 | 4 |
| 7. | ഗ്രാമീണ വായനശാല, മരോട്ടിച്ചാൽ | 6 | 1000 | 200 | 4 |

ഇരുപതിലധികം ക്ലബ്ബുകളും കലാസമിതികളും കലാകായിക രംഗത്ത് പഞ്ചായത്തിൽ പ്രവർത്തിച്ച് വന്നിരുന്നുവെങ്കിലും ഇപ്പോൾ പ്രവർത്തന രംഗത്തുള്ളവ വളരെ വിരളമാണ്. പ്രാദേശികമായി കലാകായിക പ്രതിഭകളെ കണ്ടെത്തി വളർത്തി കൊണ്ടുവരേണ്ട ഇത്തരം ക്ലബ്ബുകളിൽ പലതും ഒറ്റപ്പെട്ട ചില പ്രവർത്തനങ്ങൾ മാത്രമാണ് നടത്തുന്നത്. പഞ്ചായത്തിലുള്ള അറിയപ്പെടുന്ന ചില ക്ലബ്ബുകളുടെ പേരു വിവരം പട്ടിക ബി. യിൽ കൊടുത്തിരിക്കുന്നു.

## പട്ടിക ബി

## പഞ്ചായത്തിലെ ക്ലബ്ബുകൾ, കലാസമിതികൾ

| ക്രമ നമ്പർ | ക്ലബ്ബിന്റെ പേര് | സ്ഥലം | വാർഡ് |
|---|---|---|---|
| 1. | യങ്ങ്സ്റ്റേഴ്സ് ക്ലബ്ബ് | പുത്തൂർ | 1 |
| 2. | രശ്മി ക്ലബ്ബ് | പുത്തൂർ | 1 |
| 3. | വിമൽ ക്ലബ്ബ് | പുത്തൂർ | 1 |
| 4. | യുവഭാവന കലാസമിതി | പൊന്നൂക്കര | 2 |
| 5. | ഈഗിൾസ് ആർട്സ് & സ്പോർട്സ് ക്ലബ്ബ് | പൊന്നൂക്കര | 2 |
| 6. | സഫ്ദർ ഹഷ്മി മെമ്മോറിയൽ ക്ലബ്ബ് | പൊന്നൂക്കര | 2 |
| 7. | ദീപ്തി ക്ലബ്ബ് | ചോച്ചേരികുന്ന് | 4 |
| 8. | ഫ്രന്റ്സ് ക്ലബ്ബ് | ചെറുകുന്ന് | 4 |
| 9. | ഫൈറ്റേഴ്സ് ക്ലബ്ബ് | പൊൻകുന്ന് | 4 |
| 10. | ജനോദയ കലാസമിതി | വെട്ടുകാട് | 4 |
| 11. | ചൈതന്യ ആർട്സ് & സ്പോർട്സ് ക്ലബ്ബ് | പുത്തൻകാട് | 5 |
| 12. | ഫ്രന്റ്സ് ക്ലബ്ബ് | മരോട്ടിച്ചാൽ | 6 |
| 13. | ന്യൂ ബ്രദേഴ്സ് ആർട്സ് & സ്പോർട്സ് ക്ലബ്ബ് | വെള്ളക്കാരിത്തടം | 7 |
| 14. | നാഷ്ണൽ ആർട്സ് & സ്പോർട്സ് ക്ലബ്ബ് | ചെന്നായ്പാറ | 7 |
| 15. | ന്യൂകമൻസ് ആർട്സ് & സ്പോർട്സ് ക്ലബ്ബ് | കൊങ്ങംപാറ | 9 |
| 16. | യുവജന കലാവേദി | ചെറുകുന്ന് | 9 |
| 17. | ക്രസന്റ് ക്ലബ്ബ് | മരത്താക്കര | 12 |
| 18. | യുവജന സംഘം | മരത്താക്കര | 12 |
| 19. | ദീപ്തി ക്ലബ്ബ് | മരത്താക്കര | 12 |
| 20. | സൈക്കോ ക്ലബ്ബ് | മരത്താക്കര | 13 |
| 21. | യുവ ദീപ്തി ക്ലബ്ബ് | മരത്താക്കര | 14 |

നമ്മുടെ പഞ്ചായത്തിൽ കലാകായിക രംഗത്തെ ഏറ്റവും പ്രധാന പരിപാടി പഞ്ചായത്തുതല കേരളോത്സവമാണ്. പഞ്ചായത്തിൽ വളരെ നല്ല രീതിയിൽ സംഘടിപ്പിക്കാറുള്ള ഇതിൽ പല ക്ലബ്ബുകളുടെ നേതൃത്വത്തിലും വ്യക്തിഗതമായും കുറെയൊക്കെ പങ്കാളിത്തമുണ്ടാകാറുണ്ട്. വളരെ ചുരുങ്ങിയ ദിവസങ്ങൾ കൊണ്ടാണ് ഇത് സംഘടിപ്പിക്കുന്നത് എന്നതിനാൽ ഇതിനുവേണ്ടി പ്രത്യേകം തയ്യാറാകുവാനോ പരിശീലിക്കുവാനോ കലാകായിക താരങ്ങൾക്ക് കഴിയാതെ വരുന്നു. മാത്രമല്ല, കേരളോത്സവം ഓരോ വർഷവും നടക്കുമോ ഇല്ലയോ എന്നതിനെ കുറിച്ച് ഒരു ഉറപ്പും ഇല്ലാത്ത അവസ്ഥയാണ്. ഇടയ്ക്ക് ഒരു വർഷം ഇത് നടക്കുകയുണ്ടായില്ല എന്നു മാത്രമല്ല, പല വർഷങ്ങളിലും സംസ്ഥാന തല മത്സരങ്ങൾ നടത്തുകയുമുണ്ടായിട്ടില്ല. സർക്കാർ തലത്തിൽ തന്നെ ഇക്കാര്യത്തിൽ വേണ്ടത്ര ശുഷ്ക്കാന്തി കാണിക്കുന്നില്ല എന്നത് കാരണം കേരളോത്സവത്തെ യഥാർത്ഥത്തിൽ ഒരു ഗ്രാമീണ മേളയാകുന്നതിന് സാധിക്കാതെ വരുന്നു.

ആരോഗ്യമുള്ള ജനതയാണ് സമൂഹത്തിന്റെ സമ്പത്ത് അതിനായി കായിക രംഗത്തെ പ്രോത്സാഹനവും പരിശീലനവും ആവശ്യമാണ്. ഈ രംഗത്ത് പ്രധാനമായും ഫുട്ബോൾ, ക്രിക്കറ്റ് കളികളാണ് നടന്നുവരുന്നത്. പുത്തൂരിൽ ന്യൂകമൻസ് ക്ലബ്ബ്, കൊങ്ങംപാറയുടെയും, ചെമ്പംകണ്ടത്ത് നളന്ദ വായനശാലയുടെയും ആഭിമുഖ്യത്തിൽ ഫുട്ബോൾ ടൂർണ്ണമെന്റ് വർഷം തോറും നടന്നുവരുന്നു. ഫുട്ബോൾ കളിയിൽ നമ്മുടെ പഞ്ചായത്തിലെ പരിമിതമായ സൗകര്യങ്ങളോടുകൂടിയ കളിസ്ഥലങ്ങളിൽ കളിച്ചുയർന്ന് സംസ്ഥാനതല ടീമുകളിൽ അംഗങ്ങളായി മികവു് പ്രകടിപ്പിച്ച ചിലരെ പ്രത്യേകം എടുത്തു് പറയേണ്ടതുണ്ട്. അഖിലേന്ത്യ ടെലികോം ഫുട്ബോൾ ടൂർണ്ണമെന്റിൽ കേരള ടീമംഗമായി പങ്കെടുക്കുകയും ടൂർണ്ണമെന്റിലെ ബെസ്റ്റ് പ്ലെയറായി തിരഞ്ഞെടുക്കുകയും ചെയ്ത ശ്രീ. എം. എം. സേതുമാധവൻ, സ്കൂൾ തല സ്റ്റേറ്റ് ഫുട്ബോൾ ടീമിന്റെ ക്യാപ്റ്റനായിരുന്ന ശ്രീ. ഗിരീഷ്, കേരള വനിതാ ഫുട്ബോൾ ടീമംഗമായിരുന്ന കുമാരി ദാസി തോമസ്, സബ്ജൂനിയർ സ്റ്റേറ്റ് ടീമംഗമായിരുന്ന ശ്രീ. പ്രസാദ്, കാലിക്കറ്റ് യുണിവേഴ്സിറ്റി ഫുട്ബോൾ ടീമിൽ 3 വർഷം തുടർച്ചയായി അംഗമായിരുന്ന എബ്രഹാം പി. എം. എന്നിവരാണ് പ്രശംസനീയമാം വണ്ണം കഴിവ് പ്രകടിപ്പിച്ചവർ. കാലിക്കറ്റ് യൂണിവേഴ്സിറ്റി അത്‌ലറ്റിക്സ് മീറ്റിൽ റെക്കോഡോടെ വ്യക്തിഗതചാമ്പ്യനായ ശ്രീ. സി. വി. ജയന്റെ നേട്ടം പ്രത്യേകം പ്രസ്താവ്യമാണ്.

ഇളംതുരുത്തിയിലെ നിസരി കലാക്ഷേത്രം നൃത്ത പരിശീലന രംഗത്തെ ഒരു സ്ഥാപനമാണ്. കൂടാതെ പുത്തൂരിലും ഒരു നൃത്ത പരിശീലന കേന്ദ്രം നിലവിലുണ്ട്. പഞ്ചായത്തിന്റെ പല ഭാഗങ്ങളിലായി കൈകൊട്ടി കളിയുടെ സംഘങ്ങൾ പ്രാദേശീകമായി പരിശീലിപ്പിക്കുകയും ഓണാഘോഷങ്ങളോടനുബന്ധിച്ച് അത് അവതരിപ്പിക്കുകയും ചെയ്തു വരുന്നു. ഇളംതുരുത്തി, നമ്പ്യാർ റോഡ് എന്നിവിടങ്ങളിലായി പോത്തോട്ടം നടന്നിരുന്നതായി പറയപ്പെടുന്നു. നാടൻ കലകളുടെ കൂട്ടത്തിൽ പ്രധാനമായും കണ്ടുവന്നിരുന്ന കാളക്കളി, കുതിര കളി, കൊമ്പുമുറം കളി, ഐവർ കളി, പൊറോട്ട് നാടകം, പുലിക്കളി, കുമ്മാട്ടി, ചെട്ടിവാദ്യം, ഞാറ്റുപാട്ട്, തുയിലുണർത്ത് പാട്ട്, പുള്ളുവൻ പാട്ട്, നാവേറ് പാട്ട് തുടങ്ങിയവയിൽ ചിലതൊഴിച്ചാൽ പലതും അന്യം നിന്നു പോയിരിക്കുന്നു. പുതിയ തലമുറ ഇത്തരം രംഗത്തേക്ക് വരുന്നതിന് വേണ്ടത്ര താൽപര്യം കാണിക്കുന്നില്ല എന്നതാണ് ഇതിനു പ്രധാന കാരണം. ചില കുടുംബ ദൈവങ്ങൾക്കായി നടത്തിവരുന്ന തോറ്റങ്ങളുടെ ഭാഗമായുള്ള കളമെഴുത്ത്, തോറ്റം പാട്ട് തുടങ്ങിയവയും ക്ഷേത്രങ്ങളോടനുബന്ധിച്ചും മറ്റും നടന്നുവരുന്ന അയ്യപ്പൻ വിളക്കിന്റെ ഭാഗമായുള്ള ഉടുക്കുകൊട്ട് പാട്ടും നിലവിലുള്ള ചില അനുഷ്ഠാന കലാരൂപങ്ങളാണ്.

പത്രമാധ്യമ രംഗത്ത് മലയാള മനോരമ, മാതൃഭൂമി എന്നിവയാണ് ഏറെ പ്രചാരമുള്ളത്. എക്സ്പ്രസ്സ്, ദീപിക, ദേശാഭിമാനി, രാഷ്ട്രദീപിക, തുടങ്ങി പല പത്രങ്ങളും കുറച്ചൊക്കെ ഇവിടെ പ്രചാരത്തിലുണ്ട്. വാരികകളുടെ കൂട്ടത്തിൽ മലയാള മനോരമയും, മംഗളവുമാണ് കൂടുതൽ ചെലവുള്ളത്. ടി. വി. യുടെ ഉപയോഗം ദൈനംദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഓരോ കുടുംബത്തിലേയും ഒഴിവാക്കാനാവാത്ത വസ്തു എന്ന രീതിയിൽ ടി. വി. മാറിക്കൊണ്ടിരിക്കുകയാണ്. ജനങ്ങളെ അതിന്റെ മുന്നിലേക്ക് ആകർഷിക്കുന്നതിന്റെ ഫലമായി പൊതുവേ ആളുകൾ നിഷ്ക്രിയരും അലസരുമായി മാറാൻ ഇടയാകുന്നു. ഒഴിവ് സമയം മറ്റ് സാമൂഹ്യസാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് ഇത് ഒരു തടസ്സമായി ഭവിക്കുന്നു. മാത്രമല്ല ടി. വി. പരിപാടികൾ വേണ്ടത്ര ഗുണനിലവാരം പുലർത്തുന്നില്ലെന്ന ആക്ഷേപവുമുണ്ട്. വിദ്യാർത്ഥികളുടെ പഠിപ്പിനെ

ഇത് വളരെ അധികം ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഈ രംഗത്ത് കൂടുതൽ വ്യാപിച്ചു കൊണ്ടിരിക്കുന്ന ഒന്നാണ് കേബിൾ ടി. വി. നെറ്റ് വർക്ക്. പഞ്ചായത്തിൽ മൂന്ന് കേന്ദ്രങ്ങളാണ് ഉള്ളത്. തരംതാണ പാശ്ചാത്യ സംസ്കാരത്തെ ഇവിടത്തെ ജനങ്ങളിലേക്ക് എത്തിക്കുന്നതിനും നമ്മുടെതായ സംസ്കാരത്തെ ഹനിക്കുന്നതിനും കേബിൾ ടി. വി. യുടെ ഭാഗമായുള്ള വിദേശ ചാനലുകളിലെ പരിപാടികൾ കാരണമാകുന്നു. പഞ്ചായത്തിൽ വെട്ടുകാട്, ഇളംതുരുത്തി, മരത്താക്കര എന്നിവിടങ്ങളിലായി 4 സിനിമാശാലകളാണുള്ളത്. അതിൽ മരത്താക്കരയിലേത് കുറച്ചുനാളായി പ്രവർത്തിക്കുന്നില്ല. ടി. വി., കേബിൾ ടി. വി., വി. സി. ആർ. എന്നിവയുടെ പ്രചാരം സിനിമാശാലകൾക്ക് ഒരു വെല്ലുവിളിയാണ്. കേബിൾ ടി. വി. യിലൂടെയും ചില സിനിമാശാലകളിലൂടെയുമുള്ള അശ്ലീല ചിത്ര പ്രദർശനം നിരോധിക്കുന്നതിന് ശക്തമായ പൊതുജനാഭിപ്രായം ഉയരുകയും പഞ്ചായത്ത് തലത്തിൽ ഫലപ്രദമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്.

നമ്മുടെ സംസ്കാരത്തെ തന്നെ നശിപ്പിക്കുന്ന ഒരു കൊടിയ വിപത്താണ് മദ്യപാനം. ഇത് പല കുടുംബങ്ങളേയും ദുരിതത്തിലാഴ്ത്തുന്നതിനും സമൂഹത്തിന്റെ സമാധാനാന്തരീക്ഷം നഷ്ടപ്പെടുത്തുന്നതിനും പലതരത്തിലുള്ള അഴിമതിക്കും മദ്ധ്യവർത്തിയാകുന്നതിനും ഇടയാകുന്നു. ഇതിന്റെ കൊടിയ വിപത്ത് തിരിച്ചറിഞ്ഞ കുറെ യുവാക്കൾ ചേർന്ന് രൂപം കൊടുത്ത മരോട്ടിച്ചാലിലെ 'സഹൃദയ യുവചേതന' നടത്തിയ മദ്യവിരുദ്ധ പ്രവർത്തനങ്ങൾ വളരെ പ്രശംസനീയമാണ്. 80കൾ ആദ്യം വ്യാജമദ്യത്തിന്റെ പ്രധാന ഉല്പാദന കേന്ദ്രമായിരുന്ന മരോട്ടിച്ചാലിനെ മദ്യവിമുക്ത ഗ്രാമായി പ്രഖ്യാപിക്കുന്നതിനും സഹൃദയ യുവചേതനയുടെ പ്രവർത്തനങ്ങൾ കൊണ്ട് സാധിച്ചിട്ടുണ്ട്. ഈ മാതൃക പഞ്ചായത്തിലെ എല്ലാ ഭാഗങ്ങളിലേക്കും വ്യാപിപ്പിക്കേണ്ടതാണ്. ഈ രംഗത്ത് സർക്കാർ ഏർപ്പെടുത്തിയ ചാരായനിരോധനം തികച്ചും സ്വാഗതാർഹമാണ്. സമീപഭാവിയിൽ തന്നെ കേരളത്തെ സമ്പൂർണ്ണ മദ്യ വിമുക്ത സംസ്ഥാനമാക്കി മാറ്റാനുള്ള നടപടികൾ സർക്കാർ തലത്തിൽ ആവിഷ്ക്കരിക്കുമെന്ന് പ്രത്യാശിക്കാം.

മൃഗത്തിൽ നിന്നുപരിയായി മനുഷ്യന്റെ സാമൂഹ്യ ബോധവും ബുദ്ധിശക്തിയും അദ്ധ്വാനിക്കാനുള്ള കഴിവുമാണ് പുതിയ സംസ്കാരത്തിലേക്കുള്ള വഴി തെളിച്ചിട്ടുള്ളത്. അതേ സമയം സമൂഹത്തിലെ എല്ലാ രംഗങ്ങളിലുമുള്ള മൂല്യച്യുതി, സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങളോടുള്ള വിമുഖത പൊതുപ്രവർത്തനത്തെ സ്വാർത്ഥ ലാഭങ്ങൾക്കായി ദുരോപയോഗപ്പെടുത്തൽ, തൊഴിൽ മേഖലകളിൽ അവകാശങ്ങൾക്കുവേണ്ടി പോരാടുമ്പോൾ തന്നെ കർത്തവ്യ നിർവ്വഹണത്തോടുള്ള അവഗണന, ഉപഭോഗ സംസ്കാരം തുടങ്ങിയവ ഈ രംഗത്ത് നാം നേരിടുന്ന ചില വെല്ലുവിളികളാണ്. ഈ അവസരത്തിൽ നമ്മുടെ സമൂഹത്തിന്റെ സാംസ്കാരിക വളർച്ചക്കായി സൗഹൃദത്തോടെ, സാഹോദര്യത്തോടെ, പരസ്പര ബഹുമാനത്തോടെ ഒത്തൊരുമിച്ച് മുന്നേറേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ഒൻപതാം വാർഡിൽ പെടുന്ന വനഭൂമിയിലേക്ക് തൃശൂർ മൃഗശാല, അത്യാധുനിക സൗകര്യങ്ങളോടെ, മാറ്റുന്നതിനുള്ള നിർദ്ദേശമുണ്ടെങ്കിലും ഈ പദ്ധതിക്കായുള്ള പ്രവർത്തനം ഇനിയും വേണ്ടത്ര പുരോഗമിച്ചിട്ടില്ല.

2. പഞ്ചായത്തിലെ ഒരു പ്രധാനപ്പെട്ട സാംസ്ക്കാരിക സ്ഥാപനമായ പഞ്ചായത്ത് ഗ്രന്ഥശാല & വായന ശാലയുടെ നിലനിലുള്ള പ്രവർത്തന സമയം ഉച്ച തിരിഞ്ഞ് രണ്ടു മുതൽ അഞ്ചു മണി വരെയാണ് എന്നതിനാൽ വിദ്യാർത്ഥികളും, ജോലിക്കാരുമായ ഭൂരിഭാഗം വരുന്നവർക്കും പുസ്തകം എടുക്കുന്നതിനുള്ള സൗകര്യം ലഭ്യമാകുന്നില്ല. വായനശാലയിലേക്ക് കഴിഞ്ഞ 2 വർഷമായി പുതിയ പുസ്തകങ്ങളൊന്നും വാങ്ങിയിട്ടില്ല.

3. പഞ്ചായത്തു വായനശാലയുടെ ഭാഗമായുള്ള പഞ്ചായത്ത് കലാകേന്ദ്രം രണ്ടു വർഷത്തെ സജീവ പ്രവർത്ത നത്തിനു ശേഷം ഇപ്പോൾ നിർജ്ജീവാവസ്ഥയിലാണ്. ആയിരക്ക ണക്കിന് രൂപ മുടക്കുമുതലോടു കൂടിയ സംഗീതോപകരണങ്ങൾ ഇതിനാൽ നാശമായിക്കൊണ്ടിരി ക്കുകയാണ്.

4. കലാകായിക സാംസ്ക്കാരിക രംഗങ്ങ ളിലെ പരിശീലനത്തിനും പ്രോത്സാഹ നത്തിനും ആവശ്യമായ സൗകര്യങ്ങൾ വേണ്ടത്രയില്ല.

5. കലാകായിക സാഹിത്യ രംഗത്ത് പഞ്ചായത്തിന്റെ പല ഭാഗങ്ങളിലുമായി പല ക്ലബ്ബുകളും സംഘടനകളും ഉണ്ടെങ്കിലും സജീവമായി പ്രവർത്തി ക്കുന്നവ വളരെ വിരളമാണ്.

6. വ്യാപകമായി വരുന്ന കേബിൾ ടിവി. കളിലൂടെയുള്ള വിദേശ ചാനലു കളിലെ പല പരിപാടികളും നമ്മുടെ സംസ്ക്കാരത്തിനു തന്നെ ഒരു വെല്ലു വിളിയാണ്.

7. മദ്യപാനം സമൂഹത്തിലുണ്ടാക്കുന്ന അസാന്മാർഗ്ഗീക പ്രവർത്തനങ്ങൾ വർദ്ധിക്കുന്നതിനും കുടുംബ സമാധാനം നഷ്ടപ്പെടുന്നതിനും കാരണമാകുന്നു.

8. ടി. വി. പോലുള്ള ആധുനിക വാർത്താ വിനിമയോപാദികൾ പൊതു ജനങ്ങൾക്ക് ഉപയോഗപ്പെടു ത്തുന്നതിന് പ്രാദേശിക തലങ്ങളിൽ സൗകര്യങ്ങൾ വേണ്ടത്ര ഇല്ല.

9. പ്രാദേശികമായ വായനശാല സൗകര്യങ്ങൾ വേണ്ടത്രയില്ല. നില വിലുള്ള പലതും കാര്യക്ഷമമായി പ്രവർത്തിക്കുന്നുമില്ല.

10. പലതരത്തിലും സാമൂഹ്യ തിന്മകളും അസാന്മാർഗ്ഗിക പ്രവർത്തനങ്ങളും വർദ്ധിച്ചു വരുന്നു.

11. ആരാധനാലയങ്ങളോടനുബന്ധിച്ച് നടക്കുന്ന ആഘോഷങ്ങളിൽ ഉണ്ടാ കുന്ന സംഘട്ടനങ്ങളും മറ്റും ഇത്തരം ആഘോഷങ്ങളെ അലങ്കോലപ്പെടു ത്തുന്നതിനും സമാധാനാന്തരിക്ഷം നഷ്ടപ്പെടുത്തുന്നതിനും കാരണ മാകുന്നു.

12. ടി. വി. മാധ്യമങ്ങളുടെ അതിപ്രസരം വായനാ ശീലം കുറക്കുന്നതിനും ജനങ്ങളെ അലസരാക്കുന്നതിനും സാമൂഹ്യ സാംസ്കാരിക പ്രവർത്ത നങ്ങളിൽ നിന്നു് പിന്തിരിപ്പിക്കു ന്നതിനും വിദ്യാർത്ഥികളുടെ പഠനത്തെ ദോഷകരമായി ബാധിക്കുന്നതിനും കാരണമാകുന്നു. പൊതുവേ നില വാരം കുറഞ്ഞ പരിപാടികളാണ് പ്രക്ഷേപണം ചെയ്യുന്നത്.

13. യുവാക്കളും കലാകായിക രംഗങ്ങ ളിലെ കഴിവ് മാറ്റുരയ്ക്കാനുതകേണ്ട കേരളോത്സവം പോലുള്ള പരിപാടി കൾ കുറഞ്ഞ ദിവസത്തിനുള്ളിൽ തിടുക്കത്തിൽ സംഘടിപ്പിക്കുന്ന തിനാൽ പലപ്പോഴും പങ്കാളിത്തം വേണ്ടത്ര ഉണ്ടാകാതെ പോകുന്നു. മാത്രവുമല്ല ബ്ലോക്ക്, ജില്ല, സംസ്ഥാന തലങ്ങളിൽ വെറും ചടങ്ങായി മാത്രം നടത്തുകയോ അല്ലെങ്കിൽ നടത്താ തിരിക്കുകയോ ചെയ്യുന്നു.

14. സാംസ്കാരിക സ്ഥാപനങ്ങളിലെ പല തരത്തിലുള്ള ഇടപെടലുകൾ ചേരി തിരിവുകൾക്ക് കാരണമാവുകയും സുഗമമായ പ്രവർത്തനത്തിന് തടസ്സ മാവുകയും ചെയ്യുന്നു.

15. ചർച്ചാ ക്ലാസ്സുകൾ, സെമിനാറുകൾ, സിമ്പോസിയങ്ങൾ തുടങ്ങിയ പരി പാടികളിൽ വേണ്ടത്ര പങ്കാളിത്തം ഉണ്ടാകുന്നില്ല. വിവാഹം തുടങ്ങിയ ചടങ്ങുകളോടനുബന്ധിച്ചും, പൂരം, പെരുനാൾ തുടങ്ങിയ ആഘോഷ ങ്ങളുടെ ഭാഗമായും, യുവാക്കളുടെ ഇടയിൽ കണ്ടുവരുന്ന 'കമ്പനി കൂടൽ' എന്ന പേരിൽ അറിയപ്പെടുന്ന മദ്യപാനാഭാസം ഏറി വരുന്നു.

## നിർദ്ദേശങ്ങൾ

1. തൃശൂരിലുള്ള മൃഗശാല അത്യാധുനിക സംവിധാനങ്ങളോടുകൂടി പുത്തൂരിലെ നിർദ്ദിഷ്ഠ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം.

2. പുത്തൂർ ഗ്രാമപഞ്ചായത്ത് ഗ്രന്ഥശാല & വായനശാലയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. പഞ്ചായത്തിലെ എല്ലാ ഭാഗങ്ങളിലുമുള്ളവർക്ക് ഉപയോഗപ്പെടുത്താവുന്ന തരത്തി ലുള്ള ഒരു റഫറൻസ് ലൈബ്രറിയായി ഇതിനെ വളർത്തിയെടുക്കണം. നിലവിലുള്ള പ്രവർത്തന സമയം മാറ്റി 3 പി. എം. മുതൽ 7.30 പി. എം. വരെയാക്കണം.

3. പഞ്ചായത്ത് വായനശാലയോടനുബ ന്ധിച്ചുള്ള പഞ്ചായത്ത് കലാകേന്ദ്രത്തി ന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. ഇതിന്റെ ആഭിമുഖ്യത്തിൽ കലാപരി ശീലനത്തിലുള്ള സൗകര്യം ഏർപ്പെടുത്തണം.

4. പുത്തൂർ പഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ തൊഴിലവസരങ്ങൾ അറിയിക്കുന്നതിനും സാമൂഹ്യക്ഷേമ പരിപാടികളെക്കുറിച്ച് അറിയിക്കു ന്നതിനുമായി ഒരു ഇൻഫർമേഷൻ സെന്റർ തുടങ്ങണം. ഇതിന്റെ ചുമതല ലൈബ്രേറിയനെ ഏൽപ്പിക്കണം.

5. നമ്പ്യാർ റോഡ് മിച്ചഭൂമിയിൽ പഞ്ചായത്ത് കളിസ്ഥലത്തിനായി വാങ്ങിയിട്ടിരിക്കുന്ന സ്ഥലത്ത് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തി ഉപയോഗ്യമാക്കണം.

6. പഞ്ചായത്ത് തലത്തിൽ നാടൻ കലാമത്സരങ്ങൾ സംഘടി പ്പിക്കണം.

7. പഞ്ചായത്തിൽ കായിക പരിശീലന കേന്ദ്രം സ്ഥാപിക്കണം.

8. അശ്ലീല പോസ്റ്ററുകളും സിനിമാ തിയ്യേറ്ററുകളിലെ അശ്ലീല സിനിമാ പ്രദർശനങ്ങളും കർശനമായി നിരോധിക്കണം.

9. പഞ്ചായത്ത് തലത്തിൽ കലാ കായിക സാംസ്കാരിക സംഘടനകളെ ഏകോപിപ്പിക്കുകയും ഇവയുടെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതി നുള്ള പദ്ധതികൾ ആവിഷ്ക്കരി ക്കുകയും വേണം.

10. കഥ, കവിത എഴുതുന്നതിന് കഴിവുള്ളവരെ വളർത്തിയെടുക്കുന്ന തിനുള്ള പരിപാടികൾ ആവിഷ് ക്കരിക്കണം.

11. പൊതുജനങ്ങളിൽ വായനാശീലം വർദ്ധിപ്പിക്കുന്നതിന് വീടുകൾ തോറും പുസ്തകങ്ങൾ എത്തിക്കുന്നതിന് ഉള്ള സംവിധാനം ഉണ്ടാക്കണം.

12. മരത്താക്കരയിൽ ഒരു പൊതു ഗ്രൗണ്ട്, സ്റ്റേജ് ആവശ്യമാണ്.

13. മരത്താക്കരയിൽ ഒരു സാംസ്കാരിക

നിലയം സ്ഥാപിക്കുകയും ലൈബ്രറി, ടി. വി. സൗകര്യങ്ങൾ ഏർപ്പെടുത്തുകയും വേണം.

14. സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തണം.

15. ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു വാർത്താബുള്ളറ്റിൻ തുടങ്ങണം. ചർച്ചാ ക്ലാസ്സുകളും ക്യാമ്പുകളും, സാഹിത്യ സെമിനാറുകളും സംഘടിപ്പിക്കണം.

16. മാന്ദാമംഗലത്ത് ഒരു പൊതു കളി സ്ഥലം ചിത്ര വായനശാലയോട നുബന്ധിച്ച് വേണം. റവന്യൂ പുറംപോക്ക് സ്ഥലം ഉപയോഗപ്പെടുത്താവുന്നതാണ്.

17. പൊന്നൂക്കര പടിഞ്ഞാട്ടുമുറി മഹിളാ സമാജത്തിലും ഹരിജൻ കോളനി മഹിളാസംഘത്തിനും സാംസ്കാരിക ഉന്നമനത്തിനുള്ള പരിപാടികൾക്ക് സഹായം നൽകണം.

18. പൊന്നൂക്കര ലക്ഷം വീട് കോളനിയിൽ റിക്രിയേഷൻ ക്ലാസ്സും ഡി. ഡബ്ല്യൂ. സി. ആർ. എ. യൂണിറ്റ് തുടങ്ങണം.

19. ചെമ്പംകണ്ടം നളന്ദ വായനശാല, വെള്ളക്കാരിത്തടം, ന്യൂ ബ്രദേഴ്സ് ലൈബ്രറി, ചിത്ര വായനശാല, മാന്ദാമംഗലം, വെട്ടുകാട് ജനോദയകലാസമിതി, മരത്താക്കരയിലെ ലക്ഷം വീട് എന്നിവിടങ്ങളിൽ പൊതു ടി. വി. സ്ഥാപിക്കണം.

20. നളന്ദ വായനശാല ചെമ്പംകണ്ടം, പുത്തൻകാട് ചൈതന്യ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, വെള്ളക്കാരിത്തടം ന്യൂബ്രദേഴ്സ് ലൈബ്രറി എന്നിവിടങ്ങളിൽ പുസ്തകം വാങ്ങുന്നതിനുള്ള ധനസഹായം ലഭ്യമാക്കണം.

21. പുത്തൻകാട് ചൈതന്യ ആർട്സ് & സ്പോർട്സ് ക്ലബ്ബ് വെള്ളക്കാരിത്തടം, ന്യൂ ബ്രദേഴ്സ് ലൈബ്രറി, കുന്നംകാട്ടുകര വായനശാല, വെട്ടുകാട് ജനോദയകലാസമിതി എന്നിവയുടെ കെട്ടിടം പണിയുന്നതിന് ആവശ്യമായ സഹായങ്ങൾ നൽകണം.

22. ചെന്നായ്പാറ നാഷണൽ ലൈബ്രറി, മാന്ദാമംഗലം ചിത്ര വായനശാല, കൊങ്ങൻപാറ ന്യൂകമൻസ്ആർട്സ് & സ്പോർട്സ് ക്ലബ്ബ്, ചെറുകുന്ന് യുവജന കലാവേദി എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടികൾ വേണം.

23. മരത്താക്കര, പെരുവാംകുളങ്ങര, ഉദയഗ്രാം എന്നിവടങ്ങളിൽ ഓരോ വായനശാല ആരംഭിക്കുകയും ഇളംതുരുത്തി കൈനൂർ എന്നിവടങ്ങളിൽ ഉണ്ടായിരുന്ന വായനശാലകൾ പുനരുജ്ജീവിപ്പിക്കുകയും വേണം.

24. വെട്ടുകാട് വായനശാല പഞ്ചായത്ത് ഏറ്റെടുക്കണം.

25. ഇടക്കിടെ ഉണ്ടാകുന്ന സംഘർഷാവസ്ഥ പരിഹരിക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ പ്രസിഡന്റിന്റെ നേതൃത്വത്തിൽ വിവിധ രാഷ്ട്രീയ, സാമൂഹ്യ, സാംസ്ക്കാരിക സംഘടനാ ഭാരവാഹികളെ ഉൾപ്പെടുത്തി ഒരു സമാധാന സൗഹൃദ സമിതി രൂപീകരിക്കണം.

26. പഞ്ചായത്ത് തലത്തിൽ ഒരു സ്ഥിരം കലാട്രൂപ്പ് രൂപീകരിക്കുകയും ജനകീയ ബോധവൽക്കരണത്തിനായി അതിനെ ഉപയോഗിക്കുകയും ചെയ്യാവുന്നതാണ്.

27. എല്ലാ പട്ടിക വർഗ്ഗ കോളനികളിലും, മിച്ചഭൂമി, ലക്ഷം വീട് കേന്ദ്രങ്ങളിലും ഓരോ പൊതു ടി.വി. സ്ഥാപിക്കണം.

28. പൊന്നൂക്കരയിൽ ചെറുകുന്ന്, മരോട്ടിച്ചാൽ എന്നിവിടങ്ങളിൽ ഓരോ കളിസ്ഥലം വേണം.

29. വാർഡ് തോറും പഞ്ചായത്ത് സാംസ്ക്കാരിക നിലയങ്ങൾ തുടങ്ങണം.

# കൃഷിയും ജലസേചനവും

ഈ നൂറ്റാണ്ടിന്റെ മധ്യഭാഗം വരെ പുത്തൂർ പഞ്ചായത്ത് നെൽകൃഷിയെ മാത്രം ആശ്രയിച്ചാണ് കഴിഞ്ഞിരുന്നത്. 1940കളിൽ തിരുവിതാംകൂറിൽ നിന്നും ഉണ്ടായ കുടിയേറ്റം പുത്തൂർ പഞ്ചായത്തിലെ കൃഷിരീതികളിൽ മാറ്റം വരുത്തി. കൃഷിഭൂമിക്കു വേണ്ടി കർഷകർ സംഘടിതമായി വനം കയ്യേറുന്നതിന് തിരുമാനിക്കുകയും ചെയ്തതിന്റെ ഫലമായി പുത്തൂർ പഞ്ചായത്തിന്റെ കിഴക്കൻ ഭാഗങ്ങളിൽ വമ്പിച്ച തോതിൽ കൃഷിഭൂമി വെട്ടിപ്പിടിക്കുകയുണ്ടായി. ഏതാനും ചില ജന്മികളുടെ കയ്യിലുണ്ടായിരുന്ന ഭൂമികൾ ഭൂപരിഷ്ക്കരണ നിയമത്തിന്റെ ഭാഗമായി പണിയെടുക്കുന്ന കർഷകരുടെ കൈകളിൽ എത്തിച്ചേർന്നു.

നെൽവയലുകളിൽ ക്രമേണ തെങ്ങിൻ തോപ്പുകളും കുന്നിൻ പുറങ്ങളിൽ മരച്ചീനി, നെല്ല് (മോടോൻ വെത), തുവര, ഇഞ്ചിപ്പുല്ല്, ഇഞ്ചി, മഞ്ഞൾ, വിവിധ ഇനം പച്ചക്കറികൾ എന്നിവ കൃഷി ചെയ്തിരുന്ന കർഷകർ തെങ്ങ്, കശുമാവ് എന്നിവ കൃഷി ചെയ്യുകയും ചെയ്തതിന്റെ ചരിത്രമാണ് 1970ൽ കാണാൻ കഴിഞ്ഞത്.

പുഴയ്ക്ക് പടിഞ്ഞാറു ഭാഗത്തുള്ള നെൽപാടങ്ങൾ ഇഷ്ടിക നിർമ്മാണത്തിനും, കളിമൺ വ്യവസായത്തിനും വഴിമാറിക്കെടുത്തു. നെൽകൃഷി ആദായകരമല്ലാതായിത്തീർന്നതാണ് ഇതിനു് കാരണമായി കാണുന്നത്. 1970-80 കാലഘട്ടങ്ങളിൽ ഇത് വ്യാപകമായി. പാടശേഖരങ്ങൾ തെങ്ങിൻ തോപ്പുകളും, നേന്ത്രവാഴത്തോട്ടങ്ങളും ആയി രൂപാന്തരം പ്രാപിച്ചുകൊണ്ടിരിക്കുന്നു.

നെൽകൃഷി ആദായകരമല്ലാത്തതിനാൽ അതിൽ ഏർപ്പെട്ടിരുന്ന കർഷകർ പല മേഖലകളിലേക്കും കുടിയേറി. കർഷക തൊഴിലാളികൾ മെച്ചപ്പെട്ട വേതനം ലഭിക്കുന്ന നിർമ്മാണ മേഖലകളിലേക്ക് തിരിച്ചു.

മലയോര പ്രദേശങ്ങളിൽ കൃഷി ചെയ്തിരുന്ന കർഷകർ പെട്ടെന്ന് വിളവെടുക്കുന്ന കൃഷിയിനങ്ങളിൽ നിന്നും ദീർഘകാലം സ്ഥിരമായി ആദായം തരുന്ന കശുമാവ്, കുരുമുളക്, റബർ, എന്നീ രംഗത്തേക്ക് തിരിഞ്ഞു. നെൽവയലുകളിൽ നിന്നും മണ്ണെടുത്ത് കുഴിയായി തീർന്നു് ഇന്ന് പരിസ്ഥിതി പ്രശ്നം സൃഷ്ടിക്കുന്നു. നിലവിലുള്ള വയലുകളിൽ വരൾച്ച കാരണം കൃഷി ഇറക്കാൻ പറ്റാത്ത സ്ഥിതിയായി. ജനസംഖ്യ വർദ്ധനവും വർദ്ധിച്ച തോതിലുള്ള കുടിയേറ്റവും കൃഷിഭൂമി തുണ്ടുവൽക്കരിക്കുന്നതിന് കാരണമായി. പഞ്ചായത്തിലെ 3640 കർഷക കുടുംബങ്ങളിൽ 2358 കുടുംബങ്ങൾ ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ളവരാണ്. ഭൂമിയുടെ വിലക്കുറവ് മെച്ചപ്പെട്ട കാലാവസ്ഥ, ഫലഭൂയിഷ്ഠമായ മണ്ണ് ഇവയാണ് കുടിയേറ്റത്തിന്റെ വേഗത വർദ്ധിപ്പിക്കാനുണ്ടായ കാരണം.

പഞ്ചായത്തിൽ കൃഷി ചെയ്യുന്ന പ്രധാന വിളകൾ നെല്ല്, തെങ്ങ്, കവുങ്ങ്, നേന്ത്രവാഴ, കശുമാവ്, കുരുമുളക്, റബർ, പ്ലാവ്, മാവ്, പച്ചക്കറികൾ, ഔഷധ സസ്യങ്ങൾ, മരച്ചീനി, കിഴങ്ങു വർഗ്ഗങ്ങൾ, ജാതി, പയർ, എള്ള്, മുതിര എന്നിവയാണ്.

## ഭൂവിനിയോഗം

| വിള | വിസ്തീർണ്ണം ഹെക്ടറിൽ |
|---|---|
| നെല്ല് (ഒന്നാം വിള) | 435 |
| നെല്ല് (രണ്ടാം വിള) | 530 |
| നെല്ല് (മൂന്നാം വിള) | 96 |
| തെങ്ങ് | 455 |
| കുരുമുളക് | 105 |
| കവുങ്ങ് | 150 |
| കശുമാവ് | 120 |
| റബർ | 148 |
| വാഴ | 350 |
| പയർ | 88 |
| എള്ള് | 60 |
| ജാതി, ഔഷധ സസ്യങ്ങൾ, മഞ്ഞൾ കച്ചോലം | 20 |
| പ്ലാവ് | 2 |
| മാവ് | 3 |

നെൽവയലുകൾ മറ്റ് ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്നത് കാരണം നെൽ കൃഷി വർഷം തോറും കുറഞ്ഞു വരുന്നു. 1985-1986 കാലഘട്ടത്തിൽ 1565 ഹെക്ടർ നെൽ കൃഷി ഉണ്ടായിരുന്ന നെൽകൃഷി 1994-1995ൽ 565 ഹെക്ടറായി ചുരുങ്ങിയിരിക്കുന്നു. വേനൽ കാലങ്ങളിൽ മൂന്നാം വിളയായി ചില കൃഷിയിടങ്ങളിൽ എള്ള്, പയറ് മുതലായവ കൃഷി ചെയ്യുന്നു.

കുന്നിൻ പ്രദേശങ്ങളിലുള്ള അശാസ്ത്രീയമായ കൃഷിരീതികൾ ഫലഭൂയിഷ്ഠമായ മേൽമണ്ണ് ഒലിച്ചു പോകുന്നതിന് കാരണമാകുന്നു. വനനശീകരണത്തിന്റെ ഫലമായി നമ്മുടെ നീർച്ചാലുകളും തോടുകളും വറ്റിപ്പോകുന്നതിന് കാരണമാകുന്നു. ഇതിന്റെ ഫലമായി വേനൽ കാലങ്ങളിൽ കടുത്ത വരൾച്ച അനുഭവപ്പെടുന്നു. ഈ കാരണങ്ങൾ കാർഷിക രംഗത്തെ ഉല്പാദനക്ഷമതയെ ബാധിക്കുന്നു. 1985-86ൽ തെങ്ങിന്റെ ഉല്പാദനക്ഷമത 35-50 എന്ന ക്രമത്തിലായി 1994-95 കാലഘട്ടത്തിൽ തെങ്ങിന്റെ ഉല്പാദനക്ഷമത 65-100, എന്നീ ക്രമത്തിലാണെന്ന് കൃഷി ഭവൻ രേഖകളിൽ കാണുന്നു.

പുത്തൂർ പുഴ, പീച്ചിഡാമിൽ നിന്നും വരുന്ന ഇടതുകര മെയിൻ കനാൽ അതിന്റെ ബ്രാഞ്ച് കനാൽ, പുത്തൂർ കായൽ, പത്തിലധികം തോടുകൾ 6-7 കുളങ്ങൾ, എന്നിവയുണ്ടെങ്കിലും മഴയെ ആശ്രയിച്ചുകൊണ്ടുള്ള കൃഷിരീതികളാണ് പ്രധാനമായി ഉള്ളത്. വർഷത്തിൽ ശരാശരി 230 സെ. മീറ്റർ മഴ ലഭിക്കുന്നു. പ്രധാനമായി കാലവർഷവും അതിനു ശേഷം ലഭിക്കുന്ന തുലാവർഷവുമാണ് പഞ്ചായത്തിന്റെ വർഷപാതം. ഇതിൽ തന്നെ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് ജൂൺ, ജൂലായ്, ഓഗസ്റ്റ് മാസങ്ങളിലാണ്. ആറു മാസക്കാലം പെയ്യുന്ന മഴയ്ക്കു ശേഷം വരണ്ട കാലാവസ്ഥ അനുഭവപ്പെടുന്നു. വൃശ്ചികക്കാറ്റ് എന്ന പേരിൽ അറിയപ്പെടുന്ന പാലക്കാടൻ ചുരം കടന്നു വരുന്ന ശക്തമായ കാറ്റ് വരൾച്ചയുടെ ആക്കം കൂട്ടുന്നു.

ഇടത്കര മെയിൻ കനാലിന്റെ ആയക്കട്ട് പഞ്ചായത്തിന്റെ പകുതി ഭാഗമെങ്കിലും കനാലിലൂടെ വരുന്ന ജലം കൃഷി ആവശ്യത്തിന്റെ കർഷകർക്ക്

വേണ്ട വിധത്തിൽ പ്രയോജനപ്പെടുന്നില്ല. ബ്രാഞ്ച് കനാൽ മെയിന്റനൻസ് നടത്താറില്ല. കനാലുകളുടെ ബണ്ടിനു മുകളിലും, കനാൽ പുറം പോക്കിലും ജനങ്ങൾ കൃഷി ചെയ്യുകയും, വീട് വെച്ച താമസിക്കുകയും ചെയ്യുന്നു. ഇത് മൂലം കനാൽ നശിച്ചു കൊണ്ടിരിക്കുന്നു.

പുത്തൂർ പുഴയിലേക്ക് ഒഴുകിയെത്തുന്ന പുത്തൻകാട്, മമ്പിളിതോട്, പൊന്നുക്കര തോട്, (തുളിയാംകുന്ന്) അതിന് സമാന്തരമായി ഒഴുകുന്ന ചെറിയ തോടുകൾ, വെള്ളക്കാരിതടത്തിൽ നിന്നാരംഭിച്ച് നായാടിച്ചിറ, ചുള്ളിക്കാവ്, മരോട്ടിച്ചാൽ, വല്ലൂർവഴി ഒഴുകി മുപ്ലിയം പുഴയിലെത്തുന്ന വലിയതോട്, ഓലക്കയം കുത്തിൽ നിന്ന് വരുന്ന തോട്, പഴവെള്ളച്ചാൽ നിന്നും ആരംഭിക്കുന്ന തോട്, പയ്യനത്ത് നിന്നാരംഭിച്ച് കൊളാംകുണ്ടിൽ വെച്ച് വലിയതോട്ടിൽ ചേരുന്നതോട്, നാലുകെട്ടിൽ നിന്നാരംഭിച്ച് ഏഴാംകല്ലിൽ എത്തുന്ന തോട്, ചെമ്പംക്കണ്ടത്തിലെ നീർച്ചാലുകൾ, തമ്പുരാട്ടിമൂലയിൽ നിന്നാരംഭിച്ച് കല്ലിങ്കൽ ചിറയിൽ എത്തുന്ന തോട്, ദർഭയിൽ നിന്നാരംഭിക്കുന്ന തോട്, പുഴംമ്പള്ളം തോട്, കടാംകുഴിത്തോണിപ്പാറ തോട്, കൈനൂർ തോട്, പടവരാട് തോട്, കൽപ്പട തോട്, മണ്ണാവി തോട്, ചെറുകായൽ തോട്, കൈനൂർ ഇറിഗേഷൻ കനാൽ എന്നിവയാണ് പഞ്ചായത്തിലൂടെ ഒഴുകുന്ന പ്രധാന തോടുകൾ.

പഞ്ചായത്തിലെ പ്രധാന ജലാശയങ്ങൾ പുത്തൂർ കായൽ, വെട്ടുകാട് കുളം, കാരുകുളം, മയ്യമ്പിള്ളി കുളം, രാമൻ ചിറ, പുത്തൻ ചിറ, വഴിനട ചിറ, കല്ലൻ ചിറ, ഉപ്പുണ്ണി ചിറ, ഏഴാലി ചിറ, തോട്ടുകുളം, കാഞ്ഞിര ചിറ(ചെമ്പകണ്ടം വടക്കേ ചിറ), കുരിളി ചിറ, തമ്പുരാട്ടിമൂല ചിറ എന്നിവയാണ്. പഞ്ചായത്തിലെ പുത്തൂർ കായലും ഏതാനും ചിറകളും സ്വകാര്യ വ്യക്തികൾ കയ്യേറിയിരിക്കുന്നു.

പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ഭൂഗർഭ ജലസമ്പത്തിന് സാദ്ധ്യതകൾ ഉണ്ട്. ഇതിനേക്കുറിച്ച് പഠനം നടത്തേണ്ടതാണ്.

## രാസവള പ്രയോഗം

കാർഷിക വിളകൾക്ക് ഉയർന്ന ഉല്പാദനം ലക്ഷ്യമാക്കി കൃഷി വകുപ്പ് ഉദ്യോഗസ്ഥന്മാരുടേയും ഉപദേശ പ്രകാരവും അല്ലാതെയും കർഷകർ രാസവളപ്രയോഗം വിളകൾക്ക് നൽകാറുണ്ട്. ഇതിന്റെ ചുക്കാൻ പിടിക്കുന്നത് പുത്തൂർ സഹകരണ ബാങ്കിന്റെ വളം വിതരണ കേന്ദ്രങ്ങളാണ്. കൂടാതെ മൂന്ന് സ്വകാര്യ വളം ഡിപ്പോകളും. രാസവള പ്രയോഗം, മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ നടത്തേണ്ടതാണെന്ന കാര്യം കർഷകരുടെ ഇടയിൽ പൂർണമായി എത്തിയിട്ടില്ല. കൃഷിഭവൻ രേഖകൾ പ്രകാരം രാസവളത്തിന്റെ ഉപഭോഗം 60% കുറയുന്നതായിട്ടാണ്. ചാണകവും, കമ്പോസ്റ്റും, പച്ചില വളങ്ങളും കർഷകർ വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. എന്നാൽ മേൽ പറഞ്ഞ ജൈവ വളങ്ങളുടെ ഉല്പാദനം കാര്യക്ഷമമായി കൂടിയിട്ടില്ല. മറ്റ് പഞ്ചായത്തുകളിൽ നിന്നും, ജില്ലകളിൽ നിന്നും, അയൽ സംസ്ഥാനങ്ങളിൽ നിന്നും ജൈവ വളം കർഷകർ വാങ്ങി കൊണ്ടുവരുന്നു. ജൈവ വളകമ്പനിക്കാർ ഇറക്കുന്ന ജൈവ വളം സുലഭമാണെങ്കിലും പൊള്ളുന്ന വിലയായതുകൊണ്ട് കർഷകർ താൽപര്യം കാണിക്കുന്നില്ല. രാസവളത്തിന്റെ വർദ്ധിച്ച വിലക്കയറ്റം അതിന്റെ ഉപയോഗത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ജൈവ വള ഉപയോഗത്തേയും ആവശ്യകതയേയും അതുപോലെ രാസവള പ്രായോഗം ആവശ്യത്തിനു മാത്രമേ നടത്താവൂ എന്നുള്ളതിനെ പറ്റിയും കർഷകർക്കിടയിൽ ബോധവൽക്കരണം നടത്തേണ്ടതുണ്ട്. വർദ്ധിച്ചു വരുന്ന ജൈവവള ആവശ്യം ലക്ഷ്യമാക്കി പച്ചില വളച്ചെടികളും പച്ചില മരങ്ങളും കമ്പോസ്റ്റ് നിർമ്മാണം എന്നിവയെ പറ്റി കർഷകരുടെ ഇടയിൽ

ബോധവൽക്കരണം നടത്തിയാൽ പച്ചില വളത്തിൽ ഈ പഞ്ചായത്ത് സ്വയംപര്യാപ്തത നേടുമെന്ന് സംശയമില്ല.

## രാസവള ഉപയോഗം (അവലംബം കൃഷിഭവൻ രേഖകൾ)

| സ്ഥാപനത്തിന്റെ പേര് | 1993-94 | 1994-95 | 1995-96 |
|---|---|---|---|
| | Kg. | Kg. | Kg. |
| പുത്തൂർ സഹകരണ [illegible] | 32000 | 2940000 | 236000 |
| സ്വകാര്യം | 5000 | 3600 | 4200 |
| ആകെ | 325000 | 2943600 | 236420 |

## രോഗ-കീട നിയന്ത്രണം

മുഖ്യ വിളകളായ തെങ്ങ്, നെല്ല്, റബർ എന്നിവയെ ബാധിക്കുന്ന കീടരോഗ ബാധകൾ പൊതുവിൽ കേരളത്തിന്റെ മിക്ക ഭാഗങ്ങളിലും കാണുന്നവ തന്നെയാണ്. സമയാസമയങ്ങളിൽ ആവശ്യമായ നിയന്ത്രണ മാർഗ്ഗങ്ങൾ കൃഷി ഭവൻ ഉദ്യോഗസ്ഥന്മാരുടെ നിർദ്ദേശ പ്രകാരം ചെയ്യുകയാണെങ്കിൽ വിളനാശത്തിൽ നിന്നും കർഷകരെ രക്ഷിക്കാൻ സാധിക്കും. കീടങ്ങൾ ബാധിച്ച് നശിച്ചതിന് ശേഷമാകും കർഷകർ വിവരങ്ങൾ കൃഷി ഉദ്യോഗസ്ഥന്മാരെ ധരിപ്പിക്കുന്നത്. അതെ സമയം പച്ചക്കറി, നെല്ല് എന്നീ കൃഷികളിൽ കർഷകർക്ക് അനാവശ്യമായും ആവശ്യത്തിൽ കൂടുതൽ സാന്ദ്രതയിലും മരുന്ന് തളി നടത്താറുണ്ട്. കൂടാതെ കാട്ടുമൃഗങ്ങളിൽ നിന്നും മലയോര പ്രദേശങ്ങളിലെ കാർഷീക വിളകൾക്ക് ഭീഷണി നേരിടാറുണ്ട്.

വളം വിതരണം പോലെ തന്നെ കീടനാശിനിയും പുത്തൂർ സഹകരണ ഡിപ്പോയുടെ മൂന്ന് വിൽപ്പന കേന്ദ്രങ്ങളും മൂന്ന് സ്വകാര്യ വിൽപ്പന കേന്ദ്രങ്ങളിലൂടെയും വിറ്റ് വരുന്നു. രോഗ കീടനാശിനികളുടെ ഉപയോഗത്തെ ക്കുറിച്ചും കർഷകരെ ബോധവൽക്കരിക്കേണ്ടതായുണ്ട്. ഇതിനായി നിലവിലുള്ള അഗ്രോ ക്ലിനിക്കുകൾ കൂടുതൽ ശക്തമാക്കേണ്ടതുണ്ട്.

| സ്ഥാപനത്തിന്റെ പേര് | 1993-94 | | 1994-95 | | 1995-96 | |
|---|---|---|---|---|---|---|
| | Ltr. | Kg. | Ltr. | Kg. | Ltr. | Kg. |
| | ദ്രവം | ഖരം | ദ്രവം | ഖരം | ദ്രവം | ഖരം |
| സഹകരണം | 375 | 263 | 365 | 214 | 313 | 236 |
| സ്വകാര്യം | * | * | * | * | * | * |
| | 375 | 263 | 365 | 214 | 313 | 236 |

## കാർഷികോപകരണങ്ങൾ

ചെറുകിട പരിമിത കർഷകരായതിനാൽ കർഷകർക്ക് ഇടയിൽ സ്വന്തമായി യന്ത്രോപകരണങ്ങൾ ഉള്ളവർ വിരലിൽ എണ്ണാവുന്നവരേ ഉള്ളൂ. ഗ്രൂപ്പ് ഫാമിംഗ് പരിപാടികൾ ആവിഷ്ക്കരിച്ചതിനുശേഷം ഗ്രൂപ്പ് ഫാം സമിതികൾക്ക് സർക്കാർ സഹായത്തോടെ ട്രാക്ടർ, ടില്ലർ, പവ്വർ സ്പ്രേയർ, റോക്കർ സ്പ്രേയർ, നാപ്സാക്ക് സ്പ്രേയർ, മെതി യന്ത്രം, തെങ്ങ് കയറ്റയന്ത്രം, കൊണ്ടു നടക്കാവുന്ന പമ്പ് സെറ്റുകൾ, * മൈക്രോ സ്പ്രേയർ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 1986ൽ പൊന്നുക്കരയിൽ ഒരു അഗ്രോ സർവ്വീസിംഗ് സെന്റർ (പ്രത്യേക ഘടക പദ്ധതി പ്രകാരം) സ്ഥാപിച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തനം തൃപ്തികരമല്ല. കൂടാതെ 1995ൽ കൈനൂരിനടുത്തുള്ള കോക്കാത്ത് പ്രദേശത്ത് ഒരു അഗ്രോ സെന്റർ പണി കഴിപ്പിച്ചിട്ടുണ്ട്. അഗ്രോ സർവ്വീസിംഗ് സെന്ററുകളുടെയും കർഷക സമിതിയുടെയും പ്രവർത്തനം മെച്ചപ്പെടുത്തി ആവശ്യമായ യന്ത്രോപകരണം സമിതികൾക്കും സർവീസിംഗ് സെന്ററുകൾക്കും കൊണ്ടുവന്നാൽ പുത്തൂരിലെ വിള പരിപാലനം ആധുനീവൽക്കരിക്കാൻ സാധിക്കുന്നതാണ്.

## വിത്ത്, നടീൽ വസ്തുക്കൾ എന്നിവയുടെ വിതരണം

കാലാകാലങ്ങളിൽ കർഷകർക്ക് ആവശ്യമായ വിത്ത്, നടീൽ വസ്തുക്കൾ എന്നിവ കർഷകർക്ക് ഇപ്പോൾ ലഭിക്കുന്നില്ല. കർഷകരാണെങ്കിൽ അവരുടെ പഴയരീതിയിലുള്ള വിത്ത് തെരഞ്ഞെടുക്കൽ ഇന്നും തുടരുകയാണ്. മിക്കവരും കൃഷിചെയ്യുന്നത് നാടനാണ്. അത്യുല്പാദനശേഷിയുള്ള വിത്തുകളെ പറ്റിയും നടീൽ വസ്തുക്കളെ പറ്റിയും കർഷകരെ ബോധവൽക്കരിക്കേണ്ടതാണ്. 1992-93 വർഷത്തിൽ പൊന്നുക്കരയിൽ സർക്കാർ അംഗീകാരത്തോടുകൂടി ഒരു അപ്രൂവ്ഡ് നേഴ്സറി തുടങ്ങിയെങ്കിലും നടീൽ വസ്തുക്കളോ, വിത്തുകളോ, ആ കർഷകൻ ഉല്പാദിപ്പിക്കുകയോ വിതരണം ചെയ്യുകയോ ചെയ്യുന്നില്ല എന്നുള്ളത് അപ്രൂവ്ഡ് നേഴ്സറി തുടർന്ന് ഉണ്ടാക്കണമോ എന്ന് ചിന്തിക്കാൻ അവസരം തരികയാണ്. ഗ്രാമ പഞ്ചായത്തിന്റെ നേതൃത്വത്തിൽ എല്ലാ വാർഡുകളിലും സമയാസമയങ്ങളിൽ വിത്ത്, നടീൽ വസ്തുക്കൾ എന്നിവ ആവശ്യാനുസരണം വിതരണം ചെയ്യുവാൻ നടപടികൾ കൈകൊള്ളേണ്ടതാണ് .

## വിപണനം

ഇന്നു പുത്തൂരിൽ കർഷകർക്ക് ഒരു വിപണന കേന്ദ്രമില്ല. അതു കൊണ്ട് തന്നെ കർകന് ഉല്പന്നത്തിന് വില നിശ്ചയിക്കാൻ സാധിക്കുന്നില്ല. ഇതു മൂലം കർഷകർ ഇടത്തട്ടുകാരുടെ ചൂഷണത്തിന് നിർബന്ധിതരാവുകയാണ്. ഈ അവസ്ഥയിൽ നിന്നും കർഷകരെ രക്ഷിക്കാൻ പഞ്ചായത്തടിസ്ഥാനത്തിൽ ഒരു പൊതു മാർക്കറ്റ് സംവിധാനം (സംഭരണം, വിപണനം) ഉണ്ടാക്കേണ്ടതാണ്.

## വായ്പകൾ

കർഷകർക്ക് വിള ഇറക്കുന്നതിനും, പരിപാലനം നടത്തുന്നതിനും സാമ്പത്തിക സഹായം അത്യന്താപേക്ഷിതമാണ്. പക്ഷേ ദേശസാൽകൃത ബാങ്കുകളോ, സ്വകാര്യ ബാങ്കുകളോ, സഹകരണ ബാങ്കുകളോ കർഷകന് വായ്പ കൊടുക്കുവാൻ മടി കാട്ടുന്നു. ഇതു കൊണ്ട് തന്നെ മുൻപു പറഞ്ഞ പൊതു മാർക്കറ്റ് സംവിധാനത്തിന്റെ കൂടെ കർഷകർക്ക് വായ്പാ സൗകര്യവും ഉണ്ടാകേണ്ടതയായിട്ടുണ്ട്.

## സംസ്ക്കരണം.

കർഷകർക്ക് നല്ല വില ഉറപ്പ് വരുത്തേണ്ടതിലേക്ക് പൊതു മാർക്കറ്റ് സ്ഥാപിക്കുന്നതുപോലെ തന്നെ സംസ്ക്കരണശാലകൾ ഉണ്ടാകേണ്ടതാണ്. ഈ സംസ്ക്കരണ ശാലകൾ കാർഷിക ഉല്പന്നത്തിന്ന് നല്ല വില ഉറപ്പ് വരുത്തുന്നതു പോലെ തൊഴിലില്ലാത്തവർക്ക് തൊഴിൽ നൽകുകയും ചെയ്യും.

## കാർഷിക ബന്ധങ്ങൾ

മൊത്തം ജനസംഖ്യയുടെ 50% ജനങ്ങളും കാർഷിക പ്രവർത്തനത്തിൽ ഏർപ്പെടുന്നവരാണ്. അതിൽ 75% നാമമാത്ര കർഷകരും, 15% ചെറുകിട കർഷകരും 10% വൻകിട കർഷകരുമാണ്. മൊത്തം ജനസംഖ്യയുടെ 12% കാർഷിക തൊഴിലാളികളാണ്.

| വാർഡ് | നാമമാത്ര 1 ഹെ. ൽ താഴെ | ചെറുകിട 1-2 ഹെ. | വൻകിട 2-4 ഹെ. |
|---|---|---|---|
| 1 - 14 | 2358 | 920 | 370 |

## സേവന വേതന വ്യവസ്ഥകൾ

പഞ്ചായത്തു് അതിർത്തിയിൽ കർഷകതൊഴിലാളികർക്ക് മെച്ചപ്പെട്ട കൂലി നിരക്കുകൾ ഉണ്ട്. ഈ നിരക്കനുസരിച്ച് കാർഷീക ഉല്പന്നങ്ങൾക്കു് വില വർദ്ധിപ്പിക്കുന്നില്ല എന്നുള്ളത് ഈ രംഗത്ത് പ്രശനങ്ങൾ സൃഷ്ടിക്കുന്നു.

## കൂലി നിരക്കുകൾ

പറമ്പു കിളക്കുന്നതിനു് പുരുഷന്മാർക്ക് 80-125 രൂപയും, സ്ത്രീകൾ (കൃഷിപണികൾ) ഞാറ് നടീൽ, മെതി, കൊയ്ത്ത് 50-70 രൂപയും റബർ ടാപ്പിംഗിന് ഒരു മരം വെട്ടുവാൻ 20-30 പൈസ, തെങ്ങു കയറ്റം ഒന്നിന് 3രൂപ മറ്റ് പണികൾക്ക് 6-8 , ഉഴവ് 200 രൂപ, ട്രാക്ടർ ഒരു മണിക്കൂർ 180 രൂപ, ടില്ലർ ഒരു മണിക്കൂർ 120 രൂപ.

പഞ്ചായത്തിനകത്തുള്ള കാർഷികോപകരണങ്ങൾ: ടാക്ടർ 6, ടില്ലർ 8, റോക്കർ സ്പ്രെയർ 55, പവ്വർ സ്പ്രെയർ 5 നാപ്സാക് സ്പ്രെയർ 165, മെതിയന്ത്രം 2, തെങ്ങു കയറ്റ യന്ത്രം 18, പോർട്ടബിൾ പമ്പ് സെറ്റ് 150.

## കാർഷിക സംരംഭം

നിലവിലുള്ള എല്ലാ ഗ്രൂപ്പ് ഫാമിംഗ് സമിതികളുടെയും പ്രവർത്തനം നന്നാക്കുകയും മറ്റ് എല്ലാ കൃഷികൾക്കും വാർഡ് തോറും ഗ്രൂപ്പ് ഫാമിംഗ് സമിതികൾ രൂപവൽക്കരിക്കുകയും അവ റബർ ഉല്പാദക സംഘങ്ങളുടെ പ്രവർത്തന ശൈലിയിൽ പ്രവർത്തിക്കുകയും ചെയ്താൽ ഇവിടുത്തെ കാർഷിക വിളകൾ വീണ്ടും ശക്തിയാർജ്ജിക്കും.

## ചെറുകിട ജലസേചന പദ്ധതികൾ

| ക്രമ നമ്പർ | തോടിന്റെ പേര് | വിസ്തീർണ്ണം |
|---|---|---|
| 1. | ആലുകോലു് സ്ലൂയിസ് | 2 സെന്റ് |
| 2. | പാറയിൽചിറ സ്ലൂയീസ് | 5 സെന്റ് |
| 3. | നായാടിചിറ | 3 സെന്റ് |
| 4. | മരോട്ടിച്ചാൽ ചിറ | 7 സെന്റ് |
| 5. | പുത്തൂർ കായൽ ബണ്ട് | 3 സെന്റ് |
| 6. | മരത്താക്കര തോടിലെ സ്ലൂയിസ് (എടക്കുന്നി) | 2 സെന്റ് |
| 7. | പൊന്നൂക്കര ചെറുതോട് സ്ലൂയിസ് | 2 സെന്റ് |
| 8. | പടവരാട് തോടിലെ സ്ലൂയിസ് | 2 സെന്റ് |
| 9. | തുളിയാംകുന്ന് ചിറ സ്ലൂയിസ് | 2 സെന്റ് |
| 10. | ചെന്നായ്പ്പാറ ചെക്ക് ഡാം | |
| 11. | വല്ലൂർ ഗിരിജൻ കോളനി ചെക്ക് ഡാം | |
| 12. | എളപ്പംകോട് ചെക്ക് ഡാം | |
| 13. | പാണാരിചിറ ബ്രാഞ്ചു് തോട് ചെക്ക് ഡാം | |
| 14. | അയ്യംപിള്ളി ലിഫ്റ്റ് ഇറിഗേഷൻ 1 | |
| 15. | അയ്യംപിള്ളി ലിഫ്റ്റ് ഇറിഗേഷൻ 2 | |
| 16. | ചുള്ളിക്കാവ് ലിഫ്റ്റ് ഇറിഗേഷൻ | |

## നിർദ്ദേശിക്കപ്പെട്ട ചെക്ക് ഡാമുകൾ

1. കൈനൂർ പാടത്തെ ഏഴാലി തോട് മുഴുവൻ കല്ലു കൊണ്ടു ഇരു വശവും കെട്ടുക.
2. പുത്തൂർ കായൽ ബണ്ട് കെട്ടുക.
3. പൊന്നൂക്കര പാറ ചിറയിൽ ഡാം കെട്ടി ചീപ്പ് ഇട്ടു ചാൽ നിർമ്മിച്ച് പുത്തൂർ കായലിൽ എത്തിക്കുക.
4. പുത്തൂർ പുഴയിൽ നിന്ന് ചോച്ചേരി കുന്ന് ലിഫ്റ്റ് ഇറിഗേഷൻ നടപ്പാക്കുക.

5. ചിമ്മിനി ഡാമിലെ അധിക ജലം പീച്ചിഡാമിൽ എത്തിക്കാൻ വേണ്ട സംവിധാനം ഏർപ്പെടുത്തുക.

6. പൊന്നൂക്കര ഉപ്പുണി-തുളിയാംകുന്ന് ചെക്ക് ഡാമുകൾ വേനൽ കാലങ്ങളിൽ മണ്ണിട്ട് കെട്ടിവെള്ളം സംഭരിക്കുക.

7. ആശാരിക്കാട്ടിലെ വെള്ളച്ചാലിൽ നിന്ന് വരുന്ന ജലം, തോട് നിർമ്മിച്ച് ബ്രാഞ്ചു കനാലിൽ എത്തിക്കുക.

8. പുത്തൂർ പുഴയിലെ കരിമ്പു ചിറയിൽ സ്ഥിരം ബണ്ട് നിർമ്മിച്ച് ബ്രാഞ്ചു് കനാലിൽ 50 എച്ച്. പി. മോട്ടോർ സ്ഥാപിച്ച് ജലം പുത്തൂർ ബ്രാഞ്ചു കനാലിൽ എത്തിച്ച് കിഴക്ക് വെട്ടുകാട് പള്ളി വരെ എത്തിക്കുക.

9. കല്ലിങ്കൽ ചിറ ചെക്ക് ഡാം പദ്ധതി പുനരുദ്ധീകരിക്കുക.

10. 33 തോടിന്റെ സൈഡു് കെട്ടി വലിയ തോടിൽ ചേരുന്ന ഭാഗത്ത് ചീപ്പ് ഇട്ട് സംരക്ഷിക്കുക.

11. ചോച്ചേരി കുന്നിലേക്കുള്ള ജലസേചന പദ്ധതി പൂർത്തീകരിക്കുക.

12. തോടുകൾ തടയിണ കെട്ടി വെള്ളം സംഭരിക്കുക.

13. ചെമ്പംകണ്ടം നീർതോട് കരോടൻ ചീനികടവ് എന്നിവടങ്ങളിൽ ചെക്ക് ഡാമുകൾ നിർമ്മിക്കുക.

14. കുരുളിചിറ, കാഞ്ഞിരം ചിറ, കാരുകുളം എന്നിവ സംരക്ഷിക്കുക.

15. പാറ ചിറയ്ക്ക് കുറുകെ കന്യാസ്ത്രീ മഠം വരെയുള്ള പാലത്തിൽ ചീപ്പ് ഇട്ട് വെള്ളം സംഭരിക്കുക.

16. പറച്ചി കനാലിൽ നിന്നും പട്ടയ്ക്കൽ മുതൽ ടവർ പയിൻ വരെ കാഡ ചാൽ നിർമ്മിക്കുക.

17. വാരിയത്തു കുളത്തിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഏർപ്പെടുത്തുക.

18. ചന്ദനംകുന്നത്ത് ചിറ കെട്ടണം.

19. കൈനൂർ പുഴയിൽ കുറുപ്പിൻകടവ് ഭാഗത്ത് ബണ്ട് കെട്ടി ഉയർത്തുക.

20. പാറ ചിറയ്ക്ക് താഴെ ഒരു ചെക്ക് ഡാം നിർമ്മിക്കുക.

21. ഓലക്കയം തടയണ സംഭരണ ശേഷി ഉയർത്തണം.

22. പഴവള്ളം പ്രദേശത്ത് ഒഴുകുന്ന തോടിൽ തടയണ സ്ഥാപിക്കണം.

23. വല്ലൂർ കുന്നിൽ ലിഫ്റ്റ് ഇറിഗേഷൻ നടപ്പാക്കുക.

24. ഓപ്പൻ ചിറയിൽ ചെക്ക് ഡാം നിർമ്മിക്കണം.

25. മരത്താക്കര വില്ലേജിൽ ലിഫ്റ്റ് ഇറിഗേഷൻ നടപ്പാക്കണം.

26. പുത്തൻകാട്ടിൽ ഒരു ചെക്ക് ഡാം ചെന്നായ പാറയിൽ രണ്ടും, കൊളാംകുണ്ടിൽ മൂന്നും ദർഭയിൽ മൂന്നും ഫൈബർ ഗ്ലാസ്സ് തടയിണകൾ സ്ഥാപിക്കണം.

27. പീച്ചി ഡാമിന്റ ഒരു കിലോമീറ്റർ താഴെ തടയണ കെട്ടി വെള്ളം ഇടതുകര മീൻകനാലിലേക്ക് ഡിസംബർ, ജനുവരി മാസങ്ങളിൽ പമ്പ് ചെയ്യുക.

28. ചുള്ളിക്കാവിൽ ഭൂഗർഭ തടയണകൾ നിർമ്മിക്കണം:

29. മാന്ദാമംഗലം, നായാടി ചിറ, ചെന്നായ് പാറ, ചുള്ളിക്കാവ് ചിറ, പുത്തൻ ചിറ എന്നിവടങ്ങളിൽ ചെക്ക് ഡാം ഷട്ടർ

ഇട്ട് വെള്ളം സംഭരിക്കുക.

30. ചൂരക്കാട്, ചെന്നായ്പാറ എന്നിവട ങ്ങളിൽ ഭൂഗർഭ തടയണകൾ നിർമ്മിക്കണം.

31. പഴവെള്ളചാലിൽ ഒരു സി.സി.ഡി.പി. ലിഫ്റ്റ് ഇറിഗേഷൻ നടപ്പാക്കണം.

32. മാന്ദാമംഗലം പള്ളിക്കുന്ന് പ്രദേശത്ത് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി വേണം.

33. കല്ലട തോട് കെട്ടി പടവരാട് വഴി പെരുവാംകുളങ്ങര പാറതോടിൽ എത്തിക്കുക.

34. കല്ലട തോടു കെട്ടി പടവരാട് വഴി പെരുവാംകുളങ്ങര നീരോലിപാടം ചീപ്പിൽ എത്തിക്കണം.

35. പടവരാട് രാമൻചിറയും തോടു കുളവും ജലസംഭരണത്തിന് ഉപയു ക്തമാക്കണം.

36. പൊലക്കാട്ടുകര ലിഫ്റ്റ് ഇറിഗേഷൻ മണ്ണടവ് തോട്ടിൽ എത്തിക്കണം.

37. ചെറുകുന്ന് ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കണം.

38. വലക്കാവ് പുഴയിൽ 50 എച്ച്. പി. മോട്ടോർ വച്ച് കടമാൻകുഴി ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കുക.

39. പാറോത്ത് ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കുക.

40. കൈനൂർ ചിറയിൽ വെള്ളം ശേഖരിച്ച് കല്ലട തോട് വഴി, ഇളംതുരുത്തി തോടു വഴി പടവരാട് ചീപ്പിൽ വെള്ളം എത്തിക്കുക.

41. നായാടിച്ചിറ, ചുള്ളിക്കാവ്, വഴിനടച്ചിറ വഴി കല്ലും നിരപ്പ് വരെയുള്ള തോട് റീ സർവ്വേ നടത്തി കൈവശക്കാരെ ഒഴിവാക്കുക.

42. ചുള്ളിക്കാവ്ചിറയുടെ ജലസംഭര ണശേഷി ഉയർത്തുക.

## കാർഷിക വികസനത്തിനുള്ള നിർദ്ദേശങ്ങൾ

1. മണ്ണ് പരിശോധന വ്യാപകമായി നടത്തണം.

2. കൃഷി ഭൂമി (പാടങ്ങൾ) മറ്റ് ആവശ്യ ങ്ങൾക്ക് ഉപയോഗിക്കരുത്.

3. കാർഷിക വിഭവങ്ങൾ വിറ്റഴിക്കുന്ന തിന് മാർക്കറ്റ് ഉണ്ടാക്കണം.

4. കീടനാശിനി, രാസവളങ്ങൾ എന്നിവ യെക്കുറിച്ച ബോധവൽക്കരണം നടത്തണം.

5. പഞ്ചായത്തടിസ്ഥാനത്തിൽ എലി നിർമ്മാർജ്ജനത്തിന് പരിപാടികൾ വേണം.

6. വിള ഇൻഷുറൻസിനെ കുറിച്ച് ബോധ വൽക്കരിക്കണം.

7. കനാലുകൾ തോടുകൾ എന്നിവ ശരിയാംവണ്ണം സംരക്ഷിക്കണം.

8. നൂതന കാർഷീക യന്ത്രോപകര ണങ്ങൾ ഗ്രൂപ്പ് സമിതികൾക്ക് നൽകണം.

9. ജലസേചന പദ്ധതികൾ പരാതികൾ ഇല്ലാത്ത വണ്ണം നടപ്പാക്കണം.

10. വൈദ്യുതി എല്ലാ സ്ഥലത്തും കാർഷീകാവശ്യത്തിന് എത്തിക്കണം.

11. വാർഡുകൾ തോറും തെങ്ങു കൃഷിക്ക് അഗ്രോ ക്ലിനിക്കു കൾ സ്ഥാപിക്കണം.

12. പച്ചക്കറി, ഔഷധ സസ്യം, തെങ്ങ്, കവുങ്ങ്, എല്ലാത്തിനും ഗ്രൂപ്പ് ഫാമിംഗ്

നടപ്പാക്കണം.

13. മണ്ണൊലിപ്പു തടയാനുള്ള പദ്ധതികൾ നടപ്പാക്കണം.

14. കൃഷിയിടങ്ങളിൽ നിന്നും യൂക്കാലി, അക്കേഷ്യ, റബർ എന്നീ പ്ലാന്റേഷനുകളുടെ അകലം കൂട്ടണം.

15. ജൈവവള, ജൈവ കീടനാശിനി പ്രയോഗം വ്യാപകമാക്കുക

16. കൃഷിഭവന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം.

17. പമ്പിംഗിനുള്ള മണ്ണെണ്ണ കിട്ടുന്നതിനുള്ള തടസ്സം നീക്കണം.

18. നൂതന കൃഷി രീതികളെക്കുറിച്ച് കർഷകരെ ബോധവൽക്കരിക്കണം.

19. വിത്തു, നടീൽ വസ്തുക്കൾ എന്നിവ യഥാസമയം ലഭിക്കാനുള്ള സൗകര്യം ഉണ്ടാക്കണം.

20. വായ്പകൾ ഉദാരമായി കിട്ടണം.(പട്ടയം ഇല്ലാത്തവർക്കും)

21. കർഷകരെ ഇടവിളകൾ ഇറക്കുന്നതിന് പ്രോത്സാഹനം കൊടുക്കണം.

22. കർഷകർക്ക് ഉപയുക്തമാകുന്ന രീതിയിൽ ആവശ്യമുള്ള സമയത്ത് പീച്ചി കനാലിൽ കൂടി വെള്ളം വിടണം.

23. കാഡ ചാലുകളുടെ ബലക്ഷയം പരിഹരിക്കണം.

24. എല്ലാ തോടുകളും ചിറകളും പുത്തൂർ കായലും കയ്യേറിയത് റീ സർവ്വേ നടത്തി കണ്ടു പിടിച്ച് ശരിയാക്കണം.

25. ദേശീയ നീർമറി പദ്ധതികൾ നിർബന്ധമായി നടപ്പാക്കണം.

26. പശ്ചിമഘട്ട വികസന പദ്ധതിയിൽ പഞ്ചായത്തിലെ കിഴക്കൻ മലയോര പ്രദേശത്തെ ഉൾപ്പെടുത്തണം.

27. നെല്ല് കൃഷി സബ്സിഡി വർദ്ധിപ്പിക്കണം.

28. പയർ, എള്ള്, കശുമാവ്, മാവ്, എന്നീ കൃഷികളെ സംരക്ഷിക്കണം.

29. കാർഷിക ഉല്പന്നങ്ങൾ സംഭരിക്കാനും, സൂക്ഷിക്കാനുമുള്ള സൗകര്യമുണ്ടാക്കണം.

30. പദ്ധതികൾക്കനുവദിച്ച ഫണ്ടുകൾ പുനർ നിർണ്ണയം ചെയ്യണം.

31. കൂൺ കൃഷി, പൂ കൃഷി, ഔഷധ സസ്യ കൃഷി എന്നിവ വ്യാപകമാക്കണം.



# പൊതുജനാരോഗ്യം

ചികിത്സാ രംഗത്ത് തനതായ പാരമ്പര്യമുള്ള ഒരു പഞ്ചായത്താണ് പുത്തൂർ. ആധുനിക ചികിത്സാ സമ്പ്രദായം പഞ്ചായത്തിൽ എത്തുന്നതിന് മുമ്പ് രോഗ ചികിത്സയ്ക്ക് ആയുർവേദ വൈദ്യന്മാരെയാണ് ആശ്രയിക്കപ്പെട്ടിരുന്നത്. ഇവരോടോപ്പം നാട്ടു വൈദ്യന്മാരും, ഒറ്റമൂലിക്കാരും, പാരമ്പര്യ ചികിത്സക്കാരും വേണ്ടത്രയുള്ള ഒരു പ്രദേശമായിരുന്നു പുത്തൂർ. വിശ്വാസങ്ങളിലും അന്ധവിശ്വാസങ്ങളിലും അധിഷ്ഠിതമായ മന്ത്രവാദവും മറ്റും ചികിത്സയുടെ ഭാഗമായിരുന്ന ഒരു കാലഘട്ടവും നമുക്കുണ്ടായിരുന്നു. അതേ സമയം ആധുനിക ചികിത്സാ രീതിയിൽ ആരോഗ്യ സേവനം തൃശൂർ ജില്ലാ ആസ്പത്രിയിലും, പ്രസവാസ്പത്രിയിലും മാത്രമേ ലഭ്യമായിരുന്നുള്ളു. സ്വകാര്യമേഖലയിൽ പ്രവർത്തിച്ചിരുന്ന തൃശൂർ മിഷൻ ആസ്പത്രിയെ ജനങ്ങൾ അന്നും ആശ്രയിച്ചിരുന്നു.

## ആയുർവേദ ചികിത്സ

അറുപതുകളുടെ അവസാനം വരെ രോഗ ചികിത്സാ രംഗത്ത് ആയുർവേദ ചികിത്സയ്ക്കായിരുന്നു മുൻതൂക്കം. 56 വർഷ് മുമ്പ് 1940 ലാണ് പുത്തൂർ പഞ്ചായത്തിൽ ആദ്യമായി ഒരു ആയുർവേദ വൈദ്യശാല സ്ഥാപിക്കുന്നത്. കൈനൂർ പുഷ്പകത്തെ വാസുദേവൻ നമ്പ്യാരാണ് ആദ്യത്തെ വൈദ്യൻ. അതിനു ശേഷം മുണ്ടോളി നാരായണൻ നമ്പ്യാർ തുടർന്ന് കൈനൂർ പുഷ്പകത്ത് ഉണ്ണി നമ്പ്യാർ എന്നിങ്ങനെ വൈദ്യന്മാർ പ്രവർത്തിച്ചിട്ടുണ്ട്.

ആയുർവേദ ചികിത്സാ രംഗത്ത് വേറെ സ്ഥാപനങ്ങൾ ഉണ്ടായിരുന്നില്ലെങ്കിലും പാരമ്പര്യ ചികിത്സക്കാരും, ഒറ്റമൂലിക്കാരും, വിഷചികിത്സക്കാരും, മറ്റ് ആയൂർവേദ വൈദ്യന്മാരും ധാരാളം പഞ്ചായത്തിൽ ഉണ്ടായിരുന്നു. അവരിൽ പേരെടുത്ത് പ്രത്യേകം പറയേണ്ട ആളാണ് പുത്തൂർ പുഷ്പകത്തെ പരമേശ്വരൻ നമ്പ്യാർ. തൈക്കാട്ട് മൂസിന്റെ കീഴിൽ വൈദ്യം പഠിച്ച അദ്ദേഹം സ്വന്തമായി വൈദ്യശാല നടത്തിയിരുന്നു. വീട്ടിൽ മരുന്ന് നിർമ്മിച്ച് ചികിത്സിക്കുകയും വൈദ്യം പഠിപ്പിക്കുകയും ചെയ്തിരുന്നു. മറ്റ് പ്രദേശങ്ങളിൽ നിന്നു പോലും ചികിത്സക്കായി രോഗികൾ അദ്ദേഹത്തിന്റെ വീട്ടിൽ വരുമായിരുന്നു. അതുപോലെ തന്നെ മുണ്ടോളി നമ്പ്യാരുടെ ശിഷ്യൻ രാഘവകുറുപ്പ്, പൊന്നൂക്കര നാരായണൻകുട്ടി മേനോൻ പാരമ്പര്യ വൈദ്യന്മാരായ പുത്തൂർ കുഞ്ഞിവേലു, രാവുണ്ണി, വിഷ ചികിത്സക്കാരായിരുന്ന പൊന്നൂക്കര മുളങ്ങാടൻ കുട്ടപ്പൻ, കൈനൂർ കിഴക്കേതിൽ വേലു, ഗോവിന്ദൻ അമ്മാൻ പുത്തംകാട് തുടങ്ങി അറിയുന്നതും അറിയപ്പെടാത്തതുമായ ധാരാളം പേർ പുത്തൂരിന്റെ രോഗ ചികിത്സാ രംഗത്ത് സേവനങ്ങൾ നൽകിയവരാണ്. ഇളംതുരുത്തി കുട്ടികറപ്പൻ വൈദ്യരും, കുഞ്ചുണ്ണി വൈദ്യരും, മരത്താക്കര കടവി വൈദ്യരും സേവനം അനുഷ്ഠിച്ചിരുന്നു. ആധുനിക ചികിത്സാ രീതിയുടെ ഉടൻ ഫലപ്രാപ്തിയും ആകർഷണീയതയും ആയൂർവേദ ചികിത്സയെ അവഗണിക്കുന്നതിലേക്കും പിൻമുറക്കാർ വൈദ്യ പഠനം ഉപേക്ഷിക്കുന്നതിലേക്കും ആയൂർവേദ പാരമ്പര്യ വൈദ്യന്മാർ പഞ്ചായത്തിൽ കുറ്റിയറ്റു പോകുന്നതിലേക്കും നയിച്ചു. ജീവിച്ചിരിക്കുന്ന നാട്ടുവൈദ്യന്മാരേയും ഒറ്റമൂലിക്കാരേയും കണ്ടെത്തുകയും സംരക്ഷിക്കുകയും അവരുടെ നാട്ടറിവുകൾ മൊത്തം സമൂഹത്തിന് ഗുണകരമാകുന്ന വിധത്തിൽ സംരക്ഷിക്കുകയും ചെയ്യണം. 1940ൽ സ്ഥാപിതമായ ഗവ: ആയൂർവേദ ഡിസ്പെൻസറി കാലാനുസൃതമായ

രോഗത്തിനെതിരെ പ്രതിരോധ കുത്തിവെയ്പ്പിന് വിധേയമാക്കുന്നു.

2. കുട്ടികൾക്കും, ഗർഭിണികൾക്കും, വൈറ്റമിൻസ്, അയേൺ, ഫോളിക് ആസിഡ് ഗുളികകളും മറ്റ് ആരോഗ്യ സംരക്ഷണ ബോധവൽക്കരണവും നൽകുന്നു.

3. അന്ധതാ നിവാരണത്തിന് 5 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് വൈറ്റമിൻ എ സൊലൂഷൻ നൽകി വരുന്നു.

4. വർഷത്തിലൊരിക്കൽ എല്ലാ സ്കൂൾ കുട്ടികളേയും ആരോഗ്യ പരിശോധനക്ക് വിധേയമാക്കുന്നു.

5. നാഷണൽ പൾസ് പോളിയോ പരിപാടി.

6. കുഷ്ഠരോഗ നിർമ്മാർജ്ജ്ജ പരിപാടി; മാസത്തിൽ ഒരു ദിവസം വെള്ളാനിക്കരയിൽ നിന്ന് ഡോക്ടർ വന്ന് പി. എച്ച്. സി. യിൽ ദേഹപരിശോധന നടത്തുകയും മരുന്ന് നൽകുകയും ചെയ്യുന്നു.

7. കുടുംബാസൂത്രണ പരിപാടിയുടെ ഭാഗമായി വന്ധ്യംകരണ ശസ്ത്രക്രിയാ ക്യാമ്പുകളും മറ്റ് ഗർഭനിരോധക മാർഗ്ഗങ്ങളുടെ പ്രചരണവും നടത്തുന്നു.

8. സി. എസ്. എസ്. എം. (ചൈൽഡ് സർവൈവൽ ഓഫ് സേഫ് മദർ ഹുഡ് പ്രോഗ്രാം) കുട്ടികളുടേയും അമ്മമാരുടേയും ആരോഗ്യ പോഷകാഹാര പരിപാലനവുമായി ബന്ധപ്പെട്ട പ്രവർത്തനവും, ശ്വാസകോശ സംബന്ധമായ രോഗങ്ങൾ തിരിച്ചറിയുകയും രോഗ ചികിത്സക്കായി റഫർ ചെയ്യുകയും ചെയ്യുന്നു.

9. കൊതുകു നിവാരണ പരിപാടി, കിണർ ശുദ്ധികരണം എന്നിവ നടത്തുന്നു.

10. പകർച്ച വ്യാധികളെ തടയുന്നതിനുള്ള പരിപാടികൾ നടത്തുന്നു.

11. രാവിലെ 8 മുതൽ 11.30 വരെ പി. എച്ച്. സി. യിൽ ഔട്ട് പേഷ്യന്റ് ക്ലിനിക്ക് നടത്തുന്നു.

നിലവിലുള്ള പൊതുജനാരോഗ്യ സംവിധാനങ്ങളും പ്രവർത്തനങ്ങളും വിശകലനം ചെയ്യുമ്പോൾ സ്ഥാപനപരമായി ഏറെ മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടില്ലെന്ന് കാണാം. പരിമിതമായ സൗകര്യങ്ങളുള്ള വെട്ടുകാട് പി. എച്ച്. സി. യും, മാന്ദാമംഗലം, വല്ലൂര്, മരോട്ടിച്ചാൽ, കൊളാംകുണ്ട്, ചെമ്പംകണ്ടം. വെട്ടുകാട് പൊന്നൂക്കര, പുത്തൂർ, കൈനൂർ, ഇളംതുരുത്തി, മരത്താക്കര എന്നിവിടങ്ങളിലാണ് മാതൃ ശിശു സംരക്ഷണ കേന്ദ്രങ്ങൾ ഉള്ളത്. ഇതിൽ 8 എണ്ണത്തിന് മാത്രമാണ് കെട്ടിടമുള്ളത്. 3 എണ്ണത്തിന് കെട്ടിടമില്ല. മാത്രമല്ല ഒട്ടനവധി പരാധീനതകളോടെയാണ് ഈ സംവിധാനങ്ങൾ പ്രവർത്തിച്ചു വരുന്നത്. മലയോരമായിട്ടും വാഹനമില്ല. കെട്ടിടത്തിൽ ആവശ്യം വേണ്ട വൈദ്യുതി, വെള്ളം എന്നിവ പലയിടത്തും ഇല്ല. 4 വാർഡുകളിൽ ഒറ്റ ആരോഗ്യ സ്ഥാപനങ്ങളുമില്ല. ആശുപത്രി സേവനത്തിന് 10 മുതൽ 25 കി.മീ. വരെ യാത്ര ചെയ്യണം.

എന്നിരിക്കലും ആരോഗ്യ രംഗത്ത് നമ്മുടെ പഞ്ചായത്തിന് ഏറെ മുന്നേറാൻ കഴിഞ്ഞിട്ടുണ്ട്. ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നുള്ള വിവരങ്ങളനുസരിച്ച് രോഗികളുടെ എണ്ണം കുറഞ്ഞു വരുന്നതായി കാണാം. (ടേബിൾ കാണുക). രോഗപ്രതിരോധ കുത്തിവെയ്പ്പ് 98% നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ശിശുജനനനിരക്ക്-ശിശുമരണ നിരക്ക്-പൊതുമരണ നിരക്ക് അംഗവൈകല്യമുള്ളവർ എന്നിങ്ങനെ മാത്രമാണ്.

രോഗാതുരത കുറഞ്ഞു വരുന്നു എന്നാണ് പൊതുവേ കണക്കുകൾ കാണിക്കുന്നത്. സ്ഥായിയായ രോഗങ്ങളെ

സംബന്ധിച്ച വിവരം നിർഭാഗ്യവശാൽ പി. എച്ച്. സി. യിൽ ഇല്ല. ഇത്തരം വിവരങ്ങൾ ശേഖരിക്കപ്പെടുന്നില്ലെന്ന് വേണം മനസ്സിലാക്കാൻ. അതേ സമയം ഗൗരവമായി കാണേണ്ട വസ്തുതകളും ഉണ്ട്. പല പകർച്ചവ്യാധികളും പലരൂപത്തിലും ഭാവത്തിലും തിരിച്ചു വരുന്നുണ്ട്. രോഗികളുടെ എണ്ണം കുറയുന്നുണ്ടെങ്കിലും കഴിഞ്ഞ വർഷങ്ങളിൽ പകർച്ചവ്യാധികൾ കൂടിയതായി കാണാം. അതിൽ തന്നെ ജലജന്യരോഗങ്ങൾ കൂടുതലാണ്. ത്വക്ക് രോഗങ്ങൾ കൂടി വരുന്നു. ഇവ രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ പരാജയവും, ശുദ്ധജലത്തിന്റേയും പരിസര ശുചിത്വത്തിന്റേയും പ്രാധാന്യം ഉയർത്തികാണിക്കുന്നു. ആരോഗ്യ പ്രവർത്തനത്തിൽ കുടിവെള്ളത്തിനും പരിസര ശുചിത്വത്തിനും വേണ്ടത്ര പ്രാധാന്യം കൽപ്പിക്കുന്നുണ്ടെങ്കിലും അത്തരത്തിലുള്ള സമഗ്രവും ജനപങ്കാളിത്തപരമായ പ്രവർത്തനങ്ങൾ നടക്കുന്നില്ല. രോഗങ്ങൾ സംബന്ധിച്ച വിവരങ്ങൾ (അവലംബം പി. എച്ച്. സി. രേഖകൾ) കുട്ടികളുടെ പോഷണ നിലവാരത്തെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. മാതൃ ശിശു സംരക്ഷണ കേന്ദ്രം വഴി പോഷകാഹാര വിതരണമില്ല. സ്കൂളുകളിലെ ഉച്ചക്കഞ്ഞി മെച്ചപ്പെട്ട നിലയിൽ നടക്കുന്നുണ്ട്. മുഴുവൻ അമ്മമാരേയും കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. മരുന്നുകൾ നൽകി വരുന്നത് അപര്യാപ്തമാണ്.

രോഗം വരുമ്പോൾ ചികിത്സിക്കുന്നതിനു പകരം പ്രതിരോധ കുത്തിവെയ്പ്പുകൾ നടത്താൻ നാം തയ്യാറായിട്ടുണ്ട്. എന്നാൽ രോഗാതുരതയുടെ പ്രധാന കാരണങ്ങളായ ശുദ്ധജലം, ശുദ്ധമായ ഭക്ഷണം, ശുചിത്വമുള്ള ചുറ്റുപാട് എന്നിവയിൽ നാം വേണ്ടത്ര ശ്രദ്ധിക്കുന്നില്ല എന്നുവേണം പറയാൻ. കുടിവെള്ള ശുദ്ധീകരണ; പരിസര ശുചിത്വ പ്രവർത്തനങ്ങൾ വേണ്ടത്ര ഫലപ്രദമായി നടക്കുന്നില്ല.

## രോഗങ്ങൾ സംബന്ധിച്ച വിവരങ്ങൾ (അവലംബം പി.എച്ച്.സി. രേഖകൾ)

| വർഷം | രോഗികൾ ഒ. പി | പ്രതിദിനം | ത്വക്ക് രോഗം | വാതം | പകർച്ച വ്യാധി | മറ്റുള്ളവ | ആകെ | മരുന്ന് രൂപ | പ്രതിശീർഷ ചിലവ് |
|---|---|---|---|---|---|---|---|---|---|
| 92-93 | 18894 | 63 | 477 | 4 | 88 | 18355 | 18894 | 37987 | 2.00 |
| 93-94 | 13704 | 45 | 379 | 2 | 64 | 13449 | 13704 | 23552 | 1.70 |
| 94-95 | 15480 | 52 | 468 | 8 | 78 | 14930 | 15480 | 39609 | 2.50 |
| 95-96 | 9858 | 32 | 1255 | 6 | 206 | 8388 | 9855 | 51606 | 5.20 |
| ആകെ | 57932 | | 2579 | 20 | 436 | 55122 | | | |

മുൻകാലങ്ങളിൽ ആയുർവേദമായിരുന്നു പ്രധാന ചികിത്സയെങ്കിൽ പിന്നീട് ആധുനിക ചികിത്സാ രീതിയിലേക്ക് അതിവേഗം മാറുകയും അടുത്ത കാലത്തായി വീണ്ടും ആയുർവേദത്തോട് ആഭിമുഖ്യം വർദ്ധിക്കുന്ന പ്രവണത കാണാം. ആയുർവേദമരുന്നുകളുടെ ഷോപ്പുകൾ വർദ്ധിച്ചു വരുന്നത് ഇതിന്റെ ഒരു പ്രതിഫലനമാണ്. താഴെ തലത്തിലുള്ള സർക്കാർ ആരോഗ്യ സംവിധാനങ്ങളോട് മതിപ്പില്ലായ്മ പ്രകടമാണ്. ഇത് കൂടുതലും കാണുന്നത് ഇടത്തരക്കാരിലാണ്.

മെച്ചപ്പെട്ട ചികിത്സ ലഭിക്കുന്നത് സ്വകാര്യ മേഖലയിലാണെന്ന് തെറ്റിദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഭൂരിപക്ഷവും സർക്കാർ ആശുപത്രിയിൽ പോകുന്നത് ഗതികേടിന്റെ പര്യായമായും രോഗികളോടുള്ള പരിഗണനയില്ലായ്മയായി പോലും കരുതുന്നവർ കുറവല്ല.

എടുത്തു പറയേണ്ട മറ്റൊരു സംഗതിയാണ് സ്പെഷലിസ്റ്റുകളോടുള്ള ആഭിമുഖ്യം. കൂടുതൽ ബിരുദം ഉള്ളവരോടും പേരിന് ശേഷം കൂടുതൽ ഇംഗ്ലീഷ് അക്ഷരങ്ങൾ ഉള്ളവരോടും പ്രത്യേക ആകർഷണീയത നിലനിൽക്കുന്നു. അതു കൊണ്ടു് തന്നെ പ്രാഥമിക ആരോഗ്യകേന്ദ്രത്തിനേയും, ഡോക്ടറേയും അവഗണിക്കുന്ന സ്വഭാവവും നിലനിൽക്കുന്നുണ്ട്. ഭാരിച്ച സാമ്പത്തിക ചിലവ് ഉണ്ടാകുമെങ്കിലും ഭൂരിപക്ഷവും സ്വകാര്യ ഡോക്ടർമാരെയാണ് തിരഞ്ഞെടുക്കുന്നത്.

നിലവിലുള്ള സംവിധാനത്തെ കൂടുതൽ ഫലപ്രദവും ജനകീയവുമാക്കുകയും ആരോഗ്യ സ്ഥാപനങ്ങളെ ഗുണപരമായും മെച്ചപ്പെടുത്തിക്കൊണ്ടേ ഇതിനെ നിയന്ത്രിക്കാൻ കഴിയൂ. പൊതുജനാരോഗ്യ സംവിധാനവും ആരോഗ്യ പ്രവർത്തനവും കൂടുതൽ ജനകീയമാക്കണം. ആരോഗ്യ പ്രവർത്തകർ അവരിൽ അർപ്പിക്കുന്ന കർത്തവ്യങ്ങൾ കൃത്യമായി നിർവ്വഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കപ്പെടണം. അവർക്ക് വേണ്ട സഹായങ്ങൾ നൽകുകയും വേണം. ആരോഗ്യ പ്രവർത്തകരും ജനങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിച്ചാൽ പകർച്ച വ്യാധികളെ ഇല്ലാതാക്കാനും, രോഗാതുരത കുറയ്ക്കാനും കഴിയും. യുവജന മഹിളാ സന്നദ്ധ സംഘടനകൾക്ക് ഇക്കാര്യത്തിൽ വലിയ സംഭാവനകൾ നൽകാനാകും. നിലവിൽ മഹിളാസമാജങ്ങൾ, ശാസ്ത്ര സാഹിത്യ പരിഷത്ത്, സംസ്ക്കാര വിദ്യാഭ്യാസ ഗവേഷണ കേന്ദ്രം, ചില ക്ലബ്ബുകൾ, താല്പര്യമുള്ള വ്യക്തികൾ എന്നിവർ മാത്രമാണ് ഇത്തരം പ്രവർത്തനങ്ങളിൽ സഹകരിക്കുന്നത്. അതുകൊണ്ടു തന്നെയാണ് ആരോഗ്യ പ്രവർത്തനങ്ങൾ വേണ്ടത്ര ഫലപ്രദമാകാതെ പോകുന്നതും ആരോഗ്യ പ്രവർത്തകരിൽ മാത്രമൊതുങ്ങുന്നതും.

ശുദ്ധമായ കുടിവെള്ളം, പരിസരം, എല്ലാ വീട്ടിലും സുരക്ഷിതമായ കക്കൂസ്, എല്ലാ കുട്ടികൾക്കും പ്രതിരോധ കുത്തിവെയ്പ്പ് മെച്ചപ്പെച്ച ചികിത്സാസൗകര്യങ്ങൾ എന്ന ലക്ഷ്യത്തോടെ കൂട്ടായതും സമഗ്രവുമായ പദ്ധതികൾ തയ്യാറാക്കപ്പെടണം.

## ആരോഗ്യരംഗത്തെ പ്രശ്നങ്ങൾ, പോരായ്മകൾ

1. നിലവിലുള്ള ആരോഗ്യ സംവിധാനങ്ങൾ/സ്ഥാപനങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.
2. പി.എച്ച്.സി. യിലുണ്ടാകേണ്ട അവശ്യ സംവിധാനങ്ങളില്ല.
3. ജനങ്ങളുടെ വിശ്വാസവും താല്പര്യവും ആകർഷിക്കാൻ നിലവിലുള്ള ആരോഗ്യ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല.
4. ആരോഗ്യ പ്രവർത്തനങ്ങളിൽ ജന പങ്കാളിത്തമില്ല-അന്യവത്ക്കരിക്കപ്പെടുന്നു.
5. ബോധവൽക്കരണത്തിന്റെ അഭാവം നിലനിൽക്കുന്നു.
6. ആരോഗ്യ പ്രവർത്തനങ്ങളെ ജനകീയമായ വിലയിരുത്തലിന് സൗകര്യമില്ല.
7. ആരോഗ്യ പ്രവർത്തകർ വീടുകളിൽ നിരന്തരം സന്ദർശനം നടത്തുന്നില്ല.
8. ആരോഗ്യ സംബന്ധമായ അവശ്യ

വിവരങ്ങൾ നിലവിലുള്ള സ്ഥാപന ങ്ങളിൽ നിന്ന് ലഭ്യമല്ല.

9. ആരോഗ്യം, കുടിവെള്ളം, ശുചിത്വം ഇവ തമ്മിലുള്ള ഏകോപിത പ്രവർത്തനങ്ങൾ നടക്കുന്നില്ല.

10. കുടിവെള്ള പരിസര ശുചിത്വ പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല.

11. പകർച്ച വ്യാധികൾ തടയുന്ന തിനുള്ള ഫലപ്രദമായ നടപടികൾ കൈക്കൊള്ളുന്നില്ല.

12. ആരോഗ്യമെന്നാൽ അസുഖം-ഡോക്ടർ-ആശുപത്രി-മരുന്നുകൾ എന്ന സമവാ ക്യം ശക്തമായി നിലനിൽക്കുന്നു.

13. രോഗികളെ കിടത്തി ചികിത്സിപ്പി ക്കുന്നതിനുള്ള സൗകര്യങ്ങൾ പഞ്ചായത്തിൽ ഇല്ല.

14. ഡോക്ടറുടെ സേവനം പഞ്ചായത്തിന്റെ ഒരു കേന്ദ്രത്തിൽ മാത്രം ലഭ്യമാകു ന്നതുകൊണ്ട് ഭൂരിപക്ഷത്തിനും സ്വകാര്യ ഡോക്ടർമാരെ ആശ്രയി ക്കേണ്ടി വരുന്നു.

15. മാതൃശിശു സംരക്ഷണ കേന്ദ്രത്തിൽ ഡോക്ടറുടെ സേവനം ലഭിക്കുന്നില്ല.

16. കൊതുക് ശല്യം വ്യാപകമാണ്.

17. ആശുപത്രി സേവനം ലഭിക്കുന്നതിന് പത്തു മുതൽ ഇരുപത്തിയഞ്ചു കിലോമീറ്റർ ദൂരം യാത്ര ചെയ്യേണ്ടി വരുന്നു.

18. ഗർഭിണികളുടെയും, കുട്ടികളുടേയും പോഷകാഹാരക്കുറവ് കണ്ടെത്തു ന്നതിനും പരിഹരിക്കുന്നതിനും ഫലപ്രദമായ പരിപാടിയില്ല.

19. പുകവലി, മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം കൂടി വരുന്നു.

20. സാനിറ്റേഷൻ, മാലിന്യ അവശിഷ്ട സംസ്ക്കരണത്തിന്റെ അപര്യാപ്തത.

21. കിണറുകൾക്കു ചുറ്റും മതിൽ ഇല്ല, ജലശുദ്ധീകരണ സംവിധാനമില്ല.

22. ഭക്ഷണ പദാർത്ഥങ്ങളിലെ മായം ചേർക്കൽ.

23. സ്വകാര്യ ഡോക്ടർമാരെ കൂടുതൽ ആശ്രയിക്കേണ്ടി വരുന്നു.

24. അൻപതിനായിരത്തോളം വരുന്ന ജനങ്ങൾക്ക് ദിവസത്തിൽ മൂന്നര മണിക്കൂർ നേരമാണ് "ഒരേയൊരു ഡോക്ടറുടെ" സേവനം ലഭ്യമാകുന്നത്.

## പരിഹാര നിർദ്ദേശങ്ങൾ/ സാധ്യതകൾ

1. പ്രതിരോധ കുത്തിവയ്പ്പ് സാമൂഹ്യ ആവശ്യമായി അംഗീകരിക്കുകയും മുഴുവൻ കുട്ടികളേയും പ്രതിരോധ കുത്തിവയ്പ്പിന് വിധേയമാക്കു ന്നതിനുള്ള ജനകീയ പങ്കാളിത്തവും ബോധവൽക്കരണവും നടത്തണം.

2. ആരോഗ്യ പ്രവർത്തകർ വീടുകളിൽ ചെന്ന് ആരോഗ്യ അന്വേഷണങ്ങൾ നടത്തുന്നതും വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതും ഉറപ്പു വരുത്തണം.

3. പോഷകാഹാര പരിപാടി പുനരാ രംഭിക്കണം.

4. നിർദ്ധനർക്ക് ചികിത്സാസഹായം എളുപ്പം ലഭ്യമാക്കണം.

5. തെരുവ് നായ്ക്കളെ നശിപ്പിക്കണം.

6. ആരോഗ്യശീലത്തേയും, സങ്കല്പങ്ങ ളേയും സംബന്ധിച്ച് ബോധവൽ ക്കരണം നടത്തണം.

7. ആരോഗ്യ രംഗത്തെ ബോധവൽക്കരണത്തിന്റെ നേതൃത്വം വനിതകൾക്ക് നൽകണം.

8. ജലജന്യ/പരിസരജന്യ രോഗങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തണം.

9. പുകവലി, മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ദോഷഫലങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തണം.

10. എയ്ഡ്സ് രോഗത്തേയും അതിന്റെ സാമൂഹ്യ പ്രവർത്തനങ്ങളെയും സംബന്ധിച്ച് യുവതി യുവാക്കളുടെ ഇടയിൽ വ്യാപകമായ ബോധവൽക്കരണം നടത്തുക. യുവജനസംഘടനകൾക്കും, സന്നദ്ധസംഘടനകൾക്കും അതിന്റെ ചുമതല നൽകണം.

11. മുഴുവൻ ജനങ്ങളുടേയും രക്ത ഗ്രൂപ്പ് നിർണ്ണയിക്കുക, രക്തദാതാക്കളുടെ സേന വാർഡുകൾ തോറും രൂപീകരിക്കുക. യുവജന സന്നദ്ധ സംഘടനകളെ അതിന് നിയോഗിക്കാം.

12. വിവിധ ചികിത്സാരീതികൾക്ക് കീഴിൽ വിവിധ രോഗങ്ങൾക്കായുള്ള ഡിറ്റക്ഷൻ ക്യാമ്പുകൾ നടത്തണം.

13. മാതൃശിശു സംരക്ഷണ കേന്ദ്രത്തിന്റെ സുഗമമായ പ്രവർത്തനത്തിന് പ്രാദേശിക വനിതാ കമ്മിറ്റികൾ രൂപീകരിക്കണം.

14. ആരോഗ്യ രംഗത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും മോണിറ്റർ ചെയ്യുന്നതിനും പഞ്ചായത്ത്തലത്തിൽ സമിതികൾ ഉണ്ടാക്കണം.

15. സബ്-സെന്ററുകളിൽ കുട്ടികൾക്കും ഗർഭിണികൾക്കുമുള്ള വൈറ്റമിൻ, അയേൺ, ഫോളിക്ആസിഡ്, ഗുളികകൾ, ആവശ്യത്തിന് ലഭ്യമാക്കണം.

16. എല്ലാ വാർഡിലും മാതൃശിശു സംരക്ഷണ കേന്ദ്രം സ്ഥാപിക്കണം.

17. മാതൃശിശു സംരക്ഷണ കേന്ദ്രത്തിൽ ഫസ്റ്റ് എയ്ഡ് സൗകര്യം ഉണ്ടാകണം.

18. പണി പൂർത്തിയായ ചെമ്പംകണ്ടം ഉപകേന്ദ്രം പ്രവർത്തനം ആരംഭിക്കുകയും ആവശ്യമായ ആരോഗ്യ പ്രവർത്തകരെ നിയമിക്കുകയും വേണം.

19. കെട്ടിടമില്ലാത്ത എല്ലാ ഉപകേന്ദ്രങ്ങൾക്കും കെട്ടിടം ഉണ്ടാക്കണം.

20. ഉപകേന്ദ്രങ്ങളിൽ വെള്ളവും വൈദ്യുതിയും ലഭ്യമാക്കണം.

21. ജനസാന്ദ്രമായ കോളനികളിൽ പൊതു കക്കൂസ് കുഴിയും അതിലേക്ക് ക്ലോസറ്റുകളിൽ നിന്ന് പൈപ്പ് കണക്ഷനും നൽകുക.

22. പൊതുജനാരോഗ്യസംബന്ധമായ പരാതികൾ പരിഹരിക്കുന്നതിന് അതാത് ഹെൽത്ത് സെന്ററിലെ മെഡിക്കൽ ഓഫീസർക്കും, ഹെൽത്ത് ഇൻസ്പെക്ടർക്കും അധികാരം നൽകുക.

23. ആവശ്യമായ മുഴുവൻ മരുന്നുകളും ആരോഗ്യകേന്ദ്രത്തിൽ നിന്നും ലഭ്യമാക്കണം.

24. ഇളംതുരുത്തിയിൽ പ്രവർത്തിക്കുന്ന പെരുവാംകുളങ്ങര കുടുംബക്ഷേമ കേന്ദ്രത്തിന്റെ പേര് ഇളംതുരുത്തി കുടുംബക്ഷേമ കേന്ദ്രം എന്നാക്കുക.

25. പി.എച്ച്.സി., ഉപകേന്ദ്രങ്ങൾ എന്നിവയിലുണ്ടാകേണ്ട ആരോഗ്യ സംവിധാനങ്ങൾ ഉണ്ടാക്കുക.

26. വെട്ടുകാട് പ്രവർത്തിക്കുന്ന പി.എച്ച്.സിയെ കമ്മ്യൂണിറ്റി ഹെൽത്ത്

സെന്ററായി ഉയർത്തണം.

27. മരോട്ടിച്ചാലിൽ ഗവൺമെന്റ് ആയുർവ്വേദ ആശുപത്രി സ്ഥാപിച്ച് ചികിത്സാസൗകര്യം വർദ്ധിപ്പിക്കണം.

28. പുത്തൂർ പഞ്ചായത്തിനെ മൂന്ന് മേഖലകളാക്കിത്തിരിച്ച് കിഴക്കൻ മേഖലയിൽ മാന്ദാമംഗലം, മരോട്ടിച്ചാൽ കേന്ദ്രമാക്കി ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രവും പടിഞ്ഞാറൻ മേഖലക്ക് ഇളംതുരുത്തി കേന്ദ്രമായി ഒരു പ്രാഥമിക ആരോഗ്യകേന്ദ്രവും സ്ഥാപിക്കണം. ഇള്തുരുത്തിയിൽ ചെക്കിംഗ് സ്റ്റേഷൻ ഇരിക്കുന്ന സ്ഥലത്ത് പി.എച്ച്.സി സ്ഥാപിക്കാവുന്നതാണ്.

29. എല്ലാ മാതൃശിശു സംരക്ഷണ കേന്ദ്രത്തിലും ആഴ്ചയിൽ രണ്ടു ദിവസമെങ്കിലും ഡോക്ടറുടെ സേവനം ലഭ്യമാക്കണം. മേൽ പറഞ്ഞ മൂന്ന് മേഖലകളിലെ ആരോഗ്യകേന്ദ്രത്തിലും ഡ്യൂട്ടി ഡോക്ടർക്കു പുറമെ സോഷ്യൽ ഫിസിഷ്യന്മാരും, ഫാർമ്മസിസ്റ്റും ഉണ്ടാകണം.

30. ആയുർവ്വേദ ഡിസ്പെൻസറിയുടെ പ്രവർത്തനം വിപുലപ്പെടുത്തണം. ചികിത്സാസൗകര്യം ഉണ്ടാക്കണം.

31. ആയുർവ്വേദ ഡിസ്പെൻസറി മാന്ദാമംഗലം-മരോട്ടിച്ചാൽ മേഖലയിലും, മരത്താക്കര, ഇളംതുരുത്തി മേഖലയിലും ഓരോന്ന് ആരംഭിക്കണം.

32. നിർത്തലാക്കിയ കെയർ പ്രോഗ്രാം പുനരാരംഭിക്കണം.

33. മരത്താക്കരയിലുള്ള ശിശുസംരക്ഷണ ഉപകേന്ദ്രം ഹെൽത്ത് സെന്ററാക്കി ഉയർത്തണം.



# കുടിവെള്ളം

പുത്തൂർ പഞ്ചായത്ത് ഒരു മലയോര പഞ്ചായത്താണ്. പഞ്ചായത്തിന്റെ ഭൂരി ഭാഗവും കുന്നുകളോ ഉയർന്ന സമതല പ്രദേശങ്ങളോ ആണ്. അതുകൊണ്ടു് തന്നെ കുടിവെള്ളത്തിന് വലിയ ക്ഷാമ മുണ്ട്. ഇത് പഞ്ചായത്തിന്റെ ഏതാണ്ട് 14 വാർഡിലും ഏറിയും കുറഞ്ഞും ബാധകമാണ്. മുൻകാലങ്ങളിൽ താഴ്ന്ന പ്രദേശത്ത് മാത്രമാണ് ജനങ്ങൾ താമസിച്ചിരുന്നതെങ്കിൽ ഇന്ന് ജനസംഖ്യ വർദ്ധിക്കുകയും ഭൂമി വേണ്ടത്ര ലഭ്യമാകാതെ വരികയും ചെയ്തപ്പോൾ ഉയർന്ന പ്രദേശങ്ങളിൽ വീടുകൾ വയ്ക്കാൻ ജനങ്ങൾ നിർബന്ധിതരായി. ഇവിടങ്ങളിൽ കിണറുകൾ വേഗം വറ്റുന്നു. മാത്രമല്ല പലയിടത്തും പാറ കാരണം കിണർ കുഴിക്കാനാകുന്നില്ല. കുഴിച്ചിട ങ്ങളിൽ വെള്ളമില്ല.

അതോടൊപ്പം വീടുകളും, റോഡുകളും, മതിലുകളും വർദ്ധിക്കുകയും മരങ്ങൾ മുറിച്ച് മാറ്റുകയും, കാട് നശിപ്പിക്കുകയും. കൃഷി കുറഞ്ഞ് വരികയും, കൃഷിഭൂമി താഴ്ത്തുകയും ചെയ്തതിന്റെ ഫലമായി വെള്ളം തടഞ്ഞു നിർത്തുന്നതിനും, സംഭരിക്കുന്നതിനും പ്രകൃതിദത്തമായ സ്വണവിധാനങ്ങൾ കുറഞ്ഞു. ഇത് കുടിവെള്ളക്ഷാമം രൂക്ഷമാക്കുന്നതിന് കാരണമായി. മുൻകാലങ്ങളിൽ വളരെ ഉയർന്ന പ്രദേശങ്ങളിൽ മാത്രമാണ് ക്ഷാമം അനുഭവപ്പെട്ടിരുന്നതെങ്കിൽ ഇന്നത് എല്ലാ പ്രദേശത്തേക്കും വ്യാപിച്ചിരിക്കുന്നു.

പുത്തൂർ പഞ്ചായത്തിലെ കുടി വെള്ള സ്രോതസ്സുകളുടെ സ്ഥിതി പരിശോധിച്ചാൽ 70%ത്തിൽ താഴെ മാത്രം കുടുംബങ്ങൾക്കേ സ്വന്തമായി കിണറു ള്ളൂ. അതിൽ തന്നെ പകുതിയും വേനൽക്കാലത്ത് വറ്റുന്നവയുമാണ്. മറ്റുള്ളവർക്ക് അയൽപക്ക കിണറുകളേയും, പൊതു കിണർ, പൈപ്പ്, വാഹനവിതരണം എന്നിങ്ങനെയുള്ള സ്രോതസ്സുകളിൽ നിന്നാണ് കുടിവെള്ളം ലഭിക്കുന്നത്. സർക്കാർ പ്രസിദ്ധീകരിച്ച 91ലെ കണക്ക് പ്രകാരം ഇരുപത്തൊന്നായിരത്തിനടുത്ത് ജനങ്ങൾക്ക് പൈപ്പ് ലൈൻ വഴി കുടിവെള്ളം എത്തിക്കുന്നുണ്ടെന്നാണ്. ഫലത്തിൽ ഡിസംബർ മാസം മുതൽ കുടി വെള്ള ക്ഷാമം ആരംഭിക്കുന്നു. ഉയർന്ന പ്രദേശങ്ങളിൽ ഉള്ളവർ ഒന്നര കിലോമീറ്റർ ദൂരത്തിലധികം സഞ്ചരിച്ച് വെള്ളം കൊണ്ടു വരേണ്ടിവരുന്നവർ ധാരാളമുണ്ട്. ടാപ്പുകൾക്ക് മുന്നിൽ വെള്ളം വരുന്നതും കാത്ത് വലിയ ക്യൂ വേനൽക്കാലത്ത് സാധാരണമായിട്ടുണ്ട്. പുത്തൂർ ജലവിതരണ പദ്ധതിയിൽ വെള്ളം പമ്പ് ചെയ്യുന്നതും വിതരണം ചെയ്യുന്നതും ഒറ്റ പൈപ്പ് ലൈൻ ആയതി നാൽ ഉയർന്ന പ്രദേശങ്ങളിൽ അവ സാനം മാത്രമേ വെള്ളം എത്തൂ. അതി നിടയിൽ പമ്പിംഗ് നിന്നാൽ വെള്ളം ലഭിക്കുകയുമില്ല. മാത്രമല്ല പ്രഷർ കൂടി പൈപ്പ് ലൈൻ പൊട്ടി പോകുന്നത് സാധാരണമാണ്. ഇത് ഉടൻ ശരിയാക്കു ന്നതിനുള്ള സംവിധാനം പഞ്ചായത്തിലില്ല മാത്രമല്ല ഇതിന്റെ ചിലവ് പഞ്ചായത്ത് വഹിക്കേണ്ടി വരുന്നു. ഒരുപാട് കുടുംബ ങ്ങൾക്ക് ഉപയോഗിക്കേണ്ട വെള്ളം തെരുവിലൂടെ ഒഴുക്കപ്പെടുന്നു.

കുടിവെള്ളക്ഷാമത്തിന്റെ പ്രധാന കാരണങ്ങളിൽ ഒന്ന് ശാസ്ത്രീയമായ സ്ഥല ജല മാനേജമെന്റിലുള്ള അപാകതയാണ്. സമഗ്രമായ കാഴ്ചപ്പാടിന്റെ അഭാവം ചില പ്രദേശങ്ങളിലെങ്കിലും വെള്ളക്ഷാമ ത്തിന് കാരണമാകുന്നുണ്ട്. മറ്റൊന്നമ ജല വിതരണ സംവിധാനത്തിലുള്ള അശാസ്ത്രീയതയാണ്.

**സാധാരണ മാസങ്ങളിൽ സ്രോതസ്സുളുടെ ഉടമസ്ഥത**




**വരൾച്ച മാസത്തിൽ സ്രോതസ്സുളുടെ ഉടമസ്ഥത**




**സാധാരണ മാസത്തിൽ കുടിവെള്ള സ്രോതസ്സ്**




**വരൾച്ച മാസത്തിൽ കുടിവെള്ള സ്രോതസ്സ്**



## കുടിവെള്ള ലഭ്യത - കിണർ




നമ്മുടെ പഞ്ചായത്തിൽ മാന്ദാമംഗലം, വെട്ടുകാട്, ഇളംതുരുത്തി, മരത്താക്കര തുടങ്ങി വിവിധ മേഖലകളിൽ സ്ഥാപിച്ചിട്ടുള്ള എട്ടോളം കുഴൽ കിണറിൽ നിന്ന് പുത്തൂർ, പുഴമ്പള്ളം (മരത്താക്കര) എന്നിവടങ്ങളിലെ പമ്പിംഗ് സ്റ്റേഷനുകളിൽ നിന്നുള്ള 226 ടാപ്പുകൾ വഴിയും 28 പൊതു കിണറുകളിൽ നിന്നും, വാഹനങ്ങളിൽ വിതരണം ചെയ്തുമാണ് വേനൽക്കാലത്തെ പൊതുജല വിതരണം നടത്തുന്നത്. ഇവയിൽ കുഴൽക്കിണറുകളിൽ പലതും പ്രവർത്തിക്കുന്നില്ല. ഉദ: മാന്ദാമംഗലം, വെട്ടുകാട്. പൊതുകിണർ പലതും ഉപയോഗശൂന്യമാണ്. അവ സംരക്ഷിക്കപ്പെടുന്നില്ല. ടാപ്പുകൾ വഴിയുള്ള കുടിവെള്ള വിതരണം കാര്യക്ഷമമായി നടക്കുന്നില്ല. വെള്ളം പമ്പ് ചെയ്യുന്നതിലും ഉള്ള അപാകതയാണ് ഇതിന് കാരണം. ഇത് പരിഹരിച്ചാൽ കുറെ പ്രശ്നങ്ങൾ പരിഹരിക്കാവുന്നതാണ്.

നിലവിലുള്ള സംവിധാനത്തെ കാര്യക്ഷമമാക്കുകയാണ് ആദ്യം വേണ്ടത്. ജലസംരക്ഷണ പ്രവർത്തനങ്ങൾ ഒപ്പം നടത്തണം. പ്രകൃതി ദത്തമായ സ്രോതസ്സുകൾ ശാസ്ത്രീയമായി ഉപയോഗിക്കാൻ കഴിയണം. പദ്ധതികൾ ഉണ്ടാക്കുമ്പോൾ പ്രദേശത്തിന്റെ സ്വഭാവവും, വെള്ളത്തിന്റെ ലഭ്യതയും കണക്കിലെടുത്തു വേണം തയ്യാറാക്കുവാൻ. പ്രാദേശിക പദ്ധതികൾക്ക് മുൻഗണനന നൽകണം. പഞ്ചായത്തിലൂടെ ഒഴുകുന്ന മണലിപ്പുഴയെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ എങ്ങനെ ഉപയോഗിക്കാം; നമ്മുടെ പഞ്ചായത്തിൽ വേണ്ടത്ര ഉപയോഗപ്പെടുത്താത്ത നീരുറവകളും മറ്റ് സ്രോത

സ്സുകളും എങ്ങിനെ ഉപയോഗിക്കാം; നിലവിലുള്ള സംവിധാനങ്ങളെ എങ്ങനെ മെച്ചപ്പെടുത്താം തുടങ്ങി പൊതുജനാരോഗ്യത്തിന്റെ മുൻ ഉപാധിയായ കുടിവെള്ളം ലഭ്യമാക്കുന്നതിനും അത് ശുദ്ധജലമാണെന്ന് ഉറപ്പ് വരുത്തുന്നതിനും സമഗ്രമായ കാഴ്ചപ്പാടുകളും പ്രവർത്തന പദ്ധതികളും ഉണ്ടാവണം.

## കുടിവെള്ളത്തിന്റെ പ്രശ്നങ്ങൾ പോരായ്മകൾ

1. ഉയർന്ന/മലയോര പ്രദേശങ്ങളിൽ കിണറുകൾ വളരെ വേഗം വറ്റുന്നു.
2. പൊതുകുടിവെള്ള വിതരണ സംവിധാനത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല.
3. പൊതുകുടിവെള്ള സംവിധാനത്തിന്റെ പ്രവർത്തനം അശാസ്ത്രീയമാണ്. പലയിടത്തും ടാപ്പുകൾ സ്ഥാപിച്ചിരിക്കുന്നത് അസ്ഥാനത്താണ്.
4. സമഗ്രമായ ശുദ്ധജല ആവശ്യ-ലഭ്യതാ വിവരങ്ങൾ ലഭ്യമല്ല.
5. ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്നില്ല.
6. പൈപ്പ് വെള്ളത്തെ ആശ്രയിക്കുന്ന പ്രവണത വർദ്ധിച്ചു വരുന്നു.
7. പ്രാദേശിക സ്രോതസ്സുകൾ കണ്ടെത്താനോ, ഉപയോഗപ്പെടുത്താനോ വേണ്ട പ്രായോഗിക നിർദ്ദേശങ്ങൾ പലയിടത്തും ഉണ്ടാക്കുന്നില്ല.
8. നിലവിലുള്ള ജലസ്രോതസ്സുകൾ പ്രാദേശികമായി സംരക്ഷിക്കുന്നതിനുള്ള സന്നദ്ധത കുറവ്.
9. വൻ പദ്ധതികൾക്ക് പകരം പ്രാദേശികമായി നിർവഹിക്കാവുന്ന സാദ്ധ്യതകൾ വേണ്ടത്ര ഉയർന്നു വരുന്നില്ല.
10. കിണറുകൾ ശുദ്ധീകരിക്കുന്നതിനോ, കിണർ മലിനീകരണ നിവാരണ പ്രവർത്തനത്തിനോ പ്രാധാന്യം കൊടുക്കുന്നില്ല.
11. ചുറ്റും മതിലില്ലാത്ത കിണറുകൾ ധാരാളമുണ്ട്. അവ വ്യാപകമായ ജലമലിനീകരണത്തിന് കാരണമാകുന്നു.
12. കുടിവെള്ളം വാഹനം കഴുകുവാനും, നിർമ്മാണ പ്രവർത്തനങ്ങൾക്കും ഉപയോഗിക്കുന്നു.
13. പല പ്രദേശങ്ങളിൽ പാറയും, കല്ലും, കാരണം കുഴിച്ചാൽ വെള്ളം കിട്ടുന്നില്ല.
14. നൂറുകണക്കിന് വീടുകൾക്ക് ഉപയോഗിക്കാൻ കഴിയുമായിരുന്ന വെള്ളം വിതരണ സംവിധാനത്തിലെ ചോർച്ച മൂലം നഷ്ടമാകുന്നു.
15. കിണർ കുഴിക്കുന്നതിനുള്ള സാമ്പത്തിക ബുദ്ധിമുട്ട്.

## പരിഹാര നിർദ്ദേശങ്ങളും സാദ്ധ്യതകളും

1. മാന്ദാമംഗലം നായാടിച്ചിറ മുതൽ വല്ലൂർ കുത്ത് വരെയുള്ള തോടിന്റെ റിസർവ്വെ നടത്തി വീതിയും ആഴവും വർദ്ധിപ്പിച്ച് തടയണകൾ നിർമ്മിച്ച് ജലം സംഭരിക്കണം.
2. നിലവിലുള്ള കുഴൽ കിണറിന്റേയും, പൈപ്പ് ലൈനിന്റേയും കേട് പാട് തീർക്കുകയും നിലവിലുള്ള ടാപ്പുകൾ ഉപയോക്താക്കളുടെ എണ്ണത്തിന് അനുസരിച്ച് സ്ഥാനം നിർണ്ണയിച്ച് പുന:സ്ഥാപിക്കുക.

3. നിലവിലുള്ള പൊതുകിണർ, കുളങ്ങൾ എന്നിവ ഉപയോക്താക്കളുടെ മേൽനോട്ടത്തിൽ റിപ്പയർ ചെയ്യുകയും സംരക്ഷിക്കുകയും ചെയ്യുക.

4. പീച്ചിയിൽ നിന്ന് പുളിച്ചുവട് വഴി പോകുന്ന പൈപ്പ് ലൈൻ മരോട്ടിച്ചാൽ പ്രദേശത്തേക്ക് വ്യാപിക്കണം.

5. മാന്ദാമംഗലം കുഴൽകിണറിന്റെ മോട്ടോർ മാറ്റി സ്ഥാപിക്കുക.

6. മഴ വെള്ളം തടഞ്ഞു നിർത്തി ഭൂമിയിൽ ആഴ്ന്നിറങ്ങുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുക.

7. ചോച്ചേരി കുന്നിലെ വാട്ടർ ടാങ്കിന്റെ സംഭരണ ശേഷി വർദ്ധിപ്പിക്കുകയും വെള്ള് പമ്പ് ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനും വെവ്വേറെ പൈപ്പുകൾ സ്ഥാപിക്കുകയും ചെയ്യുക.

8. കോക്കാത്ത് പ്രദേശത്തേക്കുള്ള പൈപ്പ് കണക്ഷൻ കല്ലും കുന്ന് പ്രദേശത്തുനിന്നും മാറ്റി കല്ലൂക്കാരൻ വഴി അബേദ്ക്കർ കോളനിയിലേക്കാക്കുക.

9. പുത്തൂർ പമ്പ് ഹൗസ് പരിസരം മതിലുകെട്ടി സംരക്ഷിക്കണം.

10. കല്ലും കുന്നത്തെ പഞ്ചായത്ത് കിണർ താഴ്ത്തി ജലലഭ്യത ഉറപ്പാക്കണം.

11. ഇളം തുരുത്തി സെന്ററിലെ പൊതു കിണർ കോൺക്രീറ്റ് റിംഗ് ഇറക്കി മണ്ണിടിച്ചിൽ തടയണം.

12. മരത്താക്കര എസ്.സി/എസ്.ടി കോളനിയിലെ നിലവിലുള്ള വാട്ടർ ടാങ്കിന്റെ ശേഷി അഞ്ച് ലക്ഷം ലിറ്ററായി ഉയർത്തണം.

13. 11,12,13,14 വാർഡുകളിൽ നിലവിലുള്ള ജലവിതരണ പദ്ധതിയുടെ വിതരണത്തിൽ 'വാൽവ്' സിസ്റ്റം പ്രാവർത്തികമാക്കണം. ഓരോ പ്രദേശത്തേക്കും പ്രത്യേകം സമയം നിശ്ചയിക്കണം.

14. ഒന്നാം വാർഡിലെ കായൽ ആഴം കൂട്ടി കൂടുതൽ ജലം സംഭരിക്കണം.

15. പുത്തൂർ ചിറയിലെ കാഞ്ഞാണിതോപ്പ് ഭാഗത്തെ മൺചിറ സ്ഥിരം ബണ്ടാക്കി ജലം സംഭരിക്കണം.

16. രണ്ടാം വാർഡിലെ കൂനൻ മൂലയിൽ, പഞ്ചായത്ത് കിണറിൽ ബോർവെൽ സ്ഥാപിക്കണം.

17. മാന്ദാമംഗലം-മരോട്ടിച്ചാൽ റോഡരികിലുള്ള കിണർ പഞ്ചായത്ത് ഏറ്റെടുത്ത് സംരക്ഷിക്കണം.

18. പുഴ വെള്ളച്ചാലിൽ ഉള്ള ഉറവ പഞ്ചായത്ത് ഏറ്റെടുത്ത് സംരക്ഷിക്കണം.

19. വല്ലൂർകുത്തിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് ഗിരിജൻ കോളനിയിലേക്ക് കുടിവെള്ളം വിതരണം ചെയ്യുക.

20. മരോട്ടിച്ചാൽ ചക്കത്തേക്കിലുള്ള വറ്റാത്ത ഉറവക്കടുത്ത് കുളം കുഴിച്ച് വെള്ളം പമ്പ് ചെയ്ത് പാണ്ടാരികുന്ന്, പഴ ഗിരിജൻ കോളനി എന്നീ പ്രദേശത്ത് കുടിവെള്ളം വിതരണം ചെയ്യുക.

21. ചെന്നായ് പാറ ഭാഗത്ത് ടാങ്ക് കെട്ടി പീച്ചിയിൽ നിന്ന് 5, 6, 7, 8 വാർഡുകളിലേക്ക് പമ്പ് ചെയ്ത് വിതരണം ചെയ്യുക.

22. കൈനൂർ-മാന്ദാമംഗലം ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുക. മരോട്ടിച്ചാൽ കത്തോലിക്കാ പള്ളിക്കരികിലുള്ള പുറം പോക്കിൽ 400.ച.മീ. അടി വിസ്തീർണ്ണത്തിൽ കുളം കുഴിച്ച് ഉയർന്ന ഭാഗത്ത് ടാങ്ക് കെട്ടി

വെള്ളം വിതരണം ചെയ്യുക.

23. കോക്കാത്ത് കോളനിയിലും, കുരുടൻ ചിറ മിച്ചഭൂമിയിലും പൊതുകിണർ വേണം.

24. കല്ല്യാം കുന്ന് നാട്ടുകാർ സൗജന്യമായി വാഗ്ദാനം ചെയ്ത സ്ഥലത്ത് കുളം കുഴിച്ച് വെള്ളം പമ്പ് ചെയ്ത് കല്ല്യാം കുന്ന് പ്രദേശത്ത് വിതരണം ചെയ്യണം.

25. കുടിവെള്ള പ്രശ്നം രൂക്ഷമായ പ്രദേശങ്ങളിൽ മഴവെള്ളം സംഭരിക്കുന്നതിന് മഴ കുഴികൾ നിർമ്മിക്കണം.

26. പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലേയും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് പറ്റിയ ഒരു ഏക പദ്ധതി തയ്യാറാക്കുന്നതിനുള്ള സാദ്ധ്യത പരിശോക്കണം.

27. പ്രാരംഭ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയ കൈനൂർ-മാന്ദാമംഗലം ശുദ്ധ ജല പദ്ധതി ദ്രുതഗതിയിൽ ആരംഭിക്കുക.

28. സർവ്വേ കഴിഞ്ഞിരിക്കുന്ന മരത്താക്കര ശുദ്ധജല പദ്ധതിയുടെ പണി ഉടൻ ആരംഭിക്കണം.

29. ചെമ്പംകണ്ടം പ്രദേശത്തെ ചിറ താഴ്ത്തി കൈനികുന്ന് പ്രദേശത്ത് ടാങ്ക് നിർമ്മിച്ച് വെള്ളം പമ്പം ചെയ്ത് കുടിവെള്ള ക്ഷാമം പരിഹരിക്കണം.

30. ഓട്ടുപാറ, അമ്പിളികുന്ന് പ്രദേശത്ത് കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് പഞ്ചായത്തിന്റെ അധീനതയിലുള്ള ഓട്ടുപാറ കുളം താഴ്ത്തി വില്ലം കുന്ന്, അമ്പിളികുന്ന് പ്രദേശത്ത് ടാങ്ക് നിർമ്മിച്ച് വെള്ളം പമ്പ് ചെയ്യണം.

## കുടിവെള്ളം ആവശ്യപ്പെടുന്ന പ്രദേശങ്ങൾ

1. കുണ്ടുക്കാരൻ എസ്. സി. കോളനിയിൽ രാജീവ് ഗാന്ധി ട്രിങ്കിംഗ് വാട്ടർ പദ്ധതിയിൽ കുടിവെള്ളം എത്തിക്കണം.

2. വിലങ്ങന്നൂർ, ചെന്നായ്പാറ, വെള്ളക്കാരിതടം, കൊളാംകുണ്ട്, മാന്ദാമംഗലം പ്രദേശത്ത് വീടുകൾക്ക് കണക്ഷൻ നൽകുക.

3. ചെന്നായ്പാറ, ആശ്രമക്കവല, നായാടിച്ചിറ വെള്ളക്കാരിതടം, ഈസ്റ്റ്-വെസ്റ്റ് ചൂരക്കാട് എന്നിവിടങ്ങളിൽ ടാപ്പുകൾ സ്ഥാപിക്കുക.

4. ഉരുളൻ കുന്ന്, പയ്യനംകുന്ന്, തേവാരകുന്ന്, ദർഭകുന്ന്, മുരിക്കുംപാറ കത്തോലിക്കാ പള്ളിക്കുന്ന് എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പൈപ്പ് ലൈനിന്റെ ഉപയോഗം ലഭിക്കുന്നതിന് ടാങ്ക് ഉയരത്തിൽ സ്ഥാപിക്കുക.

5. കുടിവെള്ള ദൗർലഭ്യ മേഖലകൾ കണ്ടെത്തി സമഗ്ര കുടിവെള്ള വിതരണ സംവിധാനം ഉണ്ടാക്കുക.

6. വെട്ടുകാട് കോളനി, മിച്ചഭൂമി എന്നിവിടങ്ങളിൽ ശുദ്ധജല വിതരണ പദ്ധതി ആരംഭിക്കുക.

7. പുത്തൂർ പുഴയിൽ നിന്നും വെള്ളം പമ്പ് ചെയ്യുന്നതിലും വിതരണം ചെയ്യുന്നതിലും ഉള്ള അപാകതകൾ പരിഹരിക്കുക.

8. ആവശ്യപ്പെടുന്ന എല്ലാവർക്കും വീട്ട്വാട്ടർകണക്ഷൻ നൽകുക.

9. പുഴമ്പള്ളത്തുള്ള പമ്പിംഗ് സ്റ്റേഷനിൽ നിന്ന് ഇളംതുരുത്തി, മിച്ചഭൂമി, കരുവാൻമൂല, ഉദയഗ്രാമം, കുഞ്ഞനംപാറ, മണ്ണാവ്, ശാന്തിനഗർ, പട്ടാണി

ത്തോപ്പ് എന്നിവിടങ്ങളിൽ വെള്ളം ലഭിക്കുന്നതിനുള്ള സജ്ജീകരണം ചെയ്യണം.

10. കരിമ്പിൻ ചിറ സ്ഥിരം ബണ്ടായി ചീപ്പ് ഇട്ടുകൊണ്ട് വെള്ളം ശേഖരിക്കണം.

11. പുത്തൂർ കൈതപറമ്പിൽ കുടിവെള്ളം എത്തിക്കണം.

12. രണ്ടാം വാർഡ് ലക്ഷം വീട് പള്ളി ക്കോളനി, ഹരിജൻ കോളനി, പാൻചിറ, പടിഞ്ഞാട്ടുമുറി എന്നിവിട ങ്ങളിൽ കിണർ കുഴിക്കണം.

13. പൊന്നൂക്കര സെന്ററിൽ ടാപ്പും ഹാൻ പമ്പും വേണം, ഹൗസ് കണക്ഷൻ വേണം.

14. തുളിയാൻ കുന്ന് മുതൽ പാൻചിറ വരെ തോട്ടിൽ വെള്ളം കെട്ടി നിർത്തണം.

15. പീച്ചി ഇടതുകര കനാൽ വഴി വേനൽക്കാലങ്ങളിൽ ഇടവിട്ട് വെള്ളം ഒഴുക്കണം.

16. പാൻചിറയിൽ വാരിയംത്തൊടി കുളത്തിൽ നിന്നും ശുദ്ധജല പദ്ധതി വേണം.

17. പുത്തൂർ പുഴ, പി. എച്ച്. ഇ. ഡി. പദ്ധതിയിൽ നിന്നു് പൊന്നൂക്കരയിൽ ശുദ്ധജലം എല്ലാ സമയത്തും ലഭ്യമാക്കണം.

18. പൊന്നൂക്കര പള്ളിക്കോളനി, മതിക്കുന്ന്, ഹരിജൻ കോളനി, മുതിരക്കുന്ന്, മാർത്തവേൽ റോഡ്, കനകശ്ശേരി എന്നിവിടങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടണം.

19. കേടുവന്ന പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കണം.

20. പൊതുടാപ്പുകൾ വേണം, വീട്ടു കണക്ഷൻ വേണം.

21. മുതിരകുന്ന്, മതികുന്ന്, കോളനി അമ്പലം, അമ്പിളികുന്ന്, കൈനികുന്ന്, ഓട്ടുപാറ എന്നിവിടങ്ങളിൽ കിണറു കളും കുഴൽകിണറുകളും സ്ഥാപിക്കണം.

22. കിണറുകൾ കുഴിക്കാൻ സാമ്പത്തിക സഹായം നൽകണം.

23. പെരുവാൻകുളങ്ങര നാല് ടാപ്പുകൾ സ്ഥാപിക്കണം.

24. മരത്താക്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കുക.

25. തൃക്കൂർ പുഴയിൽ നിന്ന് മണ്ണാവ് തോട് വഴി ചെറുകായൽ കുളത്തിൽ വെള്ളം നിറച്ചു നിർത്തുക.

26. ചെമ്പംകണ്ടത്തിലെ കൈനിക്കുന്നിൽ ടാങ്ക് കെട്ടി യൂക്കാലി പ്ലാന്റേഷനിലെ നിലവിലുള്ള ചതുപ്പിൽ കുളം കുഴിച്ച് വെള്ളം പമ്പ് ചെയ്ത് 3, 5, 6 വാർഡുകളിൽ വിതരണം ചെയ്യാം.

27. കല്ലിംഗൽ ചെക്ക് ഡാം പരിസരത്തെ കിണർ ഏറ്റെടുത്ത് മുതിരകുന്നിലേക്ക് വെള്ളം പമ്പ് ചെയ്ത് വിതരണം ചെയ്യുക.

28. പഞ്ചായത്ത് വക വാരിയത്ത് കുളത്തിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് മതിക്കുന്ന് ഹരിജൻ കോളനി അമ്പലപ്പറമ്പിൽ വിതരണം ചെയ്യണം.

29. ഉപ്പുണ്ണി ചിറയുടെ പരിസരത്ത് കന്യാസ്ത്രീ മഠത്തിന് താഴെ ഒരു കിണർ കുഴിച്ച് മുതിരകുന്നിൽ ടാങ്ക് നിർമ്മിച്ച് വെള്ളം പമ്പ് ചെയ്ത് വിതരണം ചെയ്യുന്നു.

30. മതിക്കുന്ന് പാടത്തുനിന്നും കിണർ

കുഴിച്ച് വെള്ളം കോളനി അമ്പല ക്കുന്നിൽ ടാങ്കിലേക്ക് പമ്പ് ചെയ്ത് വിതരണം നടത്തുക.

31. ഭൂഗർഭ ജല വകുപ്പിന്റെ കുടിവെള്ള വിതരണ പദ്ധതി നടപ്പിലാക്കുക.

32. ഓട്ടുപാറ കുളം താഴ്ത്തി ഹരിജൻ കുന്ന്, പുത്തൻ കാട്, ഹിൽ റോഡ് എന്നിവിടങ്ങളിൽ വെള്ളം എത്തിക്കണം.

33. വില്ലൻ കുന്നിൽ ടാങ്ക് നിർമ്മിച്ച് വെള്ളം സപ്ലൈ ചെയ്യണം.

34. ചെമ്പംകണ്ടം പ്രദേശത്തെ കാഞ്ഞിരചിറ സംരക്ഷിച്ച് കൈനി ക്കുന്നത്ത് ടാങ്ക് നിർമ്മിച്ച് വെള്ളം പമ്പ് ചെയ്ത് വിതരണം ചെയ്യുക.

35. പീച്ചിയിൽ നിന്നും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ശുദ്ധജലം എത്തിക്കുന്നതിന് നടപടി സ്വീകരിക്കുക.

## പരിസര ശുചിത്വം

പൊതുജനാരോഗ്യത്തിന്റെ മറ്റൊരു മുന്നുപാദിയാണ് ശുദ്ധമായ പരിസരം. ശുദ്ധമായ ഭക്ഷണവും, വൃത്തിയുള്ള വസ്ത്രവും, ഭവനവും, ഉണ്ടാക്കുന്ന കാര്യത്തിൽ അങ്ങേയറ്റം ശ്രദ്ധിക്കുന്നവ രാണ് കേരളീയരെങ്കിലും; ചുറ്റുപാടു കളേയും, ഭവന പരിസരങ്ങളേയും, തെരു വുകളേയും ശുചിയായി സംരക്ഷിക്കുന്ന കാര്യത്തിൽ നമ്മൾ അശ്രദ്ധരാണ്. ഉപ ഭോഗ സംസാകാരത്തിന്റെ ഭാഗമായുള്ള പുതിയ രൂപത്തിലുള്ള ഉല്പന്നങ്ങൾ അവയുടെ പാക്കറ്റുകൾ എന്നിവ വലിയ തോതിലുള്ള പരിസര മലിനീകരണത്തിന് കാരണമാകുന്നു. അവ ശാസ്ത്രീയമായി സംസ്ക്കരിക്കുന്നതിനുള്ള സംവിധാനം പ്രാദേശികമായി ഉണ്ടാകേണ്ടിയിരിക്കുന്നു. നമ്മുടെ ചുറ്റുപാടുകൾ ശുചിത്വത്തോടെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ജന ങ്ങൾ ഇനിയും ഉൾക്കൊണ്ടിട്ടില്ല. ശുദ്ധമായ ഭക്ഷണം, വെള്ളം, വസ്ത്രം, പരിസരം എന്നിവ ആരോഗ്യത്തിന്റെ അവശ്യ ഘടകങ്ങളാണ്. നമ്മുടെ വീട്ടിലും ചുറ്റുപാടുകളിലും ദൈനംദിന ജീവിതത്തിന്റെ ഭാഗമായുണ്ടാകുന്ന മാലിന്യങ്ങളും, അവശിഷ്ടങ്ങളും വള പ്പിലും,പൊതുനിരത്തിലും, കാനകളിലും വലിച്ചെറിയുന്നതിനു പകരം അവയെ ശാസ്ത്രീയമായി സംസ്ക്കരിക്കുന്നതിനും അതിൽ നിന്ന് ഉഭോല്പന്നങ്ങൾ ഉണ്ടാ ക്കുകയും വരുമാന വർദ്ധനവിനും ജീവിത നിലവാരം ഉയർത്തുന്നതിനും ഉതകുന്ന വിധത്തിൽ കൂട്ടായി പ്രവർത്തിക്കുകയും വേണം.

എന്നന്നേക്കുമായി ഇല്ലാതാക്കി എന്നു നാം അഭിമാനിച്ചിരുന്ന പല രോഗ ങ്ങളും നമ്മുടെ മുന്നിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങിയിരിക്കുന്നു. പല രൂപത്തിലും ഭാവത്തിലും അതിന്റെ പ്രത്യാഘാതങ്ങൾ നാം അനുഭവിക്കേണ്ടി വരും. ഇതിനെ തിരായ ഏക മുഖവും കൂട്ടായതുമായ പ്രവർത്തനങ്ങൾ വാർഡുകൾ തോറും ഉണ്ടാകണം. കാർഷിക രംഗത്തെ വർദ്ധി ച്ച കീടനാശിനി പ്രയോഗം മലിനീ കരണത്തിന് കാരണമാകുന്നുണ്ട്. കീട നാശിനികളുടെ നിർവ്വീര്യമാകാത്ത പല അംശങ്ങളും വർഷങ്ങളോളം മണ്ണിലും, ജലത്തിലും, വൃക്ഷങ്ങളിൽ പോലും നില നിൽക്കും. ഇത് പല അസുഖങ്ങൾക്കും കാരണമാവും. അതു പോലെ തന്നെ കക്കൂസില്ലാത്ത വീടുകൾ നമ്മുടെ പഞ്ചാ യത്തിൽ ധാരാളമുണ്ട്. കക്കൂസുള്ളവ തന്നെ മൂടിയില്ലാത്തതോ, കെട്ടി സംരക്ഷി ക്കാത്തവയോ ധാരാളമാണ്. ജനങ്ങൾ തിങ്ങിപ്പാർക്കുന്നിടങ്ങളിൽ ഇത് കിണർ മലിനീകരണത്തിനും പല അസുഖങ്ങൾ ക്കും കാരണമാകുന്നു. കിണറിന്റെ ചുറ്റും മതിൽ കെട്ടാത്തതിനാൽ ചുറ്റുപാടു കളിലുള്ള മാലിന്യങ്ങൾ കിണറിൽ വിഴു ന്നത് ജലമലിനീകരണത്തിന് കാരണ മാകുന്നു. എല്ലാ കിണറുകൾക്കും വല യിടാനും, ചുറ്റു മതിൽ കെട്ടാനും, അവ ശിഷ്ടങ്ങളും, മറ്റ് മാലിന്യങ്ങളും സംസ്ക്ക

രിക്കുന്നതിനും സമഗ്രമായ പദ്ധതി ഉണ്ടാകണം. അതുപോലെ തന്നെ തുറന്ന അടുപ്പുകളിൽ നിന്നുള്ള വ്യാപകമായ പുകശല്യം സ്ത്രീകളുടെ ആരോഗ്യത്തിനും, പരിസര മലിനീകരണത്തിനും കാരണമാവുന്നു. എല്ലാ വീട്ടിലും പുകയേൽക്കാത്ത ദക്ഷത കൂടിയ അടുപ്പുകൾ സ്ഥാപിക്കുന്നതിനുള്ള പരിപാടി തയ്യാറാക്കാവുന്നതാണ്.

## പരിസര ശുചിത്വ പ്രശ്നങ്ങൾ

1. വീടുകളിൽ നിന്നുള്ള അവശിഷ്ടങ്ങൾ, മാലിന്യങ്ങൾ, തുടങ്ങിയവ വളപ്പിൽ വലിച്ചെറിയപ്പെടുന്നു.
2. ചിലയിടങ്ങളിൽ പൊതു നിരത്തിലേക്കും, കാനകളിലേക്കും ഒഴുക്കുന്നു.
3. കൊതുക്, ഈച്ച തുടങ്ങിയ രോഗാണു വാഹികൾ പെരുകുന്നു.
4. കുടിവെള്ളം മലിനീകരിക്കപ്പെടുന്നു.
5. തുറന്ന അടുപ്പുകൾ, പുകശല്യം.
6. പറമ്പിലും, നിരത്തിലും മലവിസർജ്ജനം ചെയ്യപ്പെടുന്നു.
7. പരസ്യമായ ഇറച്ചിവെട്ട് നടത്തുന്നു.
8. തെരുവ് നായ്ക്കൾ പെരുകി വരുന്നു.
9. പൊതു കക്കൂസുകൾ, കംഫർട്ട് സ്റ്റേഷനുകൾ എന്നിവ ഇല്ല.
10. തെരുവുകളിൽ കുപ്പത്തൊട്ടികൾ വേണ്ടത്രയില്ല.
11. തുറന്ന കക്കൂസുകൾ ധാരാളമുണ്ട്.
12. നിരത്തുകൾ ശുചീകരിക്കുന്നതിനും, വെള്ളം കെട്ടിയ പ്രദേശങ്ങളിൽ മരുന്ന് തളിക്കുന്നതിനും സംവിധാനം ഇല്ല.
13. ശുചിത്വത്തെ കുറിച്ചും, പരിസര ജന്യരോഗങ്ങളെ കുറിച്ചുമുള്ള അജ്ഞത.
14. കിണറുകൾക്ക് ചുറ്റും മതിലുകൾ ഇല്ലാത്തവ ധാരാളമുണ്ട്.

## പരിസര ശുചിത്വ നിർദ്ദേശങ്ങൾ/ആവശ്യങ്ങൾ

1. എല്ലാവർക്കും കക്കൂസ് സൗകര്യം ഉണ്ടാക്കുക.
2. വീടുകളിൽനിന്നും, മറ്റുമുള്ള അവശിഷ്ടങ്ങൾ, മാലിന്യങ്ങൾ ശേഖരിക്കുന്നതിനും, സംസ്ക്കരിക്കുന്നതിനും പ്രാദേശികമായോ, പഞ്ചായത്ത് തലത്തിലോ, അല്ലെങ്കിൽ വീടുകളിൽ തന്നെയോ പദ്ധതി ഉണ്ടാക്കണം.
3. കൊതുക്, ഈച്ച എന്നീ രോഗാണു വാഹികളെ നശിപ്പിക്കുന്നതിനുള്ള സമഗ്രമായ പരിപാടി വേണം.
4. കിണറുകൾ കെട്ടുന്നതിനും ചുറ്റും മതിൽ കെട്ടുന്നതിനും പദ്ധതിവേണം, സാമ്പത്തിക സഹായം വേണം.
5. പുകയേൽക്കാത്ത ദക്ഷത കൂടിയ അടുപ്പുകൾ കഴിയുന്നത്ര പ്രചരിപ്പിച്ച് കരിപുരണ്ട അടുക്കളകൾ ഇല്ലാതാക്കുക.
6. പരസ്യമായ ഇറച്ചിവെട്ട് നിരോധിക്കുക, ശാസ്ത്രീയമായ കശാപ്പ്ശാല ഉണ്ടാക്കുക.
7. തെരുവ് നായ്ക്കളെ നശിപ്പിക്കുന്നതിനുള്ള പരിപാടി ഉണ്ടാകണം.
8. പ്രധാന സെന്ററുകളിൽ പൊതു

കക്കൂസും, കംഫർട്ട് സ്റ്റേഷനുകളും സ്ഥാപിക്കുക.

9. തെരുവുകളിൽ കുപ്പത്തൊട്ടികൾ സ്ഥാപിക്കകുകയും, കൃത്യമായി അവ നീക്കം ചെയ്ത് സംസ്ക്കരിക്കുന്നതിന് പദ്ധതി ഉണ്ടാക്കുക.

10. നിരത്തുകൾ ശുചീകരിക്കുന്നതിനും, കാനകളിലും വെള്ളം കെട്ടിനിൽക്കുന്ന പ്രദേശങ്ങളിലും മരുന്ന് തളിക്കാനുള്ളസംവിധാനം ഉണ്ടാക്കുക.

11. ശുചിത്വത്തേയും പരിസരജന്യ രോഗങ്ങളേയും കുറിച്ച് ബോധവൽക്കരണം നടത്തുക.

12. പരിസര ശുചീകരണത്തിന് വനിതകളുടെ നേതൃത്വത്തിൽ വാർഡ് തോറും സമിതികൾ ഉണ്ടാക്കുക.

13. എല്ലാ വീട്ടിലും കമ്പോസ്റ്റ് കുഴി ഉണ്ടാക്കുന്നതിന് പാത്തി തയ്യാറാക്കുക, ആവശ്യമായവർക്ക് ധന സഹായം നൽകുക.

14. കിണറുകൾ, ക്ലോറിനേറ്റ് ചെയ്യുന്നതിന് വനിതകൾക്ക് പരിശീലനം നൽകുകയും ക്ലോറിൻ ലഭ്യമാക്കുകയും ചെയ്യുക, വെള്ളം പരിശോധിക്കുന്നതിന് സംവിധാനം ഉണ്ടാക്കുക.

15. പുത്തൂർ പുഴയിലെ പമ്പിംഗ് സ്റ്റേഷന് സമീപത്തുള്ള കടവ് അടയ്ക്കുകയും, തെക്ക് ഭാഗത്തുള്ള കടവ് കെട്ടി സംരക്ഷിക്കുകയും ചെയ്യുക.

16. പുത്തൂർ പമ്പിംഗ് സ്റ്റേഷൻ മതിൽ കെട്ടി സംരക്ഷിക്കുക.

17. കെട്ടികിടക്കുന്ന വെള്ളമുള്ള കാനകളിൽ സ്ലാബ് പൊളിച്ച് വൃത്തിയാക്കുക.

18. കോളനികൾ, ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ പൊതു കക്കൂസ് സ്ഥാപിക്കുക.

19. മരത്താക്കര മിച്ചഭൂമിയിൽ പൊതു കക്കൂസ് വേണം.

20. പൊതു ശ്മശാനങ്ങൾ മേഖല തിരിച്ച് ഉണ്ടാക്കുക.



# ഗതാഗതം

പുരോഗതി പ്രാപിച്ചു കൊണ്ടിരിക്കുന്ന ഒരു. ജന സമൂഹത്തിന്റെ അഭ്യുന്നതിയ്ക്ക് കാരണവും അതിന്റെ അനന്തരഫലവുമാണല്ലോ ഗതാഗത വികസനം. പുത്തൂർ പഞ്ചായത്തിലെ മുഖ്യ ഗതാഗത മാർഗ്ഗമാണ് റോഡുകൾ. എൻ. എച്ച്. 47 ന്റെ മണ്ണുത്തി–തലോർ ബൈപ്പാസ് പഞ്ചായത്തിലെ പടിഞ്ഞാറെ ഭാഗത്തു കൂടി കടന്നു പോകുന്നു. പഞ്ചായത്തിലെ 32 കി. മീ. നീളം വരുന്ന P. W. D. റോഡുകളിൽ പ്രധാനപ്പെട്ടവ തൃശൂർ–പുത്തൂർ–മാന്ദാമംഗലം–മരോട്ടിച്ചാൽ റോഡ്, ഒല്ലൂർ–മരത്താക്കര–തൃശൂർ റോഡ് എന്നിവയാണ്. കൂടാതെ 200 കി. മീറ്ററിലധികം വരുന്ന പഞ്ചായത്ത് റോഡുകളും പഞ്ചായത്ത് ഏറ്റെടുത്തിട്ടില്ലാത്ത കുറെ റോഡുകളും നിലവിലുണ്ട്.

| നമ്പർ | റോഡ് | ടാർ ചെയ്തത് കി. മീ | ടാർ ചെയ്യാത്തത് കി. മീ | മെറ്റൽ ചെയ്തത് കി. മീ | ആകെ കി. മീ |
|---|---|---|---|---|---|
| 1 | നാഷണൽ ഹൈവെ | 3.00 | – | – | 3.00 |
| 2 | പി. ഡബ്ല്യു. ഡി. റോഡ് | 20.00 | 12.00 | – | 32.00 |
| 3 | പഞ്ചായത്ത് റോഡ് | 23.96 | 172.60 | 5.80 | 202.36 |
| | ആകെ | 46.96 | 184.60 | 5.80 | 237.36 |

പുത്തൂർ പഞ്ചായത്ത് തൃശൂർ പട്ടണത്തോട് അടുത്തു കിടക്കുന്നതാണെങ്കിലും പഞ്ചായത്തിലെ ഗതാഗത സൗകര്യങ്ങൾ പരിശോധിച്ചാൽ ഗുണനിലവാരം വളരെ മോശമായതാണെന്നു കാണാം. പി. ഡബ്ല്യു. ഡി. റോഡുകൾ, കാനകളും, ഓടകളും ഇല്ലാതെ വെള്ളം കെട്ടി നിന്ന് തകർന്ന സ്ഥിതിയിലാണ്. പഞ്ചായത്ത് റോഡുകളുടെ അവസ്ഥ ഇതിനേക്കാൾ മോശമാണെന്ന് പറയാം. പ്രത്യേകിച്ച് മഴക്കാലമായാൽ മിക്ക റോഡുകളും വാഹന ഗതാഗതത്തിനു തീരെ യോഗ്യമല്ലാതായിത്തീരുന്നു. കൂടാതെ പി. ഡബ്ല്യു. ഡി. റോഡിനു വേണ്ടത്ര വീതി ഇല്ലാത്തതിനാൽ പ്രധാന കവലകളിലും മറ്റും ഗതാഗതക്കുരുക്ക് ഉണ്ടാകുന്നതിന് കാരണമാകുന്നു.

ഭൂരി ഭാഗവും മലയോര മേഖലയായിട്ടുള്ള പുത്തൂർ പഞ്ചായത്തിൽ ഫലപ്രദമായ ഗതാഗത സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നത് വളരെ ശ്രമകരമായ കാര്യമാണ്. എങ്കിലും ഈ രംഗത്ത് കുറെയേറെ പുരോഗതി ഉണ്ടായിട്ടുണ്ട് എന്നത് വാസ്തവമാണ്. പൊതു ജനങ്ങളുടെ സജീവമായ പങ്കാളിത്തത്തിലും ശ്രമദാനത്തിലുമാണ് പല റോഡുകളും ഉണ്ടാക്കിയിട്ടുള്ളത് എന്നതു ശ്രദ്ധേയമാണ്.

യാത്രയ്ക്കും ചരക്കുകൾ കൊണ്ടുപോകുന്നതിനും കാളവണ്ടികൾ ഉപയോഗിച്ചിരുന്നത് ഇപ്പോൾ അപ്രത്യക്ഷമാകുവാൻ തുടങ്ങിയിരിക്കുന്നു. ബസ്സ്, കാർ, ജീപ്പ്, ഓട്ടോറിക്ഷ, ലോറി, മിനി ലോറികൾ, ട്രാക്ടർ, ടെമ്പോ, മോട്ടോർ സൈക്കിൾ, സൈക്കിൾ തുടങ്ങിയ വാഹനങ്ങൾ വിവിധ ആവശ്യങ്ങൾക്കായി ജനങ്ങൾ ഉപയോഗിച്ചു വരുന്നു. വാഹനങ്ങളുടെ എണ്ണത്തിലും ഉപയോഗത്തിലുമുള്ള വർദ്ധനവ്, റോഡുകളുടെ പരിമിതികൾ, അശ്രദ്ധമായ ഡ്രൈവിംഗ് എന്നിവ മൂലം അപകടങ്ങൾ പെരുകുന്നതിന് കാരണമാകുന്നു.

പഞ്ചായത്തിൽ പുത്തൂർ, മരത്താക്കര, വെട്ടുകാട്, മാന്ദാമംഗലം, മരോട്ടിച്ചാൽ, ഇളംതുരുത്തി എന്നീ സ്ഥലങ്ങളിൽ ടാക്സി സൗകര്യം ലഭ്യമാണ്. പ്രത്യേകമായ ടാക്സി സ്റ്റാന്റ് സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ഇവിടങ്ങളിലെല്ലാം വഴിയോരത്താണ് ടാക്സികൾ പാർക്കു ചെയ്യുന്നത്. അതിനാൽ പുത്തൂർ സെന്ററിലും മറ്റും നിരന്തരം ഗതാഗത തടസ്സം നേരിടുന്നതിനു കാരണമാകുന്നു.

## പാലം/കൾവർട്ട് സ്ഥാപിച്ച് ഗതാഗത സൗകര്യമേർപ്പെടുത്തേണ്ടവ

| നമ്പർ | റോഡ് | കൾവർട്ട് | പാലം |
|---|---|---|---|
| 1. | പുത്തൂർ കാഞ്ഞാണിത്തോപ്പ് – മരത്താക്കര പുഴമ്പള്ളം | | 1 |
| 2. | പാറച്ചിറ | | 1 |
| 3. | ചെമ്പംകണ്ടം കരിമ്പിൻ റോഡ് | | 1 |
| 4. | ചെറുകുന്ന്-മൈനർപള്ളി-പൊന്നൂക്കര റോഡ് | | 1 |
| 5. | ആശാദീപം റോഡ് | 5 | |
| 6. | നാലുകെട്ട്-പുന്നച്ചോട് റോഡ് | 1 | |
| 7. | കട്ടിംഗ്-മരോട്ടിച്ചാൽ റോഡ് | 3 | |
| 8. | മരോട്ടിച്ചാൽ-ഗിരിജൻ കോളനി റോഡ് | 3 | |
| 9. | കട്ടിംഗ്-ഗിരിജൻ കോളനി റോഡ് | 3 | |
| 10. | പാണ്ടാരിച്ചിറ-പുഴമ്പള്ളം ഗിരിജൻ കോളനി റോഡ് | 3 | |
| 11. | മരോട്ടിച്ചാൽ-നേതാജി-കാഞ്ഞിരമറ്റം റോഡ് | 3 | |
| 12. | സെന്റ്. സെബാസ്റ്റ്യൻസ് ചർച്ച്-കല്ലംനിരപ്പ് റോഡ് | 5 | |
| 13. | പുളിംചോട്-ചുള്ളിച്ചിറ-നേതാജി റോഡ് | 3 | |
| 14. | പാണ്ടാരിമുക്ക്-മരോട്ടിച്ചാൽ | 1 | |
| 15. | മാന്ദാമംഗലം-പുള്ളിത്താഴം-ചെന്നായ്പ്പാറ | 2 | |
| 16. | മാന്ദാമംഗലം-കൊളാംകുണ്ട് റോഡ് | 4 | |
| 17. | വെള്ളക്കാരിത്തടം-ചൂരക്കാട്ട്-ചെന്നായ്പ്പാറ | 4 | |
| 18. | മാന്ദാമംഗലം സിബോകാറി റോഡ് | 2 | |
| 19. | വെള്ളക്കാരിത്തടം-ആനക്കുഴി റോഡ് | 3 | |
| 20. | വെള്ളക്കാരിത്തടം-വരമ്പുപാറ | 4 | |
| 21. | വെള്ളക്കാരിത്തടം-പഴമ്പള്ളച്ചാൽ ഈസ്റ്റ് ഹരിജൻ കോളനി റോഡ് | 2 | |
| 22. | ചെന്നായ്പ്പാറ ചെക്കുഡാം-പഴവെള്ളച്ചാൽ | 2 | |
| 23. | ഏഴാംകല്ല്-കരിമ്പിൻചിറ റോഡ് | 1 | |
| 24. | പാറമട-മുരുക്കുംപാറ റോഡ് | 1 | |
| 25. | ദർഭ റോഡ് | 1 | |
| 26. | കൊളാംകുണ്ട്-[illegible] റോഡ് | 1 | |
| 27. | കുരിശുമൂല-പി. ഡബ്ല്യു. ഡി. റോഡ് | 1 | |
| 28. | വെട്ടുകാട് [illegible]ട്ടിമൂല റോഡ് | | 4 |

| നമ്പർ | റോഡ് | കൾവർട്ട് | പാലം |
|---|---|---|---|
| 29. | ചെറുകുന്ന് പി. ഡബ്ല്യു. ഡി. റോഡിൽ | 1 | |
| 30. | പൊന്നൂക്കര-വാഞ്ചിറ റോഡ് | 1 | |
| 31. | നമ്പ്യാർ റോഡ് | 1 | |
| 32. | കാഞ്ഞാണിത്തോപ്പ് റോഡ് | 2 | |
| 33. | പൗണ്ട് റോഡ് | 2 | |
| 34. | പുത്തൂർ പറയം തോട് | 1 | |
| 35. | ഏളപ്പംകോട്ട റോഡ് | 2 | 1 |
| 36. | പുത്തൻകാട് കനാൽ റോഡ് | 1 | |

| പുതുതായി നിർമ്മിക്കേണ്ടതും പഞ്ചായത്ത് ഏറ്റെടുക്കേണ്ടതുമായ റോഡുകൾ | |
|---|---|
| 1. | പൊന്നൂക്കര സെന്ററിൽ നിന്ന് പള്ളി ശ്മശാനത്തിനരികിലൂടെ സി. സി. ഡി. പി. ടാങ്കി നടുത്തേക്കുള്ള റോഡ്. |
| 2. | പള്ളിക്കോളനി-സെന്റ് പീറ്റേഴ്സ് റോഡ് |
| 3. | നിർദ്ദിഷ്ട മലയോര കർഷക റോഡ്-മരോട്ടിച്ചാൽ-പള്ളിത്താഴം - ചെന്നായ്പ്പാറ വഴി പാലക്കാട്ടേക്ക് |
| 4. | ഉരുളൻകുന്ന്-പയ്യനം റോഡ് |
| 5. | കത്തോലിക്കപള്ളി-മുരുക്കുംപാറ പാറമടറോഡ്-മാന്ദാമംഗലത്തേക്ക് |
| 6. | പുത്തൂർ കല്ലുംകുന്ന് റോഡ്, കൈനൂർ-കോക്കത്ത് റോഡിലേക്ക് |
| 7. | പുറാട്ടുകര വഴി ഏഴാലിച്ചിറയിലൂടെ കോക്കത്ത് റോഡിലേക്ക് |
| 8. | പുത്തൂർ സ്കൂളിനു പുറകുവശത്തുള്ള കല്ലുംകുന്ന് റോഡ്, ലക്ഷം വീട് - പുറാട്ടുകര വഴിയിലേക്ക് |
| 9. | കല്ലുംകുന്ന് റോഡിൽ നിന്ന് സംസ്കാര കോളേജ് വഴി ഏറ്റെടുത്ത് സംരക്ഷിക്കണം. |
| 10. | ദുർഗ്ഗ-ടെലിഫോൺ എക്സ്ചേഞ്ച് വഴി സെന്റ് പീയൂസ് വഴി |
| 11. | പടവരാട്-കനാൽ റോഡ്-പട്ടാണിത്തോപ്പ് റോഡ്. |
| 12. | മരോട്ടിച്ചാൽ ഇലഞ്ഞിപ്പാറ റോഡ്. |
| 13. | മരോട്ടിച്ചാൽ സ്കൂൾമൂല-പുത്തൻ തോട്-പാടശേഖരറോഡ് |
| 14. | തോണിപ്പാറ-പാറോത്ത് കണക്ഷൻ റോഡ് |
| 15. | മണ്ണാവ്-പുഴമ്പള്ളം റോഡ് |
| 16. | മരത്താക്കര പുഴമ്പള്ളം ആട്ടുപാലം റോഡ് |
| 17. | പുഴമ്പള്ളം റിവർ റോഡ് |
| 18. | തോണിപ്പാറ-കുളക്കുണ്ട് റോഡ്. |
| 19. | മരത്താക്കര മണലാറ്റിൻ പ്രദേശത്തേക്ക് റോഡ് |
| 20. | ഇളംതുരുത്തി-കുട്ടാടൻ പാടം റോഡ് |

## ടാർ ചെയ്യേണ്ടതും അറ്റകുറ്റപ്പണികൾ നടത്തേണ്ടതുമായ റോഡുകൾ

1. നമ്പ്യാർ റോഡ്
2. പൗണ്ട് റോഡ്
3. പൊന്നത്ത്പാറ റോഡ്
4. രശ്മി ക്ലബ്ബിന് മുന്നിലൂടെയുള്ള റോഡ്
5. പഞ്ചായത്ത് ഓഫീസിനു മുൻവശത്തെ റോഡ്.
6. മേത്തുള്ള അമ്പലം റോഡ്
7. പൊന്നൂക്കര പടിഞ്ഞാട്ടുമുറി വൈദ്യർ റോഡ്
8. കൂനൻമൂല-പടിഞ്ഞാട്ടുമുറി വാര്യത്തൊടി റോഡ്
9. വാഞ്ചിറ മേത്തുള്ളി റോഡ്
10. പൊന്നൂക്കര- ചെമ്പംകണ്ടം പി.ഡബ്ല്യു.ഡി. റോഡ്
11. വെട്ടുകാട്-ചെമ്മരട്ട-ചെമ്പംകണ്ടം ലിങ്ക് റോഡ്.
12. വെട്ടുകാട് ആശാദീപം-ചെമ്പംകണ്ടം ലിങ്ക് റോഡ്
13. പുളിംചോട്-ചെമ്പംകണ്ടം റോഡ്
14. പുത്തൻകാട്-ചെമ്പംകണ്ടം റോഡ്
15. ചെമ്പംകണ്ടം-കൈനിക്കുന്ന്-പാണ്ടാരിമുക്ക്-മരോട്ടിച്ചാൽ റോഡ്
16. ചെമ്പംകണ്ടം-കൈനിക്കുന്ന്- വെള്ളാനിക്കോട് റോഡ്
17. ചെമ്പംകണ്ടം-കിഴക്കേ കോളനി റോഡ്
18. ചെമ്പാകണ്ടം-ഭരത റോഡ്.
19. ഹെൽത്ത് സെന്റർ-മറം-ചെറുകുന്ന് റോഡ്
20. ചെറുകുന്ന് കേശവപ്പടി റോഡ്
21. ചോച്ചേരിക്കുന്ന് കിഴക്കേ നട-കോളനി റോഡ്
22. വെട്ടുകാട് ചിറ-ചെറുകുന്ന് റോഡ്
23. വെട്ടുകാട്-പൊട്ടിക്കുന്ന് റോഡ്
24. കൈരളി റോഡ്
25. കോതമുക്ക് റോഡ്
26. പുത്തൻകാട് ആൽറോഡ്
27. പുത്തൻ കാട് ഹിൽറോഡ്
28. സ്നേഹാശ്രമം റോഡ്
29. കുഴൽകിണർ റോഡ്
30. ആശുപത്രി റോഡ്
31. അമ്പിളിക്കുന്ന്-ഏഴാംകല്ല് റോഡ്
32. നാലുകെട്ട്-ആശാരിക്കാട് റോഡ്
33. ആട്ടുപാലം-വില്ലൻകുന്ന്-സ്നേഹാശ്രമം റോഡ്
34. ചെമ്പംകണ്ടം-മിച്ചഭൂമി- നാലുസെന്റ് കോളനി റോഡ് യൂണിയൻ കാട് റോഡ്
35. മരോട്ടിച്ചാൽ-കട്ടിംഗ് റോഡ്
36. മരോട്ടിച്ചാൽ-പുത്തൻചിറ-സ്കൂൾ റോഡ്.
37. കട്ടിംഗ്-ഗിരിജൻ കോളനി റോഡ്
38. മരോട്ടിച്ചാൽ-കല്ലംനിരപ്പ്-വല്ലൂർ കുന്ന് റോഡ്
39. പുളിംചോട്-തച്ചംകുളം റോഡ്
40. മരോട്ടിച്ചാൽ-കള്ളായിക്കുന്ന്-വല്ലൂർ റോഡ്.
41. വല്ലൂർ-കള്ളായി-കാഞ്ഞിര മറ്റം റോഡ്
42. വല്ലൂർ ഗിരിജൻ കോളനി കണക്ഷൻ റോഡ്
43. ചീരക്കുണ്ട് ഓലക്കയംറോഡ്
44. സുറിയാനി പള്ളി ചീനിവളവ് റോഡ്
45. സിബൊക്കുന്ന് റോഡ്
46. പാണ്ടാരിച്ചിറ-പഴവെള്ളം ഗിരിജൻ കോളനി റോഡ്

47. പുളിഞ്ചോട്-പഴവെള്ളം റോഡ്
48. മാന്ദാമംഗലം കട്ടിംഗ്-കോളനി റോഡ്
49. ചെന്നായ്പ്പാറ വെള്ളക്കാരിത്തടം-ആനക്കുഴി റോഡ്
50. മാന്ദാമംഗലം-പഴവെള്ളച്ചാൽ-വെള്ളക്കാരിത്തടം റോഡ്.
51. വെള്ളക്കാരിത്തടം-വരമ്പു പാറ റോഡ്
52. നായാടിച്ചിറ ബണ്ട് റോഡ്
53. വെള്ളക്കാരിത്തടം-ചൂരക്കാട് സൗത്ത്-ചെന്നായപാറ ചെക്ക് ഡാം
54. മാന്ദാമംഗലം പള്ളിത്താഴം ചെന്നായപാറ റോഡ്.
55. കൊളാംകുണ്ട്-പയ്യനം ഗിരിജൻ കോളനി റോഡ്
56. മാന്ദാമംഗലം-ദർഭ-ആശാരിക്കോട് റോഡ്
57. ദിവ്യഹൃദയാശ്രമം-ഉരുളൻകുന്ന്-കൊളാംകുണ്ട് റോഡ്
58. കൊളംകുണ്ട്-കനാൽബണ്ട്-ആശാരിക്കാട് റോഡ്
59. തേവർക്കുന്ന്-ദർഭചിറ റോഡ്
60. നടച്ചിറ-ദർഭ നടുമുറി-കനാൽ ബണ്ട് റോഡ്
61. കട്ടിങ്ങ് -മുരുക്കുംപാറ പാറമട കനാൽ ബണ്ട് റോഡ്
62. എട്ടാംകല്ല് വളവ് കരിമ്പനച്ചിറ ബ്രാഞ്ച് കനാൽ റോഡ്
63. മുരിക്കുംപാറ സെന്റർ-ഇളംപാറ-പാറമട റോഡ്
64. തോപ്പിൽ കുന്ന്-എട്ടാംകല്ല് റോഡ്
65. വെള്ളച്ചാൽ-ദർഭ കനാൽ ബണ്ട് റോഡ്
66. തമ്പുരാട്ടിമൂല-തോണിപ്പാറ-വലക്കാവ് റോഡ്
67. ആനക്കുഴി-തേക്കിൻകാട്-വലക്കാവ് റോഡ്
68. കൊണ്ടംപാറ മിച്ചഭൂമി റോഡ്
69. ചന്ദനക്കുന്ന് വഴി
70. കടമാൻകുഴി-തമ്പുരാട്ടിമൂല അമ്പലം റോഡ്
71. ചെറുകുന്ന് സൂര്യഗ്രാമം റോഡ്
72. ചെറിയംപറമ്പ്-ഗാന്ധിനഗർ റോഡ്-തേക്കിൻകാട് റോഡ്
73. കോക്കാത്ത്-കുരുടൻചിറ-വലക്കാവ് റോഡ്
74. പുത്തൂർ-അംബേദ്കർ കോളനി റോഡ്
75. തേക്കിൻകാട്-കോക്കാത്ത്-കൈനൂർ റോഡ്.
76. കൈനൂർ പുഴമ്പള്ളം റോഡ്
77. കല്ലുംകുന്ന് റോഡ്.
78. പെരുവാംകുളങ്ങര റോഡ്
79. ഉദയഗ്രാം റോഡ്
80. പുത്തൂർ-പുഴമ്പള്ളം റോഡ്.
81. കാലടി-കുറുക്കൻകുന്ന് റോഡ്
82. കല്ലൂക്കാരൻ റോഡ്
83. ഇളംതുരുത്തി-പാറമുകൾ-പുഴമ്പള്ളം റോഡ്
84. മാരാത്ത് റോഡ്
85. കുന്നംകാട്ടുകര റോഡ്
86. പട്ടാണിത്തോപ്പ് റോഡ്
87. സ്വാതി നഗർ റോഡ്
88. മരത്താക്കര വില്ലേജ് ഓഫീസ് റോഡ്
89. ക്രിസ്തുരാജ നഗർ റോഡ്
90. പടവരാട് ശിവക്ഷേത്ര റോഡ്.
91. മൂലപ്പായി റോഡ്
92. കണ്ടെങ്കാവിൽ റോഡ്
93. അഞ്ചങ്ങാടി റോഡ്
94. കരിയാട്ടി റോഡ്
95. മരത്താക്കര മിച്ചഭൂമി റോഡ്
96. ഹരിജൻ കോളനി റോഡ്
97. പുഴമ്പള്ളം-തൃക്കൂർ റോഡ്
98. ലക്ഷംവീട് കോളനി റോഡ്

| | | | |
|---|---|---|---|
| 99. | നെല്ലിച്ചോട് റോഡ് | 100. | തെങ്ങുംതറ-ഇളംതുരുത്തി റോഡ് |
| 101. | ചെറുകായൽ റോഡ് | 102. | മണ്ണാവ് റോഡ്. |
| 103. | ഫിഷറീസ് റോഡ് | 104. | നേതാജി റോഡ് |
| 105. | മണ്ണാവ്-തൃക്കൂർ റോഡ് | 106. | മരത്താക്കര പള്ളി-എൻ. എച്ച്. റോഡ് |
| 107. | ഇക്കണ്ടവാര്യർ റോഡ് | 108. | കനകശ്ശേരി അമ്പലം റോഡ് |
| 109. | മരത്താക്കര കുഞ്ഞനംപാറ-ബോയൻ കോളനി വഴി | 110. | കനകശ്ശേരി കോതോർ റോഡ് |
| | | 111. | ശങ്കരപണിക്കർ റോഡ് |

### പ്രശ്നങ്ങൾ

1. റോഡുകൾക്ക് വേണ്ടത്ര കാനകൾ, കൾവർട്ടുകൾ എന്നിവ ഇല്ല. ഇതുമൂലം റോഡുകൾ നാശമായി പോകുന്നു.
2. റോഡ് സൗകര്യങ്ങൾ പല ഭാഗങ്ങളിലും വേണ്ടത്ര ഇല്ല.
3. നിലവിലുള്ള പല റോഡുകളും ആവശ്യത്തിന് വീതി ഇല്ല.
4. റോഡു പുറംപോക്കുകൾ സ്വകാര്യ വ്യക്തികൾ കയ്യേറിയിരിക്കുന്നു.
5. പഞ്ചായത്തിന്റെ അധീനതയിൽ ടാക്സി സ്റ്റാന്റുകൾ ഇല്ല.
6. റോഡുകളുടെ അറ്റകുറ്റ പണികൾ വേണ്ട സമയത്ത് നടത്താറില്ല.
7. ഭൂരിഭാഗവും കുന്നിൻ പ്രദേശങ്ങളാകയാൽ മഴക്കാലത്ത് റോഡുകൾ മണ്ണ് ഒലിച്ചു പോയി കേടു വരുന്നു.
8. ടാർ ചെയ്ത റോഡുകൾ പലതും റീ-ടാർ ചെയ്യേണ്ട അവസ്ഥയിലാണ്.
9. റോഡുകളിൽ പലതരത്തിലുള്ള വേസ്റ്റുകളും ചപ്പു ചവറുകളും ഇടുന്ന പ്രവണത കണ്ടു വരുന്നു.
10. ബസ്സ് യാത്ര വളരെ ദുരിതപൂർണ്ണമാണ്.

### നിർദ്ദേശങ്ങൾ

1. റോഡുകൾ സംരക്ഷിക്കുന്നതിന്നു റോഡ് സംരക്ഷണ സമിതികൾ രൂപം കൊടുക്കണം.
2. എല്ലാ റോഡുകൾക്കും ആവശ്യമായ കാനകൾ, കൾവർട്ടുകൾ പണിയുക.
3. പ്രധാന റോഡുകൾ ടാർ ചെയ്യുന്നതിനുള്ള സമയബന്ധിത പരിപാടി ആവിഷ്കരിക്കുക.
4. പുത്തൂർപുഴ പാലം വീതി കൂട്ടി പുനർനിർമ്മിക്കുക.
5. ബഹുജന പങ്കാളിത്തത്തോടെ ഓടകളും, കാനകളും ഉണ്ടാക്കുന്നതിനുള്ള നേതൃത്വം കൊടുക്കുക.
6. പുത്തൂർ സെന്ററിലെ ഗതാഗത കുരുക്ക് പരിഹരിക്കുന്നതിന് പഞ്ചായത്ത് അധീനതയിൽ സൗകര്യപ്രദമായ സ്ഥലത്ത് ടാക്സി സ്റ്റാന്റ് തുടങ്ങുക.
7. പുത്തൂർ പുഴമുതൽ പയ്യപ്പിള്ളിമൂല വരെയുള്ള പി. ഡബ്ല്യു. ഡി. റോഡ് റീ-സർവ്വെ നടത്തി വീതി കൂട്ടുക
8. ബസ് യാത്രാ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് കെ. എസ്. ആർ. ടി. സി. യുടെ ദീർഘദൂര-ഹ്രസ്വദൂര ബസ്സ് സർവ്വീസ് പുത്തൂർ വഴി ഏർപ്പെടുത്തണം.
9. പീച്ചി-ചിമ്മിണി എം. എൽ. എ. റോഡിന്റെ നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുക.
10. പുത്തൂർ-നടത്തറ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കൈനൂർ മുണ്ടോളിക്കടവ് റോഡിന്റെ പണി ഉടനെ ആരംഭിക്കുക.
11. കരിങ്കല്ല്, മടകൾ, ഇഷ്ടിക കളങ്ങൾ, കളിമൺ മടകൾ എന്നിവ നടത്തുന്നവരും ഓട്ടുകമ്പനിവ്യവസായികൾ, ഹൗസിംഗ് കോളനി നിർമ്മാതാക്കൾ എന്നിവരുമായി ബന്ധപ്പെടുത്തി

ജനപങ്കാളിത്തത്തോടെ റോഡ് നിർമ്മാണം നടത്താവുധന്നതാണ്

12. പുത്തൂർ പൗണ്ട് റോഡ്, കരിമ്പിൻ ചിറയിൽ സ്ലൂയിസ്-കം-ബ്രിഡ്ജ് നിർമ്മിച്ച് മരത്താക്കരയുമായി ബന്ധിപ്പിക്കണം.

13. മരത്താക്കര സെന്ററിൽ നിന്ന് ഹൈവേയിലേക്കുള്ള ടൈൽ ഫാക്ടറി റോഡ് പുറംപോക്ക് സ്ഥലം ഒഴിപ്പിച്ചെടുത്ത് വീതി കൂട്ടണം.

14. നിലവിലുള്ള എല്ലാ പി. ഡബ്ല്യു. ഡി. റോഡുകളും കാലാകാലങ്ങളിൽ റിപ്പയർ ചെയ്ത് സംരക്ഷിക്കണം.

# മൃഗസംരക്ഷണം

ഹ്യസ്വകാലാടിസ്ഥാനത്തിൽ ചുരുങ്ങിയ മൂലധന മുടക്കിൽ കൂടുതൽ സമ്പത് വർദ്ധനവിന് ഉതകുന്ന മേഖലയാണ് മൃഗ സംരക്ഷണ മേഖല. ഭാരതത്തിന്റെ മൊത്തം അഭ്യന്തര ഉല്പാദനത്തിന്റെ പത്തു ശതമാനം സംഭാവന ചെയ്യുന്നത് മൃഗ സംരക്ഷണ മേഖലയാണ്. ഭാരതത്തിന്റെ മൊത്തം കാർഷിക വരുമാനത്തിന്റെ ഇരുപത്തഞ്ചു ശതമാനം മൃഗസംരക്ഷണ മേഖലയുടെ സംഭാവനയാണ്. എന്നാൽ മൊത്തം കാർഷിക മേഖലക്കു വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതത്തിന്റെ വെറും 6.98% മാത്രമെ മൃഗ സംരക്ഷണ മേഖലക്കു ലഭിക്കുന്നുള്ളു. കേരളത്തിന്റെ സ്ഥിതി പരിശോധിക്കുകയാണെങ്കിൽ, കേരളത്തിൽ ഉല്പാദിപ്പിക്കുന്ന മൊത്തം സ്വാഭാവിക റബ്ബറിന്റെ മൂല്യത്തേക്കാൾ അധികം രൂപയ്ക്കുള്ള പാൽ നമ്മുടെ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നുണ്ട്. പാലിന്റെ മൊത്തം മൂല്യം കേരളത്തിൽ ഉല്പാദിപ്പിക്കുന്ന അരിയുടെ മൂല്യത്തേക്കാളും അധികമാണ്. മൃഗ സംരക്ഷണ മേഖലക്ക് കൂടുതൽ പ്രോൽസാഹനം നൽകുകയാണെങ്കിൽ ജൈവവള ലഭ്യത കൂടുന്നതു നിമിത്തം കാർഷിക മേഖലയുടെ ഉല്പാദനവും കൂട്ടാൻ സാധിക്കും. കഴിഞ്ഞ വർഷത്തെ മൊത്തം പദ്ധതി വിഹിതം 2044 കോടി രൂപ. അതിൽ 1.09% (22.48 കോടിരൂപ) മാത്രമെ മൃഗ സംരക്ഷണ മേഖലക്ക് വകയിരുത്തിയിട്ടുള്ളൂ.

കഴിഞ്ഞ കാലയളവിൽ കുറ്റമറ്റ സാങ്കേതിക വിദ്യയുടെ സഹായത്തോടെ കന്നുകാലിയുടെ വംശ വർദ്ധനവും ജനിതക ഗുണമേന്മ വർദ്ധനവും ഉല്പാദനക്ഷമത വർദ്ധനവും സാധ്യമാക്കിയതുകൊണ്ട് പാലിന്റെ ഉല്പാദനത്തിലും ഉപഭോഗത്തിലും കൈവരിച്ച വളർച്ച അസൂയാവഹമാണ്. അതായത് 1960 കളുടെ മദ്ധ്യത്തിൽ മൊത്തം പാലുൽപ്പാദനം ഏതാണ്ട് രണ്ടു ലക്ഷം ടൺ ആയിരുന്നത് ഇപ്പോൾ 22.46 ലക്ഷം ടൺ ആയി വർദ്ധിച്ചു. ഇത് 21–ാം നൂറ്റാണ്ടിൽ 38 ലക്ഷം മെട്രിക് ടൺ ആക്കണമെന്നാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിന് ആനുപാതികമായി തൃശൂർ ജില്ലയിലെ പാൽ ഉല്പാദനം 3 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇതിനനുസൃതമായി പുത്തൂർ പഞ്ചായത്തിലെ പാൽ ഉല്പാദനം കൂട്ടേണ്ടതാണ്.

കോഴിയിറച്ചിയുടേയും കോഴിമുട്ടയുടേയും അഭ്യന്തര ഉപഭോഗം വർദ്ധിച്ചിട്ടുണ്ട്. അതിന് ആവശ്യമായിട്ടുള്ള അഭ്യന്തര ഉല്പാദനം ഇനിയും സാധ്യമായിട്ടില്ല. കേരളത്തിൽ മാംസ്യത്തിന്റെ ആവശ്യം അനുദിനം വർദ്ധിച്ചു വരികയാണ്. മാംസോൽപ്പാദനം, സംസ്കരണം, വിപണനം, എന്നീ രംഗങ്ങൾ അസംഘടിത മേഖലകളിലാണ്. കേരളത്തിന്റെ മാംസോൽപ്പാദനത്തിനുള്ള മൃഗങ്ങളിൽ 85/90% വരെ അന്യ സംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. ക്രയവിക്രയം ചെയ്യപ്പെടുന്ന സമ്പത്തിന്റെ ഏറിയകൂറും ഇതുമൂലം സംസ്ഥാനത്തിന്റെ പുറത്തേയ്ക്ക് ഒഴുകുന്നു. അതുകൊണ്ട് സ്വയം പര്യാപ്തതയ്ക്ക് ഉതകുന്ന പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യുന്ന പക്ഷം ഈ സമ്പത്ത് ഗ്രാമീണ ഉല്പാദകന്റെ കൈകളിൽ എത്തിച്ചേരും.

മലയോര കാർഷിക ഗ്രാമമായ പുത്തൂർ പഞ്ചായത്തിൽ പണ്ടുകാലം മുതൽ തന്നെ കൃഷിയുടെ അവിഭാജ്യ ഘടകമായിരുന്നു കാലിവളർത്തൽ. കൃഷിക്കാവശ്യമായ ജൈവവളങ്ങളുടെ മുഖ്യ സ്ത്രോതസ്സും കന്നുകാലികളായിരുന്നു. അതിനാൽ തന്നെ എല്ലാ കർഷകരുടെ കുടുംബങ്ങളിലും കാലിവളർത്തൽ മുഖ്യ ഉപതൊഴിലുമായിരുന്നു. പുത്തൂർ പഞ്ചായത്തിന്റെ മരത്താക്കര വില്ലേജ് ഒഴികെയുള്ള പ്രദേശങ്ങൾ മലയോര പ്രദേശങ്ങളായതിനാൽ ധാരാളം സ്ഥലങ്ങൾ കാലികൾക്ക് മേയുന്നതിന് ഉണ്ടായിരുന്നു. പശു, എരുമ, ആട്, ഉഴവുമാടുകൾ, കോഴികൾ. താറാവുകൾ, പന്നികൾ എന്നിവയായിരുന്നു മിക്ക ആളുകളും വളർത്തിയിരുന്നത്. അക്കാലത്ത് പാൽ ഉല്പാദനത്തിനും നിലം ഒരുക്കുന്നതിനുമായി എല്ലാ കർഷക

വീടുകളിലും അഞ്ചു മുതൽ കൂടുതൽ കാലി കളെ വളർത്തിയിരുന്നു. കർഷകരുടെ വീടു കളിലും കർഷക തൊഴിലാളികളുടെ വീടുക ളിലും കാലി വളർത്തൽ ഉണ്ടായിരുന്നു. കർഷകരുടെ വീടുകളിൽ നിന്നും വളർത്തു ന്നതിനോ, വിലകെട്ടി വാങ്ങിയിട്ടോ ഇക്കൂട്ടർ കാലികളെ വളർത്തിയിരുന്നു. അക്കാലത്ത് ഒരർത്ഥത്തിൽ പഞ്ചായത്തിലെ എല്ലാ വീടു കളിലും കാലി വളർത്തൽ ഉണ്ടായിരുന്നു. നെൽകൃഷി ലാഭകരമല്ലാത്ത അവസ്ഥ വന്ന പ്പോൾ കർഷകർ കൃഷി നിലങ്ങളിൽ തെങ്ങ്, കവുങ്ങ്, റബ്ബർ, കുരുമുളക് എന്നീ നാണ്യവിള കൾപ്പിടിപ്പിക്കുകയും കൂടാതെ മലയോര മേഖലകളിൽ കുടിയേറ്റ കർഷകരുടെ ആവിർ ഭാവം മൂലം കാലി മേക്കുന്നതിനുള്ള സ്ഥലം ഒരു പ്രശ്നമായി മാറുകയും ചെയ്തു. അങ്ങിനെ കൂട്ടത്തോടെയുള്ള കാലിവളർ ത്തലിന് അന്ത്യമായി. ട്രാക്ടറിന്റെ വര വോടെ ഉഴവുമാടുകളും 10% ആയി കുറഞ്ഞു. എങ്കിലും പഞ്ചായത്തിൽ ധാരാളം പേർ കാലിവളർത്തൽ ഉപജീവന മാർഗ്ഗമായി സ്വീകരിച്ചു വരുന്നു. ജലസേചന സൗകര്യ ങ്ങൾ ഉണ്ടാകുന്ന പക്ഷം കൃഷിക്കാർ നല്ലയി നം കറവുമാടുകളെ പ്രത്യേകിച്ചും വളർ ത്താൻ സന്നദ്ധരാണ്.

1995 – 96 ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ മൃഗങ്ങളുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| പശു | – | 4023 |
| എരുമ | – | 294 |
| കിടാരികൾ | – | 1980 |
| പോത്ത് | – | 183 |
| കാള | – | 256 |
| ആട് | – | 1933 |
| പട്ടി | – | 369 |
| കോഴി | – | 14838 |
| താറാവ് | – | 725 |

മൃഗ സംരക്ഷണ മേഖല – പ്രശ്നങ്ങളും സാധ്യതകളും.

1. ജല ദൗർലഭ്യം കൊണ്ട് ഉള്ള സ്ഥലത്തു തന്നെ തീറ്റപ്പുൽകൃഷിചെയ്യുവാനുള്ള ബുദ്ധിമുട്ട്.
2. ഉല്പന്നങ്ങൾക്ക് ഉല്പാദനച്ചെലവിന നുസരിച്ചുള്ള വില ലഭ്യമല്ലായ്മ.
3. ഓരോ ജനുസിന്റേയും ഉല്പാദനക്ഷമത മനസ്സിലാക്കി വളർത്തുന്നതിൽ വരുന്ന അപാകത.
4. കാലിത്തീറ്റയുടെ അമിതമായ വില വർദ്ധന.
5. ഭൂമിയുടെ തുണ്ടുവൽക്കരണംകൊണ്ട് മേച്ചിൽ സ്ഥലങ്ങളുടെ കുറവ്.
6. നല്ലയിനം ജനുസുകളെ മിതമായ നിര ക്കിൽ ആവശ്യത്തിന് ലഭിക്കാത്ത അവസ്ഥ.
7. ക്ഷീരോല്പന്നങ്ങളുടെ ശാസ്ത്രീയമായ സംസ്കരണത്തിലേയും വിപണനത്തി ലേയും പോരായ്മ.
8. മൃഗ സംരക്ഷണത്തിൽ സാങ്കേതികമാ യിട്ടുള്ള സേവനത്തിൽ വരുന്ന പരിമി തികൾ.
9. വായ്പ ലഭ്യമാക്കുന്നതിൽ ധനകാര്യ സ്ഥാപനങ്ങളുടെ വിമുഖത.
10. വിവിധ ഏജൻസികളുടെ മൃഗ സംരക്ഷ ണ പദ്ധതികൾ ആസൂത്രിതമല്ലാതെ കൈകാര്യം ചെയ്യുന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ.
11. കർഷകരുടെ പരിജ്ഞാനക്കുറവ്.
12. ഈ മേഖലയിലെ കുറഞ്ഞ വനിതാ പങ്കാളിത്തം.
13. സാങ്കേതിക പരിജ്ഞാനമില്ലാത്തവരുടെ ചികിത്സ.
14. സമഗ്ര പേ-വിഷ നിർമ്മാർജ്ജന നയ ത്തിന്റെ ആസൂത്രിത തുടർ പരിപാടിയു ടെ അഭാവം.
15. സഹകരണാടിസ്ഥാനത്തിൽ കാലിത്തീറ്റ നിർമ്മാണയൂണിറ്റുകൾ സ്ഥാപിക്കാത്ത തു കൊണ്ടുള്ള വില വർദ്ധനവ്.

പുത്തൂർ പഞ്ചായത്തിൽ മാന്ദാമംഗലത്ത് ഒരു വെറ്ററിനറി ഹോസ്പിറ്റലും പുത്തൂര് ഒരു വെറ്ററിനറി ഡിസ്പെൻസറിയും ഇപ്പോൾ ഉണ്ട്. പുത്തൂർ പഞ്ചായത്തിൽ പാൽ സംഭ രിക്കുന്ന മൂന്നു സഹകരണ സംഘങ്ങൾ നി ലവിലുണ്ട്. കൂടാതെ പ്രൈവറ്റായി കർഷക രിൽ നിന്ന് പാൽ വാങ്ങി വിപണനം നടത്തു ന്ന മൂന്നുവ്യക്തികൾ ഈ പഞ്ചായത്തിലുണ്ട്. മാന്ദാമംഗലം പാൽ വിതരണ സംഘം കർഷ കർക്ക് ന്യായമായ വില ലഭിക്കുന്നതിന്

ശ്രദ്ധിച്ചു പോരുന്നു. പുത്തൂർ ക്ഷീര വ്യവസായ സഹകരണ സംഘം നാശത്തിന്റെ വക്കിലെത്തി നില്ക്കുന്നു. മരത്താക്കര പാൽ വിതരണ സംഘം ലിക്വിഡേറ്റ് ചെയ്യപ്പെടേണ്ട അവസ്ഥയിലുമാണ്. പ്രൈവറ്റു വ്യക്തികളിൽ ജനങ്ങൾക്ക് വിശ്വാസക്കുറവ് കാണുന്നു.

ഇരുപതു കൊല്ലം മുമ്പ് നാട്ടുകാർ പിരിച്ചെടുത്ത സംഖ്യ കൊണ്ടാണ് കെട്ടിടവും സ്ഥലവും മാന്ദാമംഗലം മൃഗാസ്പത്രിക്കു വേണ്ടി വാങ്ങിയത്. പുത്തൂർ മൃഗാസ്പത്രി 1995 ലാണ് നിലവിൽ വന്നത്. ഇത് ഒരു വാടകക്കെട്ടിടത്തിലാണ്. 1995 ൽ പഞ്ചായത്തിലെ അയ്യംപിള്ളിക്കുന്നിൽ പന്നിക്കുഞ്ഞുങ്ങളുടെ ഉത്പാദനവും വിതരണവും ലക്ഷ്യമാക്കി ഒരു "പിഗ് ബ്രീഡിംഗ് സെന്റർ" ആരംഭിച്ചിട്ടുണ്ട്. മരത്താക്കര വില്ലേജിൽ വ്യക്തികൾ നടത്തുന്ന 6 " ഫിഷ് ഫാം യൂണിറ്റുകൾ നിലവിലുണ്ട്. കൊളാംകുണ്ടിൽ മറ്റൊരു യൂണിറ്റുമുണ്ട്. ശുദ്ധജല ലഭ്യത വേനൽക്കാലത്ത് കുറയുന്നതുകൊണ്ട് മത്സ്യങ്ങൾക്കു വരുന്ന രോഗങ്ങൾ കർഷകർക്ക് വളരെ പ്രശ്നങ്ങളുണ്ടാക്കുന്നു. സാമ്പത്തിക നഷ്ടം വളരെയാണ്. പഞ്ചായത്തിൽ മരത്താക്കര ഒരു കോഴി വളർത്തൽ കേന്ദ്രം പ്രവർത്തനമുണ്ടായിരുന്നു. ചില വ്യക്തികൾ ബ്രോയിലർ, ലെഗോൺ കുഞ്ഞുങ്ങളെ വളർത്തി ഇറച്ചിയാവശ്യത്തിനു വിതരണം നടത്തുന്നുണ്ട്. എന്നാൽ കോഴിത്തീറ്റയുടെ വില വർദ്ധനവും രോഗങ്ങളും തമിഴ്നാട്ടിൽ നിന്നുമുള്ള ഉപയോഗശൂന്യമായ കോഴികളുടെ ഇറക്കുമതിയും കാരണം കർഷകർ ബുദ്ധിമുട്ടുന്നു.

## നടപ്പു പദ്ധതികളും പോരായ്മകളും നിർദ്ദേശങ്ങളും

### 1. പ്രത്യേക കന്നു-കുട്ടി പരിപാലന പരിപാടി.

ഈ പദ്ധതി പ്രകാരം നാലുമാസം തൊട്ട് ഒമ്പതുമാസം വരെയുള്ള സങ്കരയിനം പശുകുട്ടികളെ തിരഞ്ഞെടുത്ത് 32 മാസം/ പ്രസവിക്കുന്നതുവരെ സബ്സിഡി നിരക്കിൽ തീറ്റയും, ഇൻഷുറൻസും, മരുന്നും കൊടുക്കുന്നു. മാസ വരുമാനം 900 രൂപയിൽ താഴെയുള്ളവർക്കു മാത്രമെ ഇതിൽ ചേരുവാൻ അർഹതയുള്ളൂ.

ഈ പദ്ധതിയിൽ വൈക്കോലിനുള്ള സബ്സിഡിയും ഉൾപ്പെടുത്തേണ്ടതാണ്.

നല്ലയിനം എരുമകളേയും ഇതിൽ ഉൾപ്പെടുത്തേണ്ടതാണ്.

### 2. പേ-വിഷ നിയന്ത്രണ പദ്ധതി.

ഓരോ പഞ്ചായത്തിലും പേ വിഷ ബാധ നിയന്ത്രിക്കുന്നതിനുള്ള പദ്ധതിയാണിത്. നായ്ക്കൾക്കുള്ള പ്രതിരോധ മരുന്നുകൾ മൃഗാസ്പത്രി മുഖേന ലഭ്യമാണ്.

പ്രതിരോധ കുത്തിവെയ്പ് ഇപ്പോൾ നിർബന്ധമല്ല. പ്രതിരോധ കുത്തിവെയ്പിനുള്ള മരുന്ന് സൗജന്യമായി മൃഗാസ്പത്രിയിൽ ലഭിക്കുവാനുള്ള അവസരം ഉണ്ടാക്കണം.

എല്ലാ നായ്ക്കൾക്കും നിർബന്ധമായി പ്രതിരോധ കുത്തിവെയ്പും, ലൈസൻസും ഏർപ്പെടുത്തണം.

ലൈസൻസ് ഇല്ലാത്ത നായ്ക്കളെ നശിപ്പിക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.

പേ-വിഷബാധയുടെ ഭീകരതയെ കുറിച്ച് സെമിനാറുകൾ നടത്തി ജനങ്ങളെ ബോധവൽക്കരിക്കുക.

### 3. കാലി രോഗ നിയന്ത്രണ പദ്ധതി.

a. കാലിപ്ലേഗ് : പ്രതിരോധ കുത്തിവെപ്പിനുള്ള പദ്ധതി ഈ ജില്ലയിൽ ഇല്ല.
b. കുളമ്പുരോഗം : സൗജന്യ നിരക്കിൽ മൃഗാസ്പത്രി വഴിയായി പ്രതിരോധ കുത്തി വെപ്പുകൾ നടത്തുന്നു.

പ്രതിരോധ കുത്തി വെയ്പുകളുടെ പ്രാധാന്യം കർഷകർക്ക് മനസ്സിലാക്കി കൊടുക്കുവാനും, സമയാസമയങ്ങളിൽ മൃഗങ്ങ

ളിൽ പ്രതിരോധ കുത്തിവെയ്പുകൾ എടുക്കുവാനും ജനങ്ങളെ ബോധവൽക്കരിക്കുക.

4. **ആടു വളർത്തൽ പദ്ധതി.**

ഹരിജൻ കോളനികളിൽ തെരഞ്ഞെടുക്കപ്പെടുന്ന കർഷകർക്ക് രണ്ട് പെണ്ണാടുകളെ സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നപദ്ധതിയാണിത്.

a. ഈ പദ്ധതിയിൽ എല്ലാ വിഭാഗം ജനങ്ങളേയും ഉൾപ്പെടുത്തണം.

b. ആടു കർഷകരുടെ ഒരു സംഘടന പഞ്ചായത്തിൽ ആരംഭിക്കുകയും ഇതു വഴിയായി ആട്ടിറച്ചി വിതരണം ചെയ്യുവാനുള്ള വിപണന കേന്ദ്രങ്ങൾ പഞ്ചായത്തിൽ സ്ഥാപിക്കുവാനുള്ള പദ്ധതികൾ തുടങ്ങണം.

c. അഞ്ചിൽ കൂടുതൽ ആളുകളെ വളർത്തുന്ന കർഷകർക്കു സൗജന്യ നിരക്കിൽ ഇൻഷുറൻസും തീറ്റയും നൽകുവാനുള്ള പദ്ധതികൾ തുടങ്ങുക. ആവശ്യമെന്നു കണ്ടാൽ ആട്ടിൻ കൂടുകൾ നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുക.

5. **പശു വിതരണ പദ്ധതി.**

ഈ പദ്ധതിയിൽ ഹരിജൻ കോളനികളിൽ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ഒരു പശുവിനെ സൗജന്യ നിരക്കിൽ നൽകി വരുന്നു.

a. ഈ പദ്ധതിയിൽ സാമ്പത്തിക സഹായം ആവശ്യമുള്ള എല്ലാ കർഷകരേയും ഉൾപ്പെടുത്തണം.

**അടുത്ത പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട ചില പദ്ധതികൾ**

മൃഗസംരക്ഷണ മേഖലയിലെ പദ്ധതികൾ രണ്ടായിതിരിക്കാം

I. a. **സേവനമേഖല:-** മൃഗാസ്പത്രി, അറവുശാല, വിജ്ഞാന വ്യാപനം.

കുറഞ്ഞ ചിലവിൽ മൃഗങ്ങളെ ചികിത്സിക്കുന്നതിനുവേണ്ടി സ്വന്തമായ കെട്ടിടവും, വാഹന സൗകര്യവുമുള്ള മൃഗാസ്പത്രി സ്ഥാപിക്കണം. ഈ ആസ്പത്രികളിലെ ലബോറട്ടറി സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.

b. ഇപ്പോൾ നിലവിലുള്ള അറവുശാലകൾ വളരെ വൃത്തിഹീനമായ പരിതസ്ഥിതിയിലാണ്. അതിനാൽ ആധുനീക രീതിയിലുള്ള അറവുശാലകൾ സ്ഥാപിക്കണം. ഇവിടെ അറുക്കപ്പെടുന്ന മാംസം, വിവിധ ഇറച്ചി വിതരണ സംഘങ്ങളിലൂടെ വിതരണം ചെയ്യുവാനുള്ള പദ്ധതികൾ രൂപവൽക്കരിക്കുക.

അറവുശാലകളിൽ നിന്ന് പുറം തള്ളപ്പെടുന്ന രക്തം, എല്ല്, തുകൽ എന്നിവ ശേഖരിച്ച് സംസ്കരിക്കുകയോ – വിൽക്കുകയോ ചെയ്യുവാനുള്ള പദ്ധതികൾ തുടങ്ങുക.

c. ശാസ്ത്രീയമായ വിധത്തിൽ പശു, ആട്, കോഴി, പന്നി, മുയൽ എന്നിവ വളർത്തുന്നതിന് ബന്ധപ്പെട്ട കർഷകരെ ബോധവാന്മാരാക്കുകയും, ആറുമാസത്തിൽ ഒരിക്കൽ കർഷകരുടെ പ്രശ്നങ്ങളും, ബുദ്ധിമുട്ടുകളും ചർച്ച ചെയ്യുന്നതിന് പഞ്ചായത്ത് തലത്തിൽ പദ്ധതികൾ ആവിഷ്കരിക്കുക.

മൃഗ സംരക്ഷണത്തിനും പരിപാലനത്തിനും താൽപ്പര്യമുള്ള യുവതീയുവാക്കൾക്ക് അറിവ് നൽകുന്നതിനു വേണ്ടി വിജ്ഞാന വ്യാപന കേന്ദ്രങ്ങൾ, മൃഗാസ്പത്രിയുടെ മേൽനോട്ടത്തിൽ സ്ഥാപിക്കേണ്ടതാണ്.

പഞ്ചായത്തിൽ പശുവിന്റെ പാൽ ഉല്പാദനം കൂട്ടുവാനും വർഗോദ്ധാരണം നടത്തുന്നതിനായും ഓരോ അഞ്ഞൂറ് പശുക്കൾക്ക് ഒരു ബീജ സങ്കലന കേന്ദ്രം ആരംഭിക്കേണ്ടതാണ്.

**II. ഉല്പാദന മേഖല**

പഞ്ചായത്ത് മൃഗസമ്പത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനു വേണ്ടി താഴെ പറയുന്ന പദ്ധതികൾ ആരംഭിക്കേണ്ടതാണ്.

## 1. കോഴി വളർത്തൽ പദ്ധതി.

a. അടുക്കളമുറ്റത്തെ കോഴിവളർത്തൽ.

കോഴികളെ ലാഭകരമായും, ശാസ്ത്രീയമായും വളർത്തുന്നതിനു വേണ്ടി കർഷകർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് പരിജ്ഞാനം കൊടുക്കുക. നല്ലയിനം മുട്ടക്കോഴികളെ പഞ്ചായത്തിൽ ലഭ്യമാക്കാനുള്ള പദ്ധതികൾ ആരംഭിക്കുക.

b. ഹാച്ചറി.

പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട സംഘടനകൾക്കോ വ്യക്തികൾക്കോ ഹാച്ചറി തുടങ്ങുവാനുള്ള സാമ്പത്തിക സഹായവും, ഹാച്ചറി മേൽനോട്ടത്തെ കുറിച്ച് ബോധവൽകൃതരാക്കുകയും ചെയ്യുന്ന പദ്ധതി.

സാമ്പത്തിക സഹായം നൽകി ആരംഭിക്കുന്ന ഹാച്ചറികളിൽ പഞ്ചായത്തിനു വേണ്ടി, മിതമായ നിരക്കിൽ മുട്ട വിരിയിച്ചു കൊടുക്കുന്ന പദ്ധതികൾ.

c. ഇറച്ചിക്കോഴി വളർത്തൽ.

വലിയ നിലയിൽ ഇറച്ചിക്കോഴി വളർത്തൽ ആരംഭിക്കുന്നവർക്കായി സൗജന്യ നിരക്കിൽ കൂടും, തീറ്റയും, ഇൻഷുറൻസും നൽകുവാനുള്ള പദ്ധതികൾ ആരംഭിക്കുക.

പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഇറച്ചിക്കോഴികളെ ജില്ലയിൽ വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ.

d. എഗ്ഗർ നഴ്സറി.

പഞ്ചായത്തിൽ ആവശ്യത്തിനു വേണ്ട മുട്ട ഉൽപ്പാദിപ്പിക്കുന്നതിനായി നല്ലയിനം മുട്ടക്കോഴികളെ തെരഞ്ഞെടുക്കപ്പെടുന്ന കർഷകർക്കു വിതരണംചെയ്യുന്ന പദ്ധതി.

ഇപ്രകാരം ഉല്പാദിപ്പിക്കപ്പെടുന്ന മുട്ടകൾ പഞ്ചായത്ത് ഹാച്ചറി മുഖേനെ വിരിയിച്ച് മറ്റു കർഷകർക്ക് കൊടുക്കുവാനുള്ള പദ്ധതി.

## 2. ഊർജ്ജിത പന്നി വളർത്തൽ പദ്ധതി.

പഞ്ചായത്തിലെ കർഷകർക്കോ, സംഘടനകൾക്കോ, പ്രസ്ഥാനങ്ങൾക്കോ വ്യാപകമായ വിധത്തിൽ പന്നി വളർത്തൽ ആരംഭിക്കുന്നതിനായി

a. നല്ലയിനം പന്നിക്കുട്ടികളെ പഞ്ചായത്തിൽ ലഭ്യമാക്കാനുള്ള പദ്ധതി.
b. പന്നിത്തീറ്റയ്ക്കു ആവശ്യമായ സാധനങ്ങൾ പഞ്ചായത്തിൽ നിന്നു തന്നെ കർഷകർക്ക് ലഭ്യമാക്കുവാനുള്ള പദ്ധതി.
c. പന്നിയിറച്ചി വിപണനത്തിനായി പഞ്ചായത്തിലേയോ, ജില്ലയിലേയോ മറ്റു ഇറച്ചി വിതരണ സംഘങ്ങളുമായുള്ള സഹകരണം.

## 3. കാളക്കുട്ടികൾ – മാംസോൽപ്പാദനത്തിനു വേണ്ടി.

കാളക്കുട്ടികളെ വളർത്തുന്നത് ഇന്നത്തെ സാഹചര്യത്തിൽ ലാഭകരമല്ല. മറ്റു സംസ്ഥാനങ്ങളിലെ ഉപയോഗ്യ ശൂന്യവും അസുഖം ബാധിച്ചതുമായ കാളകളേയും, പശുക്കളേയും കുറഞ്ഞ ചിലവിൽ കേരളത്തിൽ വിറ്റഴിക്കുന്നതു മൂലം, കൂടുതൽ ചിലവിൽ വളർത്തിക്കൊണ്ടുവരുന്ന ഇവിടുത്തെ കാളക്കുട്ടികൾക്ക് ന്യായമായ വില കിട്ടുന്നില്ല. ഇപ്പോൾ പുത്തൂർ പഞ്ചായത്തിൽ പതിനാറ് അശാസ്ത്രിയ ഇറച്ചി വെട്ടുശാലകൾ ഉണ്ട്. ഇവയിൽ ഒരു മാസം ആയിരം മാടുകളെ കശാപ്പു ചെയ്യുന്നു. ഒരു ലക്ഷം കിലോ ഇറച്ചി വിപണനം നടത്തുന്നു. ഒരു കിലോയ്ക്ക് 40 രൂപ നിരക്കിൽ 40 ലക്ഷം രൂപയുടെ ബിസിനസു നടക്കുന്നു. തുകലിന്റേയും, എല്ലിന്റേയും, കൊഴുപ്പിന്റേയും, ചാണകത്തിന്റേയും വില കണക്കാക്കിയിട്ടില്ല. കുറഞ്ഞത് പത്ത് രൂപ ഒരു കിലോ മാംസത്തിന് എന്ന നിരക്കിൽ ലാഭം പ്രതീക്ഷിച്ചാൽ പത്തുലക്ഷം രൂപ ലഭിക്കുന്നു. ഈ ബിസിനസു മൂലം 30 ലക്ഷം രൂപ ഒരു മാസം അയൽ സംസ്ഥാനത്തേയ്ക്ക് ഒഴുകുന്നു. ഈ പഞ്ചായത്തിലെ ബീജ സങ്കലനം കൊണ്ട് ഉണ്ടാകുന്ന മൂരിക്കുട്ടികൾ ശ്രദ്ധ കിട്ടാതെ ചത്തുപോവുന്നു.

a. കാളക്കുട്ടികളെ 18 മാസം വരെ വളർത്തുന്നതിനായി കാലിത്തീറ്റയും, തീറ്റപ്പുല്ലും സബ്സിഡി നിരക്കിൽ ലഭ്യമാക്കുക.
b. പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന പശു മാംസം, സഹകരണ സംഘങ്ങൾ വഴിയോ മറ്റു ഇറച്ചി വിതരണ സംഘ

ങ്ങൾ വഴിയോവിതരണം നടത്തി കർഷകനു കൂടുതൽ ലാഭം കൊടുക്കുക.

**4. തീറ്റപ്പുൽ കൃഷി**

പഞ്ചായത്തിലെ പുറംപോക്കു സ്ഥലങ്ങളിലും, കൃഷി ചെയ്യാതെ കിടക്കുന്ന പറമ്പുകളിലും തീറ്റപ്പുല്ല് കൃഷി ചെയ്യുന്നതിനുള്ള വിത്തുകളും മറ്റു സഹായങ്ങളും എത്തിക്കുക. ഇതിനായി ക്ഷീര വികസന വകുപ്പുമായോ വനവൽക്കരണ വകുപ്പു (Social Forestry) മായോ സഹകരിക്കാവുന്നതാണ്.

അകേഷ്യ, യൂക്കാലി എന്നീ മരങ്ങൾക്കു പകരം പ്ലാവ്, സുബാബുൾ, വേങ്ങ, കൊന്ന എന്നീ മരങ്ങൾ വച്ചു പിടിപ്പിക്കുകയും അതിന്റെ ഇലകൾ മൃഗ കർഷകർക്ക് നൽകുന്ന പദ്ധതികളും ആരംഭിക്കുക.

**5. മുയൽ പ്രജനന യൂണിറ്റ്.**

ചുരുങ്ങിയ മൂലധന നിക്ഷേപം കൊണ്ട് താഴെ കിടയിലുള്ളവർ, കർഷകതൊഴിലാളികൾ, വിദ്യാർത്ഥികൾ തുടങ്ങിയവർക്കു വരുമാന മാർഗ്ഗമായി ഇത് ആരംഭിക്കാവുന്നതാണ്.

മുയൽ-മാംസം വിതരണം ചെയ്യുന്നതിനും, തുകൽ സംസ്കരണം ചെയ്യുന്നതിനും സഹായം നൽകണം.

**6. കാളകളും കാളവണ്ടികളും വാങ്ങുവാനുള്ള പദ്ധതി.**

പുത്തൂർ പഞ്ചായത്ത് കാർഷിക മലയോര പ്രദേശമായതു കൊണ്ട് റോഡ് സൗകര്യം കുറഞ്ഞ സ്ഥലങ്ങളിൽ നിന്ന് കാർഷികോൽപ്പന്നങ്ങൾ മാർക്കറ്റിൽ എത്തിക്കുന്നതിനുവേണ്ടി കാളകളും വണ്ടികളും ഈ പ്രദേശത്തുള്ള കർഷകർക്കു നൽകുവാനുള്ള പദ്ധതി.

**7. സ്കൂൾ-ക്ലബ്ബുകൾ**

വിദ്യാർത്ഥികളിൽ സമ്പാദ്യശീലവും കോഴി, മുയൽ എന്നിവ വളർത്തുന്നതിൽ താൽപ്പര്യവും ജനിപ്പിക്കുന്നതിനു വേണ്ടി തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്കു സൗജന്യമായി അവയെ വിതരണം ചെയ്യുന്ന പദ്ധതി.

**8. വിതരണ സംഘങ്ങൾ**

പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന പാൽ, പാൽ-ഉൽപ്പന്നങ്ങൾ, ഇറച്ചി (വിവിധയിനം), ഇറച്ചി ഉത്പന്നങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിന് കർഷക സഹകരണസംഘങ്ങൾ ആരംഭിക്കണം.

പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന പാൽ ഇടനിലക്കാരില്ലാതെ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ വിതരണം ചെയ്യുവാൻ വിപണന കേന്ദ്രങ്ങൾ തുടങ്ങുക.

## മത്സ്യബന്ധനം.

പഞ്ചായത്തിൽ വാണിജ്യാടിസ്ഥാനത്തിൽ മത്സ്യ കൃഷി നടത്തുന്നതിനു ശ്രമങ്ങൾ ഉണ്ടായിട്ടില്ല. പുത്തൂർ പഞ്ചായത്തിൽ "മത്സ്യഭവൻ" തുടങ്ങിയിട്ടില്ല. ഫിഷറീസ് വകുപ്പു മുഖേന പുത്തൂർ പഞ്ചായത്തിൽ മത്സ്യ കർഷകർക്ക് വിജ്ഞാന വ്യാപന കേന്ദ്രങ്ങൾവഴി ബോധവൽക്കരണം നടത്തണം. പഞ്ചായത്തിൽ മത്സ്യഭവൻ ആരംഭിക്കണം.

പൊതുവെ പുത്തൂർ പഞ്ചായത്തിൽ ജല ദൗർലഭ്യമുള്ളതുകൊണ്ട് മത്സ്യകൃഷി വ്യാപകമാക്കാനുള്ള സാധ്യത ഇപ്പോഴില്ല. എന്നാൽ മരത്താക്കര പ്രദേശത്തെ ചില വ്യക്തികളുടെ ഇഷ്ടിക കളങ്ങളിൽ മത്സ്യകൃഷി നടത്താൻ വേണ്ടതായ വായ്പാ സൗകര്യങ്ങൾ ഏർപ്പാടു ചെയ്യേണ്ടതാണ്. പഞ്ചായത്തധീനതയിലുള്ള തോടുകളിലും കുളങ്ങളിലും മത്സ്യ തൊഴിലാളികൾക്ക് മത്സ്യം വളർത്തുന്നതിന് സ്ഥലം പാട്ടത്തിനു നൽകണം. അവർക്ക് ആവശ്യമായ വായ്പാ സൗകര്യങ്ങൾ നടപ്പാക്കി കൊടുക്കണം. പഞ്ചായത്തിൽ കുരിശുമൂലയിൽ ഒരു മത്സ്യ മാർക്കറ്റ് തുടങ്ങണം. പഞ്ചായത്ത് അതിർത്തിയിൽ പെടുന്ന പുത്തൂർ പുഴയിൽ ഓരോ കിലോ മീറ്റർ ഇടവിട്ട് തടയിണകൾ നിർമ്മിച്ച് ഹ്രസ്വ

കാല മത്സ്യവളർത്തു കേന്ദ്രങ്ങളാക്കണം. ഒന്നാം വാർഡിലുള്ള പുത്തൂർ കായലിൽ ശുദ്ധജല മത്സ്യ കൃഷി ഗവേഷണ കേന്ദ്രം ആരംഭിക്കണം. അവിടെ നിന്നും ആവശ്യാനുസരണം , മത്സ്യക്കുഞ്ഞുങ്ങളെ വിതരണം• ചെയ്യാനുള്ള നടപടി സ്വീകരിക്കണം. പഞ്ചായത്തിലെ ഉൾനാടൻ–പരമ്പരാഗത മത്സ്യതൊഴിലാളികൾക്കും ഫിഷറീസ് ഡിപ്പാർട്ടുമെന്റ് മുഖേന ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കണം. മറ്റു ആനുകൂല്യങ്ങളും നൽകാനുള്ള നടപടികളും സ്വീകരിക്കണം. മത്സ്യ വിപണനത്തിലേർപ്പെട്ടിരിക്കുന്ന വ്യക്തികൾക്ക് വാഹനം വാങ്ങാനുള്ള വായ്പാ സൗകര്യം നൽകേണ്ടതാണ്. മാന്ദാമംഗലം, മരോട്ടിച്ചാൽ വാർഡുകളിലെ പ്രകൃതി രമണീയമായ നീർച്ചാലുകളിലും തോടുകളിലും ശുദ്ധജല മത്സ്യകൃഷി നടത്തണം. ആറോ എട്ടോ മാസങ്ങൾ കൊണ്ട് വിളവ് എടുക്കാവുന്ന ഹ്രസ്വകാല മത്സ്യകൃഷിയാണ് അനുയോജ്യം. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ശുദ്ധജല മത്സ്യ ചിറകൾ ആരംഭിക്കണം.

പുത്തൂർ പുഴയിലും പരിസര പ്രദേശങ്ങളിലെ തോടുകളിലും, തോട്ടയിടുന്നതും മയക്ക് വിഷങ്ങൾ (നഞ്ച്) കലർത്തി മീൻ പിടിക്കുന്നത് കർശനമായി തടയണം.

പുത്തൂർ പഞ്ചായത്തിലെ താഴെ പറയുന്ന തോടുകളും കുളങ്ങളും പഞ്ചായത്ത് അധീനതയിൽ ഉള്ളതും, വർഷാവർഷങ്ങളിൽ മത്സ്യം പിടിക്കുന്നതിന് മത്സ്യ തൊഴിലാളികൾക്ക് ലേലം ചെയ്ത് നൽകി വരുന്നതുമാണ്. ഈ തോടുകളിലും കുളങ്ങളിലും സാമൂഹ്യ ശുദ്ധജല മത്സ്യ കൃഷി നടത്താൻ മത്സ്യ തൊഴിലാളികൾക്ക് അതാതു വർഷം പാട്ടത്തിന് നൽകാവുന്നതാണ്. പ്രധാനപ്പെട്ട തോടുകളും കുളങ്ങളും താഴെ ചേർക്കുന്നു.

1. പൊന്നൂക്കര തോട്.
2. പൊന്നൂക്കര സർവ്വെ 277/2 ലെ കുളം.
3. മാന്ദാമംഗലം – മരോട്ടിച്ചാൽ വാർഡിലെ ചുള്ളിക്കാവ് ചിറ.
4. മാന്ദാമംഗലം – മരോട്ടിച്ചാൽ പുത്തൻചിറ.
5. വഴിനട ചിറ.
6. കല്ലൻ നിരപ്പ് ചിറ.
7. മരോട്ടിച്ചാൽ വല്ലൂർകുത്ത്.
8. ഓട്ടുപാറ കുളം.
9. ഇളംതുരുത്തി തോട്.
10. പുല്ലുപാടത്തെ മുത്തോടു മുതൽ പുഴ വരെയുള്ള തോട്.
11. മരത്താക്കര രാമൻചിറ.
12. മണലിപ്പുഴയുടെ പഞ്ചായത്ത് ഭാഗം.
13. വെട്ടുകാട് സർവ്വെ 107 ലെ കുളം.
14. വെട്ടുകാട് കാനകുളം.
15. കൈനൂർ പാടത്തെ തോട്.
16. മരത്താക്കരചെറുകാ കായലിലെ പഞ്ചായത്ത് കുളം.
17. പുത്തൂർ കായൽ.
18. തമ്പുരാട്ടിമൂലച്ചിറ.
19. എളംതുരുത്തി തോട്ടക്കുളം.
20. മണ്ണാർ തോട്.

ഇനി പുത്തൂർ പഞ്ചായത്തിലെ പ്രൈവറ്റ് വ്യക്തികളുടെ അധീനതയിലുള്ള കുളങ്ങളിൽ ശുദ്ധ ജല മത്സ്യ കൃഷി നടത്താൻ നടപടികളും വായ്പ സൗകര്യങ്ങളും സംഘടിപ്പിക്കണം.

# സഹകരണ മേഖല

ഈ പഞ്ചായത്തിൽ സഹകരണ മേഖലയിൽ ആദ്യം ആരംഭിച്ച സ്ഥാപനം ഏതെന്നു പരിശോധിക്കമ്പോൾ മറ്റു ചില വിഷയങ്ങളും പരിശോധിക്കേണ്ടതായി വരുന്നു. ഇന്നത്തെ പഞ്ചായത്തിന്റെ വ്യാപകാതിർത്തിയിൽ ഉള്ള മരത്താക്കര നേരത്തെ ഒല്ലൂർ പഞ്ചായത്തിന്റെ ഭാഗമായിരുന്നു. തൊട്ടടുത്ത പഞ്ചായത്തായ നടത്തറ, പുത്തൂർ പഞ്ചായത്ത് വിഭജിച്ചുണ്ടായതാണ്.

മരത്താക്കര മേഖലയിൽ നേരത്തെ പ്രവർത്തിച്ചിരുന്ന മരത്താക്കര ഗ്രാമോദ്ധാരണ പരസ്പര സഹായ സഹകരണ സംഘമാണ് ഏറ്റവും പഴയ സഹകരണ സ്ഥാപനമെന്ന് പഴമക്കാർ പറയുന്നു. പൊന്നൂക്കരയിൽ ഉണ്ടായിരുന്ന ഖാദി ബോർഡിന്റെ കീഴിലുള്ള ചോക്ക് നിർമ്മാണ സംഘവും ക്രെഡിറ്റ് മേഖലയിൽ ഒരു സർവ്വീസ് സംഘവും പ്രവർത്തിച്ചിരുന്നു എന്നു പറയുന്നു. മേൽ പറഞ്ഞ സംഘങ്ങളൊന്നും ഇപ്പോൾ നിലവിലില്ല. ഇപ്പോൾ പ്രവർത്തനക്ഷമമായ സ്ഥാപനങ്ങൾ ആകെ മൂന്ന് എണ്ണം മാത്രമാണുള്ളത്.

## പ്രവർത്തിക്കുന്ന സംഘങ്ങൾ

1. പുത്തൂർ സർവ്വീസ് സഹകരണ ബാങ്ക് നമ്പർ 345.
2. മാന്ദാമംഗലം ക്ഷീര വ്യവസായ സഹകരണ സംഘം.
3. പുത്തൂർ ക്ഷീര വ്യവസായ സഹകരണ സംഘം.

## പ്രവർത്തനക്ഷമമല്ലാത്ത സഹകരണ സംഘങ്ങൾ

1. മരത്താക്കര ക്ഷീര വ്യവസായ സഹകരണ സംഘം.
2. വെട്ടുകാട് കരിങ്കൽ തൊഴിലാളി സഹകരണ സംഘം.
3. മാന്ദാമംഗലം ഹരിജൻ സൊസൈറ്റി.
4. വെട്ടുകാട് മാർക്കറ്റിംഗ് സൊസൈറ്റി

## ക്രെഡിറ്റ് മേഖല

ക്രെഡിറ്റ് മേഖലയിൽ പ്രവർത്തിക്കുന്ന ആകെയുള്ള ഒരു സഹകരണ സ്ഥാപനം പുത്തൂർ സർവ്വീസ് സഹകരണ ബാങ്കാണ്. സ്വാതന്ത്ര്യ ലബ്ധിക്ക് മുൻപ് തന്നെ ആരംഭിച്ച ഈ സ്ഥാപനം (1936 ജനുവരി 15, 30.5.1112 മലയാള വർഷം) ഈ പഞ്ചായത്തിലെ എടുത്തു പറയത്തക്ക പ്രമുഖ സാമ്പത്തിക സ്ഥാപനമാണ്. മരത്താക്കര മേഖലയിൽ പ്രവർത്തിച്ചിരുന്ന ഗ്രാമോദ്ധാരണ പരസ്പര സഹായ സഹകരണ സംഘത്തിൽ അംഗങ്ങളായിരുന്ന പുത്തൂർ എളംതുരുത്തി പ്രദേശങ്ങളിലുള്ള സാമൂഹിക സ്നേഹികളായ ചില സഹകാരികൾ ചേർന്നുണ്ടാക്കിയ സ്ഥാപനമാണ് ഇന്നു വളർന്നു പന്തലിച്ചു നിൽക്കുന്ന പുത്തൂർ സർവ്വീസ് സഹകരണ ബാങ്ക്. തുടക്കത്തിൽ 14 മെമ്പർമാരും 70 രൂപ മൂലധനവുമായി ആരംഭിച്ചതാണ്. പുത്തൂരിൽ ഹെഡ്ഓഫീസ് കോംപ്ലക്സ്, കൂടാതെ മറ്റൊരു കെട്ടിടവും, മാന്ദാമംഗലത്ത് സ്വന്തമായൊരു കെട്ടിടവും സ്ഥലവും, മാന്ദാമംഗലം, മരത്താക്കര എന്നീ സ്ഥല

ങ്ങളിൽ ബ്രാഞ്ചും, വെട്ടുകാട് കളക്ഷൻ സെന്ററും പ്രവർത്തിക്കുന്നു.

ആദ്യകാല മെമ്പർമാർ വായ്ക്കാട്ടിൽ വാസുദേവൻ, തെക്കേത്തറ ശങ്കരൻ, തെക്കേത്തറ കൊച്ചുകുട്ടൻ മാസ്റ്റർ, കൈനൂർ തട്ടാൻ ശങ്കു (രാവുണ്ണി) വായ്ക്കാട്ടിൽ വേലുണ്ണി രാമകൃഷ്ണൻ മുതൽ പേരായിരുന്നു. ആദ്യത്തെ പ്രസിഡന്റ് വായ്ക്കാട്ടിൽ വേലുണ്ണി രാമകൃഷ്ണൻ, ആദ്യത്തെ ഓണററി സെക്രട്ടറി തെക്കേത്തറ കൊച്ചുകുട്ടൻ മാസ്റ്റർ എന്നിവരായിരുന്നു. ഇപ്പോൾ, 16872 അംഗങ്ങളും 3657000/- രൂപ ഓഹരി മൂലധനവും, സർക്കാർ ഓഹരി 30000/- രൂപയുമാണ്. നിക്ഷേപം 20395000/- രൂപയും, ജില്ലാ ബാങ്കിൽ നിന്നും വായ്പ 37574200/- രൂപയും വിതരണം നടത്തിയ വായ്പ 45522923/- രൂപയുമാണ്.

കാർഷിക മേഖലയിൽ ജനങ്ങളുടെ വായ്പ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ടെങ്കിലും ഇന്ന് ചില പ്രതിസന്ധികൾ തരണം ചെയ്യേണ്ടതുണ്ട്. വമ്പിച്ച കട ബാദ്ധ്യതയും ജില്ലാ ബാങ്ക് വായ്പയിൽ വലിയൊരു ഭാഗം കുടിശ്ശികയായി നിലനിൽക്കുകയാണ്. 17 ജീവനക്കാർ ഈ സ്ഥാപനത്തിലുണ്ട്. ജില്ലാ ബാങ്കിൽ നിന്നും എടുത്ത് വിതരണം നടത്തുന്ന വായ്പയിൽ 2% മാത്രമാണ് പലിശയിനത്തിൽ ലഭിക്കുന്ന വരുമാനം. കൃത്യ സമയത്ത് കർഷകർ വായ്പ തിരിച്ചടക്കാത്തതുകൊണ്ട് ജില്ലാ ബാങ്ക് തലത്തിലുള്ള കുടിശ്ശിക വർദ്ധിക്കുന്നു. കടവും കുടിശ്ശികയും വർദ്ധിക്കുന്നതുകാരണം ജനങ്ങളുടെ വിവിധങ്ങളായ ആവശ്യങ്ങൾക്ക് യഥാസമയങ്ങളിൽ മുഴുവൻ ആവശ്യക്കാർക്കും വായ്പ കൊടുക്കാനാവാത്ത അവസ്ഥ നിലനിൽക്കുന്നു.

## ക്ഷീരോല്പാദന മേഖല

കിഴക്കൻ മലയോര പ്രദേശത്ത് 1965 ജൂലായ് 29ന് രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച് ഇപ്പോൾ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനമാണ് ക്ഷീരോല്പാദന സഹകരണ സംഘം. മാന്ദാമംഗലം ഹെഡ്ഓഫീസ് കൂടാതെ മരോട്ടിച്ചാലിൽ ഫോഡർ കളക്ഷൻ സെന്ററും പ്രവർത്തിക്കുന്നു. കാലിത്തീറ്റ സംഭരിച്ച് വിതരണം നടത്തുന്നുണ്ട്. പാലുല്പാദകരെ സംബന്ധിച്ചിടത്തോളം ന്യായമായ വില ലഭിക്കുന്നില്ല എന്ന പരാതി നില നിൽക്കുന്നു. 12 രൂപയോളം പാലിന് വിലയുള്ളപ്പോൾ 7.50മുതൽ 8.50രൂപ വരെയാണ് വില ലഭിക്കുന്നത്. കാലിത്തീറ്റയ്ക്കും വയ്ക്കോലിനും മറ്റ് ഉല്പാദനാവശ്യങ്ങൾക്കും ക്രമാതീതമായ വില വർദ്ധനവും ഉണ്ടായിക്കൊണ്ടിരിക്കുമ്പോൾ പാലുല്പാദകർക്ക് പിടിച്ചു നിൽക്കാനാവാത്ത അവസ്ഥയാണ്.

പുത്തൂർ ക്ഷീരോല്പാദന സഹകരണ സംഘം 1976ൽ പ്രവർത്തനമാരംഭിച്ചു. കൊങ്ങംപാറയിലുള്ള സ്വന്തം കെട്ടിടത്തിൽ പ്രസ്തുത സംഘം പ്രവർത്തിക്കുന്നു. ഉല്പാദകന് ന്യായമായ വില കൃത്യ സമയത്ത് നൽകാനാകുന്നില്ല എന്ന പൊതു അഭിപ്രായം നിലവിലുണ്ട്. പ്രാദേശികമായ വില്പന വർദ്ധിപ്പിച്ചും ക്ഷീരോല്പാദന യൂണിറ്റുകൾ സ്ഥാപിച്ചും, വരുമാനം വർദ്ധിപ്പിച്ച് ഇപ്പോഴുള്ള പ്രതിസന്ധി തരണം ചെയ്യേണ്ടതുണ്ട്.

### പ്രശ്നങ്ങൾ

1. പഞ്ചായത്തിലാകെ സാമ്പത്തിക സഹായം എത്തിക്കുന്നതിന് ഒരു ക്രെഡിറ്റ് സഹകരണ സംഘം മാത്രമാണ് നിലവിലുള്ളത്. വൻ സാമ്പത്തിക ബാദ്ധ്യതയും, ജില്ലാ ബാങ്കിൽ നിന്നെടുത്ത വായ്പയിൽ

വലിയൊരു പങ്ക് കുടിശ്ശികയും മൂലം വിവിധങ്ങളായ ആവശ്യങ്ങൾക്ക് തക്ക സമയത്ത് വായ്പ അനുവദിക്കാൻ സാധിക്കാത്ത അവസ്ഥ നിലനിൽക്കുന്നു. പുതിയ സ്കീമുകൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ കഴിയുന്നില്ല. കൃഷി ഇറക്കുന്ന സമയത്ത് വായ്പ കൊടുക്കാൻ കഴിയുന്നില്ല. പഞ്ചായത്ത് നടപ്പിലാക്കുന്ന വികസന ക്ഷേമ പദ്ധതികളിൽ ആവശ്യാനുസരണം മുതൽ മുടക്കുന്നതിനു വേണ്ട ധന സ്ഥിതി നിലവിലില്ല. സ്വയം തൊഴിൽ തുടങ്ങുന്നതിനും, വനിതാ യൂണിറ്റുകൾ ആരംഭിക്കുന്നതിനും ആവശ്യാനുസരണം വായ്പ കൊടുക്കുന്നതിനും കഴിയുന്നില്ല.

2. ക്ഷീരോല്പാദകർക്ക് ഉല്പാദനവുമായി ബന്ധപ്പെട്ട വില ലഭ്യമാകുന്നില്ല. ചില സ്ഥലങ്ങളിൽ പാൽ അളന്നു മാസം കഴിഞ്ഞിട്ടും പണം കൊടുക്കാൻ കഴിയുന്നില്ല.

3. കരിങ്കൽ തൊഴിലാളി സഹകരണ സംഘവും, ഹരിജൻ സഹകരണ സംഘവും, മാർക്കറ്റിംഗ് സഹകരണ സംഘവും പ്രവർത്തനക്ഷമമല്ലാത്തതിനാൽ ഈ മേഖലയിലെ ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്നില്ല.

4. വിവിധ മേഖല ആസ്പദമാക്കിയ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നില്ല.

5. വനിതകളുടെ ക്ഷേമം ലാക്കാക്കിയ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നില്ല.

6. തെങ്ങ് കൃഷിയേയും കൂട്ടുകൃഷിയേയും ഇതര വിളകളുടെയും പ്രോത്സാഹിപ്പിക്കുന്ന സഹകരണ സംഘങ്ങൾ നിലവിലില്ല.

7. ആരോഗ്യ, വിദ്യാഭ്യാസ മേഖലയിലുള്ള സഹകരണ സംഘങ്ങളില്ല.

## നിർദ്ദേശങ്ങൾ

1. ദുർബലരായ ആളുകൾക്ക് ക്രെഡിറ്റ് മേഖലയിൽ നിന്നും വായ്പ ലഭിക്കുന്നതിനു് ഇന്ന് നിലവിലുള്ള സംവിധാന പ്രകാരം കഴിയില്ല. സർവീസ് സഹകരണ ബാങ്ക് വായ്പ നൽകുന്നതിന് വസ്തു ഈടായി ആവശ്യപ്പെടുമ്പോൾ ദുർബല വിഭാഗത്തിൽ പെടുന്നവർക്ക് ബാങ്ക് പറയുന്ന ഗ്യാരണ്ടി അംഗീകരിച്ച് വായ്പ വാങ്ങാൻ കഴിയില്ല. പഞ്ചായത്ത് നേരിട്ട് അൺടൈഡ് ഫണ്ടുകളോ മറ്റ് സ്വരുപിക്കപ്പെടുന്ന തുകകളോ ഉപയോഗിച്ച് ദുർബല വിഭാഗങ്ങൾക്ക് വായ്പ കൊടുക്കാവുന്ന സഹകരണ സംഘങ്ങൾ സ്ഥാപിക്കാവുന്നതാണ്.

2. ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് ഉല്പാദനവുമായി ബന്ധപ്പെട്ട വില ലഭിക്കുന്നില്ല എന്ന പരാതി നിലനിൽക്കുന്നതുകൊണ്ട് പാലുല്പന്നമായി ഉപയോഗിക്കുന്ന പാൽക്കട്ടി, പാൽഗോവ മറ്റ് മിഠായികൾ എന്നിവ ഉണ്ടാക്കുന്ന വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുകയും, പാൽ കൂടുതൽ പ്രാദേശികമായി വിൽപ്പന നടത്തുകയും കൂടുതൽ അംഗങ്ങളെ ചേർത്ത് ഓഹരി വർദ്ധിപ്പിച്ച് നല്ല നിലയിൽ പ്രവർത്തിക്കാവുന്നതാണ്. മരത്താക്കരയിൽ പ്രവർത്തന ക്ഷമമല്ലാതെ കിടക്കുന്ന ക്ഷീര സംഘം കൂടുതൽ അംഗങ്ങളെ ചേർത്ത് ഓഹരി മൂലധനം വർദ്ധിപ്പിച്ച് പ്രവർത്തന മുഖത്തേക്ക് കൊണ്ടു വരേണ്ടതാണ്.

3. ഒരുപാട് പേർക്ക് തൊഴിൽ നൽകാൻ കഴിയുന്ന കരിങ്കൽ സൊസൈറ്റി പ്രവത്തനക്ഷമമല്ലാതെ അഡ്മിനിസ്ട്രേറ്റർ ഭരണത്തിലാണ്. സംഘം പുനരുദ്ധരിപ്പിച്ച് കൂടുതൽ അംഗങ്ങളെ ചേർത്ത് ഓഹരി മൂലധനം വർദ്ധിപ്പിച്ച് സംഘം വക ക്വാറി സ്ഥലത്ത് 10 15 ഓല ഷെഡുകൾ പണിത് സ്ത്രീകൾക്ക് മെറ്റൽ ഉടയ്ക്കുന്നതിന് യൂണിറ്റുകൾ

ആരംഭിക്കുകയും ചെയ്യാവുന്നതാണ്. ജില്ലാ ബാങ്കിൽ അടക്കേണ്ട തുക യ്ക്ക് 2 വർഷത്തേക്ക് എക്സ്റ്റംഷൻ വാങ്ങിക്കുകയും അടിയന്തിരമായി തിരഞ്ഞെടുപ്പ് നടത്തി നല്ല ഒരു ഭരണ സമിതിയെ തിരഞ്ഞെടുക്കേണ്ടതാണ്.

4. ഹരിജനക്ഷേമത്തിനുവേണ്ടി മാത്ര മുള്ള സംഘം നശിച്ചു കഴിഞ്ഞിരിക്കു കയാണ്. സ്വന്തമായി ടെറസ്സ് കെട്ടിടം ഉണ്ടെങ്കിലും കാലങ്ങളായി പൂട്ടിക്കിടക്കുകയാണ്. ലക്ഷക്കണ ക്കിന് തുക ജില്ലാ ബാങ്കിൽ കുടിശ്ശികയുണ്ട്. സർക്കാരും ജില്ലാ ബാങ്കും ഇടപെട്ട് റിവൈവൽ സ്കീമിൽ ഉൾപ്പെടുത്തി ഈ സംഘത്തെ രക്ഷിച്ചെടുക്കേണ്ടതുണ്ട്.

5. വെട്ടുകാട് മാർക്കറ്റിംഗ് സംഘം രൂപീ കരിച്ചതിനുശേഷം പ്രവർത്തനമുഖ ത്തേക്ക് എത്തിപ്പെടാത്ത ഒരു കട ലാസ്സ് സ്ഥാപനമാണ്. ഒരുപാട് സാധ്യതയുള്ള ആശയമാണെങ്കിലും പ്രവർത്തനത്തിലായിട്ടില്ല. പ്രവർത്തന മൂലധനം വർദ്ധിപ്പിച്ച് കൃ ഷിക്കാരുടെ കാർഷികോല്പന്നങ്ങൾ വാങ്ങിച്ച് വിതരണം നടത്താവുന്നതാണ്. മാന്ദാമംഗലത്തും വെട്ടുകാടും ആഴ്ചയിൽ രണ്ട് ദിവസം ആഴ്ച ചന്തകൾ തുടങ്ങാവുന്നതാണ്. സംഘം നേതൃത്വം കൊടുക്കുകയും കാർഷികോല്പന്നങ്ങൾ കർഷകർക്ക് സ്വതന്ത്രമായി വില്പന നടത്താവുന്ന ആശയം ഉണ്ടാക്കുകയും ചെയ്യുക.

ഓണച്ചന്തകൾ നടത്തുന്നതിന് പടി ഞ്ഞാറൻ മേഖലയിലെ സഹകരണ സംഘങ്ങൾക്ക് നേന്ത്രക്കായയും പച്ചക്കറി കളും സംഭരിച്ച് വിതരണം നടത്തുക. നേന്ത്രവാഴക്കന്ന്, റബർകൂടതൈകൾ എന്നിവ കർഷകരിൽ നിന്നും വാങ്ങി വില്പന നടത്തുക. റബർ ടാപ്പിംഗ് ഉപക രണങ്ങൾ, ആസിഡ് തുടങ്ങിയവ വാങ്ങി മിതമായ വിലയിൽ കർഷകർക്ക് എത്തി ക്കുക. പച്ചക്കറി വിത്തുകൾ മറ്റു നടീൽ വസ്തുക്കൾ എന്നിവ കർഷകർക്ക് എത്തിക്കുക തുടങ്ങിയ രീതിയിൽ നല്ലനിലയിൽ പ്രവർത്തിക്കാവുന്നതാണ്.

## പുതിയ സഹകരണ സംഘങ്ങളുടെ രൂപീകരണം

1. മരത്താക്കര വില്ലേജ് ആസ്പദമാക്കി സർവീസ് സഹകരണ ബാങ്ക് ആരംഭിക്കണം.

2. മാന്ദാമംഗലം വില്ലേജ് ആസ്പദമാക്കി മാന്ദാമംഗലം വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക് സ്ഥാപിക്കുക.

3. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കൂട്ടുകൃഷി സംഘങ്ങൾ ആരംഭിക്കുക.

4. തെങ്ങ് കൃഷിയെ പ്രോത്സാഹിപ്പിക്കു ന്നതിന് കേരോല്പന്ന സഹകരണ സംഘം ആരംഭിക്കുക.

5. ഔഷധ സസ്യങ്ങളുടെ പ്ലാന്റിംഗിനും വിപണനത്തിനും വേണ്ടി ഔഷധ സസ്യ ഉല്പാദന വിതരണ സംഘം സ്ഥാപിക്കുക.

6. വനിതകൾക്ക് കൂടുതൽ തൊഴിലവസ രങ്ങൾ ഉണ്ടാക്കുന്നതിന് വ്യവസായ സഹകരണ സംഘം (നടത്തറയിൽ പ്രവർത്തിച്ചുവരുന്ന ശ്രീനാരായണ പവ്വർലൂം മോഡൽ വനിതാ പവ്വർലൂം സഹകരണ സംഘം) സ്ഥാപിക്കുക. ഈ സംരംഭം മൂലം 450ൽ പരം വനിതകൾക്ക് മൂന്ന് ഷിഫ്റ്റിലായി തൊഴിൽ ലഭിക്കും.

7. കമ്പ്യൂട്ടർ പരിശീലനം, മറ്റ് സാങ്കേതിക കോഴ്സുകൾ പഠിപ്പിക്കുക വ്യവസായ സംരംഭങ്ങൾക്കുള്ള പരിശീലനം നൽകുക തുടങ്ങിയ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് പുത്തൂർ പഞ്ചായത്ത്

സഹകരണ സാങ്കേതിക കോളേജുകൾ ആരംഭിക്കാവുന്നതാണ്.

8. നിത്യോപയോഗ വസ്തുക്കൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുക. അരി മുതൽ പലവ്യഞ്ജനങ്ങൾ വരെ പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ എത്തിക്കുന്നതിന് പുത്തൂർ പഞ്ചായത്ത് കൺസ്യൂമർ കോഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിക്കുകയും പുത്തൂർ വെട്ടുകാട്, മാന്ദാമംഗലം, മരോട്ടിച്ചാൽ, പൊന്നൂക്കര, മരത്താക്കര എന്നീ സ്ഥലങ്ങളിൽ സ്റ്റോറുകൾ തുറക്കുകയും ചെയ്യുക.

9. ആരോഗ്യ രംഗത്ത് സ്വകാര്യ മേഖലയിൽ നടക്കുന്ന കടുത്ത ചൂഷണത്തിൽ നിന്നും മോചനം ലഭിക്കുന്നതിന് പുത്തൂർ പഞ്ചായത്ത് സഹകരണ ആശുപത്രി സ്ഥാപിക്കാവുന്നതാണ്.

10. കൃഷിയിൽ പ്രഥമ സ്ഥാനത്ത് നിൽക്കുന്ന റബർ വാങ്ങുകയും വില്പന നടത്തുകയും ചെയ്യുക. റബർ തടി സംസ്ക്കരിച്ച് ഫർണീച്ചറുണ്ടാക്കി വിതരണം നടത്തുക എന്നീ ലക്ഷ്യങ്ങൾക്ക് വേണ്ടി റബർ ഉല്പന്ന മാർക്കറ്റിംഗ് സൊസൈറ്റി സ്ഥാപിക്കാവുന്നതാണ്. മിക്സ്ച്ചർ, പൊക്കുവട, കായവറുത്തത് മറ്റ് ബേക്കറി ഉല്പന്നങ്ങൾ ഉണ്ടാക്കുകയും വിതരണം നടത്തുകയും ചെയ്യുന്നതിന് ഭക്ഷ്യ ഉല്പാദന, വിതരണ വനിതാ സഹകരണ സംഘം ഉണ്ടാക്കാവുന്നതാണ്.

11. ഭവന നിർമ്മാണ ആവശ്യങ്ങൾ നിറവേറ്റുന്നതിന് പുത്തൂർ പഞ്ചായത്ത് ഭവന നിർമ്മാണ സഹകരണ സംഘം സ്ഥാപിക്കാവുന്നതാണ്.

12. സ്വർണ്ണ പണിചെയ്ത് ഉപജീവനം നടത്തി വരുന്നവരുടെ ക്ഷേമത്തിനായി ഗോൾഡ്സ്മിത്ത് കോ ഓപ്പറേറ്റീവ് സൊസൈറ്റി സ്ഥാപിക്കാവുന്നതാണ്.

13. മരപ്പണി, കൽപ്പണി, തേപ്പുപണി മറ്റ് പോളീഷ്, പെയിന്റിംഗ് എന്നീ ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ സംഘടിപ്പിച്ചു കൊണ്ട് കൺസ്ട്രക്ഷൻ വർക്കേഴ്സ് കോഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിക്കാവുന്നതാണ്.

14. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, മറ്റ് റ്റെയ്ലറിംഗ് ജോലികൾ എന്നിവ നടത്തുന്നതിന് റെഡിമെയ്ഡ് ഗാർമെന്റ്സ് ആന്റ് റ്റെയ്ലറിംഗ് വർക്കേഴ്സ് വനിതാ സൊസൈറ്റി രൂപീകരിക്കാവുന്നതാണ്.

15. കുട്ടികൾക്കാവശ്യമുള്ള പഠനോപകരണങ്ങൾ ലഭ്യമാക്കുക, വിദ്യാർത്ഥികൾക്ക് സഹകരണ മേഖലയിൽ ആഭിമുഖ്യം വളർത്തുക എന്നീ ആവശ്യങ്ങൾ നിറവേറ്റുന്നതിന് പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളിലും സ്കൂൾ സഹകരണ സംഘങ്ങൾ സ്ഥാപിക്കാവുന്നതാണ്.

16. ഓഫീസുകൾക്കാവശ്യമായ പുസ്തകങ്ങളും റെക്കോഡുകളും നിർമ്മിക്കുക, സ്കൂൾ കുട്ടികൾക്കാവശ്യമായ നോട്ടു പുസ്തകങ്ങൾ ഉണ്ടാക്കുക, സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിലേയ്ക്കും വ്യക്തികൾക്കുമുള്ള പ്രിന്റിംഗ് ആവശ്യങ്ങൾ നിറവേറ്റുക എന്നീ ആവശ്യങ്ങൾക്കു വേണ്ടി ബുക്ക് ബൈന്റിംഗ് ആന്റ് പ്രിന്റിംഗ് വനിതാ സഹകരണ സംഘം സ്ഥാപിക്കാവുന്നതാണ്.

17. കാർഷിക മേഖലക്കാവശ്യമായ ജൈവവളങ്ങൾ ഉല്പാദിപ്പിക്കുന്നതിന് ജൈവവള നിർമ്മാണ, വിതരണ സഹകരണ സംഘം ഉണ്ടാക്കാവുന്നതാണ്.

18. പച്ച ചകിരിയിൽ നിന്നും കയറുല്പന്നങ്ങളും, വാഴനാരു കൊണ്ട് കരകൗശലവസ്തുക്കളും ഉല്പാദിപ്പിക്കുന്നതിനും കയർ, ഖാദി ബോർഡിന്റെ കീഴിൽ വനിതാ സഹകരണ സംഘം സ്ഥാപിക്കുക.

19 ഡ്രൈവർ ജോലി ചെയ്തു ഉപജീവനം നടത്തുന്ന തൊഴിലാളികളുടെ ക്ഷേമം ലാക്കാക്കി വെഹിക്കിൾ ഡ്രൈവേഴ്സ് സഹകരണ സംഘം സ്ഥാപിക്കാവുന്നതാണ്.

സത്യസന്ധവും കാര്യക്ഷമവുമായ പ്രവർത്തനം കൊണ്ട് മാത്രമേ സഹകരണസംഘങ്ങളെ പൊതുജനോപകാരപ്രദമാക്കാൻ സാധിക്കുകയുള്ളൂ. സഹകരണ നിയമത്തേയും പ്രവർത്തനങ്ങളേയും സംബന്ധിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കേണ്ടതനിവാര്യമാണ്. പഞ്ചായത്ത് ഭരണ സമിതി, സന്നദ്ധ സംഘടനകൾ എന്നിവയുടെ നേതൃത്വത്തിൽ സാങ്കേതിക വിദഗ്ദ്ധരുടെയും, അനുഭവസമ്പത്തുള്ളവരുടെയും സഹകരണത്തോടെ ഈ ദൗത്യം ഫലപ്രദമാക്കാനാകും.

ഗാന്ധിജി സ്വപ്നം കണ്ട ഗ്രാമങ്ങൾ ഒരു യാഥാർത്ഥ്യമാകുന്നതിന് നമ്മളാൽ നയിക്കപ്പെടുന്ന നമ്മുടെ സഹകരണ സ്ഥാപനങ്ങളുടെ പങ്ക് വളരെ വലുതാണ്.

അഴിമതി ഇല്ലാതെ സംശുദ്ധമായ രീതിയിൽ മുന്നേറുന്ന പക്ഷം ഒമ്പതാം പദ്ധതിയുടെ വികസന പ്രക്രിയയിൽ വമ്പിച്ച നേട്ടം നമുക്ക് കൈവരിക്കാനാകും.



C.6

# പട്ടിക ജാതി/പട്ടിക വർഗ്ഗ

# ക്ഷേമം

പുത്തൂർ പഞ്ചായത്തിന്റെ മൊത്തം ജനസംഖ്യയുടെ 8% ത്തോളം പട്ടിക ജാതി/പട്ടിക വർഗ്ഗത്തിൽ പെടുന്നവരാണ്. 1995ലെ സെൻസസ് പ്രകാരം 4981 പട്ടികജാതി/പട്ടികവർഗ്ഗക്കാരാണ്. ഇതിൽ 4747 പട്ടിക ജാതിക്കാരും, 234 പട്ടിക വർഗ്ഗക്കാരുമാണ്.

## പട്ടികജാതിക്കാർ

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ 12 കോളനികളായും കൂടാതെ മറ്റു പ്രദേശങ്ങളിൽ ഒറ്റപ്പെട്ട കുടുംബങ്ങളായും പട്ടികജാതിക്കാർ താമസിക്കുന്നു. തൃശ്ശൂർ ജില്ലയിലെ ഏറ്റവും വലിയ പട്ടികജാതി സെറ്റിൽമെന്റ് കോളനിയായ മതികുന്ന് കോളനി മൂന്നാം വാർഡിലും മറ്റുള്ളവ മാന്ദാമംഗലം, വെട്ടുകാട്, കോക്കാത്ത്,കുരുടൻചിറ, മരത്താക്കര എന്നിവടങ്ങളിലുമാണ്. ഇവരിൽ ഭൂരി ഭാഗവും കർഷക തൊഴിലാളികളും, നിർമ്മാണ തൊഴിലാളികളുമാണ്. വളരെ അപൂർവ്വം പേർ പരമ്പരാഗതമായ തൊഴിലുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇപ്പോൾ സർക്കാർ സർവ്വീസിൽ സേവനമനുഷ്ഠിക്കുന്നവരുമുണ്ട്.

## പട്ടികവർഗ്ഗക്കാർ

പഞ്ചായത്തിലെ നാലു് പട്ടികവർഗ്ഗ കോളനികൾ മലയോര പ്രദേശമായ (ആറാം വാർഡ്) മരോട്ടിച്ചാലിലാണ് സ്ഥിതി ചെയ്യുന്നത്. ഇവർ നാലു് കോളനികളിലായി നാല്പത് കുടുംബങ്ങളും 234 അംഗങ്ങളുമുണ്ട്. വനവിഭവ ശേഖരണവും അതുമായി ബന്ധപ്പെട്ട തൊഴിലുകളുമാണ് ഇവരുടെ ജീവിതോപാധി. ഇപ്പോൾ മറ്റു സാധാരണ തൊഴിലുകളിലും, കൃഷിയിലുമെല്ലാം ഇവർ ഏർപ്പെട്ട് തുടങ്ങിയിട്ടുണ്ട്.

## സാമൂഹിക സാമ്പത്തിക സ്ഥിതി

വിവിധ, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമൂഹ്യക്ഷേമ പദ്ധതികൾ പലതും ഇവർക്ക് വേണ്ടി നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ഇവയുടെ ഗുണ ഫലങ്ങൾ വേണ്ടത്ര രീതിയിൽ ഇവർക്ക് ലഭിച്ചിട്ടില്ല. വിദ്യാഭ്യാസപരമായി ഇവർ ഇപ്പോഴും വളരെ പിന്നോക്കാവസ്ഥയിലായതിനാൽ ഇവരുടെ യഥാർത്ഥ പ്രശ്നങ്ങളെ കുറിച്ച് പഠിക്കുവാൻ കഴിയുന്നില്ല, തന്മൂലം ഇടനിലക്കാരുടെയും മറ്റു വിഭാഗങ്ങളുടെയും ചൂഷണത്തിനും ഇവർ വിധേയരാകുന്നുണ്ട്. കോളനി സംവിധാനം മൂലം ഇവർ സമൂഹത്തിന്റെ എല്ലാ തുറകളിലും വേറിട്ടു നിൽക്കുന്ന ഒരു സ്ഥിതി വിശേഷമാണ് ഇപ്പോഴുള്ളത്. സർക്കാരിന്റെ വിവിധ പദ്ധതികളും, ആനുകൂല്യങ്ങളും ഇവർക്കു മാത്രമായി നടപ്പിലാക്കുന്നതിനു വേണ്ടി ഇവരെ കോളനിവൽക്കരിക്കുന്നതു മൂലം ഇവർ സമൂഹത്തിന്റെ സാമ്പത്തിക, സാമൂഹ്യ, സാംസ്ക്കാരികപരമായ മുഖ്യധാരയിൽ നിന്ന് മാറ്റി നിർത്തപ്പെടുകയും എന്നന്നേക്കുമായി അവരുടെ പഴയ സംസ്ക്കാരത്തിൽ തന്നെ അടിഞ്ഞു കിടക്കുന്നതിന് നിർബന്ധിതരാവുകയും ചെയ്യുന്നു.ഇവരെ ഭൗതികപരമായ ആവശ്യങ്ങൾക്കു വേണ്ടി മറ്റു വിഭാഗങ്ങൾ ബന്ധപ്പെടുത്തുന്നുണ്ടെങ്കിലും മാനസികപരമായ ഉച്ചനീചത്വം ഇപ്പോഴും നമ്മുടെ സമൂഹത്തിൽ നില

നിൽക്കുന്നതായി കാണാൻ കഴിയുന്നുണ്ട്.

ഇവരിൽ ഭൂരിഭാഗം ആളുകളും കർഷക തൊഴിലാളികളും മറ്റു പാരമ്പര്യ തൊഴിലുകളായ കുട്ട നെയ്ത്ത് , പായ നെയ്ത്ത് മുതലായവയിൽ ഏർപ്പെട്ടിരിക്കുന്നു. ഇവർ ഇപ്പോഴും സാമ്പത്തികമായി വളരെ പിന്നോക്കാവസ്ഥയിൽ തന്നെ നിലനിൽക്കുന്നു. വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയും സാമ്പത്തിക പരാധീനതയും സാങ്കേതിക വൈദഗ്ദ്ധ്യക്കുറവ് മൂലവും ഇവർ വ്യവസായ സംരംഭങ്ങളിൽ നിന്നും പുറംതള്ളപ്പെടുന്നു.

പഞ്ചായത്തിലെ പട്ടികജാതി/പട്ടികവർഗ്ഗക്കാർ ധാരാളം പ്രശ്നങ്ങൾ നേരിടുന്നുണ്ട്. അവ മുൻഗണനാക്രമത്തിൽ രേഖപ്പെടുത്തുകയാണ്.

## പ്രശ്നങ്ങൾ

### I. കുടിവെള്ളം

1. 1,3,4,5,6,10,12 എന്നീ വാർഡുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.
2. 1,2,3,4,5,6,7,9,10,12,14, വാർഡുകളിലെ കോളനികളിൽ ജലവിതരണത്തിന് പൈപ്പ് ലൈൻ സൗകര്യമില്ല.
3. 4-ാം വാർഡ് ഐ. എച്ച്. ഡി. പി. കോളനിയിൽ കൃഷി വകുപ്പിന്റെ ജലസേചന പദ്ധതികൾ മുടങ്ങി കിടക്കുന്നു.
4. ഐ. എച്ച്. ഡി. പി. സൗകര്യങ്ങൾ 6-ാം വാർഡിലെ എല്ലാ കോളനി നിവാസികൾക്കും ലഭ്യമല്ല.
5. 9-ാം വാർഡിലെ കോളനിയിലെ കുടിവെള്ള വിതരണത്തിലെ അപാകതകൾ നിലനിൽക്കുന്നു.

### II. ആരോഗ്യം

1. ഭൂരിപക്ഷം പട്ടികജാതി/പട്ടിക വർഗ്ഗ കുടുംബങ്ങളിലും പ്രാഥമിക സൗകര്യങ്ങളില്ല.
2. പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഫലപ്രദമായ ചികിത്സാ സൗകര്യം ലഭിക്കുന്നില്ല.
3. എസ്. സി/എസ്. ടി. വിഭാഗങ്ങൾക്ക് പോഷകാഹാര കുറവ് അനുഭവപ്പെടുന്നു.

### III.സാമൂഹ്യ ക്ഷേമം

1. സമൂഹത്തിൽ (പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗം) ഭാഗികമായി ജാതി ഉച്ചനീചത്വം നിലനിൽക്കുന്നു.
2. കോളനികൾക്ക് ലഭിക്കുന്ന അനുകൂല്യങ്ങൾ ഒറ്റപ്പെട്ട ഈ വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങൾക്ക് ലഭിക്കുന്നില്ല.
3. വിവിധ പെൻഷൻ പദ്ധതികളും ക്ഷേമനിധികളും പലർക്കും ലഭിക്കുന്നില്ല.
4. എസ്. സി./എസ്. ടി. വിഭാഗത്തിൽപ്പെടുന്നവരുടെ പെൺമക്കൾക്ക് വിവാഹ സഹായം ലഭിക്കുന്നില്ല.
5. സർക്കാർ സഹായങ്ങൾ അർഹരായവർക്ക് ലഭിക്കുന്നില്ല.
6. 1-ാം വാർഡ് കോളനിയിൽ ഗതാഗത സൗകര്യം ഇല്ല.
7. 6-ാം വാർഡിലെ 4 കോളനികൾക്കും പൊതു ഗതാഗത സൗകര്യം ഇല്ല.

8. എല്ലാ വാർഡുകളിലും പെൻഷൻ ക്ഷേമനിധി അനുകൂല്യങ്ങൾ ലഭിക്കുന്നില്ല.

9. പട്ടയം, റേഷൻ കാർഡ് എന്നിവ ഹ്എല്ലാവർക്കും ലഭ്യമായിട്ടില്ല.

10. പട്ടയമില്ലാത്തവർക്ക് അനുകൂല്യങ്ങൾ ലഭിക്കുന്നില്ല.

11. പല വാർഡുകളിലും പലവിധ വികസന പദ്ധതികൾ ലഭിച്ചിട്ടും യഥാർത്ഥ ഗുണം കിട്ടിയിട്ടില്ല.

12. ബോയൻ കോളനിയിൽ അടിസ്ഥാന സൗകര്യങ്ങളില്ല.

## IV. വിദ്യാഭ്യാസം

1. എസ്. സി./എസ്. ടി. വിഭാഗങ്ങളിലെ വിദ്യാഭ്യാസ നിലവാരം തീരെ മോശം.

2. നിർബന്ധിത വിദ്യാഭ്യാസം നടക്കുന്നില്ല.

3. എസ്. സി./എസ്. ടി വിഭാഗക്കാർക്ക് പ്രിപ്രൈമറി വിദ്യാഭ്യാസം ലഭിക്കുന്നില്ല(അംഗൻവാടി നേഴ്സറി സൗകര്യം).

4. കോളനികളിൽ ബാലവാടി സൗകര്യങ്ങളില്ല.

5. തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ നടക്കുന്നില്ല.

6. വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെ കുറിച്ചുള്ള ബോധവൽക്കരണം എസ്.സി/ എസ്.ടി. വിഭാഗങ്ങളിൽ നടക്കുന്നില്ല.

7. വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ നിലനിൽക്കുന്നു.

## V. ഭവന നിർമ്മാണം

1. എസ്.സി./എസ്.ടി. വിഭാഗത്തിലെ പലർക്കും സ്വന്തമായി വീടില്ല.

2. 3,6,5 വാർഡുകളിലെ എസ്.സി./ എസ്.ടി. വിഭാഗം കുടുംബങ്ങൾക്ക് സ്വന്തമായി സ്ഥലമില്ലാത്തതിനാൽ വീട് വെക്കാൻ സാധിക്കുന്നില്ല.

3. എല്ലാ വാർഡുകളിലും എസ്.സി/ എസ്.ടി വിഭാഗങ്ങൾക്ക് പ്രത്യേക കോളനി സ്ഥാപിച്ചിട്ടില്ലാത്തതിനാൽ സാംസ്ക്കാരികമായി ഉയർച്ച ലഭിക്കുന്നില്ല.

4. വർഷം തോറും പുരകെട്ടി മേയേണ്ടവർക്ക് സാമ്പത്തിക സഹായം ലഭിക്കുന്നില്ല.

5. പഴയ വീടുകൾ പുതുക്കി പണിയുവാൻ സഹായം ലഭിക്കണം.

6. ഓലമേഞ്ഞ വീടുകൾക്ക് ഓട് മേയാൻ സഹായം ലഭിക്കണം.

## VI. കൃഷി

1. വിത്ത്, വളം, കീടനാശിനി എന്നിവ സബ്സിഡിയിൽ ലഭ്യമാക്കണം.

2. കൃഷി ആയുധങ്ങൾ കിട്ടുന്നില്ല.

3. മൃഗസംരക്ഷണത്തിന് (പശു, ആട്, വളർത്തുന്നതിന്) വേണ്ടത്ര സഹായം ലഭിക്കുന്നില്ല.

4. കൃഷി ആവശ്യങ്ങൾക്ക് പമ്പ് സെറ്റ് ലഭ്യമാക്കണം.

## VII. ഗതാഗതം

1. കോളനികളിലേക്കുള്ള റോഡുകളുടെ ശോചനീയാവസ്ഥ, അഭാവം.

2. ഭൂരിഭാഗം കോളനികളിലേക്കുമുള്ള റോഡുകൾ ടാറിംഗ് ഇല്ലാത്തവയാണ്.

3. ബസ്സ് ഗതാഗത്തിന്റെ (ഗതാഗത സൗകര്യം) അഭാവം.

## VIII. വ്യവസായം

1. തൊഴിൽ പരിശീലനവും, സഹായവും ലഭിക്കുന്നില്ല.

2. തൊഴിൽ സംരംഭക പരിശീലനം ലഭിക്കുന്നില്ല.

3. അഭ്യസ്തവിദ്യർക്ക് സ്വയം തൊഴിലിന് സ്വന്തം കാര്യത്തിൽ ബാങ്കു വായ്പ ലഭിക്കുന്നില്ല.

4. വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനും, കൃഷി ഭൂമി വാങ്ങുന്നതിനും ഉദാര വ്യവസ്ഥയിൽ ദീർഘകാല വായ്പ.

5. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനായി ജില്ലാ തലത്തിൽ ടെക്നിക്കൽ സ്ക്കൂൾ നിലവിലില്ല.

6. ഹരിജൻ കോർപ്പറേഷന്റെ തൊഴിൽ പദ്ധതികൾ ലഭ്യമല്ല.

7. പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ വാഹന വായ്പ യഥാസമയം ലഭിക്കുന്നില്ല.

## IX. സഹകരണം

1. സഹകരണ സംഘത്തിൽ നിന്ന് കൂടുതൽ വായ്പകൾ ലഭ്യമാക്കണം.

2. സഹകരണ ചെറുകിട വ്യവസായങ്ങൾ ഒന്നുമില്ല.

3. മാന്ദാമംഗലം ഹരിജൻ സംഘത്തിന്റെ പ്രവർത്തനം നിലച്ചു പോയിരിക്കുന്നു.

4. ആറാം വാർഡിൽ വന വിഭവങ്ങൾ ശേഖരിക്കുവാൻ സൊസൈറ്റികളില്ല.

## X. ഊർജ്ജം

1. പഞ്ചായത്തിലെ ഭൂരിഭാഗം കോളനികളിലും (പട്ടികജാതി/പട്ടികവർഗ്ഗ ഗിരിജൻ കോളനി) കുടുംബങ്ങളിലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല.

2. സ്ട്രീറ്റ് ലൈറ്റുകൾ ഇല്ല. ഉള്ളവ കത്തുന്നുമില്ല.

3. വൈദ്യുതികരണം ഇല്ലാത്തതിനാൽ കൃഷിയാവശ്യത്തിനുള്ള മോട്ടോറിനുള്ള സഹായം ലഭിക്കുന്നില്ല.

4. പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലെ കുടുംബങ്ങളിൽ ദക്ഷതയുള്ള അടുപ്പുകൾ ലഭ്യമല്ല.

## XI. സംസ്ക്കാരം

1. മിക്ക വാർഡുകളിലും കോളനികൾ സ്ഥാപിച്ച് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളെ മറ്റു ജനങ്ങളിൽ നിന്നും ഒറ്റപ്പെടുത്തിയിട്ടുള്ളതിനാൽ മറ്റു വിഭാഗങ്ങളുമായി ഇടകലർന്ന് ലഭിക്കുന്ന സാംസ്ക്കാരിക ഉന്നമനം ലഭിച്ചിട്ടില്ല.

2. പട്ടികജാതി/പട്ടികവർഗ്ഗവിഭാഗങ്ങൾ സാംസംക്കാരികമായി ഇപ്പോഴും വളരെയധികം പിന്നോക്കാവസ്ഥയിലാണ്.

3. മിക്ക കോളനികളിലും വായനശാലകളില്ല, ടി. വി. സെറ്റുകളില്ല, കമ്മ്യൂണിറ്റി ഹാളില്ല.

4. കലാകായികപരമായി പ്രോത്സാഹനം ലഭിക്കുന്നില്ല.

5. പരമ്പാഗതമായ ആചാരങ്ങൾക്കും, കലകൾക്കും പ്രോത്സാഹനവും സംരക്ഷണവും ലഭിക്കുന്നില്ല.

6. സാംസ്ക്കാരിക ഉന്നതിക്കുള്ള ബോധ വൽക്കരണ ക്ലാസ്സുകൾ ലഭിക്കുന്നില്ല.

7. പരമ്പരാഗത തൊഴിലുകൾക്കും, കരകൗശല നിർമ്മാണ പ്രവർത്തനങ്ങ ൾക്കും പ്രോത്സാഹനങ്ങളും സഹായ ങ്ങളും ലഭിക്കാത്തതിനാൽ ഈ കഴിവു കൾ നശിച്ചു പോകുന്നു.

8. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ (ആദിവാസികളുടെ) നാട്ടറിവും ഒറ്റമൂ ലികളും സംരക്ഷിക്കപ്പെടുന്നില്ല (ചികിത്സാരീതി)

## XII. വിപണനം

1. പച്ചമരുന്ന്, വനവിഭവങ്ങൾ, കരകൗ ശല ഉല്പന്നങ്ങൾ, എന്നിവ വിപണന പ്രശ്നങ്ങൾ നേരിടുന്നു (സൗകര്യമില്ല)

## XIII. പൊതുവായ പ്രശ്നങ്ങൾ

1. കാർഷിക പ്രാധാന്യമുള്ള കോളനി കളിൽ ഫാം ഹൗസുകൾ നിലവിലില്ല.

2. വികസന പദ്ധതികൾ നടപ്പാക്കു ന്നതോടൊപ്പം പുരോഗതി യഥാസമയം വിലയിരുത്തപ്പെടുന്നില്ല.

3. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങ ളിലെ 10,000 രൂപ വരെയുള്ള കടങ്ങൾ എഴുതി തള്ളണം.

4. മരത്താക്കരയിലെ മൂന്ന് സെന്റ് മിച്ച ഭൂമി ഹരിജൻ സെറ്റിൽമെന്റ് കോളനി യായി പ്രഖ്യാപിക്കണം, ഭൗതീക സൗകര്യങ്ങൾ ഏർപ്പെടുത്തണം.

# പരിഹാര നിർദ്ദേശങ്ങൾ

## I. ജലവിതരണം

1. പഞ്ചായത്തിലെ എല്ലാ ഹരിജൻ കോളനികളിലും (എസ്.സി./എസ്.ടി.) ഒറ്റപ്പെട്ട കുടുംബങ്ങളിലേയും കുടിവെള്ള ക്ഷാമം, ആവശ്യമു ണ്ടെങ്കിൽ പൈപ്പ് ലൈനുകൾ നീട്ടിയും പുതിയവ സ്ഥാപിച്ചും അടിയന്തിരമായി പരിഹരിക്കണം.

2. 4,9,10 വാർഡുകളിൽ, കോളനിയിൽ ജലസേചന പദ്ധതികൾ മുടങ്ങികി ടക്കുന്നത് ഉടൻ നടപ്പിലാക്കണം.

3. ഐ.എച്ച്.ഡി.പി. സൗകര്യങ്ങൾ ആറാം വാർഡിലെ എല്ലാ ഗിരിജൻ കോളനി നിവാസികൾക്കും ലഭ്യമാക്കണം.

4. ഒമ്പതാം വാർഡിലെ കോളനികളിലെ കുടിവെള്ളവിതരണത്തിലെ അപാകതകൾ പരിഹരിക്കണം.

## II. ആരോഗ്യം

1. പ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്ത എല്ലാ എസ്.സി./എസ്.ടി. കുടുംബങ്ങളിലും, കോളനികളിലും ഇവ എർപ്പെടുത്തണം.

2. പരിസര ശുചീകരണത്തിന്റേയും ശുചിത്വത്തിന്റേയും ആവശ്യകതയെ കുറിച്ച് ബോധവൽക്കരണ് നടത്തണം.

3. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ ങ്ങളിലെ എല്ലാ കുടുംബങ്ങൾക്കും ചികിത്സാസൗകര്യങ്ങൾ ലഭ്യമാക്കണം. ഇവർക്ക് പോഷകാഹാര വിതരണം ലഭ്യമാക്കണം.

4. എസ്.സി/എസ്.ടി. വിഭാഗങ്ങളുടെ എല്ലാ കിണറുകളിലും ചുറ്റു മതിൽ കെട്ടേണ്ടതിന്റെ ആവശ്യകതയെ

ക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സു കളും ലഘുലേഖ വിതരണവും നടത്തണം.

5. എല്ലാ കോളനികളിലും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തണം.

6. കുരുടൻചിറ, അംബേദ്കർ കോളനിയോടനുബന്ധിച്ച് കുളിക്കടവ് നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

7. ആരോഗ്യ ചികിത്സാരംഗങ്ങളിൽ അവബോധ ക്യാമ്പും സർക്കാർ സേവനവും ലഭ്യമാക്കണം.

8. മാരക രോഗങ്ങൾ പിടിപെട്ടവർക്ക് ചികിത്സാസഹായധനം ലഭ്യമാക്കണം.

9. പഞ്ചായത്തിന്റെ കിഴക്കൻ മലയോരപ്രദേശങ്ങളിൽ പൊതുവേ ചികിത്സക്കുള്ള സൗകര്യം വളരെ കുറവാണ്. ഈ അസൗകര്യം ഇവരെ (എസ്.സി./എസ്.ടി. വിഭാഗക്കാരെ) ചികിത്സയിൽനിന്നും പിൻതിരിപ്പി ക്കുന്നു അതിനാൽ കിഴക്കൻ മലയോരപ്രദേശം കേന്ദ്രമാക്കിക്കൊണ്ട് ഒരു ആശുപത്രി തുടങ്ങുവാൻ വേണ്ട നടപടി സ്വീകരിക്കണം.

## III. സാമൂഹ്യ ക്ഷേമം

1. സമൂഹത്തിൽ ഇവരുമായി ജാതി - ഉച്ചനീചത്വം നിലനിൽക്കുന്നത് കോളനി സംവിധാനത്തിന്റെ ഒരു പ്രധാന ദൂഷ്യ വശമാണ് അതുകൊണ്ട് ഇവർ മറ്റു മതവിഭാഗങ്ങളിൽ നിന്നും സാംസ്ക്കാരികമായും, സാമൂഹി കമായും ഒറ്റപ്പെടുന്നു. ഇപ്പോഴത്തെ കോളനി സംവിധാനം അവസാനി പ്പിക്കുകയും ഇവരെ ജനസമൂഹ ത്തിന്റെ നാനാ രംഗങ്ങളിലേക്ക് പുനരധിവസിപ്പിച്ചുകൊണ്ട് സമൂഹവു മായുള്ള ഇഴുകിച്ചേരൽ ഉറപ്പാക്കണം

2. കോളനികൾക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ഈ വിഭാഗത്തി ൽപ്പെട്ടു കിടക്കുന്ന എല്ലാ കുടുംബ ങ്ങൾക്കും ലഭ്യമാക്കണം.

3. ഇവരുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം ലഭ്യമാക്കണം.

4. കോളനികളിൽ ഭൂമി വളരെ പരിമിത മായതിനാൽ ഇവർക്കായി പൊതുശ്മ ശാനങ്ങൾ ഏർപ്പെടുത്തണം.

5. ഇവർക്കുള്ള എല്ലാ പെൻഷൻ ക്ഷേമനിധി ആനുകൂല്യങ്ങളും കിട്ടുന്നുണ്ടെന്നുറപ്പു വരുത്തണം.

6. പട്ടയം റേഷൻകാർഡ് എന്നിവ ലഭിച്ചിട്ടില്ലാത്തവർക്ക് എത്രയും വേഗം ലഭിക്കാനുള്ള നടപടി സ്വീകരിക്കണം.

7. നടപ്പാക്കപ്പെടുന്ന പദ്ധതികളുടെ ഗുണനിലവാരം അടിക്കടി വിലയിരുത്തപ്പെടണം. അതിനാൽ പഞ്ചായത്ത് തലത്തിൽ സമിതി രൂപീകരിക്കണം.

## IV വിദ്യാഭ്യാസം

1. വിദ്യാഭ്യാസ കോംപ്ലക്സ് നടപ്പാക്കുകയും അതിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ പഠനനിലവാരം പ്രത്യേകം വിലയിരുത്തപ്പെടണം.

2. ഇവർക്കായി അംഗൻവാടികളും, നെഴ്സറികളും, ബാലവാടികളും സ്ഥാപിക്കണം.

3. ജനവിദ്യാ കേന്ദ്രങ്ങൾ സ്ഥാപിച്ച് തുടർ സാക്ഷരതാ പ്രവർത്തനം കാര്യക്ഷമമാക്കണം.

4. പഠനോപകരണങ്ങൾ സൗജന്യമായി നൽകണം.

## V. ഭവന നിർമ്മാണം

1. സ്വന്തമായി സ്ഥലവും, വീടും ഇല്ലാത്തവർക്ക് അവ കിട്ടുവാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കണം.

2. വീടുകൾ പുതുക്കി പണിയുന്നതിനാവശ്യമായ നടപടി സ്വീകിരിക്കണം.

## VI. കൃഷി

1. ഈ വിഭാഗത്തിൽപ്പെടുന്ന കൃഷിക്കാർക്ക് വിത്ത്, വളം, കീടനാശിനി മുതലായവ സൗജന്യമായി നൽകണം.

2. ഇവർക്ക് സൗജന്യമായി നൽകാനുള്ള കൃഷിപ്പണിയായുധങ്ങൾ ലഭ്യമാക്കുവാൻ വേണ്ട നടപടികൾ ഉണ്ടാകണം.

3. കൃഷിയാവശ്യങ്ങൾക്ക് പമ്പ് സെറ്റ് ആവശ്യമുള്ളവർക്ക് കൂടുതൽ സബ്സിഡിയോടുകൂടി പമ്പ്സെറ്റ് വിതരണം ചെയ്യണം.

4. മൃഗങ്ങളെ വളർത്താൻ സൗകര്യമുള്ളവർക്ക് ഉദാരവ്യവസ്ഥയിൽ ധനസഹായം ലഭിക്കണം.

## VII. ഗതാഗതം

1. കോളനികളിലേക്ക് റോഡുകൾ വെട്ടുകയും, അവയുടെ ശോചനീയാവസ്ഥ പരിഗണിച്ച് ടാറിംഗ് നടത്തുവാൻ ജനപങ്കാളിത്തത്തോടെയുള്ള പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കണം.

2. കോളനികളിലൂടെ ബസ്സ് റൂട്ടുകൾക്ക് സാധ്യതയുള്ള സ്ഥലങ്ങളിൽ ബസ്സ് റൂട്ടുകൾ അനുവദിക്കാൻ നടപടിയെടുക്കണം.

## VIII. വ്യവസായം

1. തൊഴിൽ സംരംഭകർക്ക് പരിശീലനവും സഹായവും ലഭ്യമാക്കണം.

2. അഭ്യസ്തവിദ്യർക്ക് തൊഴിൽ യൂണിറ്റുകൾ തുടങ്ങുന്നതിനും കൃഷി ഭൂമി വാങ്ങുന്നതിനുമായി സ്വന്തം ജാമ്യത്തിൽ ദീർഘകാല വായ്പാ വ്യവസ്ഥ നടപ്പാക്കണം.

3. ഈ വിഭാഗത്തിലെ യുവാക്കളിൽ സാങ്കേതിക വൈദഗ്ദ്ധ്യം വളർത്തുവാനായി ഇവർക്കായി ജില്ലാതലത്തിൽ ടെക്നിക്കൽ സ്കൂൾ സ്ഥാപിക്കണം.

4. എസ്.സി/എസ്.ടി. കോർപ്പറേഷന്റെ തൊഴിൽ പദ്ധതികളും, വായ്പാ പദ്ധതികളും യഥാസമയം ഇവരിൽ എത്തിക്കുവാൻ വേണ്ട ഇൻഫർമേഷൻ സെന്ററുകൾ സ്ഥാപിക്കണം.

## IX. സഹകരണം

1. സഹകരണ സംഘങ്ങളിൽ നിന്ന് ഇവർക്ക് ലഭിക്കുന്ന വായ്പകളുടെ വ്യവസ്ഥകൾ ഉദാരമാക്കുക.

2. സഹകരണ പ്രസ്ഥാനത്തിലൂടെ ഇവർക്കിടയിൽ ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കണം.

3. മാന്ദാമംഗലം ഹരിജൻ സഹകരണ സംഘത്തിന്റെ നിലച്ചുപോയ പ്രവർത്തനം വീണ്ടും ആരംഭിച്ച് മരോട്ടിച്ചാൽ ഭാഗത്തുള്ള ഗിരിജനങ്ങൾക്കു കൂടി ഉപയോഗപ്രദമായ രീതിയിൽ പുതിയ സംരംഭങ്ങൾ തുടങ്ങണം.[ഉദാഹരണം വനവിഭവശേഖരണ സൊസൈറ്റി, വനവിഭവസംസ്ക്കരണ യൂണിറ്റ്, മുതലായവ]

## X. ഊർജ്ജം

1. വൈദ്യുതി കണക്ഷൻ ലഭിക്കാത്ത എസ്.സി./എസ്.ടി. കുടുംബങ്ങൾക്ക് അടിയന്തിരമായി വൈദ്യുതി എത്തിക്കണം.

2. ഇവരുടെ കോളനികളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുകയും, കത്താത്തവ മാറ്റി ഇടുകയും വേണം.

3. ഇവർക്കിടയിൽ ദക്ഷത കൂടിയ പുകയേൽക്കാത്ത അടുപ്പുകളുടെ പ്രചരണത്തിനായി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കണം.

4. വൈദ്യുതി എത്തിക്കുവാൻ പറ്റാത്ത കോളനികളിൽ സൗരോർജ്ജ വൈദ്യുത പദ്ധതി ഗവൺമെന്റ് സബ്സിഡിയോടുകൂടി നടപ്പാക്കണം.

## XI. സംസ്ക്കാരം

1. സാംസ്ക്കാരികമായി ഇവർ സമൂഹത്തിന്റെ പൊതുധാരയിൽ എത്തുന്നതിന് കോളനിസംവിധാനം വിഘാതമായി നിൽക്കുന്നു. കോളനി സംവിധാനത്തെ നിരുത്സാഹപ്പെടുത്തുകയും നാടിന്റെ, നാനാ ഭാഗങ്ങളിലേക്ക് കുടിയേറുവാനുള്ള പ്രോത്സാഹനം നൽകുകയും വേണം.

2. ഇവരുടെ സാംസ്ക്കാരിക ഉന്നമനത്തിനായി കോളനികളോടനുബന്ധിച്ച് വായനശാലകളും ടി. വി. സെന്ററുകളും സ്ഥാപിക്കണം.

3. ഇവരിലെ കലാകായിക പ്രതിഭകളെ വളർത്തുവാനായി അവർക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ടുള്ള പരിപാടികൾ (കലാകായിക മത്സരങ്ങൾ) ആരംഭിക്കണം.

4. അവരുടെ പരമ്പാരാഗത കലാരൂപങ്ങളേയും കരകൗശല നിർമ്മാണ പ്രവർത്തനങ്ങളേയും പ്രോത്സാഹിപ്പിക്കുവാനായി അവർക്ക് കൂടി പങ്കാളിത്തമുള്ള ജനകീയ സമിതികൾ രൂപീകരിച്ച് പരിപാടികൾ ആവിഷ്ക്കരിക്കണം.

## XII. വിപണനം

1. ഇവരുടെ മുൻകൈയ്യുള്ള സഹകരണ സംഘങ്ങൾ സ്ഥാപിച്ച് പച്ചമരുന്ന്, വനവിഭവങ്ങൾ, കരകൗശല ഉല്പന്നങ്ങൾ എന്നിവയുടെ വിപണന പ്രശ്നം ഒരു പരിധി വരെ പരിഹരിക്കാവുന്നതാണ്.

## XIII. മറ്റു പൊതു പ്രശ്നങ്ങൾ

1. കാർഷിക പ്രാധാന്യമുള്ള കോളനികളിൽ ഫാം ഹൗസുകൾ നിർമ്മിക്കണം.

2. കോളനി സംവിധാനം നിരുത്സാഹപ്പെടുത്തണം.

3. വികസന പദ്ധതികളുടെ പുരോഗതി യഥാസമയം വിലയിരുത്തണം.

4. ഇവരുടെ അടിസ്ഥാനസൗകര്യങ്ങൾക്ക് മുൻതൂക്കം നൽകി ശോച്യാവസ്ഥകൾ പരിഹരിക്കണം.

# വിഭവസമാഹരണം

വിസ്തൃതമായ മലയോര പഞ്ചായത്താണ് നമ്മുടേത്. പഞ്ചായത്തിന്റെ മുഖ്യമായ വരുമാന മാർഗ്ഗം വീട്ടു നികുതിയാണ്. ഒരു ചെറിയ വരുമാനം വ്യവസായത്തിൽ നിന്നും ലഭിക്കുന്നു.

പഞ്ചായത്തിന്റെ മൊത്തം വാർഷിക വരുമാനം 7,25,000 രൂപയാണ്. ഇതിൽ കെട്ടിട നികുതിയായി 4,50,000 രൂപയും, തൊഴിൽ നികുതിയായി 1,75,000 രൂപയും, വിനോദ നികുതിയായി 1,00,000 രൂപയും പഞ്ചായത്തിന് ലഭിക്കുന്നു. പഞ്ചായത്തിന്റെ ഭരണപരമായ ചിലവിലേക്ക് വലിയൊരു ഭാഗം നീക്കി വെയ്ക്കുന്നു. മൊത്തം 6,60,000 രൂപ ഇതിനായി ചിലവാകുന്നു. വർഷത്തിൽ സ്ട്രീറ്റ് ലൈറ്റിന് വേണ്ടി കറന്റ് ചാർജ്ജ് ആയി 1,82,000 രൂപയും. വാട്ടർ സപ്ലൈക്ക് വേണ്ടി (വാട്ടർ അതോറിറ്റിക്കു്) 2,10,000 രൂപയും ചിലവാകുന്നു.

അൺ ടൈഡ് ഫണ്ടായി 1995ൽ പഞ്ചായത്തിന് 3,24,000 രൂപയും 1996ൽ 3,55,000 രൂപയും ലഭിക്കുകയും, വിവിധ പ്രവർത്തനങ്ങൾക്കായി ചിലവഴിക്കുകയും ചെയ്തു. അൺടൈഡ് ഫണ്ടായ വി. ആർ. എം.; എസ് ആർ. വി. ഗ്രാന്റുമായി ആകെ കിട്ടിയ 9.5 ലക്ഷം രൂപയിൽ നിന്നും 4.5 ലക്ഷം രൂപ വെട്ടുകാട് ഷോപ്പിംഗ് സെന്റർ നിർമ്മിക്കുന്നതിനും, (വെട്ടുകാട് ഷോപ്പിംഗ് സെന്ററിന് മൊത്തം ഒൻപത് ലക്ഷം രൂപ ചിലവായതിൽ നാലര ലക്ഷം രൂപ എസ്. ആർ. വി. ഫണ്ടിൽ നിന്നും ബാക്കി നാലര ലക്ഷം രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നുമാണ് എടുത്തത്) രണ്ട് ലക്ഷം രൂപ കുടിവെള്ളത്തിനും, 50 കക്കൂസുകൾ നിർമ്മിക്കുന്നതിനും വേണ്ടിയാണ് കൊടുത്തിരിക്കുന്നത്. ഇതിൽ 1,59,00 രൂപയുടെ പ്രവർത്തനങ്ങൾ നടത്താനുണ്ട്. വി. ആർ. എം. ഗ്രാന്റ് ഉപയോഗിച്ച് വർഷത്തിൽ 60,000 രൂപയുടെ റോഡ് മെയിന്റനൻസ് വർക്കു് പഞ്ചായത്ത് നോമിനിയെ വെച്ച് നടത്തുന്നു. പഞ്ചായത്ത് നേരിട്ട് പതിനായിരം രൂപ വരെയുള്ള വർക്കുകൾ ചെയ്യുന്നു. മരാമത്ത് പണികൾ നടത്തുന്നത് കോൺട്രാക്ടർ മുഖേനയാണ്. ഇതിൽ ആർ.ഡി.ബി. ഫണ്ടിൽ നിന്നും 20 ലക്ഷം ഉപയോഗിച്ച് കുരിശുമൂലയിൽ പണി തീർത്ത കല്ല്യാണ മണ്ഡപത്തിന് ഇനി 18 ലക്ഷം രൂപ തിരിച്ചടക്കാനുണ്ട്. വർഷം തോറും 2 ലക്ഷം രൂപ വീതം ഇതിലേക്ക് അടയ്ക്കുന്നുണ്ട്. വായ്പ വാങ്ങി നിർമ്മിച്ച ഈ പദ്ധതിയിൽ നിന്നും പ്രതിവർഷം അൻപതിനായിരം രൂപയേ കിട്ടുന്നുള്ളു, ഇത് തിരിച്ചടവിന് തികയില്ല. അതിനാൽ 3 - 4 വർഷമായി പൊതുമരാമത്ത് പണികൾ ഒന്നും തന്നെ നടക്കുന്നില്ല.

എസ്. ആർ. വി, ഫണ്ടിൽ നിന്ന് 1,09,000 രൂപ പഴയ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ പുത്തൂരിലെ പോസ്റ്റോഫീസ് മാറ്റി സ്ഥാപിക്കുന്നതിനു വേണ്ടിയും, 50,000 രൂപ മരോട്ടിച്ചാലിലെ ഫാമിലി വെൽഫെയർ സെന്ററിലേക്ക് വൈദ്യുത ലൈൻ വലിക്കുവാനുമായി നീക്കി വച്ചിരിക്കുന്നു.

പഞ്ചായത്തിലെ വരുമാനത്തിന്റെ മുഖ്യ പങ്കും ഭരണപരമായ ചിലവിലേക്കാണ് പോകുന്നത് 1,15., 1,22., 1,23 വകുപ്പുകൾ പ്രകാരം ഇപ്പോൾ നികുതി വർദ്ധിപ്പിക്കുവാൻ സാധിക്കുകയില്ല. ലൈബ്രറി സെസ്സായിട്ടും, പിഴയായിട്ടും നല്ലൊരു സംഖ്യ ഇപ്പോൾ തന്നെ പിരിക്കുന്നുണ്ട്. ഇനിയും ഇത് വർദ്ധിപ്പിച്ചാൽ ജനങ്ങൾക്ക് ബുദ്ധിമുട്ടാകും.

പ്രത്യക്ഷ ഉല്പാദന മേഖലയിൽ സമീപ കാലത്ത് പഞ്ചായത്ത് ഒരു പ്രവർത്തിയും നടത്തിയിട്ടില്ല.

ഫലവൃക്ഷങ്ങളിൽ നിന്നും ലേലം

വകയിൽ പഞ്ചായത്തിന് 1257 രൂപയും ഷോപ്പിംഗ് കോംപ്ലക്സ് വകയിൽ 36,588 രൂപയും മറ്റു വിധത്തിൽ 5,905 രൂപയും ലഭിച്ചിട്ടുണ്ട്. വെട്ടുകാട് ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നും ഒരു ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുവാൻ ഇന്നുള്ള രീതി മാറ്റണം. കാരണം, ഇന്നു നമ്മുടെ പഞ്ചായത്തിലുള്ള എല്ലാ വീടുകൾക്കും ഒരേ രീതിയിലുള്ള നികുതിയാണ് ഈടാക്കുന്നത്. ഈ രീതി മാറ്റി ഏരിയാടിസ്ഥാനത്തിൽ, തറ വിസ്തീർണ്ണം കണക്കാക്കിയും, മണിമന്ദിരങ്ങൾക്ക് കൂടിയതോതിലും നികുതി ചുമത്തണം. പ്രാദേശികാവശ്യങ്ങൾക്കായി തയ്യാറാക്കുന്ന സ്കീമുകൾ പലപ്പോഴും ലക്ഷ്യത്തിലെത്താതെ പോകുന്നു. ഇതിന് കാരണം ഗുണഭോക്താക്കളുമായി വേണ്ട വിധം ആലോചിച്ച് നടപ്പിലാക്കാൻ തയ്യാറാകാത്തതാണ്. ഒരു പദ്ധതിക്ക് ലഭിക്കുന്ന ധനസഹായം അതിന് ചിലവഴിക്കാതെ, വഴിമാറ്റി ഉപയോഗപ്പെടുത്തുന്നതും നിർത്തണം. ചില ആവശ്യങ്ങൾക്ക് സംഭാവനയായി സ്വരൂപിക്കുന്ന ഫണ്ടുകളും വളരെ കൃത്യനിഷ്ഠയോടെ വിനിയോഗിക്കണം.

സാമൂഹ്യ വികസന രംഗത്ത് സന്നദ്ധ സംഘടനകളുടെയും സന്നദ്ധ പ്രവർത്തകരുടെയും, കൂട്ടായ പ്രവർത്തനങ്ങൾക്ക് വേണ്ട വേദിയും, അതിന് സാധ്യമായ പദ്ധതികളും കണ്ടെത്തി നടപ്പാക്കണം. ഇതിനുപകാരമായ വിധം ക്ലാസ്സുകളും പരിശീലന പരിപാടികളും സംഘടിപ്പി ക്കണം. സി. എസ്. ഡബ്ല്യൂ. ബി., സി. എ. പി., എ. ആർ. ടി., ഐ. സി. ഡി. പി., അനെർട്ട്, ഡി. ഡബ്ല്യൂ. സി. ആർ. എ., ഗ്രൂപ്പ് -ഐ. ആർ. ഡി. പി., എസ്.ഐ.ഡി.ബി.ഐ യുടെ ഇൻഫോർ മൽ ബാങ്കിംഗ്, നിർമ്മിതി, കോസ്റ്റ് ഫോർഡ്, കമ്യൂണിറ്റി പോളിടെക്നിക് സ്കീം തുടങ്ങിയവയുടെ സഹായത്താൽ നമ്മുടെ പഞ്ചായത്തിലെ വിവിധ മേഖലകളിൽ കഴിയാവുന്ന പദ്ധതികൾ നേടിയെടുക്കണം. ചാരിറ്റബിൾ യൂണിറ്റുകളും, മഹിളാസംഘടനകളും, ക്ലബ്ബുകളും, ഇതിനായി രൂപീകരിക്കണം. പുത്തൂരിൽ നിലവിൽ കെസ്സ് സംഘടനയും, സംസ്ക്കാര വിദ്യാഭ്യാസ ഗവേഷണ പരിശീലന കേന്ദ്രവും മറ്റു സന്നദ്ധ സേവന സംഘടനകളുടെ പദ്ധതികളും, കൂടുതൽ പേർക്ക് ഗുണം കിട്ടുമാറ് വിപുലീകരിക്കണം. കമാന്റ് ഏരിയാ ഡവലപ്പ്മെന്റ് പദ്ധതി (കാഡ) നീർമറി വികസന പദ്ധതി, വെസ്റ്റേൺ ഘാട്ട് ഡവലപ്പ്മെന്റ് പ്രോജക്ട്, വിനോദ സഞ്ചാര വികസന പദ്ധതി, കമ്യൂണിറ്റി ഇറിഗേഷൻ പദ്ധതി തുടങ്ങി സർക്കാരിന്റേയും, വിദേശ രാഷ്ട്രങ്ങളുടേയും സഹായ പദ്ധതികളും നടപ്പിൽ വരുത്തണം. വികസനപരമായ സ്കീമുകൾ തയ്യാറാക്കുന്നതിനും അവ നടപ്പിലാക്കുന്നതിനു വേണ്ടി സാദ്ധ്യമായ ഏജൻസികളെ കണ്ടെത്തുന്നതിനും, വളരെയേറെ പ്രയാസങ്ങൾ നേരിടുന്നുണ്ട്. വ്യക്തികളുടെ സ്വയം തൊഴിൽ പദ്ധതിയായാലും, സഹകരണ പ്രസ്ഥാനം രൂപീകരിച്ച് പ്രവർത്തിച്ചാലും അത്തരം സംരംഭങ്ങൾക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങളും,ബാങ്ക വായ്പ, മാർക്കറ്റിംഗ്, എന്നീ കാര്യങ്ങൾ സംഘടിപ്പിച്ചു കൊടുക്കുന്നതിനും സംവിധാനങ്ങൾ പഞ്ചായത്ത് തലത്തിൽ നിലവിൽ വരണം.

സർക്കാരിൽ നിന്നും അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ ഇതര സ്ഥാപനങ്ങളിൽ നിന്നും, ലഭിക്കാവുന്ന കൃഷി, മൃഗസംരക്ഷണ, മത്സ്യ ബന്ധന, ജലസേചന, ആരോഗ്യ, വിദ്യാഭ്യാസ, മേഖലകളിലേയും, ക്ഷേമ പ്രവർത്തന ങ്ങളുടെയും, വ്യവസായ, ഊർജ്ജ ഗതാഗത മേഖലകളിലേയും, മറ്റും നിരവധി പ്രോജക്ട്കൾ ഉണ്ട്. ഇവയെല്ലാം യഥാവിധി നടപ്പിൽ വരുത്തുന്നതിന് അറിവും, കഴിവും, സന്നദ്ധതയുമുള്ള വരടങ്ങുന്ന കർമ്മ സമിതികൾ വിവിധ വിഭാഗങ്ങളിൽ നിലവിൽ വരണം.

ജനങ്ങൾക്ക് സേവനം ആവശ്യമുള്ള വിവിധ തുറകളിൽ സഹകരണ സംഘങ്ങൾ രൂപീകരിച്ച് സർക്കാരിന്റെ സഹായങ്ങൾ ജനങ്ങളിൽ എത്തിക്കണം. സ്ത്രീകൾക്ക്, തൊഴിലിനും, സാമ്പത്തിക സഹായത്തിനും നിലവിൽ സേവനം കിട്ടുന്ന എസ്.ഐ.ഡി.ബി.ഐ യുടെ ഇൻഫോർമൽ ബാങ്കിംഗ് പ്രവർത്തനം ഓരോ വാർഡിലും മഹിളാസംഘങ്ങൾ രൂപീകരിച്ച് നടപ്പാക്കണം. ചെറിയ തോതിലുള്ള സേവിംഗ്സുകളും, ത്രിഫ്റ്റുകളും, കുറികളും ഇതിലൂടെ നടപ്പാക്കി 12 ശതമാനം പലിശയ്ക്ക് പരസ്പര ജാമ്യത്തിലും, വിശ്വാസത്തിലും സ്ത്രീകൾക്കു മാത്രം വായ്പ നൽകൽ പദ്ധതി ആവിഷ്ക്കരിക്കാവുന്നതാണ്. ദേശീയ സമ്പാദ്യ പദ്ധതിയേയും, സോഷ്യൽ ഇൻഷുറൻസ് പദ്ധതിയേയും, രോഗ ചികിത്സാബന്ധിത ഇൻഷുറൻസ് പദ്ധതിയേയും, ഇതേ പോലെ നടപ്പിലാക്കാൻ വേണ്ടത് ചെയ്യണം.

പഞ്ചായത്തിൽ ലഭ്യമായ ഊർജ്ജ ഉറവിടങ്ങൾ ഉപയോഗപ്പെടുത്തി, ജനങ്ങൾക്ക് സേവനവും, പഞ്ചായത്തിന് വരുമാനവും ലഭ്യമാകുംവിധം നടപ്പിലാക്കണം. ഉദാ:- ഓലക്കയം വെള്ളച്ചാട്ടത്തിൽ നിന്നും വൈദ്യുതി മഴക്കാലത്ത് ഉല്പാദിപ്പിക്കാം, വേയ്സ്റ്റുകളിൽ നിന്നും, ബയോഗ്യാസ് ഉല്പാദിപ്പിക്കൽ, വേയ്സ്റ്റുകളിൽ നിന്നും ജൈവവളം ഉണ്ടാക്കൽ, സൗരോർജ്ജം ഉപയോഗപ്പെടുത്തിയും, കാറ്റിൽ നിന്നും, വൈദ്യുതിയുണ്ടാക്കലും, പുകയില്ലാത്ത അടുപ്പ്, പ്രഷർ കുക്കർ, സോളാർ ഹീറ്റർ തുടങ്ങിയവ നടപ്പിലാക്കുക. ജലസ്രോതസ്സുകളിൽ നിന്നും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടത്താൻ അനുമതി നൽകുക. കംഫർട്ട് സ്റ്റേഷനുകൾ, ടെലിഫോൺ ബൂത്തുകൾ, കമ്യൂണിറ്റി ഹാളുകൾ, മാർക്കറ്റുകൾ എന്നിവ നടത്താനും അനുവദിക്കുക. സ്ലോട്ടർ ഹൗസും, മാംസ വില്പനയും, മത്സ്യ വില്പനയും, കോൾഡ് സ്റ്റോറേജ് സ്ഥാപിക്കലും, ഗോഡൗൺ നിർമ്മിക്കലും, ഈ വിധം ചിന്താവിഷയം ആക്കേണ്ടതാണ്. വിനോദ സഞ്ചാര വികസനമായി തൃശൂരിലെ മൃഗശാല പുത്തൂരിലേക്ക് (സി.ആർ.സി) മാറ്റി സ്ഥാപിക്കലും, ഇന്റേണൽ ടൂറിസ കൺസോർഷ്യം ഉണ്ടാക്കിയും, കിഴക്കൻ മല നിരകളെ ഉപയോഗപ്പെടുത്തി, വെള്ളച്ചാട്ടങ്ങളെയും ദൃശ്യങ്ങളെയും ടൂറിസ്റ്റുകളെ കൂടുതലായി ആകർഷിക്കാൻ നടപടി എടുത്താൽ പഞ്ചായത്തിലേക്ക് പല വിധത്തിൽ (ഉദാ:വാഹന പാർക്കിംഗ്) വിവിധ പ്രവർത്തനങ്ങളിൽ നിന്നുമായി നികുതി/നികുതിയേതര വരുമാനം ഉണ്ടാക്കാൻ കഴിയും. തൃശൂർ മൃഗശാലയിൽ കഴിഞ്ഞ വർഷം പന്ത്രണ്ട് ലക്ഷം പേർ എത്തിയതായാണ് കണക്ക്. തൃശൂർ മുൻസിപ്പാലിറ്റി, കോർപ്പറേഷൻ ആകുമ്പോൾ സമീപ പഞ്ചായത്തെന്ന നിലയിൽ നമ്മുടെ പഞ്ചായത്തന് പല മേഖലകളിലും പ്രവർത്തിക്കാൻ സാദ്ധ്യതയുണ്ടാകും.

നമ്മുടെ പഞ്ചായത്തിൽ വിദേശങ്ങളിൽ തൊഴിൽ എടുക്കുന്ന 500 - 600 പേർ ഉണ്ട്. ഇതിൽ മുക്കാൽ ഭാഗവും ഗൾഫ് നാടുകളിലാണ്. ഇവരുടെ വരുമാനം, കൃഷി, മൃഗ സംരക്ഷണം, ജലസേചനം, വ്യവസായം, വാണിജ്യം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിലേക്ക് എത്താൻ ഇടവരണം. വനവുമായുള്ള സാമിപ്യം, നമ്മുടെ പഞ്ചായത്തിലെ പല വാർഡുകളിലുമുണ്ട്. പശ്ചിമഘട്ട വികസനം, വാട്ടർ ഷെഡ്ഡ് മാനേജ്മെന്റ് പദ്ധതികൾ ഔഷധസസ്യ കൃഷി, വിപണനം, മൃഗപരിപാലനം, മരപ്പണികൾ, കരിങ്കല്ല് വ്യവസായം, പച്ചിലവള നിർമ്മാണം, തുടങ്ങി രംഗങ്ങളിൽ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതുണ്ട്. പീച്ചി ഇടതുകര കനാലിന്റെ ആയക്കെട്ടുകളിലെ സമഗ്ര വികസനത്തിന് കാഡായുടെ പദ്ധതികൾ നടപ്പിലാക്കണം. പുത്തൂർ പുഴ എട്ട് കിലോമീറ്ററോളം കടന്നു പോകുന്ന നമ്മുടെ പഞ്ചായത്തിലെ കഴിയുന്നത്ര പ്രദേശങ്ങളിലെ

ജലസേചനവും, കുടിവെള്ള ലഭ്യതയും അനുയോജ്യമായ പമ്പിംഗ് സംവിധാനങ്ങളാൽ പരിഹൃതമാകണം. മണ്ണെടുത്ത കുഴികളിൽ മത്സ്യം വളർത്തലും, ടൂറിസ വികസന പരിപാടികളും നടത്തണം. വെള്ളകുഴികളിലെ ശുദ്ധജലം എളംതുരുത്തി-മരത്താക്കര പ്രദേശങ്ങളിലെ കുടിവെള്ള ലഭ്യതക്ക് ഉപയോഗപ്പെടുത്താം. അയ്യമ്പിള്ളിക്കുന്നിലെ പന്നിവളർത്തൽ പദ്ധതിയുമായി സഹകരിച്ച് മാംസ ഉല്പാദനത്തിന് സാദ്ധ്യതയുണ്ട്. ആട് വളർത്തൽ, മുയൽ വളർത്തൽ, ഓമന പക്ഷി വളർത്തലും, പാലുല്പാദനവും ഏറെ സാദ്ധ്യതയുള്ള രംഗങ്ങളാണ്. കളിമൺ വ്യവസായവും തടി വ്യവസായവും സ്വർണപ്പണിയും ഏറെ പേർക്ക് ഗുണം കിട്ടുന്നുണ്ട്. നെയ്ത്ത്, പഴവർഗ്ഗ പച്ചക്കറി ഉല്പന്ന നിർമ്മാണം, ധാന്യങ്ങളിൽ നിന്നും ആഹാരസാധനങ്ങൾ ഉണ്ടാക്കൽ, ഫാസ്റ്റ് ഫുഡ് വില്പന, പരമ്പരാഗത കൈത്തൊഴിൽ മേഖല റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, റബ്ബറധിഷ്ഠിത വ്യവസായം, നാളികേരം, അടയ്ക്ക, സുഗന്ധവ്യഞ്ജനങ്ങൾ, ആയുർവ്വേദ ഔഷധ നിർമ്മാണം തുടങ്ങി അസംസ്കൃത വസ്തുക്കളുടെ ലഭ്യതയെ അടിസ്ഥാനപ്പെടുത്തിയുള്ള വ്യവസായ സംരംഭങ്ങൾക്കും, വളരെയേറെ സാധ്യത നിലവിലുണ്ട്. കെട്ടിട നിർമ്മാണ സാമഗ്രികളും സമ്പുഷ്ഠമാണിവിടെ. ജൈവവൈവിധ്യം നല്ല പോലെയുണ്ട്. ഏറ്റവുമധികം വാഴയിനങ്ങൾ കാണപ്പെടുന്നു.

സ്വാശ്രയ പഞ്ചായത്താണ് നമ്മുടേത്. പഞ്ചായത്ത്രാജ് നിയമ പ്രകാരം മറ്റു വകുപ്പുകളിൽ നിന്നും നമ്മുടെ പഞ്ചായത്തിന് വിവിധ ഫണ്ടുകൾ ലഭിച്ചിട്ടുണ്ട്.

| ഇനം | പദ്ധതി | പദ്ധതിയിതര | ആകെ |
|---|---|---|---|
| 1. മൃഗസംരക്ഷണം | 2100.00 | 2000.00 | 4100.00 |
| 2. ആരോഗ്യം | 6641.00 | 132611.00 | 1,39,252.00 |
| 3. കൃഷി | 1170325.00 | - | 1170325.00 |
| 4. ഹരിജന ക്ഷേമം | 7978.00 | 500.00 | 8478.00 |
| 5. മറ്റുള്ളവ | 39920.00 | 5150.00 | 42070.00 |
| ആകെ | 1223964.00 | 592832.00 | 1816796.00 |

ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് തലത്തിൽ ഒരു ഫണ്ട് സ്വരൂപിക്കേണ്ടത് ആവശ്യമാണ്.

പതിനാല് വാർഡുകളുള്ള നമ്മുടെ പഞ്ചായത്തിൽ മൂന്ന് വീതം വാർഡുകളിൽ സർവ്വീസ് ഏരിയ അപ്രോച്ച് പ്രകാരം സേവനം നൽകുന്ന

1. ധനലക്ഷ്മി ബാങ്ക് (ഷെഡ്യൂൾഡ്)
2. ബാങ്ക് ഓഫ് ഇൻഡ്യ(നാഷ്ണലൈസ്ഡ്)
3. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ(അഗ്രി ബ്രാഞ്ച്) (നാഷ്ണലൈസ്ഡ്)
4. സൗത്ത് ഇൻഡ്യൻ ബാങ്ക് (ഷെഡ്യൂൾഡ്)
5. കാത്തലിക് സിറിയൻ ബാങ്ക് (ഷെഡ്യൂൾഡ്)

അഞ്ചു കമ്മേഴ്സ്യൽ ബാങ്കുകൾ നിലവിലുണ്ടെങ്കിലും ഇവിടങ്ങളിലെ കാർഷിക - അനുബന്ധ മേഖലകളിലെ വികസനത്തിനോ വാണിജ്യ വ്യവസായങ്ങൾക്കോ, വീടു വെയ്ക്കൽ, വിദ്യാഭ്യാസം, വിദേശ ജോലി, ഗാർഹികം തുടങ്ങി ആവശ്യങ്ങൾക്കോ മതിയായ സേവനം കിട്ടുന്നില്ല. പ്രയോറിറ്റി വിഭാഗം ലോണുകൾ പോലും തരാൻ വിമുഖത കാട്ടുന്നു. സർവ്വീസ് ഏരിയ ബാങ്കിനു പുറമേ, പുത്തൂർ സർവ്വീസ് സഹകരണ ബാങ്ക്, തൃശൂർ ജില്ലാ സഹകരണ ബാങ്ക്, കൊച്ചിൻ ഭൂപണയ ബാങ്ക് എന്നീ സഹകരണ ബാങ്കുകളും, കെ. എഫ്. ഡി. സി.,

കെ.എസ്.എഫ്. ഇ., സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, വിവിധ ചിട്ടി - കുറികമ്പനികൾ, കേരള സംസ്ഥാന ഹൗസിംഗ് ബോർഡ്, എൽ.ഐ.സി. തുടങ്ങി ബാങ്കിംഗ് ഇതര ധനകാര്യസ്ഥാപനങ്ങളിൽ നിന്നുമായി ആവശ്യങ്ങൾ നിവർത്തിച്ചു വരുന്നു. ഇതിൽ ജനങ്ങൾ ഏറ്റവും കൂടുതൽ ബന്ധപ്പെടുന്നതും, ആശ്രയിക്കുന്നതും പുത്തൂർ സർവ്വീസ് സഹകരണ ബാങ്കിനെയാണ്. പുത്തൂരിൽ ആസ്ഥാനമുള്ള ഇതിന് മരത്താക്കരയിലും, മാന്ദാമംഗലത്തും ബ്രാഞ്ചുകളും, വെട്ടുകാടിൽ സർവ്വീസ് സെന്ററും ഉണ്ട്. കൂടാതെ വളം ഡെപ്പോ, റേഷൻ വിതരണം എന്നിവയും നിലവിലുണ്ട്. വായ്പ തിരിച്ചടവിലെ കുറവും, ജില്ലാ ബാങ്കിലെ കുടിശ്ശികയും മൂലം ആവശ്യക്കാർക്ക് മുഴുവനുമോ, പദ്ധതി വായ്പകളോ ആവശ്യാനുസരണം കൊടുക്കാൻ കഴിയുന്നില്ല. ക്ഷീര സഹകരണസംഘങ്ങൾ മുഖേന അതിലെ അംഗങ്ങൾക്കും, ഹരിജൻ സഹകരണ സംഘത്തിലൂടെ (ഇപ്പോൾ പ്രവർത്തനരഹിതമാണ്)യും, കരിങ്കൽ തൊഴിലാളി സഹകരണസംഘത്തിലൂടെയും അംഗങ്ങൾക്ക് സഹായങ്ങൾ കിട്ടാനർഹതയുണ്ട്.

സംസ്ഥാന മണി ലെൻഡിംഗ് ലൈസൻസ് പ്രകാരമുള്ള, യാതൊരു അംഗീകാരമോ, നിയന്ത്രണമോ ഇല്ലാതെയും പ്രവർത്തിക്കുന്ന നിരവധി പണ്ടം പണയ - ചിട്ടി, കുറി, സ്ഥാപനങ്ങൾ ഒളിഞ്ഞും തെളിഞ്ഞും പ്രവർത്തിക്കുന്നുണ്ട്. 30%നു മേൽ 84ലും, 120% വരെ പലിശ പിടുങ്ങുന്ന ഇത്തരം ബ്ലെയ്ഡ് കമ്പനികൾ തട്ടിപ്പറിയിലൂടെ ജനങ്ങളെ പാപ്പരാക്കുന്ന ഒഴിയാശാപമായി നിലകൊള്ളുന്നു. ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കാനും ഇടപാടുകാരെ സംരക്ഷിക്കാനും സംഘടിത ബഹുജന മുന്നേറ്റങ്ങൾ ഉണ്ടാകേണ്ടതാണ്. വിലകുറഞ്ഞ പാചക വാതകവും, ഇന്ധനങ്ങളും പ്രചരിപ്പിക്കുവാനും, ലഭ്യമാക്കാനും നടപടി വേണം. മനുഷ്യ വിഭവമാണ് സുലഭമായ ഒരിനം. പണികളിൽ പ്രാവീണ്യമുള്ളതും, ഇല്ലാത്തതുമായ, പ്രവർത്തന ശേഷി ഉപയോഗപ്പെടുത്താതെ നഷ്ടപ്പെടുത്തുന്ന ഓട്ടേറെപ്പേരെ ചെറുപ്പക്കാർക്കിടയിലും, വയോജനങ്ങൾക്കിടയിലും സ്ത്രീ-പുരുഷ ഭേദമേന്യേ കാണാം. സന്നദ്ധസേവന പ്രവർത്തനങ്ങളിൽ വികസന-നിർമ്മാണ രംഗങ്ങളിൽ സ്വന്തമോ, സമൂഹത്തിന്റേതോ, ആയ ആസ്ഥികളിൽ അവനവന്റെ ക്രയശേഷി ഉപയോഗപ്പെടുത്താനും, ആയതിന് ആഭിമുഖ്യം ഉണ്ടാക്കാനും വേണ്ട അവബോധം സ്കൂൾ തലം മുതൽ ഉണ്ടാക്കണം. മനുഷ്യാദ്ധ്വാനം പല വികസന പ്രവർത്തനങ്ങളിലും ഉപയോഗപ്പെടുത്തി പദ്ധതികൾ നടപ്പാക്കാൻ പഞ്ചായത്ത് തലത്തിൽ ശ്രമമുണ്ടാകണം. ശ്രമദാനങ്ങളായി ചില നിർമ്മാണ പ്രവർത്തനങ്ങളും നടപ്പാക്കാനും കഴിയണം. സർക്കാർ വകുപ്പുകളിൽ കൂടി ലഭ്യമാകുന്ന പല വികസന ധനസഹായത്തിലും 10 മുതൽ 25 ശതമാനം വരെ ജനപങ്കാളിത്തവും, വിഭവസമാഹരണവും നിഷ്കർഷിക്കുന്ന പദ്ധതികളുണ്ട്. ഈ പദ്ധതികളിൽ സ്വരൂപിക്കാനാകുന്ന മനുഷ്യ വിഭവശേഷി സംഘടിപ്പിച്ചു നൽകണം. കൂടാതെ സെമിനാറുകൾ, അവബോധ ക്ലാസ്സുകൾ, ട്രെയിനിംഗ് പ്രോഗ്രാമുകൾ, സർവ്വേകൾ, പ്ലാനിംഗ് & പ്രോജക്ട് ഇംപ്ലിമെന്റേഷനുകൾ, റിഫ്രഷർ കോഴ്സുകൾ, സ്റ്റഡി ടൂറുകൾ എന്നിവയിലും ഇത്തരം പ്രവർത്തനം ആകാം.

പഞ്ചായത്തിലെ മിക്ക റോഡുകളും യഥാസമയം അറ്റകുറ്റ പണികൾ നടത്താതെയും, വെള്ളം ഒഴുകിപ്പോകാൻ കാനകൾ വൃത്തിയാക്കാത്തതു മൂലവും ഉപയോഗശൂന്യമായും പരിണമിച്ചിട്ടുണ്ട്.ഇവയെ ഉപയോഗപ്രദമാക്കാനും, ജലസേചന ജലനിർഗ്ഗമന ചാലുകളുടെ തടസ്സങ്ങൾ ഒഴിവാക്കാനും, പൊതുകുളങ്ങൾ, കിണറുകൾ, കുടിവെള്ള

പദ്ധതികൾ എന്നിവയുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതിനും, വനനശീകരണം മൃഗവേട്ട, കാട്ടുതീ എന്നീ കെടുതികൾ ഒഴിവാക്കുന്നതിനും, വെള്ളപ്പൊക്കം, കൊടുങ്കാറ്റ്, മണ്ണിടിച്ചിൽ, മണ്ണൊലിപ്പ് തുടങ്ങി പ്രകൃതി ക്ഷോഭങ്ങളിലും ഉഴലുന്നവരെ സഹായിക്കാൻ സംവിധാനം വേണം. റോഡും, ഗതാഗത സൗകര്യങ്ങളും ഉണ്ടാക്കുന്നതിലും, ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങൾ നൽകുന്നതിലും, പാർപ്പിട ശോച്യാവസ്ഥ, പരിസരശുചീകരണം, മലിനീകരണം ദൂരികരിക്കൽ, സാമൂഹ്യക്ഷേമ പദ്ധതികളുടെ സേവനം ലഭ്യമാക്കൽ, മാതൃശിശു സംരക്ഷണം, പോഷണം, വിദ്യാഭ്യാസം, ജീവനോപാധി നേടൽ, അവശ-വാർദ്ധക്യകാല സംരക്ഷണങ്ങൾ, വ്യവസായങ്ങളിലും, തൊഴിൽ സംരംഭങ്ങളിലും ഏർപ്പെടുന്നവർക്ക് സഹായം ചെയ്തുകൊടുക്കൽ, വനിതാ സംരംഭങ്ങളേയും, ഹരിജന ഗിരിജന പ്രോജക്ടുകളേയും സഹായിക്കൽ, കൺസ്യൂമർ പ്രൊട്ടക്ഷൻ സേവനങ്ങൾ, സൗജന്യ നിയമ സഹായം എത്തിക്കൽ, രക്ത-നേത്രദാന നടപടികൾ, സൗജന്യ വൈദ്യസഹായം, ദുർബലരെ പുനരധിവസിപ്പിക്കൽ, സാമൂഹ്യ തിന്മകൾക്കെതിരെ ജനങ്ങളുടെ ചെറുത്ത് നിൽപ്പ് സജ്ജമാക്കൽ, ദുശ്ശീലങ്ങളും, ദുർനടപടികളും ഇല്ലാതാക്കൽ, ആദ്ധ്യാത്മിക-മാനസിക ഉത്തേജന പരിപാടികളും, ഈശ്വരാരാധന, എന്നീ കാര്യങ്ങളിലും, ജനക്ഷേമകരമായ കാര്യങ്ങൾ നടപ്പിൽ വരുത്തുവാൻ ശ്രമിക്കേണ്ടതും അവശ്യം ആവശ്യമാണ്.